Newspaper for malayalees Worldwide | CHICAGO/TORONTO | Estd.2020

# വാചകം VACHAKAM

CHICAGO
Vol.5 / Issue 39/ Pages 32
22
ഏപ്രിൽ 2026
ബുധനാഴ്ച
1201 മേടം 9

www.vachakam.com
news@vachakam.com

02 America | 11 Canada | 12 Keralam | 18 India | 20 Socialmedia | 22 Cinema | 26 Sports | 28 Technology | 30 World



# ഡിജിറ്റൽ യുദ്ധത്തിലേക്ക് ലോകം: പേർഷ്യൻ ഗൾഫിലെ ഇന്റർനെറ്റ് കേബിളുകൾ മുറിക്കുമെന്ന് ഇറാൻ ഭീഷണി;

## സ്തംഭിക്കുമോ? ആഗോള ആശയ വിനിമയം

ആധുനിക ലോകം കെട്ടിപ്പടുത്തിരിക്കുന്നത് അദൃശ്യമായ ഇന്റർനെറ്റ് നൂലുകളാലാണ്. സമുദ്രത്തിനടിയിലൂടെ പതിനായിരക്കണക്കിന് മൈലുകൾ താണ്ടിപ്പോകുന്ന ഈ കേബിളുകളാണ് ആഗോള സമ്പദ്വ്യവസ്ഥയുടെയും ആശയ വിനിമയത്തിന്റെയും നട്ടെല്ല്. എന്നാൽ, ഇന്ന് പേർഷ്യൻ ഗൾഫിൽ നിന്നുള്ള ഒരു വാർത്ത ലോകത്തെയാകെ ഭീതിയുടെ നിഴലിലാഴ്ത്തിയിരിക്കുന്നു. ഇറാന്റെ കരുത്തരായ ഇസ്ലാമിക് റെവല്യൂഷണറി ഗാർഡ് കോർപ്സ് (IRGC) പേർഷ്യൻ ഗൾഫിലെ സമുദ്രാന്തര ഇന്റർനെറ്റ് കേബിളുകൾ വിച്ഛേദിക്കുമെന്ന് മുന്നറിയിപ്പ് നൽകിയിരിക്കുകയാണ്. അമേരിക്കയുടെയും സഖ്യകക്ഷികളുടെയും ഉപരോധത്തിനും സൈനിക നീക്കങ്ങൾക്കുമുള്ള ഇറാന്റെ 'അന്തിമ മറുപടി' ഇതാണോ?പശ്ചിമേഷ്യൻ സംഘർഷം ഒരു പുതിയ ഘട്ടത്തിലേക്ക് കടന്നിരിക്കുന്നു. മിസൈലുകൾക്കും ഡ്രോണുകൾക്കും അപ്പുറം, ആഗോള ഡിജിറ്റൽ ലോകത്തെ തകർക്കാൻ ശേഷിയുള്ള 'അണ്ടർസീ കേബിൾ' യുദ്ധതന്ത്ര

ശേഷം പേജ് 8ൽ

# സദ്‌വാർത്ത ഉടനെത്തുമെന്ന് ട്രംപ്; ഭിന്നിച്ച് ഇറാൻ: പശ്ചിമേഷ്യയിൽ സമാധാനം പുലരുമോ?



ഇറാനുമായുള്ള സമാധാന ചർച്ചകളിൽ വൈകാതെ പുരോഗതിയുണ്ടാകുമെന്ന വലിയ പ്രത്യാശയിലാണ് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. രണ്ടാം ഘട്ട സമാധാന ചർച്ചകളെക്കുറിച്ചുള്ള സദ് വാർത്ത വെള്ളിയാഴ്ചയോടെ ലഭിച്ചേക്കാം എന്നാണ് ട്രംപ് വ്യക്തമാക്കിയിട്ടുള്ളത്. സമാധാന ചർച്ചകൾക്കായി കൂടുതൽ സമയം നൽകുന്നതിനായി ഇറാനുമായുള്ള വെടിനിർത്തൽ നീട്ടിയതിന് പിന്നാലെയാണ് വെള്ളിയാഴ്ച ചർച്ച നടന്നേക്കും എന്ന തരത്തിലുള്ള ട്രംപിന്റെ പ്രതികരണം വന്നത്. ഇറാന് നൽകിയ സമയപരിധി അവസാനിച്ചിട്ടും അനിഷ്ട സംഭവങ്ങളൊന്നും ഉണ്ടാകാത്ത പശ്ചാത്തലത്തിലാണിത്. ഇറാൻ സ്വീകരിക്കേണ്ട അടുത്ത നടപടിക്ക് യുഎ

ശേഷം പേജ് 8ൽ

ആളും മാളും പ്രോട്ടോക്കോളും (സി.രാധാകൃഷ്ണൻ എഴുതുന്നു) ...പേജ് 06

ബംഗാളിലെ വോട്ടിൽ കുഴങ്ങി കേരളം ; 'സേട്ടൻ'മാരോട് 'സോറി' .............................. പേജ് 15

വേണ്ടേ, കമ്മീഷനുകളെക്കുറിച്ചും ഒരാലോചന? ...................... പേജ് 16

'അതിർത്തികൾ കടന്ന പ്രകമ്പനം' .......................... പേജ് 17

വെടിക്കെട്ടപകടവും പവർകട്ട് ദുരിതങ്ങളും: പൊതുജനം 'സങ്കടപ്പുക മുറിയിൽ' .......... പേജ് 24

ഇക്കുറി മമത ബാനർജി വളരുമോ തളരുമോ..? .......... പേജ് 25

ഇ-പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ

# ഇറാനിൽ മിന്നലാക്രമണം ലക്ഷ്യമിട്ട് അമേരിക്ക; ആയിരക്കണക്കിന് സൈനികരെ അധികമായി വിന്യസിച്ച് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്

ഇറാനും അമേരിക്കയും തമ്മിലുള്ള യുദ്ധസാഹചര്യം അതീവ ഗുരുതരമായി തുടരുന്നതിനിടയിൽ പശ്ചിമേഷ്യയിലേക്ക് കൂടുതൽ സൈനികരെ അയക്കാൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഉത്തരവിട്ടു. ഏതാണ്ട് പതിനായിരത്തോളം വരുന്ന അധിക സൈനികരെയാണ് മേഖലയിലേക്ക് പുതുതായി നിയോഗിക്കുന്നത്. ഇറാനിലെ തന്ത്രപ്രധാന കേന്ദ്രങ്ങൾ ലക്ഷ്യമാക്കി വൻ തോതിലുള്ള ആക്രമണം നടത്താൻ അമേരിക്ക പദ്ധതിയിടുന്നതായാണ് സൂചനകൾ പുറത്തുവരുന്നത്.



മിഡിൽ ഈസ്റ്റിലെ സമാധാന ശ്രമങ്ങൾക്കിടയിലും സൈനിക ശക്തി വർദ്ധിപ്പിക്കാനുള്ള അമേരിക്കയുടെ തീരുമാനം ആഗോളതലത്തിൽ വലിയ ചർച്ചയായിട്ടുണ്ട്. നിലവിൽ ഇറാനുമായി വെടിനിർത്തൽ ചർച്ചകൾ പുരോഗമിക്കുന്നുണ്ടെങ്കിലും അത് പരാജയപ്പെടുകയാണെങ്കിൽ കടുത്ത നടപടി ഉണ്ടാകുമെന്ന് ട്രംപ് മുന്നറിയിപ്പ് നൽകുന്നു. ഇറാന്റെ ആണവ കേന്ദ്രങ്ങളും മിസൈൽ വിക്ഷേപണ തറകളും തകർക്കുക എന്നതാണ് അമേരിക്കയുടെ പ്രധാന ലക്ഷ്യം.

ഇറാന്റെ ഭാഗത്തുനിന്നും പ്രകോപനപരമായ നീക്കങ്ങൾ ഉണ്ടായാൽ ഒട്ടും വൈകാതെ തന്നെ തിരിച്ചടിക്കാനാണ് പെന്റഗൺ തയ്യാറെടുക്കുന്നത്. ഇതിനായി വിമാനവാഹിനികപ്പലുകളും അത്യാധുനിക യുദ്ധവിമാനങ്ങളും ഉൾപ്പെടെയുള്ള വൻ സന്നാഹം മേഖലയിൽ സജ്ജീകരിച്ചിട്ടുണ്ട്. ഇറാന്റെ ഇന്ധന പ്ലാന്റുകൾ നശിപ്പിക്കുമെന്ന ഭീഷണി ട്രംപ് നേരത്തെ തന്നെ മുഴക്കിയിരുന്നു.

സമാധാന ചർച്ചകൾക്കായി പാകിസ്താൻ ഉൾപ്പെടെയുള്ള രാജ്യങ്ങൾ മധ്യസ്ഥത വഹിക്കുന്നുണ്ടെങ്കിലും ഇറാൻ അതിനോട് അനുകൂലമായി പ്രതികരിക്കുമോ എന്നത് വ്യക്തമല്ല. നിലവിലെ വെടിനിർത്തൽകാലാവധിഅവസാനിക്കുന്നതോടെ മേഖലയിൽ വീണ്ടും സ്ഫോടനാത്മകമായ അന്തരീക്ഷം രൂപപ്പെടാൻ സാധ്യതയുണ്ട്. ഇറാൻ തങ്ങളുടെ ആയുധപ്പുരകൾ വികസിപ്പിക്കുന്നത് തടയുകയാണ് അമേരിക്കയുടെ സൈനിക വിന്യാസത്തിന്റെ ഉദ്ദേശ്യമെന്ന് വൈറ്റ്ഹൗസ് വൃത്തങ്ങൾ വ്യക്തമാക്കുന്നു. മേഖലയിലെ സഖ്യകക്ഷികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനൊപ്പം ഇറാന്റെ ഭീഷണികളെ ഫലപ്രദമായി നേരിടാനും പുതിയ സൈനിക വിന്യാസം സഹായിക്കും. യുഎസ് നാവികസേനയുടെ യുഎസ്എസ് അബ്രഹാം ലിങ്കൺ ഉൾപ്പെടെയുള്ള വമ്പൻ കപ്പലുകൾ ഇപ്പോൾ തന്നെ അറബിക്കടലിൽ നിലയുറപ്പിച്ചിട്ടുണ്ട്. ട്രംപിന്റെ ഈ നീക്കം ഇറാനുമേൽ വലിയ സമ്മർദ്ദം ചെലുത്തുന്നുണ്ടെന്നാണ് രാഷ്ട്രീയ നിരീക്ഷകർ വിലയിരുത്തുന്നത്.

ഏത് നിമിഷവും ഒരു സർപ്രൈസ് സ്ട്രൈക്ക് ഉണ്ടായേക്കാമെന്ന ഭീതിയിലാണ് ലോകം ഇപ്പോൾ ഉറ്റുനോക്കുന്നത്. അമേരിക്കയുടെ ഈ സൈനിക നീക്കം ഗൾഫ് മേഖലയിലെ സമാധാനത്തെ എങ്ങനെ ബാധിക്കുമെന്ന കാര്യത്തിൽ ആശങ്കകൾ നിലനിൽക്കുന്നു. ചർച്ചകൾ പരാജയപ്പെട്ടാൽ മേഖലയിൽ വലിയൊരു യുദ്ധത്തിലേക്ക് കാര്യങ്ങൾ നീങ്ങാൻ സാധ്യതയുണ്ടെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

### പ്രതിരോധ സെക്രട്ടറി പീറ്റ് ഹെഗ്സെത്തുമായുള്ള തർക്കം:

## അമേരിക്കൻ നാവികസേനാ സെക്രട്ടറി ജോൺ ഫെലനെ പുറത്താക്കി

അമേരിക്കൻ നാവികസേനാ സെക്രട്ടറി ജോൺ ഫെലനെ പദവിയിൽ നിന്ന് അടിയന്തരമായി നീക്കം ചെയ്തതായി പെന്റഗൺ അറിയിച്ചു. പ്രതിരോധ സെക്രട്ടറി പീറ്റ് ഹെഗ്സെത്തുമായുള്ള കടുത്ത അഭിപ്രായവ്യത്യാസങ്ങളെത്തുടർന്നാണ് ഈ നാടകീയ നീക്കം ഉണ്ടായതെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ വിശ്വസ്തനായി അറിയപ്പെട്ടിരുന്ന ഫെലന്റെ പടിയിറക്കം പ്രതിരോധ വകുപ്പിലെ ആഭ്യന്തര കലഹങ്ങൾ പുറത്തുകൊണ്ടുവരുന്നതാണ്.



ഏതാണ്ട് 13 മാസത്തെ സേവനത്തിന് ശേഷമാണ് ജോൺ ഫെലൻ തന്റെ സ്ഥാനം ഒഴിയുന്നത്. നാവികസേനാ അണ്ടർ സെക്രട്ടറിയായ ഹംഗ് കാവോ പുതിയ ആക്ടിംഗ് സെക്രട്ടറിയായി ചുമതലയേൽക്കുമെന്ന് പെന്റഗൺ വക്താവ് ഷോൺ പാർനെൽ വ്യക്തമാക്കി. ഇറാനുമായി യുദ്ധസാഹചര്യം നിലനിൽക്കുന്ന അതീവ നിർണ്ണായക ഘട്ടത്തിലാണ് ഈ ഭരണപരിഷ്കാരം നടന്നിരിക്കുന്നത് എന്നത് ശ്രദ്ധേയമാണ്.

വാൾസ്ട്രീറ്റ് ജേണലിന്റെ റിപ്പോർട്ടുകൾ പ്രകാരം ഭരണപരമായ അധികാരങ്ങളെ ചൊല്ലി ഫെലനും പീറ്റ് ഹെഗ്സെത്തും തമ്മിൽ മാസങ്ങളായി ശീതയുദ്ധം നിലനിന്നിരുന്നു. സൈന്യത്തിലെ ഉന്നത ഉദ്യോഗസ്ഥരുടെ നിയമനങ്ങളിലും കപ്പൽ നിർമ്മാണ പദ്ധതികളിലും ഇരുവരും വ്യത്യസ്തമായ നിലപാടുകളാണ് സ്വീകരിച്ചിരുന്നത്. ഹെഗ്സെത്തിന്റെ കർക്കശമായ തീരുമാനങ്ങളോട് ഫെലൻ പലപ്പോഴും വിയോജിപ്പ് പ്രകടിപ്പിച്ചിരുന്നതായാണ് വിവരം.

സൈനിക മേധാവി ജനറൽ റാണ്ടി ജോർജിന്റെ രാജിയ്ക്ക് പിന്നാലെ പ്രതിരോധ മേഖലയിൽ സംഭവിക്കുന്ന രണ്ടാമത്തെ വലിയ മാറ്റമാണിത്. പ്രതിരോധ വകുപ്പിലെ അടിമുടി മാറ്റത്തിന്റെ ഭാഗമായി കൂടുതൽ മുതിർന്ന ജനറൽമാരെയും അഡ്മിറൽമാരെയും മാറ്റാൻ ഹെഗ്സെത്തിന് പദ്ധതിയുണ്ടെന്ന് സൂചനയുണ്ട്. നാവികസേനാ മേധാവി എന്ന നിലയിൽ ഇറാനെതിരായ സമുദ്ര ഉപരോധത്തിന് നേതൃത്വം നൽകിയിരുന്നത് ഫെലനായിരുന്നു.

പദവിയിൽ നിന്ന് പുറത്തായെങ്കിലും പ്രസിഡന്റ് ഡൊണാൾഡ് ട്രംപുമായി വ്യക്തിപരമായ അടുത്ത ബന്ധം ഇപ്പോഴും ജോൺ ഫെലൻ പുലർത്തുന്നുണ്ട്. ട്രംപിന്റെ തിരഞ്ഞെടുപ്പ് പ്രചാരണങ്ങളിൽ വലിയ തോതിൽ സാമ്പത്തിക സഹായം നൽകിയിട്ടുള്ള ശതകോടീശ്വരൻ കൂടിയാണ് അദ്ദേഹം. എന്നാൽ ഭരണപരമായ കാര്യങ്ങളിൽ ഹെഗ്സെത്തിന്റെ അധികാരത്തെ ചോദ്യം ചെയ്തത് ഫെലന് തിരിച്ചടിയായി മാറുകയായിരുന്നു.

പുതിയതായിചുമതലയേറ്റഹംഗ്കാവോ ഒരു നേവി സീൽ ഉദ്യോഗസ്ഥൻ കൂടിയാണ്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നാവിക സേനയെ കൂടുതൽ കരുത്തുറ്റതാക്കാനാണ് ട്രംപ് ഭരണകൂടം ലക്ഷ്യമിടുന്നത്. അതേസമയം ഉന്നത ഉദ്യോഗസ്ഥർക്കിടയിലെ ഈ പോര് സൈന്യത്തിന്റെ മനോവീര്യത്തെ ബാധിക്കുമോ എന്ന ആശങ്കയും ചില നിരീക്ഷകർ പങ്കുവെക്കുന്നുണ്ട്. വരും ദിവസങ്ങളിൽ കൂടുതൽ അഴിച്ചുപണികൾ പ്രതിരോധ വകുപ്പിൽ പ്രതീക്ഷിക്കപ്പെടുന്നു.

Published from Chicago by Vachakam Ltd, 1001 E. Chicago Ave. Ste.151, Naperville Illinois 60540, USA. (Corporate Office).
Founder, Chairman & CEO: Jose Chennikkara
Co-Founder Vice Chairman and CEO: Cyril Chennikkara
Editor: Joshy George
Online Editor: Robins Antony
Overseas Operations Director: Rosy John.
Contributors:
C. Radhakrishnan
Dr. Sebastian Paul
N.P. Chekutty
Sergey Antony
Antony Chadayammury
Babu Kadalikad
1-773-888-2242
1-773-842-9149, 1-773-888-2243
E-Mail: news@vachakam.com
vachakamonline@gmail.com
website www.vachakam.com
(A newspaper (print & online) for Malayalees worldwide)
Cost $1.00 per copy
1-773-888-2242
1-773-842-9149
Email: vachakamonline@gmail.com
E-Paper reading
visit vachakam.com
Disclaimer
Vachakam Ltd. assumes no liability or responsibility for claims against advertisments, advertorials, articles or copyright issues.

## എച്ച്-1ബി വിസകളിൽ 25 ശതമാനം കുറവ്; ഇന്ത്യൻ പ്രൊഫഷണലുകൾക്കും ടെക് മേഖലയ്ക്കും വൻ തിരിച്ചടി

വാഷിംഗ്ടൺ: ഡൊണാൾഡ് ട്രംപിന്റെ ഭരണത്തിന് കീഴിൽ അമേരിക്കൻ കുടിയേറ്റ നയങ്ങളിൽ വന്ന മാറ്റം അനധികൃത കുടിയേറ്റക്കാരേക്കാൾ കൂടുതൽ ബാധിച്ചത് നിയമപരമായി എത്തുന്നവരെയെന്ന് റിപ്പോർട്ട്.

കാറ്റോ ഇൻസ്റ്റിറ്റ്യൂട്ടിലെ ഡേവിഡ് ജെ. ബിയർ നടത്തിയ പഠനമനുസരിച്ച്, അനധികൃത അതിർത്തി കടന്നുകയറ്റത്തേക്കാൾ 2.5 മടങ്ങ് അധികമാണ് നിയമപരമായ കുടിയേറ്റത്തിൽ വരുത്തിയ കുറവ്. ആകെ കുടിയേറ്റത്തിലുണ്ടായ കുറവിന്റെ 72 ശതമാനവും നിയമപരമായ വഴികളിലൂടെ എത്തുന്നവർക്കാണെന്നത് ശ്രദ്ധേയമാണ്.

#### എച്ച്-1ബി വിസകൾക്ക് കനത്ത പ്രഹരം

ഇന്ത്യൻ ഐടി വിദഗ്ധരും സാങ്കേതിക പ്രവർത്തകരും പ്രധാനമായും ആശ്രയിക്കുന്ന എച്ച്-1ബി വിസകളുടെ എണ്ണത്തിൽ 25 ശതമാനം കുറവുണ്ടായി. വിദേശത്ത് നിന്ന് ജീവനക്കാരെ കൊണ്ടുവരുന്ന കമ്പനികൾക്ക് ഒരു ലക്ഷം ഡോളർ (ഏകദേശം 83 ലക്ഷം രൂപ) ഫീസായി ഏർപ്പെടുത്തിയത് വലിയ തിരിച്ചടിയായി.

ഇതോടെ പുതിയ അപേക്ഷകരുടെ എണ്ണത്തിൽ 87 ശതമാനം വരെ ഇടിവ് രേഖപ്പെടുത്തി. ഇത് സിലിക്കൺ വാലിയിലെ ടെക് കമ്പനികളെയും അമേരിക്കൻ ആരോഗ്യ മേഖലയെയും ദോഷകരമായി ബാധിച്ചേക്കാം.

#### വിദ്യാർത്ഥികളെയും കുടുംബങ്ങളെയും ബാധിക്കുന്നു

തൊഴിൽ വിസകൾക്ക് പുറമെ അന്താരാഷ്ട്ര വിദ്യാർത്ഥികൾക്കുള്ള വിസകളിൽ 40 ശതമാനം കുറവുണ്ടായി. കുടുംബാംഗങ്ങളെയും പങ്കാളികളെയും അമേരിക്കയിലേക്ക് കൊണ്ടുവരുന്നത് 65 ശതമാനം വരെ കുറഞ്ഞതായും പഠനം വ്യക്തമാക്കുന്നു.

അഭയാർത്ഥികൾക്കും രാഷ്ട്രീയ അഭയം തേടുന്നവർക്കും നിയമപരമായ പ്രവേശനം 99.9 ശതമാനം വരെ തടയപ്പെട്ടു. ഇത് കേവലം അനധികൃത കുടിയേറ്റം തടയാനുള്ള നീക്കമല്ലെന്നും, മറിച്ച് എല്ലാത്തരം കുടിയേറ്റങ്ങളെയും ലക്ഷ്യം വെച്ചുള്ള കടന്നാക്രമണമാണെന്നും ഡേവിഡ് ബിയർ നിരീക്ഷിക്കുന്നു.

### റീ...പോളിംഗ്




*മെഡിസെപ്പ് ക്ലെയിമുകൾ തള്ളുന്നു. അമിത തുക രോഗികളിൽ നിന്നും ഈടാക്കി ആശുപത്രികൾ*

# ഷിക്കാഗോ എക്യൂമെനിക്കൽ കൗൺസിൽ 2026 പ്രവർത്തനോദ്ഘാടന സമാരംഭം



ഏപ്രിൽ 14ന് ലംബാർഡ് മാർ തോമ്മാ പാരിഷ് ഹാൾളിൽ നടന്ന കൗൺസിൽ മീറ്റിങ്ങിൽ, യുഎസ്എ സിറോ മലബാർ രൂപത ബിഷപ്പും, ഈ കൗൺസിന്റെ രക്ഷാധികാരിയുമായ, മാർ ജോയ് ആലപ്പാട്ട് നിലവിളക്കിന്റെ പ്രഭയാൽ ഉദ്ഘാടനം ചെയ്തു. പ്രസ്തുത മീറ്റിംഗിൽ കൗൺസിൽ പ്രസിഡന്റ് റവ. ബിജു യോഹന്നാൻ അധ്യക്ഷത വഹിച്ചു.

കടന്നുവന്ന എല്ലാ കൗൺസിൽ ഭാരവാഹികൾക്ക് ഇടവക വികാരി റവ. ജയ്സൺ തോമസ് സ്വാഗതം അറിയിച്ചു. ഉയർപ്പിന്റെ സമൃദ്ധിയിൽ നിറഞ്ഞു നിൽക്കുന്ന ഈ സമയത്ത്, ആത്മീയ ജീവന്റെ സമൃദ്ധിയിലേക്ക് കടന്നുവരുവാൻ ക്രിസ്തു ദേവന്റെ കൃപ നമ്മിൽ എല്ലാവരുടെയും കൂടെ ഉണ്ടായിരിക്കട്ടെ എന്ന് ആലപ്പാട് പിതാവ് ആശംസിച്ചു. വർണ്ണ ശബളമായ 2026 കാര്യ പരിപാടികൾക്ക് സെക്രട്ടറി ബെഞ്ചമിൻ തോമസ് റിപ്പോർട്ടിൽ അവതരിപ്പിച്ചു. താഴെ പറയും വിധം പ്രോഗ്രാമുകൾക്കു കൗൺസിൽ അംഗികാരം നൽകി.

1. വേൾഡ് പ്രയർ ഡേ, 2. വിമൻസ് ഫെലോഷിപ്എക്സർഷൻ, 3. ഫാമിലി നൈറ്റ് ഡിന്നർ ആൻഡ് എന്റർടൈൻമെന്റ് ഈവനിംഗ്, 4. ബൈബിൾ ക്വിസ് കോമ്പറ്റീഷൻ, 5. വോളിബോൾ ടൂർണമെന്റ്, 6. ബാസ്ക്കറ്റ്ബോൾ ടൂർണ്ണമെന്റ്, 7. ക്രിക്കറ്റ് ടൂർണമെന്റ്, 8. സൺഡേ സ്കൂൾ ഫെസ്റ്റിവൽ, 9. ബൈബിൾ കൺവെൻഷൻ, 10. യൂത്ത് റിട്രീറ്റ്, 11. ക്രിസ്മസ് പ്രോഗ്രാം

ജോയിന്റ് സെക്രട്ടറി ജാസ്മിൻ ഇമ്മാനുവേൽ കടന്നുവന്ന ഏവർക്കും നന്ദി അറിയിച്ചു. കോർ എപ്പിസ്കോപ്പ മാത്യു കരുത്തലക്കലിന്റെ ആശിർവാദത്തിനു ശേഷം ഡിന്നറോട് കൗൺസിൽ മീറ്റിംഗ് സമാപിച്ചു.

*ജോൺസൻ വള്ളിയിൽ, Dn. ജോർജ് കുര്യൻ*

# അമേരിക്കയിലെ ആദ്യ മലയാളി സന്യാസിനി സംഗമം: കൂട്ടായ്മയുടെ പുതുചരിത്രം രചിച്ച് ഷിക്കാഗോയിൽ സമാപിച്ചു



ഷിക്കാഗോ: സെന്റ് തോമസ് സീറോ മലബാർരൂപതയുടെസ്ഥാപനം, അഭിവന്ദ്യ മാർ ജേക്കബ് അങ്ങാടിയത്ത് പിതാവിന്റെ മെത്രാഭിഷേകത്തിന്റെ രജത ജൂബിലി എന്നിവയുടെ ഭാഗമായി, അമേരിക്കയിലും കാനഡയിലും ശുശ്രൂഷ ചെയ്യുന്ന എല്ലാ മലയാളി സിസ്റ്റേഴ്സിന്റെയും സംഗമം ഷിക്കാഗോയിലെ ബെൻസൻവിൽ സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ഫൊറോനാ ദേവാലയത്തിൽ സമാപിച്ചു.

ഏപ്രിൽ 17-ാം തിയതി വെള്ളിയാഴ്ച നടന്ന ഉദ്ഘാടന സമ്മേളനം നിരവധി വൈദിക മേലധ്യക്ഷന്മാരുടെയും 28ൽ പരം സന്യാസിനി സമൂഹങ്ങളുടെ പ്രതിനിധികളുടെയും സാന്നിധ്യത്തിൽ അമേരിക്കയിലെ ബിസെൻന്റെൻ കത്തോലിക്കാ രൂപതയുടെ ബിഷപ്പ് റോബർട്ട് പിപ്റ്റ ഉദ്ഘാടനം ചെയ്തു.

വെള്ളിയാഴ്ച നടന്ന സെമിനാറിന് സ്പ്രിംഗ്ഫീൽഡിലെ ബിഷപ്പ് അഭിവന്ദ്യ തോമസ് പാപ്രോക്കി നേതൃത്വം നൽകി. വൈകുന്നേരം അർപ്പിക്കപ്പെട്ട സമൂഹബലിയിൽ ബിഷപ്പ് മാർ ജോയി ആലപ്പാട്ട് മുഖ്യ കാർമ്മികനായിരുന്നു. ബിഷപ്പ് റോബർട്ട് പിപ്റ്റ വചന സന്ദേശം നൽകി.

അഭിവന്ദ്യ മാർ ജേക്കബ് അങ്ങാടിയത്ത് പിതാവും നിരവധി വൈദികരും സഹകാർമ്മികരായി. തുടർന്ന് മുത്തുക്കുടകളുടെയും ചെണ്ടമേളങ്ങളുടെയും അകമ്പടിയോടെ സംഗമത്തിൽ പങ്കെടുത്ത 250ൽ പരം സന്യാസിനികളെ ആദരിച്ച് പ്രദക്ഷിണമായി സമ്മേളന നഗരിയിലേക്ക് ആനയിച്ചു.

തുടർന്ന് നടന്ന പൊതുസമ്മേളനം ബിഷപ്പ് റോബർട്ട് പിപ്റ്റ നിലവിളക്ക് കൊളുത്തി ഉദ്ഘാടനം ചെയ്തു. ബിഷപ്പ് ജോയി ആലപ്പാട്ട് അധ്യക്ഷത വഹിച്ചു. ജൂബിലേറിയൻ ബിഷപ്പ് മാർ ജേക്കബ് അങ്ങാടിയത്ത്, വാഷിംഗ്ടൺ വൈറ്റ് ഹൗസ് ഫെയ്ത് ഓഫീസിലെ മതാന്തര ബന്ധങ്ങളിലെ ലൈസൺ ഓഫീസറും മലങ്കര ഓർത്തഡോക്സ് സഭാംഗവുമായ റവ. ഫാ. അലക്സാണ്ടർ കുര്യൻ, ഡൊമിനിക്കൻ സന്യാസിനി റവ. സി. അമേലിയ, സി. ആനി സെറീൻ എന്നിവർ അനുഗ്രഹ പ്രസംഗങ്ങൾ നടത്തി.

ഈ സംഗമത്തിന് നേതൃത്വം നൽകിയവരെയും സാമ്പത്തിക സഹായം നൽകിയവരെയും ആദരിച്ച ചടങ്ങിന് സേക്രഡ് ഹാർട്ട് ക്നാനായ ഫൊറോനാ വികാരി ഫാ. അബ്രാഹം കളരിക്കൽ നേതൃത്വം നൽകി. ഷിക്കാഗോ സീറോമലബാർ രൂപതയുടെ വികാരി ജനറാളുമാരായ ഫാ. തോമസ് മുളവനാൽ, ഫാ. ജോൺ മേലപ്പുറം, ഫാ. തോമസ് കടുകപ്പള്ളിൽ, രൂപതാ ചാൻസലർ ഫാ. ജോൺസൺ കോവൂർ പുത്തൻപുരയിൽ, അസിസ്റ്റന്റ് വികാരി ഫാ. അനീഷ് മാവേലിപുത്തൻ പുരയിൽ, സി. ലിസ ആഞ്ജലിക്കൽ എന്നിവർ പങ്കെടുത്തു.

സമ്മേളനത്തിന്റെ ചെയർപേഴ്സണും വികാരി ജനറാളുമായ ഫാ. തോമസ് മുളവനാൽ സ്വാഗതവും ജനറൽ കോഓർഡിനേറ്റർ ടോണി പുല്ലാപ്പള്ളി നന്ദിയും രേഖപ്പെടുത്തി. എലൈൻ ഒറ്റത്തെക്കൽ എം.സി. ആയി പ്രവർത്തിച്ചു. തുടർന്ന് ഷിക്കാഗോ കത്തീഡ്രൽ, സെന്റ് മേരീസ്, സേക്രഡ് ഹാർട്ട് ഇടവകകളിലെ കലാകാരന്മാരും കലാകാരികളും അവതരിപ്പിച്ച കലാസന്ധ്യ ഏറെ പ്രശംസ നേടി. നിയ ചെള്ളക്കണ്ടത്തിൽ, ഡെന്നി പുല്ലാപ്പള്ളിൽ എന്നിവർ കലാപരിപാടികളുടെ കോ-ഓർഡിനേറ്റർ ആയിരുന്നു. നിയ ചെള്ളകണ്ടത്തിൽ കലാപരിപാടികളുടെ എംസി ആയി പ്രവർത്തിച്ചു.

ശനിയാഴ്ച രാവിലെ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി അഭിവന്ദ്യ മാർ ജേക്കബ് അങ്ങാടിയത്തിന്റെ മുഖ്യ കാർമ്മികത്വത്തിൽ കൃതജ്ഞതാബലി അർപ്പിച്ചു. യു.എസ്. ഗവൺമെന്റിൽ സീനിയർ എക്സിക്യൂട്ടീവ് ഓഫീസറായി സേവനം ചെയ്യുന്ന റവ. ഫാ. അലക്സാണ്ടർ കുര്യനും ഡൊമിനിക്കൻ സന്യാസിനിയായ സി. അമേലിയ ഹൂളറും സെമിനാറുകൾ നയിച്ചു.

തുടർന്ന് നടന്ന സമാപന സമ്മേളനത്തിൽ മാർ ജേക്കബ് അങ്ങാടിയത്ത് പിതാവിന് ജൂബിലി മംഗളങ്ങൾ അർപ്പിച്ചു. മാർ ജോയി ആലപ്പാട്ട്, റവ. ഫാ. അലക്സാണ്ടർ കുര്യൻ, സി. അമേലിയ, ഫാ. ജോൺ മേലപ്പുറം, ഫാ. തോമസ് മുളവനാൽ, ഫാ. അബ്രാഹം കളരിക്കൽ, സി. ലിസ ആഞ്ജലിക്കൽ എന്നിവർ പങ്കെടുത്തു.

ബെൻസെൻവിൽ ക്നാനായ ഫൊറാന ഇടവകയിൽ വച്ച് നടത്തിയ ഈ സംഗമം കൂട്ടായ്മയുടേയും കൃത്യമായ മുന്നൊരുക്കങ്ങളുടേയും ഏകോപനത്തിന്റെയും ആതിഥ്യമര്യാദയുടെയും വിവിധ ഇടവകകളുടെ സഹകരണത്തിന്റെയും അപൂർവമായ പുതുചരിത്രം രചിച്ചുകൊണ്ട് ശനിയാഴ്ച വൈകുന്നേരം സമാപിച്ചു.

*റോയി ചേലമലയിൽ*



## മോഹിനിയാട്ടത്തിൽ വേൾഡ് ഗിന്നസ് ഒരു സ്റ്റെപ്പ് അകലെ:

# ചരിത്രത്തിന്റെ ഭാഗമാകാൻ ഫോക്കാന ഒരുക്കുന്ന അപൂർവ്വ അവസരം

ന്യൂയോർക്ക്: മോഹിനിയാട്ടത്തിൽ വേൾഡ് ഗിന്നസ് ചരിത്രത്തിന്റെ ഭാഗമാകാൻ ഫോക്കാന ഒരുക്കുന്ന അപൂർവ്വ അവസരം ഫൊക്കാന കൺവെൻഷനിൽ. കേരളത്തിന്റെ തനത് ലാസ്യനൃത്ത കലാരൂപമാണ് മോഹിനിയാട്ടം, ആ നാട്യശാസ്ത്രത്തിൽ അമേരിക്കയിൽ ഒരു ഗിന്നസ് വേൾഡ് റെക്കോർഡ് നേടുവാൻ ഫൊക്കാന ഇന്ത്യൻ-അമേരിക്കൻ ഡാൻസേസിന് അവസരം ഒരുക്കുന്നു.

ഗിന്നസ് വേൾഡ് റിക്കാർഡിൽ പങ്കാളികളാവുക എന്നത് വലിയൊരു ബഹുമതിയും പ്രിവിലേജുമാണ്. അസാധ്യവും അപൂർവവും അതുല്യമായ കാര്യങ്ങൾക്കാണ് ഗിന്നസ് റെക്കോർഡ് ലഭിക്കുക. ഈ ബഹുമതി നേടുവാൻ വേണ്ടിയാണ് ഫൊക്കാന നിങ്ങളെ ക്ഷണിക്കുന്നത്.

അതിനുള്ള പരിശ്രമങ്ങളുടെ ഭാഗമായിട്ടാണ് മലയാളത്തിലെ ഒരേയൊരു ശാസ്ത്രീയ നൃത്തകലയായ മോഹിനിയാട്ടത്തിൽ നാം ഒരു ഗിന്നസ് റെക്കോർഡിനുവേണ്ടി പരിശ്രമിക്കുന്നത്.

ഓഗസ്റ്റ് 8ന് വൈകുന്നേരം 3 മണിക്ക് നടക്കുന്ന ഈ ഗിന്നസ് റെക്കോർഡ് ശ്രമത്തിൽ പങ്കെടുക്കുന്നവർക്ക് ഔദ്യോഗിക സർട്ടിഫിക്കറ്റും, 60 മണിക്കൂർ വെരിഫൈഡ് വോളന്റിയർ അവേഴ്സും ലഭിക്കുന്നതാണ്. കൂടാതെ മികച്ച മൂന്ന് ഡാൻസ് സ്കൂളുകൾക്ക് വി.വി.ഐ.പി പുരസ്കാരങ്ങളും നൽകും (based on their Participation level).

പങ്കെടുക്കുന്ന മോഹിനിയാട്ടം ഡാൻസേഴ്സിന് ഓഗസ്റ്റ് 8 ന് ഡേ രേജിസ്ട്രേറൻ ഫ്രീ ആണ് (Worth $400.00) അതുപോലെ തന്നെ മോഹിനിയാട്ടം കോസ്റ്റ്യൂമും ഫ്രീ ആയി നൽകുന്നതുമാണ്.

ഇന്ത്യയുടെ ഉപരാഷ്ട്രപതി, കേരള മുഖ്യമന്ത്രി, കേരളാ ഗവർണർ, ന്യൂജേഴ്സി ഗവർണ്ണർ, പദ്മാ വിഭൂഷൺ അടൂർ ഗോപലകൃഷ്ണൻ, പദ്മശ്രീ എം.എ. യൂസഫലി, പദ്മശ്രീ മട്ടന്നൂർ ശങ്കരൻ കുട്ടി, പ്രമുഖ സിനിമ താരങ്ങളായ നവ്യ നായർ, അന്നാബെൻ, പ്രൊഫ. ഗോപിനാഥ് മുതുകാട് തുടങ്ങിയ പ്രമുഖർ സാക്ഷ്യം വഹിക്കുന്ന ഈ ചരിത്രപരമായ മുന്നേറ്റത്തിൽ പ്രമുഖ ഡാൻസ് ടീച്ചറായ ഗുരു ബീനാ മേനോനും ടീമിനൊപ്പം അണിചേരാനും ഇപ്പോൾ തന്നെ രജിസ്റ്റർ ചെയ്യാവുന്നതാണ്.




അമേരിക്കയിലെ പ്രധാന ഡാൻസ് ടീച്ചേഴ്സും ഗുരുക്കന്മാരുമായ ബിന്ധ്യ ശബരി, ദേവിക നായർ, ലിസ ജോസഫ്, ലതിക നായർ, അശ്വതി അരുൺ, ബേസിൽ കാളഹർട്സ്, ബേബി തടവനാൽ, ആശ അഗസ്റ്റിൻ, മാലിനി നായർ, നീന ഫിലിപ്പ്, സൗയ്മാ, ചന്ദ്രിക കുറുപ്പ്, ലക്ഷ്മി കുറുപ്പ്, ആഞ്ജന ആൽബനി, സുഷമ പ്രവീൺ, നിമ്മി ദാസ്, സുജിത് തോന്നാറിൽ, റുബീന സുദർശൻ തുടങ്ങി നിരവധി ഡാൻസ് സ്കൂളുകളും ടീച്ചേഴ്സും ഇതിന്റെ ഭാഗമായി മുന്നോട്ടു പോകുമ്പോൾ നിങ്ങൾ ഓരോരുത്തരെയും ഇതിന്റെ ഭാഗമാകുവാൻ ക്ഷണിക്കുകയാണ്. ഏറ്റവും മികവോടുകൂടിയ ഈ മോഹിനിയാട്ടം പ്രോഗ്രാം അവതരിപ്പിച്ച് ഗിന്നസ് റെക്കോർഡ് നേടുക എന്നതാണ് ഫൊക്കാനയുടെ ലക്ഷ്യം എന്ന് പ്രസിഡന്റ് സജിമോൻ ആന്റണി അഭിപ്രായപ്പെട്ടു.

ഫൊക്കാനാ ഇന്റർനാഷണൽ കൺവെൻഷൻ 2026 ഓഗസ്റ്റ് 6 മുതൽ 9 വരെ പെൻസിൽവേനിയയിലെ മനോഹരമായ പോക്കനോസ് മൗണ്ടൻസിലെ കൽഹാരി റിസോർട്ടിൽ നടക്കുമ്പോൾ അത് ഫൊക്കാനയുടെയും മറ്റ് ഏത് പ്രവാസി സംഘാടനകളുടെയും ചരിത്രത്തിൽ ഇന്നുവരെ കണ്ടിട്ടില്ലാത്ത ഒരു കൺവെൻഷന് സാക്ഷിയാകുന്ന ചരിത്ര നിമിഷങ്ങളിലേക്ക് നിങ്ങളെയും ക്ഷണിക്കുകയാണ് .

*ശ്രീകുമാർ ഉണ്ണിത്താൻ*



## ടീം വോയ്സ് ഓഫ് ഫോമായ്ക്ക് സാൻ അന്റോണിയോ യുണൈറ്റഡ് മലയാളി അസോസിയേഷന്റെ വരവേൽപ്പ്

ടെക്സസ്: അമേരിക്കൻ മലയാളി സമൂഹത്തിന്റെ താത്പര്യങ്ങൾക്കൊത്ത് ഫോമായുടെ ജനകീയ പ്രവർത്തനങ്ങളുടെ സ്വാഭാവികമായ തുടർച്ചയ്ക്കും ഭാവനാപൂർണമായ പുത്തൻ പദ്ധതികളുടെ ആവിഷ്കാരത്തിനുമായി 2026'28 ഭരണ സമിതിയിലേയ്ക്ക് മൽസരിക്കുന്ന 'ടീം വായ്സ് ഓഫ് ഫോമാ' യ്ക്ക് സാൻ അന്റോണിയോ യുണൈറ്റഡ് മലയാളി അസോസിയേഷൻ ഹൃദ്യമായ വരവേൽപ്പ് നൽകി, ഏപ്രിൽ 12-ാം തിയതി വൈകുന്നേരം 6.30ന് ഹൈദ്രാബാദി സ്പൈസിമത്ക ഇന്ത്യൻ റസ്റ്റേറന്റിൽ നടന്ന സ്വീകരണ യോഗത്തിൽ സംഘടനാ നേതാക്കൾ ടീം വോയ്സ് ഓഫ് ഫോമായ്ക്ക് ആശംസകൾ നേർന്നു.

നൂറ് അംഗസംഘടനകളുടെ ബലമുള്ള ഫോമായുടെ അംഗബലം കൂടുതൽ വർധിപ്പിക്കുന്നതോടൊപ്പം ദീർഘവീക്ഷണത്തോടെയുള്ളതും കാലാനുസൃതവുമായ വികസന പരിപാടികളോടെയാണ് ഫോമായെ നയിക്കുന്നതിനുള്ള അംഗീകാരത്തിനായി ജനസമക്ഷം എത്തുന്നതെന്ന് പ്രസിഡന്റ് സ്ഥാനാർത്ഥി ബിജു തോണിക്കടവിൽ വ്യക്തമാക്കി.

ഫോമായുടെ പ്രബുദ്ധമായ പാരമ്പര്യം നിലനിർത്തിക്കൊണ്ട് കർമഭൂമിയിലും ജൻമഭൂമിയിലും ചാരിറ്റി ഉൾപ്പെടെയുള്ള പുതിയ പദ്ധതികൾ നടപ്പാക്കുന്നതോടൊപ്പം നിലവിലുള്ള പദ്ധതികളുടെ തുടർച്ചയുമുണ്ടാവുമെന്ന് അദ്ദേഹം പറഞ്ഞു.

ഫോമാ 20 വർഷം പൂർത്തിയാക്കുന്ന ചരിത്ര മുഹൂർത്തം സമുചിതമായി ആഘോഷിക്കുന്ന പത്താം വാർഷിക കൺവൻഷൻ അവിസ്മരണീയമാക്കുകയെന്ന ലക്ഷ്യവും തങ്ങൾക്കുണ്ടെന്ന് വിവിധ സ്ഥാനങ്ങളിലേക്ക് മത്സരിക്കുന്ന ബിജു തോണിക്കടവിൽ (പ്രസിഡന്റ്), പോൾ പി ജോസ് (ജനറൽ സെക്രട്ടറി), പ്രദീപ് നായർ (ട്രഷറർ), സാമുവൽ മത്തായി (വൈസ് പ്രസിഡന്റ്), മഞ്ജു പിള്ള (ജോയിന്റ് സെക്രട്ടറി) ജോൺസൺ കണ്ണൂക്കാടൻ (ജോയിന്റ് ട്രഷറർ) എന്നിവർ പറഞ്ഞു.

മീറ്റിങ്ങിൽ സാൻ അന്റോണിയോ യുണൈറ്റഡ് മലയാളി അസോസിയേഷൻ പ്രസിഡന്റ് നന്ദകുമാർ റ്റി, പ്രിൻസ് മാത്യു, ഷാൻ ജസ്റ്റിസ്, ബിനു ജോർജ്, ശ്രീജിത്ത് കെ.കെ, ഷാജി എഡ്വേർഡ് (ഫോമാ മുൻ ജനറൽ സെക്രട്ടറി, മുൻ ട്രഷറർ), രാജൻ യോഹന്നാൻ (നാഷണൽ കമ്മിറ്റി മെമ്പർ), തോമസ് ഓലിയാംകുന്നേൽ (മുൻ ആർ.വി.പി, കേരളാ കൺവൻഷൻ മുൻ ചെയർമാൻ), ജോസ് പുന്നൂസ് (സ്ഥാപക നേതാവ്) തുടങ്ങിയവർ പങ്കെടുത്തു.

ഊഷ്മളമായ സ്വീകരണമൊരുക്കിയതിന് ടീം വോയ്സ് ഓഫ് ഫോമാ പാനൽ അംഗങ്ങൾ സാൻ അന്റോണിയോ യുണൈറ്റഡ് മലയാളി അസോസിയേഷന് ഹൃദയപൂർവം നന്ദി പ്രകാശിപ്പിച്ചു.

*എ.എസ്. ശ്രീകുമാർ*

## 'ടീം വോയ്സ് ഓഫ് ഫോമാ'യ്ക്ക് ഒക്കലഹോമ മലയാളി അസോസിയേഷന്റെ ഹൃദ്യമായ സ്വീകരണം

ഒക്കലഹോമ: അമേരിക്കൻ മലയാളി സമൂഹത്തിന്റെ ആശയഭിലാഷങ്ങൾക്കൊത്ത് ഫോമായുടെ ജനകീയ പ്രവർത്തനങ്ങളുടെ തുടർച്ചയ്ക്കും ഭാവനാപൂർണമായ പുത്തൻ പദ്ധതികളുടെ ആവിഷ്കാരത്തിനുമായി2026-28 ഭരണ സമിതിയിലേയ്ക്ക് മൽസരിക്കുന്ന 'ടീം വോയ്സ് ഓഫ് ഫോമാ'യ്ക്ക് ഒക്കലഹോമ മലയാളി അസോസിയേഷൻ ഊഷ്മളമായ വരവേൽപ്പ്നൽകി. ഏപ്രിൽ 10ന് വൈകുന്നേരം 6.30 ന് ഒക്കലഹോമ സിറ്റിയിലെ താജ് ക്വസിൻ ഓഫ് ഇന്ത്യയിൽ നടന്ന സ്വീകരണ യോഗം.

ഫോമാ സമയോചിതമായി നടപ്പാക്കേണ്ട പദ്ധതികളെപ്പറ്റി അസോസിയേഷൻ ഭാരവാഹികൾ സംസാരിക്കുകയും തങ്ങൾ തിരഞ്ഞെടുക്കപ്പെട്ടാൽ അക്കാര്യങ്ങൾ നിർവഹിക്കുമെന്ന് ടീം വോയ്സ് ഓഫ് ഫോമാ പാനൽ അംഗങ്ങൾ അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം വ്യക്തമാക്കുകയും ചെയ്തു.

ഫോമാ 20 വർഷം പൂർത്തിയാക്കുന്ന ചരിത്ര മുഹൂർത്തം സമുചിതമായി ആഘോഷിക്കുന്ന പത്താമത്തെ കൺവൻഷൻ അവിസ്മരണീയമാക്കുകയെന്ന ലക്ഷ്യവും തങ്ങൾക്കുണ്ടെന്ന് പ്രസിഡന്റ് സ്ഥാനാർത്ഥി ബിജു തോണിക്കടവിൽ പറഞ്ഞു.

യോഗത്തിൽ ഷിബു ജേക്കബ്ബ് (മുൻ പ്രസിഡന്റ്), ഏഞ്ചല ഉമ്മൻ (പ്രസിഡന്റ്), ജോഷ്ന ഫിലിപ്പോസ് (സെക്രട്ടറി), തോമസ് ഐവാൻ, ഷേർലി ജോൺ, സാം ജോൺ, മൻസൂർ, സാബു, അനിൽ ഫിലിപ്പ്, സാൻജോ ബാബു, സാനു എബ്രഹാം, അജിത് എബ്രഹാം, ബാബു മാത്യു, സായു, ബാബു ജോർജ് തുടങ്ങിയവർ ടീം വോയ്സ് ഓഫ് ഫോമായ്ക്ക് ആശംസകളും നേർന്നു.

അമേരിക്കൻമലയാളികളുടെഏറ്റവും വലിയ ഫെഡറേഷനായ ഫോമായുടെ വികസനോൻമുഖഭരണംകാഴ്ചവയ്ക്കുന്നതിനായി വോട്ടുകൾ നൽകി തങ്ങളെ ആശീർവദിക്കണമെന്ന് വിവിധ സ്ഥാനങ്ങളിലേക്ക് മത്സരിക്കുന്ന ബിജു തോണിക്കടവിൽ (പ്രസിഡന്റ്), പോൾ പി ജോസ് (ജനറൽ സെക്രട്ടറി), പ്രദീപ് നായർ (ട്രഷറർ), സാമുവൽ മത്തായി (വൈസ് പ്രസിഡന്റ്), മഞ്ജു പിള്ള (ജോയിന്റ് സെക്രട്ടറി) ജോൺസൺ കണ്ണൂക്കാടൻ (ജോയിന്റ് ട്രഷറർ) എന്നിവർ ഏവരോടും ഹൃദയപൂർവം അഭ്യർത്ഥിക്കുകയും ഊഷ്മള സ്വീകരണത്തിന് നന്ദി പറയുകയും ചെയ്തു.







# കെ.സി.എസ് ഷിക്കാഗോയുടെ ആദ്യ ഇൻഡോർ പിക്കിൾബോൾ ടൂർണമെന്റ് വൻ വിജയം!!

കെ.സി.എസ് ഷിക്കാഗോയുടെ ആദ്യ ഇൻഡോർ പിക്കിൾബോൾ ടൂർണമെന്റ് ഏപ്രിൽ 18, 2026ന് വില്ല പാർക്കിൽ വിജയകരമായി സംഘടിപ്പിച്ചു. ഏകദേശം 200 പേർ പങ്കെടുത്ത ഈ പരിപാടി, കളിക്കാരും കുടുംബാംഗങ്ങളും ഉൾപ്പെടെ എല്ലാവർക്കും ആവേശകരവും ഓർമ്മപ്പെടുത്തുന്നതുമായ അനുഭവമായി മാറി.

കെ.സി.എസ് ജോയിന്റ് സെക്രട്ടറി ക്രിസ് കട്ടപ്പുറം, വൈസ് പ്രസിഡന്റ് മാറ്റ് വിളങ്ങാട്ടുശ്ശേരിൽ, ലിജോ മുണ്ടാപ്ലാക്കിൽ, സിറിൽ അമ്പനാട്ട് എന്നിവരുടെ നേതൃത്വത്തിലും മികച്ച ഏകോപനത്തിലും ടൂർണമെന്റ് സുതാര്യമായി നടന്നു. അവരുടെ കഠിനാധ്വാനവും സമർപ്പണവും പരിപാടിയുടെ വിജയത്തിന് നിർണായകമായി.

മൊത്തം 24 ടീമുകൾ പങ്കെടുത്ത ഈ മത്സരത്തിൽ ആവേശകരമായ പ്രകടനങ്ങളാണ് അരങ്ങേറിയത്. മാതാപിതാക്കളും കുട്ടികളും ഉൾപ്പെടെയുള്ള പ്രേക്ഷകർ മുഴുവൻ മത്സരങ്ങളും ആവേശത്തോടെ ആസ്വദിച്ചു. റഫറിമാരുടെ അഭാവത്തിലും എല്ലാ മത്സരങ്ങളും യാതൊരു പ്രശ്നങ്ങളും കൂടാതെ സുതാര്യമായി നടന്നത് കളിക്കാരുടെ മികച്ച സ്പോർട്സ്മാൻ സ്പിരിറ്റിനെയാണ് പ്രതിഫലിപ്പിച്ചത്.

**മത്സരത്തിലെ വിജയികൾ**: ഒന്നാം സമ്മാനം: ജൂബിൻ വെട്ടിക്കാട്ട് & ജെസ്വിൻ ഏലവുംകൽ, രണ്ടാം സമ്മാനം: സുനിൽ കോയിത്തറ& മാത്യു മൂന്ന്പറയിൽ, മൂന്നാം സമ്മാനം: ക്രിസ് ചാക്കോ കൊട്ടാരത്തിൽ പാറേട്ട് & ക്രിസ്ത്യൻ ചേലക്കൽ, നാലാം സമ്മാനം: പോൾ & ജോസ് വിളങ്ങാട്ടുശ്ശേരിൽ

ഈ മികച്ച പരിപാടിയെ വിജയകരമാക്കാൻ പ്രവർത്തിച്ച എല്ലാ കോ-ഓർഡിനേറ്റർമാർക്കും, പങ്കെടുത്ത ടീമുകൾക്കും, മാതാപിതാക്കളും യുവജനങ്ങളും കുട്ടികളും ഉൾപ്പെടെയുള്ള പ്രേക്ഷകർക്കും കെ.സി.എസ് ഷിക്കാഗോ ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.



# ന്യൂയോർക്ക് ഐ.കെ.സി.സി യുടെ 50-ാം വാർഷികത്തിന് ഷിക്കാഗോ കെ.സി.എസിന്റെ അഭിനന്ദനങ്ങളും ആശംസകളും!!


ഷിക്കാഗോ: നോർത്ത് അമേരിക്കയിലെ എണ്ണം പറഞ്ഞ ക്നാനായ അസോസിയേഷനുകളിൽ ഒന്നായ ന്യൂയോർക്ക് ഐ.കെ.സി.സിയുടെ അൻപതാം വാർഷികത്തിന് ഷിക്കാഗോ കെ.സി.എസ്, തങ്ങളുടെ അഭിനന്ദനങ്ങളും ആശംസകളും അറിയിക്കുകയുണ്ടായി. ഒരു മുൻനിര ക്നാനായ സംഘടനയായ ഐ.കെ.സി.സി. ന്യൂയോർക്ക്, തലമുറകൾക്കപ്പുറം സമൂഹ ഐക്യവും സാംസ്കാരിക അഭിമാനവും വളർത്തുന്നതിൽ നിർണായക പങ്കുവഹിച്ചു.

കേരളത്തിന് വെളിയിൽ ഉണ്ടായ ഒരു ക്നാനായ അസോസിയേഷന്റെ അൻപതാം വാർഷികത്തിന് വളരെ പ്രാധാന്യം ഉണ്ടെന്നും, ക്നാനായ കമ്മ്യൂണിറ്റിയിൽ കൂടുതൽ സഹകരണവും ഐക്യവും കൊണ്ടുവന്ന് പുതിയൊരു നവോത്ഥാനത്തിന് തുടക്കം കുറിക്കാൻ സാധിക്കട്ടെ എന്ന് ഷിക്കാഗോ കെ.സി.എസ് പ്രസിഡന്റ് ജോസ് ആനമല അറിയിക്കുകയുണ്ടായി.

ഈ ജൂബിലി ആഘോഷങ്ങളിൽ കെ.സി.എസ്. ഷിക്കാഗോയെ പ്രതിനിധീകരിച്ച് പ്രസിഡന്റ് ജോസ് അനമാല ഏപ്രിൽ 18ന് നടക്കുന്ന ചടങ്ങിൽ പങ്കെടുക്കും. ഈ ചരിത്രപരമായ നേട്ടത്തിൽ പങ്കുചേരാനും ക്നാനായ സമൂഹത്തിന്റെഐക്യവുംപാരമ്പര്യവുംആഘോഷിക്കാനും അദ്ദേഹം സന്നിഹിതനാകും.

സുവർണ്ണ ജൂബിലി ആഘോഷം സമൂഹ നേതാക്കളെയും അംഗങ്ങളെയും അഭ്യുദയകാംക്ഷികളെയും ഒരുമിപ്പിക്കുന്ന മഹത്തായ സംഗമമായി മാറും.

കഴിഞ്ഞ കാലത്തെ സ്മരണകളും ഭാവിയിലേക്കുള്ള പുതിയ പ്രതിജ്ഞയും ഒരുപോലെ ഉയർത്തിപ്പിടിക്കുന്ന ഈ ആഘോഷം ക്നാനായ പൈതൃകത്തിന്റെ ശക്തമായ പ്രതീകമായി മാറുമെന്ന് പ്രതീക്ഷിക്കുന്നു.



കഥയില്ലായ്മകൾ

# ആളും മാളും പ്രോട്ടോക്കോളും



സി. രാധാകൃഷ്ണൻ

> രാജ്യത്ത് രാജാവിന്റെ ഭരണം ഇന്നില്ലെന്നത് നേരാണ്. പക്ഷേ, ജനകീയ ഭരണം അതിനേക്കാൾ കെങ്കേമമല്ലേ..? അതിനു വേണ്ടിയാണോ ഇപ്പോൾ പ്രോട്ടോകോൾ ഉള്ളത്. കോണകം വാങ്ങാൻ ഖജനാവിൽ കോൾ ഇല്ല എങ്കിലും നാടിന്റെ തമ്പുരാക്കന്മാർ രാജാക്കന്മാർ തന്നെയല്ലേ ആകേണ്ടത്! ആന മെലിഞ്ഞാലും തൊഴുത്തിൽ കെട്ടാമോ..?

രാജാക്കന്മാരുടെ കാലത്ത് രാജാവിന്റെ വരവും പോക്കും ആയിരുന്നു ഏറ്റവും വലിയ സംഭവങ്ങൾ. രാജാവിന്റെ മുന്നിൽ കുടയും കൊടിയും പിടിച്ച് കുറേപ്പേര് ഉണ്ട്. അതിനു തൊട്ടു പിന്നിൽ ആർപ്പുവിളിക്കാർ. പിന്നെ വാളും പരിചയും ധരിച്ച ഭടന്മാർ. മഞ്ചലിൽ ആണ് രാജാവിന്റെ യാത്ര. അതും വിശേഷപ്പെട്ട മഞ്ചൽ. കരിയീട്ടിത്തടി കൊണ്ടാണ് തണ്ട്. സ്വർണ അലുക്ക് വെച്ച മേലാപ്പിന് പട്ട് കൊണ്ടാണ് മൂടി. നാലു മല്ലന്മാരാണ് ചുമക്കുക. ഉരുണ്ട് കയറിയിറങ്ങുന്ന മാംസപേശികൾ ഉള്ള യോദ്ധാക്കൾ. കുറച്ച് ചെന്നാൽ കൈമാറാനുള്ള മറ്റൊരു സംഘം കൂടെ തന്നെ ഉണ്ടാവും. എല്ലാവരും താളത്തിൽ മൂളും. പിന്നിലുമുണ്ട് ഒരു സംഘം യോദ്ധാക്കൾ.

ഞാൻ നന്നേ കുട്ടിയായിരുന്നപ്പോൾ സാമൂതിരിയുടെ ഒരു യാത്ര കണ്ടിട്ടുണ്ട്. മൊഞ്ചൽ വരുന്ന വഴിയിൽ കരിമരുന്ന് പണിക്കാർ വെടിയും വാണവും പ്രയോഗിക്കും. അതൊരു അറിയിപ്പാണ്. അതു കഴിഞ്ഞാൽ പിന്നെ മഞ്ചൽ കടന്നുപോകും വരെ ആ വഴിയിലൂടെ ആരും പോകരുത്.

വഴിയുടെ ഇരുവശങ്ങളിലും മാന്യമായ അകലം പാലിച്ച് പ്രജകൾക്ക് നിൽക്കാം. നിൽക്കണം. ഒച്ചയും ബഹളവും ഉണ്ടാക്കരുത്. ആബാലവൃദ്ധവും കൈകൂപ്പി നിൽക്കണം. തൊപ്പിയോ കുപ്പായമോ ആരും ധരിക്കരുത്. പൊന്നുതമ്പുരാന് മംഗളം ഉറക്കെ ആശംസിച്ചു കൊണ്ടിരിക്കണം.

നാലോ അഞ്ചോ കിലോമീറ്ററേ ഓരോ ദിവസവും യാത്ര പോകൂ. ഞങ്ങളുടെ നാട്ടിലൂടെയുള്ള യാത്ര പൊന്നാനി തൃക്കാവ് മുതൽ കൊടക്കൽ കാരത്തിയൂർ വരെ.



ഈ നീളം അത്രയും വഴി പൂവും കുരുത്തോലയും കൊണ്ട് അലങ്കരിച്ച് അടിച്ചുവാരി വൃത്തിയാക്കി വെച്ചിരിക്കണം. കണ്ണിനോ മനസിനോ പറ്റാത്ത ഒരു കാര്യവും പൊന്നു തിരുമേനി കാണേണ്ടി വരരുത്. ഏറാൾപാടു മാർ യാത്രയിൽ ഉണ്ടാവും. എന്നുവച്ചാൽ യുവരാജാക്കന്മാർ. വഴിയിൽ സുന്ദരികളായ പെൺകുട്ടികളെ കണ്ടാൽ അവർ അവരവരുടെ കാര്യസ്ഥന്മാരും ആയി ചട്ടം കെട്ടും. ആ വീട്ടുകാർക്ക് പിന്നെ ഒന്നിനും ഒരു ബുദ്ധിമുട്ടും ഉണ്ടാവില്ല.

ഇതേ തരം ഘോഷയാത്രയാണ് തുക്കിടിമാർ വരുമ്പോഴും നാട്ടിൽ ഞാൻ കണ്ടത്. തുക്കിടി എന്നാൽ ഡെപ്യൂട്ടി എന്നതിന്റെ വികലരൂപമാണ്. അതായത് ഡെപ്യൂട്ടി കളക്ടർ. സായിപ്പിനും ഈ വക എല്ലാ കാര്യങ്ങളും ഉണ്ടായിരുന്നു. മഞ്ചൽ അല്ല പഴയ തരം കാറാണ്. വൈക്കോലും തുണിയും ചുറ്റികെട്ടിയ ടയറുകൾ. ഏറ്റവും കൂടിയ സ്പീഡ് അഞ്ച് കിലോമീറ്റർ. അകമ്പടിക്കാർ എല്ലാവരും തലപ്പാവും മാറിൽ പട്ടയും ധരിച്ചവർ. എല്ലാവരും ഒപ്പം ഓടണം. ആണ്ടിലൊരിക്കലാണ് തുക്കിടി വരിക. ജമാവന്തി എന്ന നികുതി പിരിവ് വാർഷികത്തിന്. ആ ദിവസം എല്ലാ സൗകര്യങ്ങളും ഒരുക്കേണ്ടത് അംശം അധികാരി എന്ന വില്ലേജ് മുൻസിഫിന്റെ പണിയാണ്. കച്ചേരിയാണ് വേദി.

വിശ്രമം അധികാരിയുടെ വീട്ടിൽ. പുഴ മീനും ചാരായവും കിടപ്പുവട്ടവും ഒക്കെ അവിടെ പത്തായപുരയിൽ. ആണ്ടിൽ ഒന്നു വീതം വെള്ളക്കുട്ടികൾ നാട്ടിൽ ജനിക്കാറുണ്ട്. എണ്ണം കൂടുതലുള്ള കൊല്ലങ്ങളും ഉണ്ടാകാറുണ്ട്. ജനാത്ത ഭരണം വന്നപ്പോൾ ഇതൊക്കെ അവസാനിച്ചു എന്നാണ് ഞാൻ വിചാരിച്ചത്. പക്ഷേ വലിയ ഭേദം ഒന്നും വന്നില്ല. തമ്പുരാക്കന്മാരുടെയും സായിപ്പന്മാരുടെയും ആസ്ഥാന മന്ദിരങ്ങളിൽ നാം കയറിപ്പറ്റി. വലിയ സംഘം പോലീസും പട്ടാളവും പാറാവു നിന്നു.

നാട്ടിലെ നിയമം ജനായാത്ത സായിപ്പിനും ബാധകമല്ലായിരുന്നു. ഒട്ടും ബാധകമല്ലല്ലോ ഇപ്പോഴും. ആദ്യകാലങ്ങളിൽ ഇവരിൽ ചിലർക്കൊക്കെ ഒരു നാണം പോലെ ഉണ്ടായിരുന്നു. വന്നുവന്ന് ഒരു ശങ്കയും ഇല്ല. കക്ഷി ഏതായാലും അകംപടിയും പുറംപടിയും ഒട്ടും കുറവല്ല. ഒരു കണക്കിന് നോക്കിയാൽ നല്ല കാര്യം. ആനയും കരിമരുന്നും വാദ്യവും കൊമ്പും കുഴലും ഒന്നും ഇല്ലാതെ എന്ത് പൂരം! കാണം വിറ്റും ഓണം ഉണ്ണണ്ടേ?

ഓർക്കാപ്പുറത്ത് ഒരു നേട്ടമുണ്ടായാൽ കോളടിച്ചു എന്നാണ് നാട്ടിൽ പറയുക. ഏതെങ്കിലും ഒരു ഭരണഘടനാ പദവി കിട്ടിയാൽ നാട്ടുകാർ ഇപ്പോൾ പറയുന്നത് അത് കിട്ടിയവർക്ക് കോളടിച്ചു എന്നാണ്.

ആ കോളിന്റെ മുഴുവൻ രൂപമാണ് പ്രോട്ടോകോൾ! കോണകം വാങ്ങാൻ ഖജനാവിൽ കോൾ ഇല്ല എങ്കിലും നാടിന്റെ തമ്പുരാക്കന്മാർ രാജാക്കന്മാർ തന്നെയല്ലേ ആകേണ്ടത്! ആന മെലിഞ്ഞാലും തൊഴുത്തിൽ കെട്ടാമോ.. ?



## പ്രഥമ സന്യാസിനി സംഗമത്തിൽ അങ്ങാടിയത്ത് പിതാവിന്റെ മെത്രാഭിഷേക രജത ജൂബിലി ആഘോഷിച്ചു

ഷിക്കാഗോ: സെന്റ് തോമസ് സീറോ മലബാർ രൂപതാസ്ഥാപനത്തിന്റെയും അഭിവന്ദ്യ മാർജേക്കബ് അങ്ങാടിയത്ത് പിതാവിന്റെമെത്രാഭിഷേകത്തിന്റെയും രജത ജൂബിലിയുടെ ഭാഗമായി ഷിക്കാഗോയിലെ ബെൻസൻവിൽ സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ഫൊറോനാ ദേവാലയത്തിൽ വച്ചു നടന്ന അമേരിക്കയിലും കാനഡയിലും ശുശ്രൂഷചെയ്യുന്ന എല്ലാ മലയാളി സിസ്റ്റേഴ്സിന്റെയും സംഗമത്തിൽ ഷിക്കാഗോ സീറോ മലബാർ രൂപതയുടെ പ്രഥമ ബിഷപ്പ് ആയ മാർ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേകത്തിന്റെ ജൂബിലി ആഘോഷിച്ചു.

ഈ സംഗമത്തിന്റെ രണ്ടാം ദിവസം ഏപ്രിൽ 18ന് രാവിലെ ജൂബിലേറിയൻ അങ്ങാടിയത്ത് പിതാവിന്റെ മുഖ്യകാർമ്മികത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു. ബിഷപ്പ് ജോയി ആലപ്പാട്ട് വചന സന്ദേശം നൽകി. വികാരി ജനറൽമാരായ ഫാ.തോമസ് മുളവനാൽ, ഫാ. ജോൺ മേലേപ്പുറം, ഫാ.ജോൺസൻ കോവൂർപുത്തൻപുരയിൽ, സേക്രഡ് ഹാർട്ട് ക്നാനായ ഫൊറോനാ വികാരി ഫാ. അബ്രാഹം കളരിക്കൽ എന്നിവർ സഹകാർമികരായിരുന്നു.

തുടർന്ന് പൊതുയോഗത്തിൽ ഫാ. ജോൺ മേലേപ്പുറം സ്വാഗതം ആശംസിച്ചു. ബിഷപ്പ് ജോയി ആലപ്പാട്ട് അധ്യക്ഷനായിരുന്നു. യു.എസ്. ഗവൺമെന്റിൽ സീനിയർ എക്സിക്യൂട്ടീവ് ഓഫീസറായി സേവനം ചെയ്യുന്ന റവ. ഫാ. അലക്സാണ്ടർ കുര്യൻ, ഡൊമിനിക്കൻ സന്യാസിനിയായ സി. അമേലിയ ഹൂളർ, സി. അഞ്ജലി മാത്യു എന്നിവർ അങ്ങാടിയത്ത് പിതാവിന് ജൂബിലി മംഗളങ്ങൾ അർപ്പിച്ച് സംസാരിച്ചു.

തുടർന്ന് റവ. ഫാ. അലക്സാണ്ടർ കുര്യൻ, സി. സേവ്യർ എന്നിവർ ചേർന്ന് അങ്ങാടിയത്ത് പിതാവിനെ പൊന്നാട അണിയിപ്പിച്ചു. തുടർന്ന് വിശിഷ്ട അതിഥികളോടും പങ്കെടുത്ത ഇരുപത്തിയെട്ട് സന്യാസിനി സമൂഹത്തിന്റെ പ്രതിനിധികളുടെയും സാന്നിധ്യത്തിൽ കേക്ക് കട്ട് ചെയ്തു. അങ്ങാടിയത്ത് പിതാവ് തന്റെ മറുപടി പ്രസംഗത്തിൽ തനിക്കു ലഭിച്ച ഈ അംഗീകാരത്തിന് ഏവർക്കും നന്ദി രേഖപ്പെടുത്തി. സി. ലിസ ആഞ്ഞിലിക്കൽ പങ്കെടുത്ത ഏവർക്കും നന്ദി രേഖപ്പെടുത്തി. സേക്രഡ് ഹാർട്ട് ക്നാനായ ഫൊറോനാ വികാരി ഫാ. അബ്രാഹം കളരിക്കൽ എം സീ ആയി പ്രവർത്തിച്ചു.

*റോയി ചേലമലയിൽ*

## ഫോമ 2026 നാഷണൽ കൺവൻഷനോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന സുവനീറിലേയ്ക്ക് സൃഷ്ടികൾ ക്ഷണിക്കുന്നു



ഹൂസ്റ്റൺ: ടെക്സസിലെ സ്പെയ്സ് സിറ്റിയായ ഹൂസ്റ്റണിലെ ഹോട്ടലിൽ വരുന്ന ജൂലൈ 30, 31 ഓഗസ്റ്റ് 1, 2 തിയതികളിൽ അരങ്ങേറുന്ന ഫോമാ നാഷണൽ കൺവെൻഷൻ 2026-നോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന വർണാഭമായ സുവനീറിന്റെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. അമേരിക്കയിലെ വിവിധ സ്റ്റേറ്റുകളിലെ സാമൂഹിക-സാംസ്കാരിക-മാധ്യമ രംഗങ്ങളിൽ ശോഭിക്കുന്ന ക്രിയാത്മകമായ ഒരു ടീമാണ് സുവനീറിന്റെ പിന്നിൽ പ്രവർത്തിക്കുന്നത്.

മികച്ച സംഘാടകനായ അച്ചൻകുഞ്ഞ് മാത്യു (ഷിക്കാഗോ) ആണ് സുവനീർ കമ്മിറ്റിയുടെ ചെയർമാനും ചീഫ് എഡിറ്ററും. കമ്മിറ്റിയിൽ സബ് എഡിറ്റർമാരായി ഡോ. ജിൽസി ഡിൻസ് (അരിസോണ), ദയാലു ജോസഫ് (കാലിഫോർണിയ), വിൽസൺ ഉഴത്തിൽ (ഫ്ളോറിഡ), മാത്തുക്കുട്ടി ഈശോ (ന്യൂയോർക്ക്), ഷാജി ആലപ്പാട്ട് (ടെക്സസ്), റോഷൻ പ്ലാംമൂട്ടിൽ (ഫിലഡൽഫിയ), സാബു കട്ടപ്പുറം (ഷിക്കാഗോ) എന്നിവർ പ്രവർത്തിക്കുന്നു. ഫോമയുടെ ചിരകാല പ്രവർത്തനങ്ങളെയും കലാ-സാംസ്കാരിക പ്രവർത്തനങ്ങളെയും ജനകീയ മുന്നേറ്റങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടാണ് സുവനീർ പുറത്തിറക്കുക.

ഈ സുവനീർ അവിസ്മരണീയമാക്കുന്നതിനായി ഫോമായുടെ കുടുംബാംഗങ്ങളുടെയും അഭ്യുദയകാംക്ഷികളുടെയും സർവോപരി സ്പോൺസർമാരുടെയും അകമഴിഞ്ഞ പിന്തുണയും സഹകരണവും പ്രതീക്ഷിക്കുന്നുവെന്ന് ചീഫ് എഡിറ്റർ അച്ചൻകുഞ്ഞ് മാത്യു പറഞ്ഞു. അതോടൊപ്പം ഏവരുടെയും ബെസ്റ്റ് കോംപ്ലിമെന്റ്സ് ഉൾപ്പെടെയുള്ള പരസ്യങ്ങൾ നൽകി ഞങ്ങളോടൊപ്പം സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

ഈ സുവനീറിലേക്ക് അമേരിക്കയിൽ നിന്നും ഞങ്ങൾ വിവിധ കലാ-സാഹിത്യ സൃഷ്ടികൾ ക്ഷണിച്ചുകൊള്ളുന്നു. സൃഷ്ടികൾ ഇംഗ്ലീഷിലോ മലയാളത്തിലോ ആവാം. അവ ചെറുകഥകൾ, കവിതകൾ ആൻഡ് സമകാലീന സംഭവങ്ങളെക്കുറിച്ചുള്ള ലേഖനങ്ങൾ എന്നിവയാകുന്നു.

സൃഷ്ടികൾ fomaasouvenir2026@gmail.com എന്ന ഇമെയിൽ വിലാസത്തിൽ ഞങ്ങൾക്ക് അയച്ചു തരണമെന്ന് അഭ്യർത്ഥിക്കുന്നു. കലാ സാഹിത്യ സൃഷ്ടികൾ തിരഞ്ഞെടുക്കുന്നകാര്യത്തിൽ സുവനീർ കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് സുനീർ കമ്മിറ്റി ചെയർമാൻ അച്ചൻ കുഞ്ഞ് മാത്യുമായി ബന്ധപ്പെടാവുന്നതാണ്.(ഫോൺ: 847-912-2578). ദയവായി നിങ്ങളുടെ എല്ലാ ലേഖനങ്ങൾ, കഥകൾ, കവിതകൾ എന്നിവ 2026 ജൂൺ 31-നുള്ളിൽ അയച്ചുതരുവാൻ താത്പര്യപ്പെടുന്നു.



# ഷിക്കാഗോ എക്യുമെനിക്കൽ കൗൺസിൽ കുടുംബ സംഗമ ഡിന്നർ & സർഗ്ഗ വേദി 2026

എക്യുമെനിക്കൽ കൗൺസിലിന്റെ ഈ വർഷത്തെ കുടുംബ സംഗമ ഡിന്നർ & എന്റർടൈൻമെന്റ് നൈറ്റ് പ്രോഗ്രാം, ജൂൺ 6 ന്, ബെൽവുഡ് സീറോ മലബാർ കത്തീഡ്രൽ ഹാളിൽ വച്ച് നടത്തപ്പെടുന്നു. ഈ ചാരിറ്റി നടത്തിപ്പിന്റെ ആദ്യ ടിക്കറ്റ്, കൗൺസിലിന്റെ രക്ഷാധികാരിയും, സീറോ മലബാർ രൂപത ബിഷപ്പ് മാർ ജോയ് ആലപ്പാട്ട്, കൗൺസിലിന്റെ സീനിയർ അംഗം ജോൺ ഇലക്കാടിന് നൽകിക്കൊണ്ട് ഉദ്ഘാടനം നിർവഹിച്ചു.

ഈ വർഷം ചാരിറ്റി പ്രവർത്തനങ്ങൾക്കായി ഏകദേശം 8000 ഡോളർ മാറ്റിവെച്ചിരിക്കുന്നതായി കൗൺസിൽ ട്രഷറർ ജേക്കബ് ജോർജ് അറിയിച്ചു. പ്രോഗ്രാമിന്റെ വിജയകരമായ നടത്തിപ്പിന് റവ. ഫാദർ ജോയ്സ് പാപ്പൻ ചെയർപേഴ്സൺ സിബിൾ ഫിലിപ്പ് ജനറൽ കൺവീനർ ജോൺസൺ വള്ളിയിൽ പ്രോഗ്രാം മാനേജർ മറ്റു പല സബ് കമ്മിറ്റികൾ രൂപീകരിച്ചു.

കൂടുതൽ വിവരങ്ങൾക്ക് റവ. ബിജു യോഹന്നാൻ (പ്രസിഡന്റ്), ബെഞ്ചമിൻ തോമസ് (സെക്രട്ടറി) 847-529-4600

*ജോൺസൻ വള്ളിയിൽ, Dn. ജോർജ് കുര്യൻ*



# റവ. ജോ വർഗീസ് മലയിൽ അച്ചന് ഷിക്കാഗോ എക്യുമെനിക്കൽ കൗൺസിലിന്റെ കൃതജ്ഞത നിർഭരമായ യാത്രാ മംഗളങ്ങൾ

ഷിക്കാഗോ സി.എസ്.ഐ ക്രൈസ്റ്റ് ചർച്ച് ഇടവക വികാരി റവ. ജോ വർഗീസ് മലയിൽ തന്റെ നാലു വർഷത്തെ ഇടവക സേവനത്തിന് ശേഷം തിരികെ നാട്ടിലേക്കു യാത്ര തിരിക്കുന്നു. കഴിഞ്ഞ നാല് വർഷം അച്ചന്റെ ഷിക്കാഗോ എക്യുമെനിക്കൽ സംരംഭങ്ങൾ സ്വതഃസ്പഷ്ടമായിരുന്നു.

കൗൺസിൽ വൈസ് പ്രസിഡന്റ് യൂത്ത് ഫോറം പ്രസിഡന്റ് സൺഡേ സ്കൂൾ കമ്മിറ്റി, മറ്റു പല സ്പോർട്സ് കമ്മിറ്റികളുടെ ചെയർപേഴ്സൺ എന്നീ ഉത്തരവാദിത്വങ്ങളിൽ, ആദരവോടും എളിമത്വത്തോടും തന്റെ വ്യക്തിത്വം മറ്റുള്ളവരെ മനസ്സിലാക്കി പ്രവർത്തിച്ചു. ഏപ്രിൽ മാസം നടന്ന കൗൺസിൽ മീറ്റിങ്ങിൽ കൗൺസിൽ രക്ഷാധികാരി മാർ ജോയ് ആലപ്പാട്ട് പിതാവ് നന്ദി ഫലകം നൽകി ആദരിച്ചു.

തദവസരത്തിൽ കൗൺസിൽ പ്രസിഡന്റ് റവ. ബിജു യോഹന്നാൻ, വൈസ് പ്രസിഡന്റ് റവ. മാത്യു കരുത്തലക്കൽ കോർ എപ്പിസ്കോപ്പാ, ജേക്കബ് ജോർജ്, ജോയ്സ് ചെറിയാൻ, സാം തോമസ്, പ്രേംജിത്ത് വില്യംസ്, ബിനോയി സ്റ്റീഫൻ, എന്നിവർ ആശംസകൾ അറിയിച്ചു.

തന്റെ മറുപടി പ്രസംഗത്തിൽ ഈ കൗൺസിലിന്റെ ഒരു അഭ്യുദയകാംക്ഷിയായി പ്രവർത്തിക്കുവാൻ കിട്ടിയ അവസരത്തിനായി ദൈവത്തിന് നന്ദി അറിയിച്ചു.






# ഫുഡ് ഫെസ്റ്റിവൽ ന്യൂജേഴ്സിയിൽ

അമേരിക്കൻ അതിഭദ്രാസനത്തിന്റെ കീഴിൽ കഴിഞ്ഞ രണ്ടുവർഷമായി നടത്തിവരുന്ന ഫുഡ് ഫെസ്റ്റിവൽ (MAE - Malankara Archdiocese Extravaganza) ഈ വർഷം മേയ് 16-ാം തീയതി ഭദ്രാസന ആസ്ഥാനത്തു വച്ച് (236 Old Tappan Rd, Old Tappan, NJ) നടത്താനുള്ള വിപുലമായ ക്രമീകരണങ്ങൾ നടന്ന് വരുന്നു. ഈ ഫെസ്റ്റിവലിന്റെ കിക്കോഫ് 2026 ജനുവരി 10-ാം തീയതി ഭദ്രാസന ആസ്ഥാനത്തു വച്ച് ഭദ്രാസനാധിപനും പാത്രിയർക്കൽ വികാരിയുമായ യൽദോ മോർ തീത്തോസ് തിരുമേനി ഔപചാരികമായി ഉദ്ഘാടനം ചെയ്തിരുന്നു. തദവസരത്തിൽ ഭദ്രാസന സെക്രട്ടറി റവ. ഫാദർ പോൾ തോട്ടക്കാട്ട്, ഭദ്രാസന ട്രഷറാർ സിമി ജോസഫ്, ഭദ്രാസന ജോയിന്റ് സെക്രട്ടറി റവ. ഫാദർ ബെൽസൺ കുര്യാക്കോസ്, ജോയിന്റ് ട്രഷറാർ ബോബി കുര്യാക്കോസ്, കൗൺസിൽ അംഗങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു.

ഭദ്രാസനത്തിന്റെ കീഴിലുള്ള പ്രധാനമായും നോർത്ത് ഈസ്റ്റ് റീജിയനിലുള്ള ദേവാലയങ്ങളുടെ പൂർണ്ണ സഹകരണത്തോടെ നടത്തപ്പെടുന്ന ഈ ഫുഡ് ഫെസ്റ്റിവലിൽ അനേകം അമേരിക്കൻ ദേശവാസികളും സ്റ്റേറ്റ്/കൗണ്ടി പ്രതിനിധികളും പങ്കെടുക്കുന്നതാണ്.

സ്വാദിഷ്ടമായ വിവിധതരം കേരള, നോർത്ത് ഇന്ത്യൻ, അമേരിക്കൻ ഫുഡുകളും ഉണ്ടായിരിക്കുന്നതാണ്. ആർട്ട് എക്സിബിഷൻ, യോഗ ഹെൽത്ത് കെയർ, ഫെയിസ് പെയിന്റിംഗ്, ഇന്ത്യൻ വസ്ത്രങ്ങളുടെയും ആഭരണങ്ങളുടെയും വില്പന, വിവിധ ഇനം ചെടികളുടെ പ്രദർശനവും വില്പനയും കുട്ടികളുടേയും മുതിർന്നവരുടേയും വിവിധ കലാപരിപാടികൾ എന്നിവയും ഇതോടൊപ്പം ഉണ്ടായിരിക്കുന്നതാണ്.

ഇതിൽ നിന്നും കിട്ടുന്ന വരുമാനം ഭദ്രാസനത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്തുന്നതാണ്. ആയതിനാൽ നിങ്ങളേവരുടേയും ആത്മാർത്ഥമായ സഹകരണം ഉണ്ടാകണമെന്ന് അഭിവന്ദ്യ മെത്രാപ്പോലിത്ത ഉദ്ബോധിപ്പിച്ചു.

ഈ ഫുഡ് ഫെസ്റ്റിവൽ വമ്പിച്ച വിജയമാക്കി തീർക്കുവാൻ ഫുഡ് കമ്മിറ്റി അംഗങ്ങൾ, യൂത്ത് അസോസിയേഷൻ ഭാരവാഹികൾ, സെന്റ് പോൾസ് മെൻസ് ഫെലോഷിപ്പ് അംഗങ്ങൾ, മർത്തമറിയം സമാജത്തിന്റെ ഭാരവാഹികൾ തുടങ്ങിയവർ ആത്മാർത്ഥമായി പ്രവർത്തിച്ചു വരുന്നു.

ഫുഡ് ഫെസ്റ്റിവലിന്റെ ഈ വർഷത്തെ ടൈറ്റിൽ സ്പോൺസർ സ്പെക്ട്രം ഓട്ടോസ് ആണ്.

കൂടുതൽ വിവരങ്ങൾക്ക് ഫുഡ് കമ്മിറ്റി അംഗങ്ങളായ റോയി മാത്യു (845-0649-9732), സാബു സ്കറിയ (267-980-7923), ജോയി ഇട്ടൻ (914-564-1702), റവ. ഫാദർ ബെൻസൺ കുര്യാക്കോസ് (516-639-9791), ബോബി കുര്യാക്കോസ് (845-596-0424) എന്നിവരുമായി ബന്ധപ്പെടാവുന്നതാണ്.

*വർഗീസ് പാലമലയിൽ, പി.ആർ.ഒ*



# സ്തംഭിക്കുമോ? ആഗോള ആശയ വിനിമയം

(ഒന്നാം പേജ് തുടർച്ച)

മാണ് ഇറാൻ ഇപ്പോൾ പുറത്തെടുക്കുന്നത്. കഞ്ഏഇ കമാൻഡർ ഇൻ ചീഫ് ഹുസൈൻ സലാമി കഴിഞ്ഞ ദിവസം നടത്തിയ പ്രസംഗത്തിൽ, 'ശത്രുക്കൾ ഞങ്ങളുടെ സാമ്പത്തിക ശൃംഖലയെ ഉപരോധം വഴി ശ്വാസം മുട്ടിക്കുമ്പോൾ, അവരുടെ ഡിജിറ്റൽ ലോകത്തെ ഇരുട്ടിലാക്കാൻ ഞങ്ങൾക്ക് മടിയുണ്ടാകില്ല' എന്ന് വ്യക്തമാക്കിയതോടെയാണ് ഈ ആശങ്ക പടർന്നത്.

### 1. പേർഷ്യൻ ഗൾഫിലെ സമുദ്രാന്തര കേബിളുകളുടെ പ്രാധാന്യം

പേർഷ്യൻ ഗൾഫ് വെറുമൊരു ജലപാതയല്ല, അത് ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഡിജിറ്റൽ ഹൈവേകളിൽ ഒന്നാണ്.

**കിഴക്കും പടിഞ്ഞാറും തമ്മിലുള്ള ബന്ധം:** യൂറോപ്പിനെയും ഏഷ്യയെയും ബന്ധിപ്പിക്കുന്ന ഭൂരിഭാഗം ഇന്റർനെറ്റ് കേബിളുകളും റെഡ് സീ, പേർഷ്യൻ ഗൾഫ് പാതകളിലൂടെയാണ് കടന്നുപോകുന്നത്. SEAMEWE സീരീസ് പോലെയുള്ള പ്രധാന കേബിളുകൾ ഈ മേഖലയിലൂടെയാണ് ഇന്ത്യയിലേക്കും സിംഗപ്പൂരിലേക്കും എത്തുന്നത്.

**സാമ്പത്തിക വിനിമയങ്ങൾ:** അന്താരാഷ്ട്ര ബാങ്കിംഗ് ഇടപാടുകൾ നടത്തുന്ന സ്വിഫ്റ്റ് ശൃംഖലയുടെ വലിയൊരു ഭാഗം ഈ കേബിളുകളെ ആശ്രയിച്ചാണ് പ്രവർത്തിക്കുന്നത്. ഒരു നിമിഷത്തെ സ്തംഭനം പോലും ട്രില്യൺ കണക്കിന് ഡോളറിന്റെ നഷ്ടമുണ്ടാക്കും.

**ക്ലൗഡ് സർവീസുകൾ:** ഗൂഗിൾ, ആമസോൺ, മൈക്രോസോഫ്റ്റ് തുടങ്ങിയ ആഗോള ടെക് ഭീമന്മാരുടെ ഡാറ്റാ സെന്ററുകൾ തമ്മിലുള്ള ആശയവിനിമയം ഈ സമുദ്രാന്തര പാതകളിലൂടെയാണ് സാധ്യമാകുന്നത്. ഈ കേബിളുകൾ മുറിക്കപ്പെട്ടാൽ ആഗോള ക്ലൗഡ് സേവനങ്ങൾ തകരാറിലാകും.

### 2. ഇറാന്റെ ഭീഷണി യാഥാർത്ഥ്യമായാൽ എന്ത് സംഭവിക്കും?

കേബിളുകൾ വിച്ഛേദിക്കപ്പെട്ടാൽ ലോകം നേരിടാൻ പോകുന്ന പ്രത്യാഘാതങ്ങൾ അതീവ ഭീകരമായിരിക്കും.

**ഇന്റർനെറ്റ് വേഗതയിലെ വൻ ഇടിവ്:** കേബിളുകൾ മുറിക്കപ്പെട്ടാൽ ഇന്റർനെറ്റ് ട്രാഫിക് മറ്റ് ദൈർഘ്യമേറിയ പാതകളിലൂടെ (ഉദാഹരണത്തിന് പസഫിക് പാത) വഴിതിരിച്ചുവിടേണ്ടി വരും. ഇത് ഇന്റർനെറ്റ് വേഗത കുറയ്ക്കുകയും 'ലേറ്റൻസി' വർദ്ധിപ്പിക്കുകയും ചെയ്യും.

**ഇന്ത്യയിലെ പ്രത്യാഘാതങ്ങൾ:** ഇന്ത്യയിലെ ഭൂരിഭാഗം അന്താരാഷ്ട്ര ഇന്റർനെറ്റ് ട്രാഫിക്കും മുംബൈയിലൂടെയും കൊച്ചിയിലൂടെയുമാണ് രാജ്യത്തെത്തുന്നത്. പേർഷ്യൻ ഗൾഫിലെ തടസ്സം ഇന്ത്യയിലെ ഐടി മേഖലയെയും കോൾ സെന്ററുകളെയും പൂർണ്ണമായും സ്തംഭിപ്പിച്ചേക്കാം.

**നയതന്ത്ര ആശയവിനിമയം:** ലോകരാജ്യങ്ങൾ തമ്മിലുള്ള സുരക്ഷിതമായ ഹോട്ട്‌ലൈൻ ആശയവിനിമയങ്ങൾ തടസ്സപ്പെടുന്നത് യുദ്ധകാലത്ത് തെറ്റായ തീരുമാനങ്ങൾ എടുക്കാൻ കാരണമായേക്കാം. ഇത് ഒരു ആഗോള യുദ്ധത്തിലേക്ക് തന്നെ നയിച്ചേക്കാം.

### 3. സൈനികവും സാങ്കേതികവുമായ വെല്ലുവിളികൾ

സമുദ്രാന്തര കേബിളുകൾ സംരക്ഷിക്കുക എന്നത് ഏതൊരു രാജ്യത്തിനും വലിയ വെല്ലുവിളിയാണ്.

**ആക്രമണത്തിന്റെ എളുപ്പം:** ആഴം കുറഞ്ഞ പേർഷ്യൻ ഗൾഫിൽ കേബിളുകൾ കണ്ടെത്താനും നശിപ്പിക്കാനും ഇറാനിയൻ അന്തർവാഹിനികൾക്കും ഡ്രോണുകൾക്കും എളുപ്പമാണ്. ഒരു സാധാരണ നങ്കൂരം ഉപയോഗിച്ച് പോലും ഇത്തരം കേബിളുകൾക്ക് കേടുപാടുകൾ വരുത്താൻ സാധിക്കും.

**റിപ്പയർ ചെയ്യാനുള്ള ബുദ്ധിമുട്ട്:** യുദ്ധ മേഖലയിൽ തകരാറിലായ കേബിളുകൾ നന്നാക്കാൻ കേബിൾ ഷിപ്പുകൾക്ക് എത്തുക അസാധ്യമാണ്. മാസങ്ങളോളം ലോകം ഇന്റർനെറ്റ് ഇല്ലാതെ കഴിയേണ്ടി വന്നേക്കാം.

**സാറ്റലൈറ്റ് ഇന്റർനെറ്റിന്റെ പരിമിതികൾ:** സ്റ്റാർലിങ്ക് പോലുള്ള സാറ്റലൈറ്റ് സേവനങ്ങൾക്ക് കേബിൾ നൽകുന്ന അത്രയും വലിയ ബാൻഡ്‌വിഡ്ത്ത് നൽകാൻ കഴിയില്ല. ഇത് ഒരു താൽക്കാലിക പരിഹാരം മാത്രമായിരിക്കും.

### 4. ആഗോള പ്രതികരണവും അമേരിക്കൻ നീക്കങ്ങളും

ഇറാന്റെ ഭീഷണിയെ അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് അതീവ ഗൗരവത്തോടെയാണ് കാണുന്നത്.

**ട്രംപിന്റെ മുന്നറിയിപ്പ്:** ഇന്റർനെറ്റ് കേബിളുകൾ നശിപ്പിക്കുന്നത് ഒരു 'യുദ്ധ പ്രഖ്യാപനമായി' അമേരിക്ക കാണുമെന്ന് ട്രംപ് വൈറ്റ് ഹൗസിൽ നടത്തിയ പ്രസ്താവനയിൽ പറഞ്ഞു. നാവികസേനയുടെ പ്രത്യേക വിഭാഗത്തെ കേബിളുകൾക്ക് കാവൽ നിൽക്കാൻ മേഖലയിലേക്ക് അയച്ചിട്ടുണ്ട്.

**സഖ്യകക്ഷികളുടെ ജാഗ്രത:** ബ്രിട്ടീഷ് പ്രധാനമന്ത്രി കീർ സ്റ്റാർമറും ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണും തങ്ങളുടെ നാവികസേനകളോട് സമുദ്രാന്തര സുരക്ഷ വർദ്ധിപ്പിക്കാൻ നിർദ്ദേശിച്ചു. സംയുക്ത നാവിക പട്രോളിംഗ് മേഖലയിൽ ശക്തമാക്കിയിട്ടുണ്ട്.

**യുഎൻ ഇടപെടൽ:** യുഎൻ സെക്രട്ടറി ജനറൽ അന്തോണിയോ ഗുട്ടെറസ് ഇറാന്റെ ഭീഷണിയെ അപലപിക്കുകയും ആഗോള ആശയവിനിമയ ശൃംഖലകളെ ആക്രമിക്കുന്നത് ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു.

### 5. ഡിജിറ്റൽ പരമാധികാരത്തിന്റെ കാലം

ഈ ഭീഷണി ഭാവിയിൽ ഇന്റർനെറ്റിന്റെ ഘടനയിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരും.

**ബദൽ പാതകളുടെ നിർമ്മാണം:** പശ്ചിമേഷ്യയെ ഒഴിവാക്കി ആഫ്രിക്കൻ വൻകര ചുറ്റിപ്പോകുന്നതോ മധ്യേഷ്യയിലൂടെയുള്ള കരമാർഗ്ഗമുള്ളതോ ആയ കേബിൾ പാതകൾക്ക് ഇനി മുൻഗണന ലഭിക്കും. ഇത് വലിയ നിക്ഷേപം ആവശ്യമായ ഒന്നാണ്.

**സൈബർ സുരക്ഷയിലെ മാറ്റം:** ഡാറ്റാ വിനിമയത്തിൽ കൂടുതൽ എൻക്രിപ്ഷൻ കൊണ്ടുവരുന്നതിനൊപ്പം ഭൗതികമായി കേബിളുകൾ സംരക്ഷിക്കാനുള്ള സാങ്കേതിക വിദ്യകളും വികസിപ്പിക്കേണ്ടി വരും.

**ഇന്ത്യയുടെ പങ്ക്:** സ്വന്തം നിലയ്ക്ക് സമുദ്രാന്തര കേബിൾ ശൃംഖലകൾ വികസിപ്പിക്കാനും കൂടുതൽ ആഗോള ഹബ്ബുകളെ ഇന്ത്യയുമായി ബന്ധിപ്പിക്കാനുമുള്ള ശ്രമം പ്രധാനമന്ത്രി നരേന്ദ്ര മോദി ഗവൺമെന്റ് ശക്തമാക്കും.

ഇന്റർനെറ്റ് ഇല്ലാത്ത ഒരു ലോകത്തെക്കുറിച്ച് നമുക്കിന്ന് ചിന്തിക്കാനാവില്ല. ഇറാന്റെ ഈ ഭീഷണി കേവലം ഒരു പ്രാദേശിക രാഷ്ട്രീയ നീക്കമല്ല, മറിച്ച് ആഗോള ഡിജിറ്റൽ സുരക്ഷയ്ക്ക് നേരെയുള്ള വെല്ലുവിളിയാണ്.

ഓരോ നിമിഷവും സമുദ്രത്തിനടിയിൽ മിടിക്കുന്ന ഈ ഡിജിറ്റൽ ഹൃദയമിടിപ്പ് നിലച്ചാൽ, അത് ആധുനിക നാഗരികതയുടെ തന്നെ തകർച്ചയ്ക്ക് കാരണമായേക്കാം.

സമാധാന ചർച്ചകൾ വിജയിച്ച് ഈ ഭീഷണി ഒഴിയട്ടെ എന്ന് ലോകം പ്രത്യാശിക്കുന്നു

# പശ്ചിമേഷ്യയിൽ സമാധാനം പുലരുമോ?

(ഒന്നാം പേജ് തുടർച്ച)

സ് ഇറാനുമായുള്ള സമാധാന ചർച്ചകളിൽ വൈകാതെ പുരോഗതിയുണ്ടാകുമെന്ന വലിയ പ്രത്യാശയിലാണ് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. രണ്ടാം ഘട്ട സമാധാന ചർച്ചകളെക്കുറിച്ചുള്ള സദ് വാർത്ത വെള്ളിയാഴ്ചയോടെ ലഭിച്ചേക്കാം എന്നാണ് ട്രംപ് വ്യക്തമാക്കിയിട്ടുള്ളത്. സമാധാന ചർച്ചകൾക്കായി കൂടുതൽ സമയം നൽകുന്നതിനായി ഇറാനുമായുള്ള വെടിനിർത്തൽ നീട്ടിയതിന് പിന്നാലെയാണ് വെള്ളിയാഴ്ച ചർച്ച നടന്നേക്കും എന്ന തരത്തിലുള്ള ട്രംപിന്റെ പ്രതികരണം വന്നത്.

ഇറാന് നൽകിയ സമയപരിധി അവസാനിച്ചിട്ടും അനിഷ്ട സംഭവങ്ങളൊന്നും ഉണ്ടാകാത്ത പശ്ചാത്തലത്തിലാണിത്. ഇറാൻ സ്വീകരിക്കേണ്ട അടുത്ത നടപടിക്ക് യുഎസ് സമയപരിധി നിശ്ചയിക്കാത്ത ആദ്യത്തെ അവസരമാണിത്. പാകിസ്ഥാൻഭരണകൂടത്തിന്റെഅഭ്യർത്ഥനപ്രകാരം ഇറാനെതിരായ സൈനിക നടപടികൾ താൽക്കാലികമായി നിർത്തിവെച്ച ട്രംപ്, വെടിനിർത്തൽ കരാർ നീട്ടിയിട്ടുമുണ്ട്. പശ്ചിമേഷ്യയിലെ സമാധാന ശ്രമങ്ങളിൽ പാകിസ്ഥാന്റെ മധ്യസ്ഥത നിർണ്ണായകമായ പങ്കാണ് വഹിക്കുന്നത്.

പാകിസ്ഥാൻ നേതൃത്വവുമായുള്ള ചർച്ചകളാണ് ഈ നയമാറ്റത്തിന് പിന്നിലെന്നും ട്രംപ് വ്യക്തമാക്കി. ഇറാൻ പ്രതിനിധികൾ ഒരു ഏകീകൃത നിർദ്ദേശവുമായി വരുന്നത് വരെ ആ രാജ്യത്തിന് മേലുള്ള ആക്രമണം ഞങ്ങൾ നിർത്തിവെക്കുകയാണെന്ന് ട്രംപ് സമൂഹമാധ്യമത്തിൽ കുറിച്ചു. അതേസമയം ഹോർമുസിൽ സൈന്യത്തോട് ഉപരോധം തുടരാനും ഏത് സാഹചര്യത്തെയും നേരിടാൻ സജ്ജമായിരിക്കാനും നിർദ്ദേശിച്ചതായും, ഇറാന്റെ നിർദ്ദേശം ലഭിക്കുന്നത് വരെ വെടിനിർത്തൽ നീട്ടുന്നതായും അദ്ദേഹം വ്യക്തമാക്കിയിരുന്നു.

ഇതിനുമുമ്പ് വെടിനിർത്തൽ നീട്ടില്ലെന്നും കാലാവധി കഴിഞ്ഞാൽ ബോംബാക്രമണം പുനരാരംഭിക്കുമെന്നുമാണ് ട്രംപ് മുന്നറിയിപ്പ് നൽകിയിരുന്നത്. വെടിനിർത്തൽ നീട്ടിയ ട്രംപിന്റെ നടപടിയെ പാകിസ്താൻ പ്രധാനമന്ത്രി ഷെഹ്ബാസ് ഷെരീഫ് നന്ദിയോടെ സ്മരിച്ചു. യുഎൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസും ഈ തീരുമാനത്തെ സ്വാഗതം ചെയ്ത് രംഗത്തെത്തിയിരുന്നു.

### വെള്ളിയാഴ്ചത്തെ ചർച്ച തള്ളി ഇറാൻ

ഇത്തരമൊരു ചർച്ചയെക്കുറിച്ച് തീരുമാനമെടുത്തിട്ടില്ലെന്നും ട്രംപ് കള്ളം പറയുകയാണെന്നുമായിരുന്നു ഇറാന്റെ പ്രതികരണം. വെള്ളിയാഴ്ച ചർച്ചകൾ നടക്കുമെന്ന് ട്രംപ് നേരിട്ട് അവകാശപ്പെട്ടില്ലെങ്കിലും, ഇറാനിലെ അർദ്ധ ഔദ്യോഗിക വാർത്താ ഏജൻസിയായ തസ്നിം ന്യൂസ് ഇത് നിഷേധിക്കുകയും ട്രംപ് കള്ളം പറയുകയാണെന്ന് ആരോപിച്ച് രംഗത്തെത്തുകയും ചെയ്തു.

### ട്രംപിന്റെ ലക്ഷ്യം മറ്റൊന്ന്

ഇറാനുമായുള്ള വെടിനിർത്തൽ നീട്ടാനുള്ള യു.എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ തീരുമാനം വെറുമൊരു സമാധാന നീക്കമല്ലെന്നും മറിച്ച് ഇറാന്റെ സമ്പദ് വ്യവസ്ഥയുടെ ജീവനാഡിയായ എണ്ണമേഖലയെ ഉന്മൂലനം ചെയ്യാനുള്ള കൃത്യമായ കണക്കുകൂട്ടലിന്റെ ഫലമാണെന്നും റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. വെടിനിർത്തൽ പ്രഖ്യാപിച്ചെങ്കിലും അവരുടെ പ്രധാന വരുമാന മാർഗമായ എണ്ണ ഉൽപ്പാദനം തകർക്കാൻ ലക്ഷ്യമിട്ടുള്ള നാവിക ഉപരോധം അമേരിക്ക തുടരുകയാണ്.

അമേരിക്കൻ ഭരണകൂടം ഇറാനെതിരെ സ്വീകരിച്ചിരിക്കുന്നത് സാമ്പത്തിക യുദ്ധമുറകളാണ്. എണ്ണ സൂക്ഷിക്കാനുള്ള സൗകര്യങ്ങൾ പരിമിതമായതിനാൽ ഉടൻ തന്നെ ഖാർഗ് ഐലൻഡിലെ എണ്ണക്കിണറുകൾ അടച്ചുപൂട്ടാൻ ഇറാൻ നിർബന്ധിതരാകുമെന്നാണ് പുതിയ റിപ്പോർട്ടുകൾ. എണ്ണക്കിണറുകളെ അടച്ചുപൂട്ടുന്നത് വഴി ഇറാന്റെ സമ്പദ്‌വ്യവസ്ഥയെ ശാശ്വതമായി ദുർബലപ്പെടുത്താനാണ് അമേരിക്കൻ നീക്കം. വെറുമൊരു സൈനിക നീക്കത്തേക്കാൾ ഉപരിയായി ഇറാനിലെ ആഭ്യന്തര രാഷ്ട്രീയ വിള്ളലുകൾ മുതലെടുത്ത് നയതന്ത്രപരമായി കീഴടക്കുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. ട്രംപിന്റെ ഈ തന്ത്രം കേവലം വിട്ടുവീഴ്ചയല്ല, മറിച്ച് ഇറാന്റെ സാമ്പത്തിക ഭദ്രതയെ തകർക്കാനുള്ള കൃത്യമായ കണക്കുകൂട്ടലാണെന്ന് വിദഗ്ധർ പറയുന്നു.

### ഇറാന്റെ സൈനിക ശേഷി ഇപ്പോഴും ശക്തം

ഇറാന്റെ സൈനിക ശേഷി ഇപ്പോഴും ശക്തമാണെന്ന് യുഎസ് പ്രതിരോധ ആസ്ഥാനമായ പെന്റഗണിന്റെ ഇന്റലിജൻസ് വിഭാഗം വ്യക്തമാക്കുന്നു. യു.എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപും പ്രതിരോധ സെക്രട്ടറി പീറ്റ് ഹെഗ്സെത്തും ഇറാൻ ദുർബലമായെന്ന അവകാശവാദങ്ങൾ ആവർത്തിക്കുന്നതിനിടെയാണ് ഇത്തരത്തിലുള്ള രഹസ്യാന്വേഷണ വിലയിരുത്തൽ. ഇറാൻ ഇനിയൊരിക്കലും തിരിച്ച് കയറാനാകാത്ത ആഘാതം സൃഷ്ടിച്ചുവെന്നും അവരുടെ സൈനിക ശേഷി തകർന്നുവെന്നുമായിരുന്നു ട്രംപ് ഭരണകൂടം വ്യക്തമാക്കിയിരുന്നത്.

എന്നാൽ ആയിരക്കണക്കിന് മിസൈലുകളും ഡ്രോണുകളും ഉൾപ്പെടെ ഗണ്യമായ സൈനിക ശേഷി ഇറാൻ ഭരണകൂടം നിലനിർത്തുന്നുവെന്ന് പെന്റഗണിന്റെ ആഭ്യന്തര രഹസ്യാന്വേഷണ ഏജൻസി അറിയിച്ചുവെന്നാണ് റിപ്പോർട്ട്. ഇതിനിടെ ചൊവ്വാഴ്ച ടെഹ്റാനിൽ നടന്ന റാലിക്കിടെ ബാലിസ്റ്റിക് മിസൈൽ പ്രദർശനവും ഇറാൻ നടത്തിയിരുന്നു. രണ്ടാഴ്ചത്തെ വെടിനിർത്തൽ കാലാവധി തീരുന്നതിന് മണിക്കൂറുകൾക്ക് മുമ്പാണ് തലസ്ഥാനത്തിന്റെ ഹൃദയഭാഗത്ത് റാലി നടത്തിയത്.

ഖോറാംഷഹർ 4 മീഡിയം റേഞ്ച് ബാലിസ്റ്റിക് മിസൈലാണ് പ്രദർശിപ്പിച്ചതെന്നാണ് വിവരം. ഭീഷണികളുടെ നിഴലിലുള്ള ചർച്ചകൾക്ക് ഇറാൻ തയ്യാറല്ലെന്ന് വ്യക്തമാക്കി പാർലമെന്ററി സ്പീക്കർ മുഹമ്മദ് ബാഗർ ഖാലിബാഫ് രംഗത്തെത്തിയിരുന്നു. കഴിഞ്ഞ രണ്ടാഴ്ചയായി യുദ്ധത്തിൽ ഇറക്കാനുള്ള പുതിയ കാർഡുകൾ തയ്യാറാക്കുകയായിരുന്നു രാജ്യമെന്നായിരുന്നു എക്സിലെ പോസ്റ്റിൽ ഖാലിബാഫ് കുറിച്ചത്.

### യു.എസ് ആയുധശേഖരത്തിൽ വലിയ കുറവ്

അമേരിക്കയും ഇറാനും തമ്മിൽ നീണ്ടുനിൽക്കുന്ന ഏറ്റുമുട്ടൽ താൽക്കാലിക വെടിനിർത്തലിലേക്ക് കടന്നിട്ടുണ്ടെങ്കിലും യഥാർത്ഥ പോരാട്ടം ഇപ്പോൾ യുദ്ധഭൂമിയിൽ അല്ല, മറിച്ച് ആയുധശേഖരത്തിനുള്ളിലാണ് നടക്കുന്നതെന്നാണ് വിലയിരുത്തൽ. പുറമേ നോക്കുമ്പോൾ ശക്തമായ സമ്മർദ നയവുമായി മുന്നേറുന്ന ട്രംപ് ഭരണകൂടം, അകത്ത് കടുത്ത സൈനിക കണക്കുകൂട്ടലുകളെ നേരിടുകയാണെന്നാണ് റിപ്പോർട്ടുകൾ.

പ്രത്യേകിച്ച് ദീർഘകാല മിസൈൽ ആക്രമണങ്ങളും വ്യോമ പ്രതിരോധ പ്രവർത്തനങ്ങളും അമേരിക്കയുടെ നിർണായക ആയുധ ശേഖരത്തിൽ വലിയ കുറവ് വരുത്തിയെന്നാണ് പുറത്തുവരുന്ന വിലയിരുത്തൽ.യുദ്ധത്തിന്റെ ആദ്യഘട്ടത്തിൽ അമേരിക്കയ്ക്ക് സാങ്കേതിക മേൽക്കൈ വ്യക്തമായിരുന്നു. അത്യാധുനിക വ്യോമപ്രതിരോധ സംവിധാനങ്ങൾ, ദൂരപ്രഹര ശേഷിയുള്ള കൃത്യതാ മിസൈലുകൾ, നാവികസേനയുടെ ആഴമുള്ള സാന്നിധ്യം ഇവയെല്ലാം അമേരിക്കയ്ക്ക് മേൽക്കൈ നൽകി. എന്നാൽ യുദ്ധം നീണ്ടതോടെ മറ്റൊരു യാഥാർത്ഥ്യം വ്യക്തമായി, ഏറ്റവും ശക്തമായ സൈനിക ശക്തിക്ക് പോലും ശേഖരം അനന്തമല്ല എന്നത്.

വിലയിരുത്തലുകൾ പ്രകാരം, അമേരിക്കയുടെ പാട്രിയോട് മിസൈൽ സിസ്റ്റം ഇന്റർസെപ്രറുകളിൽ ഏകദേശം പകുതി ഇതിനകം ഉപയോഗിച്ച് കഴിഞ്ഞു. ശത്രു മിസൈലുകളെയും ഡ്രോണുകളെയും തടയാൻ നിർണായകമായ ഈ സംവിധാനം നിരവധി മേഖലകളിൽ ഒരേസമയം ആവശ്യമായതിനാൽ അതിന്റെ കുറവ് ആശങ്കയുണ്ടാക്കുന്നതാണ്. അതുപോലെ തന്നെ ഉയർന്ന തലത്തിലുള്ള മിസൈൽ പ്രതിരോധ സംവിധാനമായ ടെർമിനൽ ഹൈ ആൾട്ടിറ്റ്യൂഡ് ഏരിയ ഡിഫൻസ് ഇന്റർസെപ്റ്ററുകളിലും പകുതിയിലധികം ഉപയോഗിച്ചതായി റിപ്പോർട്ടുകൾ പറയുന്നു. ഇത് വെറും സംഖ്യകളല്ല, ഭാവിയിൽ മറ്റൊരു സംഘർഷം പൊട്ടിപ്പുറപ്പെട്ടാൽ ഉടൻ വിന്യസിക്കാനുള്ള കരുത്ത് എത്രമാത്രം ബാക്കിയുണ്ടെന്ന ചോദ്യമാണ് ഇതിലൂടെ ഉയരുന്നതെന്നും വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു.

### ഫോസിൽ ഇന്ധനത്തിന് ബദൽ തേടി 50 രാജ്യങ്ങൾ


പശ്ചിമേഷ്യൻ സംഘർഷത്തിന് പിന്നാലെ പ്രതിസന്ധിയിൽ വലഞ്ഞ രാജ്യങ്ങൾ കൊളംബിയയുടെ കരീബിയൻ തീരത്ത് ഒത്ത് ചേരുന്നു. ബദൽ സാധ്യതകൾ തേടിയുള്ള ചരിത്രപരമായ കൂടിച്ചേരൽ എന്നാണ് വിശേഷണം. ആഗോള സമ്പദ്‌വ്യവസ്ഥയുടെ നൂറ്റാണ്ടുകൾ നീണ്ട ഫോസിൽ ഇന്ധന അടിമത്തത്തിൽ നിന്നുള്ള മോചനമാണ് പ്രഖ്യാപിത ലക്ഷ്യം.

ഒരു നയതന്ത്ര പരീക്ഷണം എന്ന വിശേഷണത്തോടെ അമ്പതിൽ അധികം രാജ്യങ്ങൾ സാന്താ മാർട്ടയിൽ എത്തിച്ചേരും. 'ഫോസിൽ ഇന്ധനങ്ങളിൽ നിന്നുള്ള നീതിപൂർവ്വമായ മാറ്റത്തിനായുള്ള ഒന്നാം അന്താരാഷ്ട്ര സമ്മേളനം' എന്നാണ് ഇതിനെ വിശേഷിപ്പിച്ചിരിക്കുന്നത്. കൊളംബിയയും നെതർലൻഡ്സും ചേർന്ന് ആസൂത്രണം ചെയ്ത ഈ സമ്മേളനം ഏപ്രിൽ 28 ന് ആരംഭിക്കും.

### പശ്ചിമേഷ്യയിൽ സമാധാനം പുലരുമോ ?

ചർച്ചകൾ നീണ്ടുപോകുന്ന സാഹചര്യത്തിൽ പശ്ചിമേഷ്യയിൽ സമാധാനം അകലെയാണെന്ന ആശങ്ക ഒഴിയുന്നുമില്ല. 2026 ഏപ്രിലിലെ സാഹചര്യം അനുസരിച്ച്, പശ്ചിമേഷ്യയിലെ സമാധാനം വളരെ സങ്കീർണ്ണവും അനിശ്ചിതത്വത്തിലുമാണ്. ഇറാനും ഇസ്രായേലും അമേരിക്കയും തമ്മിലുള്ള സംഘർഷങ്ങൾ രൂക്ഷമാകുന്നതും അയയുന്നതുമായ സമ്മിശ്ര സാഹചര്യമാണ് നിലവിലുള്ളത്.

സമാധാന ചർച്ചകൾ പാകിസ്ഥാനിലും മറ്റുമായി നടക്കുന്നുണ്ടെങ്കിലും ഹോർമുസ് കടലിടുക്കിനെ ചൊല്ലിയുള്ള തർക്കങ്ങൾ കാരണം അവ പലപ്പോഴും അനിശ്ചിതത്വത്തിലാകുന്നുണ്ട്. ഇസ്രായേലും ഇറാനും തമ്മിലുള്ള സംഘർഷം ചരിത്രത്തിലെ ഏറ്റവും ഭീകരമായ ഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത്. എന്നാൽ ചർച്ചകളിലൂടെ സമാധാനം പുലരുമെന്ന പ്രതീക്ഷയിലാണ് ലോകരാജ്യങ്ങൾ.




**SEEKING BRIDEGROOM**

**Knanaya Parents, Kerala** invite proposal for their daughter, 31, 154 cm, M.Tech (Bio-Technology) & PhD. Now she is working in Chennai.

**Contact:+1-630-642-4596**

**Email: lukescyriac@gmail.com**

#042226

**SEEKING BRIDEGROOM**

We are seeking a suitable proposel for our Niece aged 25 (Height 155cm, Weight 43kg) from a middle upper class Catholic family, Kanjirappally Dioces. She is doing her masters research in plant pathology. She is God fearing, slim and fare. Considering proposals from abroad and India.

**Contact: 630-605-0241,**
**India: 91-9946 968570**

#042226

**വരനെ ആവശ്യമുണ്ട്**

**ഫ്ളോറിഡയിലെ മിയാമിയിൽ താമസിക്കുന്ന** മാതാപിതാക്കൾ, RN ആയി മിയാമിയിൽ ജോലി ചെയ്യുന്ന 28 വയസ്സുള്ള ക്നാനായ യുവതി (യുഎസ് സിറ്റിസൺ)അനുയോജ്യരായ ക്നാനായ കാത്തലിക് യുവാക്കളിൽനിന്നും വിവാഹാലോചന ക്ഷണിക്കുന്നു.

**ബന്ധപ്പെടുക: 786–868–7192, 786–825–5748**

#042226

**Holiday Let**
**Penthouse in Kochi**

Two bed Penthouse with Balcony on the 18th floor, fully furnished, air-conditioned, is available for short stay in the heart of Kochi. Close to shops/Restaurants/ Shopping centres. Beautiful view of Kochi City. Location - Vennala near Holiday Inn Hotel.

**Contact NG Jerome**
**Mob: +91 9446211630**

#032526

**ഷിക്കാഗോ സബർബിൽ കെയർഗിവറെ ആവശ്യമുണ്ട്**

**ഷിക്കാഗോയുടെ സബർബായ Northlakeൽ** താമസിക്കുന്ന മലയാളി കുടുംബത്തിന് വീട്ടിൽ വന്നും പോയും (7 Days, 5 Hours Daily) പ്രായമുള്ള ഒരു അമ്മച്ചിയെ നോക്കുവാൻ ആളെ ആവശ്യമുണ്ട്.

**ബന്ധപ്പെടുക: 847–648–3300**

#042226

**ബേബി സിറ്ററെ ആവശ്യമുണ്ട്**


**ഡസ്പ്ലെയിൻസിൽ താമസിക്കുന്ന മലയാളി** കുടുംബത്തിന് വന്നുപോയോ വീട്ടിൽ താമസിച്ചോ ബേബി സിറ്റിംഗിന് ആളെ ആവശ്യമുണ്ട്.

**ബന്ധപ്പെടുക:**
**മോഹിൻ 773–679–5526,**
**ആൽബി 773–396–0535**

#042226

## നൊവേന

### വിശുദ്ധ യൂദാ ശ്ലീഹാ നൊവേന



ഈശോയുടെ വിശ്വസ്തദാസനും സ്നേഹിതനു അപ്പസ്തോലനുമായ വിശുദ്ധ യൂദായേ ദിവ്യഗുരുവിനെ ശത്രുക്കളുടെ കരങ്ങളിൽ ഏൽപ്പിച്ചുകൊടുത്തവന്റെ പേരിനോട് അങ്ങയുടെ പേരിനുള്ള സാമ്യം പലരും അങ്ങയെ മറക്കുവാൻ കാരണമാക്കിയല്ലോ. എങ്കിലും നിരാശാജനകവും അസാധ്യവുമായ കാര്യങ്ങളുടെ മദ്ധ്യസ്ഥനായി തിരുസഭ അങ്ങേ സാർവ്വത്രികമായി വണങ്ങുകയും അങ്ങേ സഹായം അപേക്ഷിക്കുകയും ചെയ്യുന്നു. വളരെയധികം കഷ്ടപ്പെടുന്ന എനിക്കിവേണ്ടി പ്രാർത്ഥിക്കണമേ ആശയററ സന്ദർഭങ്ങളിൽ ദൃശ്യമായ സഹായം അതിവേഗം പ്രദാനം ചെയ്യുന്നതിന് അങ്ങേയ്ക്കു സംസിദ്ധമായിരിക്കുന്ന പ്രത്യോകാനുകൂല്യത്തെ എന്ക്കുവേണ്ടി വിനിയോഗിക്കണമെന്ന് ഞാനങ്ങയോടഭ്യർത്ഥിക്കുന്നു.

എന്റെ എല്ലാ ആവശ്യങ്ങളിലും കഷ്ടതകളിലും ദു:ഖങ്ങളിലും പ്രത്യേകിച്ച് ... (നിയോഗം)... സ്വർഗ്ഗത്തിൽ നിന്നുള്ള സഹായവും ആശ്വാസവും കിട്ടുന്നതിനുമായി ഈ വലിയ ആവശ്യനേരത്ത് എന്റെ സഹായത്തിന് എത്തേണമെ.

അങ്ങനെ അങ്ങയോടും മറെറല്ലാ വിശുദ്ധരോടും കൂടെ ദൈവത്തെ അനവരതം സ്തുതിക്കുന്നതിന് എനിക്ക് ഇടയാകട്ടെ. ഓ! വാഴ്ത്തപ്പെട്ട വി യൂദായേ ഈ വലിയ അനുഗ്രഹത്തെ ഞാൻ എന്നും സ്മരിക്കുന്നതാണെന്നും എന്റെ ശക്തിയുള്ള പ്രത്യേക മദ്ധ്യസ്ഥനായി അങ്ങയെ വണങ്ങുന്നതിൽ ഞാൻ ഒരിക്കലും കുറവു വരുത്തുകയില്ലെന്നും അങ്ങയോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിന് എന്റെ സർവ്വ കഴിവുകളും വിനിയോഗിക്കുന്നതാണെന്നും ഞാൻ ഇതാ പ്രതിജ്ഞ ചെയ്യുന്നു.

**ജോർജ് കുര്യൻ**

#042226

### ഉണ്ണിയീശോയോടുള്ള നൊവേന



ഇഹലോകവാസികളായ ഞങ്ങളേരോരുത്തരോടുമുള്ള സ്നേഹത്താൽ മനുഷ്യാവതാരം ചെയ്ത് ഞങ്ങളുടെ ഇടയിലേക്ക് വരുവാൻ തിരുമനസ്സായ ഉണ്ണിയീശോയെ അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. പാപികളായ ഞങ്ങളുടെ അയോഗ്യതകൾ പരിഗണിക്കാതെ ഞങ്ങളിൽ ഒരുവനായിത്തീരുവാൻ തിരുമനസ്സായ ഉണ്ണിയീശോയെ, കാലിത്തൊഴുത്തിൽ പിറന്ന് എളിമയോടെയും വിനയത്തിന്റെയും മാതൃകയായി ജീവിച്ചതിന് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

പാപികളായ ഞങ്ങളിൽ അനുഗ്രഹവർഷം ചൊരിഞ്ഞുകൊണ്ടിരിക്കുന്ന അങ്ങേയ്ക്കു ഞങ്ങൾ നന്ദിപറയുന്നു. അങ്ങേ തിരുമുമ്പിൽ അണഞ്ഞ് ഈ നൊവേനയിൽ ഇന്നു ഞങ്ങൾ പ്രത്യേകമായി അപേക്ഷിക്കുന്നു..... ആവശ്യങ്ങൾ ഞങ്ങൾക്ക് ഒരോരുത്തർക്കും സാധിച്ചുതരണമെന്ന് തകർന്ന ഹൃദയത്തോടുകൂടി അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു.

ആമേൻ

**മറിയാമ്മ തോമസ്**

#042226

Newspaper for Malayalees Worldwide ◆Estd.2020
വാചകം VACHAKAM

To Advertise
1 773–888–2242
1 773–842–9149
1 773–888–2243
vachakamonline@gmail.com
news@vachakam.com

Vachakam.com

For E-Paper reading visit Vachakam.com

# ബ്രോങ്ക്സ് സെയിന്റ് തോമസ് സിറോ മലബാർ ഫൊറോന ഇടവക സിൽവർ ജൂബിലി നിറവിൽ

## ഒരു വർഷം നീണ്ടു നിൽക്കുന്ന ആഘോഷങ്ങൾ മാർ ജോയ് ആലപ്പാട്ട് ഉദ്ഘാടനം ചെയ്തു



ന്യൂയോർക്ക്: ഷിക്കാഗോ സിറോ മലബാർ രൂപതയിലെ ആദ്യകാല ഇടവകയായ ബ്രോങ്ക്സ് സെയിന്റ് തോമസ് സിറോ മലബാർ ഫൊറോന ദേവാലയത്തിന്റെ സിൽവർ ജൂബിലി ആഘോഷങ്ങൾക്ക് രൂപത അദ്ധ്യക്ഷൻ മാർ ജോയ് ആലപ്പാട്ട് തുടക്കം കുറിച്ചു! ന്യൂയോർക്കിലും പരിസര പ്രദേശങ്ങളിലും മാർത്തോമാ നസ്രാണി വിശ്വാസം വ്യാപിപ്പിക്കുന്നതിൽ ബ്രോങ്ക്സ് ഇടവകയുടെ പങ്കു വളരെ വലുതാണെന്ന് ബിഷപ്പ് മാർ ജോയ് ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു.

ന്യൂയോർക്കിലും കണക്ടിക്കട്ടിലും സ്ഥാപിതമായിട്ടുള്ള സിറോ മലബാർ പള്ളികളുടെ മാതൃ ദേവാലയം ബ്രോങ്ക്സ് ഇടവകയാണ്. ഈ ഇടവക സ്ഥാപിക്കാൻ നേതൃത്വം നൽകിയ റവ. ഫാ. ജോസ് കണ്ടത്തിക്കുടി അച്ചനേയും ആദ്യകാല കൈക്കാരൻമാരേയും നന്ദിയോടെ സ്മരിക്കുന്നു.

ഷിക്കാഗോ രൂപതയുടെ വളർച്ചയിൽ ബ്രോങ്ക്സ് ഇടവക നിർണ്ണായകമായ പങ്കു വഹിച്ചിട്ടുണ്ടെന്നും മാർ ജോയ് എടുത്തു പറഞ്ഞു. ഷിക്കാഗോ സിറോ മലബാർ രൂപതയിലെ പ്രഥമ തദ്ദേശ്യനായ വൈദികൻ ഫാ. കെവിൻ മുണ്ടക്കൽ ബ്രോങ്ക്സ് ഇടവകയുടെ സംഭാവനയാണ്.

മാർച്ച് 21 ഞായറാഴ്ച വിശുദ്ധ കുർബ്ബാനയ്ക്ക് ശേഷം നടന്ന ഉദ്ഘാടന ചടങ്ങിൽ മാർ ജോയ് ആലപ്പാട്ട് തിരി തെളിയിച്ചു. കൂടാതെ, ഇടവകയിലെ എല്ലാ ഭവനങ്ങളിലേക്കും 'സിൽവർ ജൂബിലി വിളക്കുകൾ' നൽകുകയും ചെയ്തു. ഇടവകയുടെ ആരംഭം മുതലുള്ള കൈക്കാരൻമാർ ചടങ്ങിൽ സന്നിധരായിരുന്നു.

ഇടവക വികാരി റവ. ഫാ. കുര്യാക്കോസ് വടാന സ്വാഗതം ആശംസിച്ചു. റവ. ഫാ റോയ്സൺ മേനോലിക്കൽ, റവ. ഫാ. ഫ്രാൻസിസ് നമ്പ്യാമ്പറമ്പിൽ തുടങ്ങിയവർ ആശംസകൾ നേർന്നു. കൈക്കാരൻമാരായ ജോർജ് പട്ടേരിൽ, ഡെന്നി കല്ലുകളം, അനിൽ കണ്ടത്തിൽ തുടങ്ങിയവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി.

ന്യൂയോർക്കിലും പരിസരപ്രദേശങ്ങളിലുമുണ്ടായിരുന്ന സിറോ മലബാർ വിശ്വാസ കൂട്ടായ്മ, ഫാ. ജോസ് കണ്ടത്തിക്കുടിയുടെ നേതൃത്വത്തിൽ നടത്തിയ ദീർഘനാളത്തെ പരിശ്രമത്തിന്റെ ഫലമായാണ് ബ്രോങ്ക്സ് സൈന്റ് തോമസ് സിറോ മലബാർ ഇടവക സ്ഥാപിതമായത്.

വർഷങ്ങളായി അടഞ്ഞുകിടന്നിരുന്ന 'സെയിന്റ് വാലന്റയിൻ' ദേവാലയം, ന്യൂയോർക്ക് അതിരൂപത നാമമാത്രമായ വാടകക്ക് സിറോ മലബാർ വിശ്വാസികൾക്കായി തരികയും, 2002 മാർച്ച് 24ന് അന്നത്തെ ഷിക്കാഗോ രൂപത ബിഷപ്പ് മാർ ജേക്കബ് അങ്ങാടിയത്ത് 'സെയിന്റ് തോമസ് സിറോ മലബാർ കാതോലിക്ക ദേവാലയം' എന്നു പുനഃനാമകരണം നടത്തി, ആശീർവദിച്ചു വിശ്വാസികൾക്കായി സമർപ്പിച്ചു.

ബ്രോങ്ക്സ് ഇടവക ആരംഭിക്കുന്നതിനായി കഠിന പ്രയത്നം നടത്തിയ ജോസ് മാളിയേക്കൽ, പരേതനായ തോമസ് ചാമക്കാല തുടങ്ങി എല്ലാ മുൻകലാ നേതാക്കളേയും ഇടവക സമൂഹം നന്ദിയോടെ സിൽവർ ജൂബിലി വേളയിൽ സ്മരിക്കുന്നു.

സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഒരു വർഷം നീണ്ടു നിൽക്കുന്ന വിവിധ പരിപാടികൾക്ക് ഇടവക ഭരണസമിതി രൂപം നൽകിവരുന്നു.

◗ *ഷോളി കുമ്പിളുവേലി*

# അമേരിക്കൻ യുദ്ധത്തെ പിന്തുണച്ചവർക്ക് സമ്മാനം; എതിർത്തവർക്ക് ശിക്ഷ: നാറ്റോ രാജ്യങ്ങളുടെ പട്ടികയുമായി ട്രംപ്

വാഷിംഗ്ടൺ: ഇറാൻ യുദ്ധത്തിൽ അമേരിക്കയെപിന്തുണച്ചരാജ്യങ്ങളെയും വിട്ടുനിന്നവരെയും തരംതിരിച്ച് ട്രംപ് ഭരണകൂടം 'നല്ലവരും ചീത്തയുമായ' സഖ്യകക്ഷികളുടെ പട്ടിക തയ്യാറാക്കി. അമേരിക്കൻപ്രതിരോധസെക്രട്ടറിപീറ്റ് ഹെഗ്സെത്ത്മുന്നോട്ടുവെച്ച 'മോഡൽ സഖ്യകക്ഷി' എന്ന ആശയത്തിന്റെ തുടർച്ചയായാണ് ഈ നീക്കം കാണുന്നത്. നാറ്റോ സെക്രട്ടറി ജനറൽ മാർക്ക് റുട്ടെ ഈ മാസം ആദ്യം വാഷിംഗ്ടൺ സന്ദർശിക്കുന്നതിന് മുന്നോടിയായാണ് ഈ രഹസ്യപ്പട്ടിക തയ്യാറാക്കിയത്.



അമേരിക്കൻ യുദ്ധത്തോടും പ്രതിരോധ ചെലവുകളോടും സഹകരിക്കാത്ത രാജ്യങ്ങളെ ശിക്ഷിക്കുന്നതിന്റെ ഭാഗമായി അവിടെയുള്ള അമേരിക്കൻ സൈനികരെ മാറ്റാനോ പ്രതിരോധ സാങ്കേതികവിദ്യ നൽകുന്നത് തടയാനോ ട്രംപ് ആലോചിക്കുന്നുണ്ട്.

പോളണ്ട്, റൊമാനിയ തുടങ്ങിയ രാജ്യങ്ങൾ പട്ടികയിൽ 'നല്ല' വിഭാഗത്തിലാണ് ഇടംപിടിച്ചിരിക്കുന്നത്. റൊമാനിയ തങ്ങളുടെ വ്യോമതാവളങ്ങൾ ഇറാൻ യുദ്ധത്തിനായി വിട്ടുകൊടുത്തപ്പോൾ, പോളണ്ട് പ്രതിരോധ മേഖലയിൽ വലിയ നിക്ഷേപം നടത്തിയതാണ് ഇതിന് കാരണം. എന്നാൽ ഫ്രാൻസ്, സ്പെയിൻ തുടങ്ങിയ രാജ്യങ്ങൾ അമേരിക്കയുടെ ആവശ്യങ്ങൾ നിരസിച്ചതിനാൽ ട്രംപിന്റെ അതൃപ്തിക്ക് പാത്രമായിരിക്കുകയാണ്.

'ഞങ്ങൾക്ക് ആവശ്യമുള്ളപ്പോൾ നാറ്റോ കൂടെയുണ്ടായിരുന്നില്ല' എന്ന് അരിസോണയിൽ നടന്ന ഒരു ചടങ്ങിൽ ട്രംപ് പരസ്യമായി പറഞ്ഞു. ഹോർമൂസ് കടലിടുക്ക് തുറക്കാൻ സഹായിക്കാമെന്ന് നാറ്റോ പിന്നീട് അറിയിച്ചെങ്കിലും 'രണ്ട് മാസം മുൻപ് സഹായം ആവശ്യപ്പെട്ടപ്പോൾ നിങ്ങൾ ഉപയോഗശൂന്യമായിരുന്നു, ഇനി നിങ്ങളുടെ സഹായം ആവശ്യമില്ല' എന്നായിരുന്നു ട്രംപിന്റെ പ്രതികരണം.

സഖ്യകക്ഷികളെ ശിക്ഷിക്കാൻ സൈനികരെ മാറ്റുന്നത് അമേരിക്കയ്ക്ക് തന്നെ തിരിച്ചടിയാകുമെന്ന് ചില നയതന്ത്ര വിദഗ്ധർ മുന്നറിയിപ്പ് നൽകുന്നുണ്ടെങ്കിലും, സ്വന്തം നയങ്ങളുമായി മുന്നോട്ടുപോകാനാണ് ട്രംപിന്റെ തീരുമാനം.

# ഇറാൻ യുദ്ധം: ട്രൈറ്റൺ ഡ്രോൺ തകർന്നു വീണതായി സ്ഥിരീകരിച്ച് യു.എസ് നാവികസേന



വാഷിങ്ടൺ: ഇറാൻ യുദ്ധത്തിനിടെ നാവികസേനയുടെ എംക്യു 4സി ട്രൈറ്റൺ തകർന്നതായി യുഎസ് സേനയുടെ സ്ഥിരീകരണം. നാവികസേനയിൽ നിന്നുള്ള ഡേറ്റയും പൊതുവായി ലഭ്യമായ ഫ്ളൈറ്റ് ലോഗുകളും വഴിയാണ് സ്ഥിരീകരണം നടത്തിയത്.

ഏപ്രിൽ ഒൻപതിന് ട്രൈറ്റൺ തകർന്നതായി നാവിക സുരക്ഷാ കമാൻഡിന്റെ ഏവിയേഷൻ മിസ്ഹാപ്സ് റിപ്പോർട്ട് രേഖപ്പെടുത്തിയിരുന്നെങ്കിലും അപകട സ്ഥലം വെളിപ്പെടുത്തിയില്ലെന്ന് ആക്സിയോസ് റിപ്പോർട്ട് ചെയ്തു. വാർ സോൺ റിപ്പോർട്ട് അനുസരിച്ച്, പേർഷ്യൻ ഗൾഫിന് സമീപം പ്രവർത്തിക്കുമ്പോൾ ഡ്രോൺ ഫ്ലൈറ്റ് ട്രാക്കിങ് പ്ലാറ്റ്ഫോമുകളിൽ നിന്ന് അപ്രത്യക്ഷമായി എന്നാണ് വിവരം. ട്രാക്കിങ്ങിൽ നിന്ന് അപ്രത്യക്ഷമാകുന്നതിന് തൊട്ടുമുമ്പ് ഇത് അതിവേഗം താഴ്ന്നുവെന്ന് ഡാറ്റ സൂചിപ്പിക്കുന്നു.

യൂണിറ്റിന് ഏകദേശം 240 മില്യൺ ഡോളർ വിലമതിക്കുന്ന നോർത്രോപ്പ് ഗ്രമ്മൻ നിർമ്മിച്ച മെറിടൈം നിരീക്ഷണ ഡ്രോൺ ഇറാൻ സംഘർഷവുമായി ബന്ധപ്പെട്ട ഏറ്റവും ചെലവേറിയ നഷ്ടങ്ങളിൽ ഒന്നാണ്. ഈ വലിയ ആളില്ലാത്ത വിമാനത്തിന് 24 മണിക്കൂറിനധികം 50,000 അടിക്ക് മുകളിൽ പറക്കാൻ കഴിയും. ഇത് ബോയിങ് പി8 പോസൈഡോൺ വിമാനങ്ങൾക്കൊപ്പം പ്രവർത്തിക്കാൻ രൂപകൽപ്പന ചെയ്തിട്ടുള്ളതാണ്. അന്തർവാഹിനി വിരുദ്ധ യുദ്ധത്തിനായാണ് ഉപയോഗിക്കുന്നത്.

# വേൾഡ് മലയാളി കൗൺസിൽ ഹൂസ്റ്റൺ പ്രൊവിൻസ് നടത്തിയ 'ടാലെന്റ്സ് ഓഫ് ടെക്സാസ്' ഷോ വൻ വിജയമായി

ഹൂസ്റ്റൺ: ജീവ കാരുണ്യ പ്രവർത്തനങ്ങളുടെ ധന ശേഖരണാർത്ഥം വേൾഡ് മലയാളി കൗൺസിൽ ഹൂസ്റ്റൺ പ്രൊവിൻസ് ഫ്രണ്ട്സ് ഓഫ് ഗ്രീൻ വില്ലേജിന്റെ സഹകരണത്തോടെ നടത്തിയ ടാലെന്റ്സ് ഓഫ് ടെക്സാസ് ടാലെന്റ് ഷോ വൻ വിജയമായി.




ഏപ്രിൽ 19ന് ഞായറാഴ്ച വൈകിട്ട് 5.30ന് സ്റ്റാഫോർഡ് സിവിക് സെന്ററിൽ സൂസൻ ജേക്കബിന്റെ പ്രാർത്ഥനാഗാനത്തോടെ ആരംഭിച്ച ടാലെന്റ്സ് ഷോയിൽ ഡബ്ല്യൂ.എം.സി ഹൂസ്റ്റൺ പ്രൊവിൻസ് സെക്രട്ടറി രാജേഷ് മാത്യു വിശിഷ്ടാതിഥികൾക്കും എത്തിച്ചേർന്ന എല്ലാവർക്കും സ്വാഗതം അറിയിച്ചു. തുടർന്ന് സ്ഥാപക പ്രസിഡന്റും നിലവിലെ പ്രസിഡന്റുമായ എസ്.കെ. ചെറിയാൻ അധ്യക്ഷ പ്രസംഗം നടത്തി.

1997ൽ സ്ഥാപിതമായ ഡബ്ല്യൂ.എം.സി ഹൂസ്റ്റൺ പ്രൊവിൻസ് നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങളും സാമൂഹിക അവബോധം നൽകുന്ന നിരവധി പരിപാടികൾ ഇതിനോടകം നടത്തിയത് അദ്ദേഹം തന്റെ അധ്യക്ഷ പ്രസംഗത്തിൽ വിവരിക്കുകയുണ്ടായി. കേരളത്തിലെ കോട്ടയം ജില്ലയിൽ ഇരുപതോളം വീടുകൾ നിർധനർക്ക് വയ്ക്കുന്നതിന്റെ ഭാഗമായുള്ള ധനശേഖരണാർത്ഥമാണ് ഈ ടാലെന്റ്സ് ഷോ സംഘടിപ്പിച്ചതിന്റെ ഉദ്ദേശമെന്നും എസ്.കെ. ചെറിയാൻ പറയുകയുണ്ടായി.

അതിനുശേഷം ടാലെന്റ്സ് ഷോയുടെ പ്രധാന സ്പോൺസർമാരായ ജെയിംസ് ഊലൂട്ട്, സിബു വർഗീസ്, സുരേഷ് രാമകൃഷ്ണൻ എന്നിവരെ പൊന്നാട അണിയിച്ച് ആദരിക്കുകയുണ്ടായി.

തുടർന്ന് സ്റ്റാഫോർഡ് സിറ്റി മേയർ കെൻ മാത്യു, ഡബ്ല്യൂ.എം.സി ഹൂസ്റ്റൺ പ്രൊവിൻസ് വൈസ് ചെയർ പൊന്നു പിള്ള, മാഗ് പ്രസിഡന്റ് റോയ് മാത്യു, ഹിന്ദു സൊസൈറ്റി പ്രസിഡന്റ് ഡോ. രാംദാസ് കണ്ടത്ത് എന്നിവർ ആശംസ പ്രസംഗങ്ങൾ നടത്തി.


തുടർന്ന് നടത്തപ്പെട്ട ഡോ. സുനന്ദ നായരുടെ നേതൃത്വത്തിലുള്ള സുനന്ദ പെർഫോമിംഗ് ആർട്സ് സെന്ററിലെ കലാപ്രതിഭകൾ നടത്തിയ വിവിധ നയന മനോഹര നൃത്തങ്ങളും അതുകൂടാതെ ജെയ്മി, ഗീതാഞ്ജലി, ക്രിസ്റ്റൽ, എന്നിവരുടെ കുച്ചുപ്പിടി, ഭരതനാട്യം എന്നിവയും റീവ പെർഫോമിങ്ങിന്റെ നേതൃത്വത്തിലുള്ള സംഗീത സാന്ദ്രമായ വയലിൻ തീർത്ത ഫ്യൂഷൻ സംഗീത മേളയും, സുനിൽ ഷിക്കാഗോ, റോഷി മാലേത്ത്, റോണിസി മാലേത്ത്, മെറീന, മേഴ്സി, സിസി രാജേഷ്, രാമചന്ദ്രൻ വടക്കേമഠം എന്നിവരുടെ നേതൃത്വത്തിലുള്ള ഗാനമേളയും ടാലെന്റ്സ് ഷോയെ മികവും ഹൃദ്യവുമാക്കി. എംസി മാരായ അനിൽ ജനാർദ്ദനൻ, ആൻസി ശാമുവേൽ എന്നിവരുടെ അവതരണങ്ങൾ ടാലെന്റ്സ് ഷോയെ മികവുറ്റതാക്കി. നൈനാൻ മാത്തുള്ള എത്തിച്ചേർന്ന വിശിഷ്ടതിഥികൾ ഉൾപ്പെടെ ടാലെന്റ്സ് ഷോയിൽ സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തികൊണ്ട് പ്രസംഗിച്ചു.

ഫോമാ മുൻ പ്രസിഡന്റ് ശശിധരൻ നായർ, പ്രമുഖ മാധ്യമ പ്രവർത്തകരായ ബ്ലെസ്സൺ ഹൂസ്റ്റൺ, ജീമോൻ റാന്നി, എ.സി. ജോർജ്, ജോർജ് തെക്കേമല, സജി പുല്ലാട് എന്നിവരുൾപ്പെടെ ഹൂസ്റ്റണിലെ പ്രമുഖരായ വ്യക്തികൾ ഉൾപ്പെടെ ധാരാളം പേർ പരിപാടിയിൽ പങ്കെടുത്തു.

സജുമോൻ ജോസഫിന്റെയും വീഡിയോ ഡ്രീം മാക്സിന്റെയും നേതൃത്വത്തിൽ എടുത്ത ഫോട്ടോയും വീഡിയോയും തുടർന്നു പരിപാടി കാണാനും ആസ്വദിക്കാനും വേദിയൊരുക്കി. ഷിനു എബ്രഹാമായിരുന്നു സൗണ്ട് എഞ്ചിനീയറായി പ്രവർത്തിച്ചത്.

◗ ജീമോൻ റാന്നി






# എസ് ബി & അസംപ്ഷൻ അലുംനി ഓഫ് അമേരിക്ക നാഷണൽ കൺവൻഷൻ വിമെൻസ് ഫോറം രൂപീകരിച്ചു

ഷിക്കാഗോ: 2026 ജൂലൈ 9-ാം തിയതി ഷിക്കാഗോയിൽ നടക്കുന്ന ചങ്ങനാശേരി എസ് ബി & അസംപ്ഷൻ കോളേജ് പൂർവ്വവിദ്യാർത്ഥികളുടെ പ്രഥമ ദേശീയ കൺവൻഷന്റെ വിജയത്തിനായി സംഘടനയുടെ നാഷണൽ കൗൺസിലിന്റെ നേതൃത്വത്തിൽ വനിതാ പൂർവ്വ വിദ്യാർത്ഥികളുടെ വിമെൻസ് ഫോറം രൂപീകരിച്ചു.

ശനിയാഴ്ച്ച നടന്ന ആദ്യ സൂം മീറ്റിങ്ങിൽ കൺവെൻഷൻ ചെയർമാൻ മാത്യു ദാനിയേൽ അമേരിക്കയിൽ ആദ്യമായി നടക്കുന്ന പൂർവ്വ വിദ്യാർത്ഥി കൺവെൻഷന്റെ ലക്ഷ്യങ്ങളും പ്രാധാന്യവും വിശദീകരിച്ചു. വിവിധ കാലഘട്ടങ്ങളിൽ എസ് ബി അസംപ്ഷൻ കോളേജുകളിൽ നിന്ന് ഉന്നത വിദ്യാഭ്യാസം പൂർത്തിയാക്കി നോർത്ത് അമേരിക്കയുടെ വിവിധ സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്ന വനിതകളുടെ ആദ്യ സൂം മീറ്റിഗിൽ പങ്കെടുത്തവർ, തങ്ങളുടെ കലാലയ ജീവിതത്തിന്റെ ഓർമ്മകൾ പങ്കുവച്ചു ഷിക്കാഗോയിൽ നടക്കുന്ന പ്രഥമ പൂർവ്വ വിദ്യാർത്ഥി കൺവെൻഷൻ പരമാവധി സതീർഥ്യരെ പങ്കെടുപ്പിച്ചു വൻ വിജയമാക്കാൻ തീരുമാനിച്ചു.

സെലിൻ ജോയ്സ്, റോഷൻ ചെറിയാൻ (ഹൂസ്റ്റൺ), കാർമൽ തോമസ്, ഷിജി ചിറയിൽ, അന്നമ്മ സാധു (ഷിക്കാഗോ), നീന മുരിക്കൻ (അരിസോണ), ഡോ. ബിന്ദു ജോർജ്ജ് തോബിയാസ് (ഓസ്റ്റിൻ), അനു ജോർജ്ജ് (മിഷിഗൺ), സിസിലി ജോയ്, ലീല മാരേട്ട് (ന്യൂയോർക്ക്), ജാൻസിമോൾ ജോസഫ് (ഒക്‌ലഹോമ), ലതാ ജോസഫ് (നോർത്ത് കരോളിന) എന്നിവർ സംസാരിച്ചു. കൺവെൻഷൻ കോർഡിനേറ്റർമാരായ പ്രൊഫ. ജെയിംസ് ഓലിക്കര, ജോർജ്ജ് ജോസഫ് വിങ്ങോലിൽ (ഡാളസ്), സംഘടനയുടെ ഷിക്കാഗോ ചാപ്റ്റർ പ്രസിഡന്റ് ഡോ. മനോജ് മാത്യു നേര്യംപറമ്പിൽ, സെക്രട്ടറി തോമസ് ഡിക്രൂസ് എന്നിവരും സമ്മേളനത്തിൽ പങ്കെടുത്തു.

ബെൻസെൻവിൽ സേക്രഡ് ഹാർട്ട് ക്നാനായ കാതോലിക് ചർച്ച് ഓഡിറ്റോറിയത്തിൽ എസ് ബി, അസംപ്ഷൻ കോളേജ് പ്രിൻസിപ്പൾമാർക്കൊപ്പം അമേരിക്കയിലെ നാനാഭാഗത്തുനിന്നുമുള്ള മുൻ അധ്യാപകരും പൂർവ്വ വിദ്യാർത്ഥികളും കൺവെൻഷനിൽ പങ്കെടുക്കും. എസ് ബി കോളേജിന്റെ പ്രമുഖ പൂർവ്വവിദ്യാർത്ഥികളായ കാർഡിനൽ മാർ ജോർജ്ജ് ജേക്കബ് കൂവക്കാട്ട്, ആർച്ചുബിഷപ് മാർ തോമസ് തറയിൽ, കേരള ഗവ. പ്രിൻസിപ്പൽ സെക്രട്ടറി രാജു നാരായണസ്വാമി ഐ.എ.എസ് എന്നിവർ കൺവെൻഷനിൽ വിശിഷ്ടാതിഥികൾ ആയിരിക്കും.

കൺവെൻഷനിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ സന്ദർശിക്കേണ്ട വെബ്സൈറ്റ് : https://sbandassumptionalumniusa.org/

വിവരങ്ങൾക്ക്: കാർമൽ തോമസ് (224-688-0952) രജിസ്ട്രേഷൻ, ജോർജ്ജ് ജോസഫ് (817-791-1775) സുവനീർ

# ട്രംപിന്റെ ഭീഷണികൾക്കിടയിൽ കാനഡയുടെ ഭാവി; മാർക്ക് കാർണിക്ക് മുന്നിലുള്ളത് കടുത്ത പരീക്ഷണങ്ങൾ





ഒട്ടാവ: കാനഡയിൽ നടന്ന ഉപതിരഞ്ഞെടുപ്പുകളിലെ ഉജ്ജ്വല വിജയത്തിന് പിന്നാലെ പ്രധാനമന്ത്രി മാർക്ക് കാർണി നേരിടുന്നത് രാജ്യം കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും വലിയ നയതന്ത്ര വെല്ലുവിളിയാണ്.

അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ കടുത്ത വ്യാപാര നയങ്ങൾക്കിടയിൽ കാനഡയുടെ സാമ്പത്തിക താൽപ്പര്യങ്ങൾ സംരക്ഷിക്കുക എന്ന ദൗത്യമാണ് അദ്ദേഹത്തിന് മുന്നിലുള്ളത്. ജൂലൈ ഒന്നോടെ വടക്കേ അമേരിക്കൻ വ്യാപാര കരാറിൽ തീരുമാനമെടുക്കേണ്ടതുണ്ട്. കരാർ നിലവിലുള്ളതുപോലെ തുടരണോ, അതോ അമേരിക്കയുടെ നിബന്ധനകൾക്ക് വഴങ്ങി പരിഷ്കരിക്കണോ എന്നതാണ് കാർണിക്ക് മുന്നിലുള്ള ചോദ്യം.

കാനഡയെ അമേരിക്കയുടെ 51-ാം സംസ്ഥാനമായി കൂട്ടിച്ചേർക്കുമെന്ന ട്രംപിന്റെ വിവാദ പരാമർശങ്ങൾക്കിടയിലും, കാനഡയുടെ ആഭ്യന്തര വിപണിയെ സംരക്ഷിക്കുമെന്ന് കാർണി പ്രതിജ്ഞയെടുത്തു. കാനഡയുടെ കയറ്റുമതിയുടെ 70 ശതമാനവും ഇപ്പോഴും അമേരിക്കയിലേക്കാണെന്നത് രാജ്യത്തിന്റെ ബലഹീനതയാണെന്ന് അദ്ദേഹം സമ്മതിച്ചു.

അടുത്ത പത്ത് വർഷത്തിനുള്ളിൽ മറ്റ് വിപണികളിലേക്കുള്ള കയറ്റുമതി ഇരട്ടിയാക്കാനാണ് സർക്കാരിന്റെ നീക്കം. ഇതിന്റെ ഭാഗമായി ചൈനയുമായി കരാറുകളിൽ ഏർപ്പെടുകയും ഇന്ത്യയുമായി ചർച്ചകൾ തുടരുകയും ചെയ്യുന്നുണ്ട്.

അതേസമയം, കാനഡയിലെ ഉയർന്ന ജീവിതച്ചെലവും പണപ്പെരുപ്പവുമാണ് ജനങ്ങളെ വലയ്ക്കുന്നത്. ജി7 രാഷ്ട്രങ്ങളിൽ ഏറ്റവും ഉയർന്ന ഭക്ഷ്യ പണപ്പെരുപ്പവും രണ്ടാമത്തെ ഉയർന്ന തൊഴിലില്ലായ്മ നിരക്കും കാനഡയിലാണെന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

പാർലമെന്റിൽ ഭൂരിപക്ഷമുള്ളതിനാൽ ഡയറി മേഖലയിലോ മദ്യ വിപണിയിലോ അമേരിക്കയ്ക്ക് അനുകൂലമായ കടുത്ത തീരുമാനങ്ങൾ എടുക്കാൻ കാർണിക്ക് സാധിക്കുമെങ്കിലും, അത് ആഭ്യന്തരമായി വലിയ പ്രതിഷേധങ്ങൾക്ക് വഴിവെച്ചേക്കാം. അന്താരാഷ്ട്ര തലത്തിൽ മികച്ച പ്രസംഗങ്ങൾ നടത്തുന്നതിനേക്കാൾ ഉപരിയായി കാനഡയുടെ ആഭ്യന്തര സാമ്പത്തിക പ്രശ്നങ്ങളിൽ കാർണി ശ്രദ്ധ കേന്ദ്രീകരിക്കണമെന്നാണ് സാമ്പത്തിക വിദഗ്ധരുടെ പക്ഷം.

# യു.എസ്.എം.സി.എ അവലോകന നിബന്ധനകൾ നിർണ്ണയിക്കാൻ അമേരിക്കയെ അനുവദിക്കില്ലെന്ന് കാർണി

കാനഡ ഒരു യാചകനല്ലെന്നും, യു.എസ്.-മെക്സിക്കോ-കാനഡ വ്യാപാര കരാറായ യു.എസ്.എം.സി.എയുടെ (USMCA) നിശ്ചിത അവലോകന നിബന്ധനകൾ അമേരിക്കയെ മാത്രം നിർണ്ണയിക്കാൻ അനുവദിക്കില്ലെന്നും വ്യക്തമാക്കി പ്രധാനമന്ത്രി മാർക്ക് കാർണി.

മൂന്ന് രാജ്യങ്ങളും ജൂലൈ 1ഓടെ ഈ പ്രക്രിയ പൂർത്തിയാക്കേണ്ടതാണ്. എന്നാൽ കഴിഞ്ഞ വർഷം പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് കാനഡയിൽ നിന്ന് വരുന്ന പ്രധാന ഇറക്കുമതികളിൽ ഏർപ്പെടുത്തിയ തീരുവകളെ തുടർന്ന് യു.എസ്. കാനഡ ബന്ധത്തിൽ ഉണ്ടായ സംഘർഷം ഈ സമയക്രമത്തെ ബാധിച്ചിട്ടുണ്ട്. ഈ നടപടികൾ കാരണം അമേരിക്കൻ വിപണിയിലുള്ള ആശ്രയം കുറയ്ക്കേണ്ടതുണ്ടെന്നും കാർണി പറഞ്ഞു.

കാനഡയുടെ സമ്പദ്‌വ്യവസ്ഥയുടെ വലിയൊരു ഭാഗത്തെ പിന്തുണയ്ക്കുന്ന യു.എസ്.എം.സി.എ കരാർ അമേരിക്കയ്ക്ക് അനീതിയാണെന്നാണ് ട്രംപ് ആരോപിക്കുന്നത്.

'ഇത് ഒരാൾ ആവശ്യങ്ങൾ മുന്നോട്ടുവയ്ക്കുകയും മറ്റൊരാൾ അത് അനുസരിക്കുകയും ചെയ്യുന്ന സാഹചര്യമല്ല,' എന്ന് കാർണി മാധ്യമപ്രവർത്തകരോട് പറഞ്ഞു. 'അമേരിക്ക നിബന്ധനകൾ നിർണ്ണയിക്കുന്ന സാഹചര്യമുമല്ല ഇത്. നമുക്ക് ചർച്ചകളിലൂടെ ഇരുപക്ഷത്തിനും ഗുണകരമായ ഒരു പരിഹാരത്തിലെത്താം - അതിന് സമയം വേണ്ടിവരും,' അദ്ദേഹം കൂട്ടിച്ചേർത്തു. കാനഡ 'റൂൾസ് ഓഫ് ഒറിജിൻ' (ഉൽപ്പന്നങ്ങളുടെ ഉറവിട നിയമങ്ങൾ) വിപുലീകരിക്കുന്നതിനെക്കുറിച്ച് ചർച്ചയിൽ ഏർപ്പെടുന്നില്ലെങ്കിൽ, അമേരിക്കക്ക് മറ്റു അതിർത്തി നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടിവരും. ഈ നിയമങ്ങൾ പ്രകാരം ചില ഉൽപ്പന്നങ്ങൾക്ക് തീരുവ ഇല്ലാതെ അമേരിക്കയിലേക്ക് പ്രവേശിക്കാം എന്ന് വാഷിങ്ടണിൽ, വ്യാപാര പ്രതിനിധിയായ ജാമിസൺ ഗ്രീർ പറഞ്ഞു.

ഔദ്യോഗിക ചർച്ചകൾ തുടങ്ങുന്നതിന് മുമ്പ് തന്നെ വാഷിങ്ടൺ കാനഡയിൽ നിന്ന് 'വലിയ ഇളവുകൾ' ആവശ്യപ്പെടുകയാണ് എന്ന് കാർണിയെ ഉപദേശിക്കുന്ന സാമ്പത്തിക സമിതിയിലെ അംഗവും ക്യൂബെക്കിന്റെ മുൻ പ്രധാനമന്ത്രിയുമായ ജീൻ ഷാറെസ്റ്റ്, റേഡിയോ കാനഡയോട് പറഞ്ഞു: മെക്സിക്കോ ഇതിനകം അമേരിക്കയുമായി രണ്ട് ഘട്ട ചർച്ചകൾ നടത്തി കഴിഞ്ഞിട്ടുണ്ട്. അടുത്ത മാസം രണ്ട് രാജ്യങ്ങളും ആദ്യ ഔദ്യോഗിക ചർച്ച നടത്തും. എന്നാൽ കാനഡയുമായി ചർച്ചകൾക്കുള്ള തീയതി ഇതുവരെ പ്രഖ്യാപിച്ചിട്ടില്ല. അമേരിക്കൻ ഉദ്യോഗസ്ഥരുമായി വിവിധ തലങ്ങളിൽ ബന്ധപ്പെടുന്നുണ്ടെന്നും, ഇരുപക്ഷത്തിനും പരിഹരിക്കേണ്ട പ്രശ്നങ്ങളുണ്ടെന്നും കാർണി പറഞ്ഞു.






# ആചാരം മാത്രമാക്കും പൂരം വെടിക്കെട്ടില്ല



തൃശൂർ: തൃശൂർ പൂരത്തിന് ഇക്കുറി വെടിക്കെട്ടും സാമ്പിൾ വെടിക്കെട്ടും ഉണ്ടാവില്ല. മുണ്ടത്തിക്കോട് ദുരന്തത്തിന്റെ പശ്ചാത്തലത്തിലാണ് തീരുമാനം. അതേസമയം, തൃശൂർ പൂരം എല്ലാ ആചാരങ്ങളോടെയും നടത്തും. പാറമേക്കാവ് ദേവസ്വവും ഇക്കാര്യം അംഗീകരിച്ചു. ഇതേ നിലപാടാണ് തിരുവമ്പാടിയുടേതും. ഇക്കാര്യം ഇന്നു ചേരുന്ന സർക്കാരിന്റേയും ദേവസ്വങ്ങളുടേയും സംയുക്ത യോഗം ചർച്ച ചെയ്യും. സ്ഫോടനം സംബന്ധിച്ച് ജുഡിഷ്യൽ അന്വേഷണം നടത്തുന്നതിന് ജസ്റ്റിസ് സി.എൻ.രാമചന്ദ്രൻ നായരെ ഇന്നലെ ഓൺലൈനിൽ ചേർന്ന മന്ത്രിസഭായോഗം ചുമതലപ്പെടുത്തി.

കുടമാറ്റവും ഇലഞ്ഞിത്തറമേളവും അടക്കമുള്ള ആചാരങ്ങളോടെ പൂരം നടത്താനാണ് പാറമേക്കാവ് ആഘോഷക്കമ്മിറ്റിയുടെ തീരുമാനം. 2006ൽ വെടിക്കെട്ട് ദുരന്തമുണ്ടായപ്പോൾ വെടിക്കെട്ട് ഒഴിവാക്കിയിരുന്നു. കൊവിഡ് കാലത്തും വെടിക്കെട്ട് നടത്തിയിരുന്നില്ല.

ആചാരപരമായി പൂരം നടത്തണമെന്നാണ് ദേവസ്വം കമ്മിറ്റിയുടെ വികാരമെന്ന് പാറമേക്കാവ് സെക്രട്ടറി ജി.രാജേഷ് പറഞ്ഞു.

ജനവികാരം, ആചാര സംരക്ഷണം എന്നിവ പരിഗണിച്ചാണ് പാറമേക്കാവിന്റെ തീരുമാനം. ദേവസ്വങ്ങൾ തമ്മിൽ ചർച്ചചെയ്ത് പൊതുതാത്പര്യം അനുസരിച്ചുള്ള ഉചിതമായ തീരുമാനമാകും കൈക്കൊള്ളുകയെന്ന് നേരത്തെ പാറമേക്കാവ് വ്യക്തമാക്കിയിരുന്നു. വെടിക്കെട്ട് ഉപേക്ഷിച്ചതായി തിരുവമ്പാടിയും അറിയിച്ചിരുന്നു.

24 വരെ ദുഃഖാചരണമാണ്. പന്തലിൽ വൈദ്യുതാലങ്കാരമുണ്ടാകില്ല. 25ന് ചമയപ്രദർശനമുണ്ടാകും. പാലക്കാട് സൂക്ഷിച്ചിരിക്കുന്ന പാറമേക്കാവിന്റെ വെടിക്കെട്ട് സാമഗ്രികൾ ഘട്ടം ഘട്ടമായി പൊട്ടിച്ച് തീർക്കേണ്ടി വരും. അത് തൃശൂരിലേക്ക് കൊണ്ടുവന്നേക്കില്ല.

### തിരിച്ചറിയാൻ ഒരു മൃതദേഹം കൂടി

ദുരന്തത്തിൽ മരിച്ച ഒമ്പതുപേരുടെ മൃതദേഹം പോസ്റ്റുമോർട്ടത്തിനു ശേഷം ബന്ധുക്കൾക്ക് കൈമാറി. മറ്റൊരു മൃതദേഹം തിരിച്ചറിയാനാകാത്ത വിധത്തിലാണെങ്കിലും പോസ്റ്റുമോർട്ടം പൂർത്തിയാക്കി. നാലുപേരെ അപകടശേഷം കാണാതായിട്ടുണ്ട്. ഔദ്യോഗികമായി ഇതുവരെ 14 പേരുടെ മരണമാണ് സ്ഥിരീകരിച്ചത്. ശരീരാവശിഷ്ടങ്ങൾ കൂടുതൽ പരിശോധന നടത്തിയ ശേഷമേ മറ്റ് പ്രഖ്യാപനങ്ങളുണ്ടാകൂ.

### മരിച്ചവരുടെ കുടുംബങ്ങൾക്ക് 14 ലക്ഷം

സ്ഫോടനത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് 14 ലക്ഷം രൂപ വീതം സംസ്ഥാന സർക്കാർ അടിയന്തര ധനസഹായം നൽകും. പരിക്കേറ്റവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 2 ലക്ഷം രൂപയും നൽകും. കേന്ദ്രസഹായം ഉൾപ്പെടെ മറ്റ് സഹായങ്ങൾ കഴിഞ്ഞ ദിവസങ്ങളിൽ പ്രഖ്യാപിച്ചിരുന്നു.

### ഷോർട്ട് സർക്യൂട്ട് സാദ്ധ്യത പരിശോധിക്കുന്നു

ദുരന്തത്തിന് ഇടയാക്കിയത് കനത്ത ചൂടല്ലെന്നാണ് പെട്രോളിയം ആൻഡ് എക്സ്പ്ലോസീവ് സേഫ്റ്റി ഓർഗനൈസേഷന്റെ വിലയിരുത്തൽ. ഷോർട്ട് സർക്യൂട്ടിന്റെ സാദ്ധ്യത പരിശോധിക്കുകയാണ്

ചൂടല്ല കാരണമെന്നാണ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെയും നിഗമനം. അപകടം നടന്ന സ്ഥലത്ത് വൈദ്യുതി പോസ്റ്റുണ്ട്

സുരക്ഷാക്രമീകരണം പാലിച്ചിരുന്നോ എന്നും പരിശോധിക്കും. പാറമേക്കാവിനായി വെടിക്കെട്ട് സാമഗ്രികൾ നിർമ്മിച്ചിരുന്ന പാലക്കാട്ടെ സ്ഥാപനത്തിന് സ്റ്റോപ്പ് മെമ്മോ നൽകി

### മുണ്ടത്തക്കോട് ദുരന്തം അന്വേഷിക്കാൻ ജസ്റ്റിസ് രാമചന്ദ്രൻ കമ്മിഷൻ

തൃശൂർ: മുണ്ടത്തിക്കോട് പടക്ക നിർമ്മാണശാലയിലുണ്ടായ സ്ഫോടനം സംബന്ധിച്ച് ജുഡിഷ്യൽ അന്വേഷണം നടത്തും. ജസ്റ്റിസ് സി.എൻ. രാമചന്ദ്രൻ നായരാണ് ഏകാംഗ കമ്മിഷൻ.

പൊലീസ് അന്വേഷണത്തിന് പുറമെയാണിത്. അന്വേഷണത്തിനുള്ള ടേംസ് ഒഫ് റഫറൻസ് പ്രത്യേക ഉത്തരവായി പുറത്തിറക്കുമെന്നും മന്ത്രി കെ.രാജൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

മൃതശരീരങ്ങൾ സംസ്കരിക്കുന്നതിനും ഡി.എൻ.എ സാമ്പിളുകൾ ശേഖരിക്കുന്നതിനും ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കു വേണ്ടി സ്റ്റാൻഡേർഡ് ഓപ്പറേഷൻ പ്രൊസീജ്യർ പുറത്തിറക്കാൻ ദുരന്തനിവാരണ അതോറിട്ടിയുടെ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിയെ ചുമതലപ്പെടുത്തും.

വാർത്താസമ്മേളനത്തിൽ മന്ത്രിമാരായ വി.എൻ.വാസവൻ, ഡോ. ആർ.ബിന്ദു, രാമചന്ദ്രൻ കടന്നപ്പള്ളി, എം.ബി.രാജേഷ്, ജില്ല കളക്ടർ ശിഖ സുരേന്ദ്രൻ എന്നിവരും പങ്കെടുത്തു.












# മുണ്ടത്തിക്കോട് അപകടം: സവിശേഷ ദുരന്തം, മരിച്ചവരുടെ കുടുംബങ്ങൾക്ക് 14 ലക്ഷം ധനസഹായം

തൃശൂർ: മുണ്ടത്തിക്കോട് വെടിക്കെട്ടുപുര സ്ഫോടനത്തെ സംസ്ഥാനത്തെ സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചതായി റവന്യു മന്ത്രി കെ.രാജൻ പറഞ്ഞു. ഓൺലൈനായി മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന അടിയന്തര മന്ത്രിസഭ യോഗത്തിൽ പങ്കെടുത്തശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. ജില്ലയിൽ അടിയന്തര സഹായം എന്ന നിലയിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് 50 ലക്ഷം രൂപ സർക്കാർ ജില്ല ഭരണകൂടത്തിന് കൈമാറി.



സ്ഫോടനത്തെ സംസ്ഥാനത്തെ സവിശേഷദുരന്തമായി പ്രഖ്യാപിക്കുന്നതിന് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് നിർദ്ദേശം നൽകി. ഇതിന്റെ ഭാഗമായി മരിച്ചവരുടെ ആശ്രിതർക്ക് സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ നിന്ന് 4 ലക്ഷം രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 10 ലക്ഷം രൂപയും അടക്കം 14 ലക്ഷം നൽകും. പരിക്കേറ്റവർക്ക് ദുരന്ത പ്രതികരണ നിധി പ്രകാരം അനുവദനീയമായ തുകയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് പ്രത്യേക സഹായമായി രണ്ട് ലക്ഷം രൂപയും നൽകും. പരിക്കേറ്റവരെ ആറുമാസം സർക്കാർ സ്വകാര്യ ആശുപത്രിയിൽ ചികിത്സക്കുന്നതിന്റെ പൂർണമായ ചെലവ് സംസ്ഥാന സർക്കാർ വഹിക്കും. ആറു മാസത്തിലധികം ചികിത്സ വേണ്ടിവരികയാണെങ്കിൽ അതിന്റെ പൂർണ ചെലവ് സി.എം.ഡി.ആർ.എഫിൽ നിന്നു നൽകും.

ആവശ്യമായ തുക കളക്ടർക്ക് ദുരന്ത പ്രതികരണനിധിയിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കാനുള്ള തീരുമാനമെടുത്തു. തെരച്ചിലും ചികിത്സയും നടപ്പിലാക്കാനായി പ്രദേശത്തെ മതിലുകൾ പൊളിക്കുകയും വയൽ നികത്തുകയും ചെയ്തിട്ടുണ്ട്. അത് പൂർവസ്ഥിതിയിലാക്കാനായി ചെലവാകുന്ന തുക കളക്ടർ നൽകുന്ന പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ സർക്കാർ നൽകും. സ്ഫോടനവുമായി ബന്ധപ്പെട്ട് നാശനഷ്ടം ഉണ്ടായ കെട്ടിടത്തിന് നഷ്ടപരിഹാരം നൽകുന്നതിനായി അതിന്റെ തോത് കണക്കാക്കി അടിയന്തരമായി കളക്ടർക്ക് റിപ്പോർട്ട് സമർപ്പിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

## മന്ത്രിമാരോട് 'ചക്കപ്പരാതി' യുമായി യുവതി

തൃശൂർ: വെടിക്കെട്ട് ദുരന്തം സംബന്ധിച്ച് മന്ത്രിമാർ വാർത്താസമ്മേളനം നടത്തുന്നതിന് തൊട്ടുമുൻപ് കോൺഫറൻസ് ഹാളിലേക്ക് കയറി യുവതിയുടെ പ്രതിഷേധം. വീടുമായി ബന്ധപ്പെട്ട പരാതിയിൽ വർഷങ്ങളായി അധികൃതർ യാതൊരു നടപടിയും സ്വീകരിക്കുന്നില്ലെന്ന് ആരോപിച്ചായിരുന്നു മന്ത്രിമാരുടെ മുന്നിൽ നിലയുറപ്പിച്ചത്.

പിന്നീട്, വീട്ടിലെ പ്ലാവിൽ നിന്ന് ചക്ക വീഴുന്നുവെന്നും അപകടസാദ്ധ്യതയുണ്ടെന്നും മറ്റും പരസ്പരവിരുദ്ധമായി യുവതി സംസാരിച്ചു. മന്ത്രിമാർ യുവതിയെ അനുനയിപ്പിക്കാൻ ശ്രമിച്ചെങ്കിലുംപിന്മാറാൻതയ്യാറായില്ല.വനിതാപൊലീസെത്തി യുവതിയെ നീക്കം ചെയ്തശേഷമാണ് വാർത്താസമ്മേളനം തുടങ്ങിയത്.

## കേരള മനസാക്ഷി ഗുരുവിലേക്ക് ഉണരണം: സ്വാമി സച്ചിദാനന്ദ

ശിവഗിരി: കരിമരുന്നും ആനയും ഉത്സവത്തിന് ആവശ്യമില്ല എന്ന ശ്രീനാരായണ ഗുരുവിന്റെ ഉപദേശത്തിലേക്ക് കേരളീയ മനസ് ഉണരണമെന്ന് ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റ് പ്രസിഡന്റ് സ്വാമി സച്ചിദാനന്ദ പറഞ്ഞു . വെടിക്കെട്ട് അപകടം കൊണ്ടുള്ള ദോഷം മനസിലാക്കികൊണ്ടാണ് ഗുരുദേവൻ നൂറ് വർഷം മുൻപ് ഈയൊരു ഉപദേശം നൽകിയത്. അതിനുശേഷം നൂറുകണക്കിന് ആളുകളാണ് വെടിക്കെട്ട് അപകടങ്ങളിൽ മരണപ്പെട്ടിട്ടുള്ളത്. 2016 ഏപ്രിലിൽ പുറ്റിങ്ങൽ ക്ഷേത്രോത്സവത്തോടനുബന്ധിച്ചു നടന്ന വെടിക്കെട്ടിൽ നൂറിലധികം ആളുകൾക്ക് ജീവഹാനി സംഭവിച്ചു. ശ്രീനാരായണ ഗുരുദേവൻ പ്രതിഷ്ഠ നടത്തിയ തലശേരി ജഗന്നാഥ ക്ഷേത്രത്തിലും വെടിക്കെട്ട് അപകടം ഉണ്ടായി. വടിക്കെട്ട് അപകടം കൊണ്ടും ആന മദമിളകിയും കേരളത്തിൽ നൂറുകണക്കിന് ആളുകൾ മരിച്ചുകൊണ്ടിയിരിക്കുന്ന ഇന്നത്തെ ഈ സാഹചര്യത്തിൽ ഉത്സവത്തിന് ദേവപ്രീതിക്ക് ആനയോ വെടിക്കെട്ടോ അല്ല ആവശ്യമായിട്ടുള്ളത് എന്ന് മനസ്സിലാക്കിക്കൊണ്ട് അതിൽ നിന്ന് പിന്മാറാനുള്ള മനോഭാവം കേരളീയ ജനതയ്ക്ക് ഉണ്ടാകണം. അതിനുവേണ്ടിയുള്ളബോധവത്കരണ പ്രവർത്തനങ്ങളാണ്ഗവണ്മെന്റ്ചെയ്യേണ്ടത്.മരണപ്പെട്ടവരുടെ ആത്മാവിന് നിത്യശാന്തിനേരുന്നു.ആശുപത്രിയിൽചികിത്സയിൽ കഴിയുന്ന ആളുകൾക്ക് എത്രയും വേഗം രോഗശാന്തി ഉണ്ടാകുവാൻ ഈശ്വരകാരുണ്യം ഉണ്ടാകട്ടെയെന്നും സ്വാമി സച്ചിദാനന്ദ പറഞ്ഞു.










# മിസ്റ്റർ ബീസ്റ്റിന്റെ സാമ്രാജ്യത്തിൽ പീഡനമെന്ന് പരാതി; ഗർഭിണിയായ ജീവനക്കാരിയെ പുറത്താക്കിയെന്ന് വെളിപ്പെടുത്തൽ

ലോകമെമ്പാടും കോടിക്കണക്കിന് ആരാധകരുള്ള പ്രമുഖ യൂട്യൂബർ മിസ്റ്റർ ബീസ്റ്റ് എന്ന ജിമ്മി ഡൊണാൾഡ്സന്റെ കമ്പനിക്കെതിരെ ഗുരുതരമായ ആരോപണങ്ങൾ ഉയരുന്നു. മുൻ ജീവനക്കാരിയായ ലോറൈൻ മാവ്രോമാറ്റിസ് ആണ് മിസ്റ്റർ ബീസ്റ്റിനും അദ്ദേഹത്തിന്റെ സ്ഥാപനത്തിനുമെതിരെ ലൈംഗികാതിക്രമ പരാതിയുമായി രംഗത്തെത്തിയിരിക്കുന്നത്. കമ്പനിയിലെ ജോലി സാഹചര്യങ്ങൾ സ്ത്രീ വിരുദ്ധമാണെന്നും തനിക്ക് മോശം അനുഭവങ്ങൾ നേരിടേണ്ടി വന്നതായും ലോറൈൻ വെളിപ്പെടുത്തി.



ജോലി ചെയ്തിരുന്ന സമയത്ത് താൻ ഗർഭിണിയായപ്പോൾ പ്രസവാവധി നൽകുന്നതിന് പകരം തന്നെ പിരിച്ചുവിടാനാണ് അധികൃതർ ശ്രമിച്ചതെന്ന് ലോറൈൻ ആരോപിക്കുന്നു. ഗർഭിണിയായ ശേഷം ജോലിയിൽ വിവേചനം നേരിട്ടതായും മാനസികമായി പീഡിപ്പിക്കപ്പെട്ടതായും കോടതിയിൽ സമർപ്പിച്ച പരാതിയിൽ പറയുന്നുണ്ട്. മിസ്റ്റർ ബീസ്റ്റിന്റെ കമ്പനിയിലെ പുരുഷാധിപത്യപരമായ രീതികൾക്കെതിരെ സോഷ്യൽ മീഡിയയിൽ വലിയ ചർച്ചകളാണ് ഇപ്പോൾ നടക്കുന്നത്.

മിസ്റ്റർ ബീസ്റ്റിന്റെ ഉറ്റ സുഹൃത്തും സഹപ്രവർത്തകനുമായ ജേക്ക് വെഡിൽ ഉൾപ്പെടെയുള്ളവർക്കെതിരെയും പരാതിയിൽ പരാമർശമുണ്ട്. തന്റെ സഹപ്രവർത്തകരിൽ നിന്നും മേലുദ്യോഗസ്ഥരിൽ നിന്നും ലൈംഗിക ചുവയുള്ള സംസാരങ്ങളും പ്രവൃത്തികളും ഉണ്ടായതായി ലോറൈൻ വ്യക്തമാക്കി. ഇത് സംബന്ധിച്ച് നേരത്തെ പരാതി നൽകിയെങ്കിലും നടപടിയെടുക്കുന്നതിന് പകരം തന്നെ ഒതുക്കാനാണ് കമ്പനി ശ്രമിച്ചതെന്ന് ഇവർ പറയുന്നു.

മിസ്റ്റർ ബീസ്റ്റിന്റെ സ്ഥാപനം ഒരു വിഷലിപ്തമായ തൊഴിലിടമാണെന്ന ആരോപണം ശരിവെക്കുന്ന രീതിയിലുള്ള കണ്ടെത്തലുകളാണ് പുറത്തുവരുന്നത്. ലോകത്തിലെ ഏറ്റവും വലിയ വ്യക്തിഗത യൂട്യൂബ് ചാനലിന്റെ അണിയറയിൽ നടക്കുന്നത് ക്രൂരമായ വിവേചനങ്ങളാണെന്ന് ലോറൈൻ ആരോപിച്ചു. ഗർഭിണികൾക്ക് അർഹമായ ആനുകൂല്യങ്ങൾ നൽകുന്നതിൽ കമ്പനി പരാജയപ്പെട്ടതായും പരാതിയിൽ ചൂണ്ടിക്കാട്ടുന്നു.

അമേരിക്കയിലെ നോർത്ത് കരോലിനയിലെ കോടതിയിലാണ് ഇതുമായി ബന്ധപ്പെട്ട നിയമനടപടികൾ ആരംഭിച്ചിരിക്കുന്നത്. കുട്ടികൾക്കും യുവാക്കൾക്കും ഇടയിൽ വലിയ സ്വാധീനമുള്ള മിസ്റ്റർ ബീസ്റ്റിന് ഈ വിവാദം വലിയ തിരിച്ചടിയായി മാറിയിരിക്കുകയാണ്. ജീവനക്കാരുടെ ക്ഷേമത്തിന് പ്രാധാന്യം നൽകാതെ ലാഭം മാത്രം ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളാണ് അവിടെ നടക്കുന്നതെന്ന് മുൻ ജീവനക്കാർ പലരും ഇപ്പോൾ പ്രതികരിക്കുന്നുണ്ട്.

ലോറൈൻ മാവ്രോമാറ്റിസിന്റെ വെളിപ്പെടുത്തലുകൾക്ക് പിന്നാലെ മറ്റ് ചില മുൻ ജീവനക്കാരും സമാനമായ പരാതികളുമായി മുന്നോട്ട് വന്നിട്ടുണ്ട്. ഈ വിഷയത്തിൽ മിസ്റ്റർ ബീസ്റ്റ് ഇതുവരെ ഔദ്യോഗികമായി പ്രതികരിച്ചിട്ടില്ല. പരാതി ഗൗരവമുള്ളതാണെന്നും നിയമപരമായ പോരാട്ടം തുടരുമെന്നും ലോറൈന്റെ അഭിഭാഷകർ വ്യക്തമാക്കിയിട്ടുണ്ട്.

യൂട്യൂബ് വീഡിയോകളിലൂടെ പാവപ്പെട്ടവർക്ക് വൻതുക സഹായമായി നൽകുന്ന മിസ്റ്റർ ബീസ്റ്റിന്റെ മറുവശമാണ് ഇപ്പോൾ ചർച്ചയാകുന്നത്. സ്ഥാപനത്തിനുള്ളിലെ സ്ത്രീ സുരക്ഷയെക്കുറിച്ചും ജീവനക്കാരുടെ അവകാശങ്ങളെക്കുറിച്ചും വലിയ ചോദ്യങ്ങളാണ് ഇതിലൂടെ ഉയരുന്നത്. കോടതിയുടെ വിധി മിസ്റ്റർ ബീസ്റ്റിന്റെ കരിയറിൽ നിർണ്ണായകമാകും എന്നാണ് കരുതപ്പെടുന്നത്.

# ട്രംപ് ഭരണകൂടത്തിൽ നിന്ന് 500 മില്യൺ ഡോളറിന്റെ സാമ്പത്തിക സഹായം സ്വീകരിച്ചു സ്പിരിറ്റ് എയർലൈൻസ്?




സ്പിരിറ്റ് എയർലൈൻസ് ഫെഡറൽ സർക്കാരിൽ നിന്ന് ഏകദേശം 500 മില്യൺ ഡോളറിന്റെ സാമ്പത്തിക സഹായം സ്വീകരിച്ചതായി എയർലൈൻസുമായി ബന്ധപ്പെട്ട ഒരു ഉറവിടം അറിയിച്ചു. ഈ കരാറിൽ ഫെഡറൽ സർക്കാർ പ്രതിസന്ധിയിലായ ഈ എയർലൈൻസിൽ ഒരു ഓഹരി ഏറ്റെടുക്കുന്നതും ഉൾപ്പെടും എന്ന് ആണ് പുറത്തു വരുന്ന റിപ്പോർട്ടുകളിൽ നിന്നും ലഭിക്കുന്ന സൂചന. കോവിഡ് മഹാമാരിക്ക് ശേഷം തന്നെ സ്പിരിറ്റ് എയർലൈൻസ് ലാഭം നേടുന്നതിൽ വലിയ ബുദ്ധിമുട്ട് നേരിടുകയാണ് എന്നാണ് റിപ്പോർട്ടുകൾ.

ഈ കരാർ നടപ്പായാൽ, സാമ്പത്തികപ്രശ്നങ്ങൾകാരണംപൂർണ്ണമായുംപ്രവർത്തനം നിർത്തേണ്ടി വരുന്ന 25 വർഷത്തിനിടയിലെ ആദ്യ വലിയ അമേരിക്കൻ എയർലൈൻ എന്ന സ്ഥിതിയിൽ നിന്ന് സ്പിരിറ്റ് രക്ഷപ്പെടും. ഇറാൻ യുദ്ധം ആരംഭിച്ചതിന് ശേഷം ജെറ്റ് ഇന്ധനച്ചെലവ് ഏകദേശം ഇരട്ടിയായി,ഇതും പദ്ധതികൾക്ക് വലിയ തിരിച്ചടിയായി.

ഈ കരാർ ബുധനാഴ്ച രാത്രി അല്ലെങ്കിൽ വ്യാഴാഴ്ച പ്രഖ്യാപിക്കപ്പെടാൻ സാധ്യതയുണ്ടെന്ന് മാധ്യമങ്ങളോട് ഉറവിടം പറഞ്ഞു. എയർലൈൻസിന് പുനഃസംഘടന പൂർത്തിയാക്കാൻ അവസരം നൽകുന്നതാണ് ഇതിന്റെ ലക്ഷ്യം.

സ്പിരിറ്റ് അടച്ചുപൂട്ടുകയാണെങ്കിൽ, ആയിരക്കണക്കിന് ജീവനക്കാർക്ക് ജോലി നഷ്ടപ്പെടും. ലക്ഷക്കണക്കിന് യാത്രക്കാർക്ക് പുതിയ യാത്രാ ക്രമീകരണങ്ങൾ ചെയ്യേണ്ടി വരും. കൂടാതെ, അമേരിക്കയിലെ വിമാന ടിക്കറ്റ് നിരക്കുകൾ ഉയരാനും സാധ്യതയുണ്ട്.

എങ്കിലും, യാത്രക്കാരുടെയും ജീവനക്കാരുടെയും വശത്ത് നിന്ന് നോക്കുമ്പോൾ ഇത് നല്ലതായിരിക്കാമെങ്കിലും, മറ്റു എയർലൈൻ കമ്പനികളിൽ നിന്ന് ശക്തമായ എതിർപ്പ് ഉണ്ടാകാൻ സാധ്യതയുണ്ട്. ഇന്ധനച്ചെലവ് വർധിച്ചതോടെ എല്ലാ എയർലൈൻസുകളും ബുദ്ധിമുട്ടിലാണ്. തൊഴിൽച്ചെലവിന് ശേഷം ഏറ്റവും വലിയ ചെലവ് ഇന്ധനമാണ്.

മുമ്പ് അമേരിക്കൻ എയർലൈൻസുകൾക്ക് നൽകിയ രക്ഷാപദ്ധതികൾ മുഴുവൻ വ്യവസായത്തെയും ലക്ഷ്യമിട്ടതായിരുന്നു. ഭീകരാക്രമണങ്ങൾക്കും മഹാമാരിക്കും ശേഷം യാത്രക്കാരുടെ ഭയം കാരണം ആയിരുന്നു അവ, ചെലവുകൂടിയതുകൊണ്ടല്ല.

അതേസമയം സ്പിരിറ്റ് എയർലൈൻസ് ഈ കരാറിനെക്കുറിച്ച് പ്രതികരിക്കാൻ തയ്യാറായില്ല. 'ഞങ്ങൾ സാധാരണ പോലെ പ്രവർത്തനം തുടരുകയാണ്' എന്നാണ് അവർ പറഞ്ഞത്.

വൈറ്റ് ഹൗസ് ഈ ചർച്ചകൾ സ്ഥിരീകരിച്ചില്ല. എന്നാൽ ബൈഡൻ ഭരണകൂടം ജെറ്റ്ബ്ലൂയുമായുള്ള ലയനം തടഞ്ഞതാണ് സ്പിരിറ്റിന്റെ സാമ്പത്തിക പ്രതിസന്ധിക്ക് കാരണമെന്നാണ് അവർ ആരോപിച്ചത്.

'ട്രംപ് ഭരണകൂടം അമേരിക്കൻ വിമാനയാന വ്യവസായത്തിന്റെ അവസ്ഥ നിരീക്ഷിച്ചു കൊണ്ടിരിക്കുന്നു,' എന്ന് വൈറ്റ് ഹൗസ് വക്താവ് കുഷ് ദേശായി പറഞ്ഞു.

അതേസമയം സ്പിരിറ്റ് എയർലൈൻസ് അമേരിക്കൻ വിപണിയിൽ ഏറ്റവും കുറഞ്ഞ അടിസ്ഥാന നിരക്കുകൾ അവതരിപ്പിച്ച മുന്നണി കമ്പനികളിലൊന്നാണ്. കൈയിലേന്തുന്ന ബാഗുകൾ പോലുള്ള സേവനങ്ങൾക്ക് അധിക നിരക്ക് ഈടാക്കിയെങ്കിലും, മൊത്തത്തിൽ ടിക്കറ്റ് നിരക്കുകൾ കുറയാൻ ഇത് സഹായിച്ചു. ഇതിന്റെ ഫലമായി വലിയ എയർലൈൻസുകളും 'ബേസിക് ഇക്കണോമി' ടിക്കറ്റുകൾ അവതരിപ്പിച്ചു.

വിമാന ടിക്കറ്റ് നിരക്കുകൾ സീറ്റുകളുടെ ലഭ്യതയും യാത്രക്കാരുടെ ആവശ്യവും ആശ്രയിച്ചാണ് നിശ്ചയിക്കുന്നത്. ഈ വേനൽക്കാലത്ത് സ്പിരിറ്റ് നൽകാനിരുന്ന 2% സീറ്റുകൾ പോലും ഇല്ലാതായാൽ, നിരക്കുകൾ ഉയരും. ഇപ്പോൾ തന്നെ യാത്ര ആവശ്യകത ഉയർന്നതിനും ഇന്ധനച്ചെലവിന്റെ ആശങ്കയ്ക്കും ഇടയിൽ, ടിക്കറ്റ് നിരക്കുകൾ കഴിഞ്ഞ വർഷത്തേക്കാൾ ഏകദേശം 20% ഉയർന്നിട്ടുണ്ട്.

ഡൊണാൾഡ് ട്രംപ് ചൊവ്വാഴ്ച സി.എൻ.ബി.സി.ക്ക് നൽകിയ അഭിമുഖത്തിൽ, സർക്കാർ ഓഹരി ഏറ്റെടുക്കുന്നതിനായി സ്പിരിറ്റിന് സാമ്പത്തിക സഹായം നൽകാമെന്ന ആശയം പിന്തുണച്ചു. 'സ്പിരിറ്റ് പ്രശ്നത്തിലാണ്. ആരെങ്കിലും അത് വാങ്ങണം. ഇത് 14,000 തൊഴിലുകളെ ബാധിക്കുന്നു ഫെഡറൽ സർക്കാർ സഹായിക്കണം,' എന്നാണ് അദ്ദേഹം പറഞ്ഞത്.

തുടർന്ന് ഗതാഗത സെക്രട്ടറി ഷോൺ ഡഫി, പ്രസിഡന്റ് ഈ വിഷയത്തെ പരിശോധിക്കാൻ നിർദ്ദേശിച്ചതായി പറഞ്ഞു.

എന്നാൽ ഇക്കാര്യത്തിൽ അമേരിക്കൻ എയർലൈൻ വ്യവസായത്തിൽ നിന്ന് ശക്തമായ എതിർപ്പ് ഉയർന്നു.



# ബംഗാളിലെ വോട്ടിൽ കുഴങ്ങി കേരളം; 'സേട്ടൻ'മാരോട് 'സോറി'



ബാബു കദളിക്കാട്

ഇറാനിലെ സംഘർഷം മൂലം വന്നുപെട്ട ഇന്ധന ക്ഷാമത്തിൽ നിന്നു കരകയറാനാകാതെ വിഷമിക്കുന്നു കേരളത്തിലെ ഹോട്ടൽ ബിസിനസ് മേഖല. ഇതോടൊപ്പം ബംഗാൾ നിയമസഭാ തിരഞ്ഞെടുപ്പിലേക്കു നീങ്ങിയതിന്റെ താൽക്കാലിക ആഘാതവും കേരളം ഏറ്റുവാങ്ങിക്കൊണ്ടിരിക്കുന്നു.അന്യസംസ്ഥാന തൊഴിലാളികളിൽ ഭൂരിപക്ഷം വരുന്ന ബംഗാളികൾ വോട്ട് ചെയ്യാൻ കൂട്ടത്തോടെ പോയതോടെ മിക്ക മേഖലകളും ഏറെക്കുറെ നിശ്ചലമായിരിക്കുന്നു.




ഈ മാസം 23, 29 തീയതികളിലാണ്പശ്ചിമബംഗാളിലെ തിരഞ്ഞെടുപ്പ്. വോട്ടെണ്ണൽ മെയ് നാലിനും. മെയ് അവസാനമാണ് ബക്രീദ്. മിക്കവാറും അതു കഴിഞ്ഞായിരിക്കും ഭൂരിപക്ഷം പേരുടെയും മടക്കം. അതുവരെ പ്രതിസന്ധി നേരിടേണ്ടിവരുമെന്ന ആശങ്കയിലാണ്കേരളത്തിലെനിർമ്മാണ ഹോട്ടൽ മേഖലകൾ. ദേശീയപാതയുടെയും പാലങ്ങളുടെയും പണികൾ ഇവരുടെ കുറവു മൂലം മന്ദഗതിയിലായി.തീരദേശ റെയിൽപ്പാത ഇരട്ടിപ്പിക്കൽ പണിയുടെ വരെ താളം തെറ്റി. ടൂറിസം മേഖലയും കുഴപ്പത്തിലായിരിക്കുന്നു. സംസ്ഥാനത്ത് ഈ മേഖലയിൽ ജോലിചെയ്യുന്നവരിൽ തൊണ്ണൂറ് ശതമാനവും അസം, ബംഗാൾ സ്വദേശികളാണ്.

നാട്ടിൽ പോയാൽ ബംഗാളികൾ രണ്ടും മൂന്നും മാസം കഴിഞ്ഞാണ് പലപ്പോഴും തിരിച്ചുവരിക. അതിനാൽ തൊഴിലുടമകൾ ഇവരെ കൂട്ടത്തോടെ നാട്ടിലേക്കു വിടാറില്ല. ഇത്തവണ എസ്.ഐ.ആറിന്റെ പശ്ചാത്തലത്തിൽ ഇവരുടെ നിർബന്ധത്തിനു വഴങ്ങി കൂട്ടത്തോടെ അവധി നൽകുകയായിരുന്നു.കോവിഡ് കാലത്താണ് ഇത്രയധികം അന്യസംസ്ഥാന തൊഴിലാളികൾ ഇതിനു മുമ്പ് തിരിച്ചുപോയിട്ടുള്ളത്. അന്ന് എല്ലാ മേഖലകളും നിയമപരമായിത്തന്നെ അടഞ്ഞുകിടന്നതിനാൽ അത് കേരളത്തെ ഇത്രയധികം ബാധിച്ചിരുന്നില്ല. 'സേട്ടൻ'മാരോടു 'സോറി' പറഞ്ഞ് അവരിപ്പോൾ ലീവെടുത്തു പോയി.അതോടെ പൂർണമായും അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്നവരെ ആശ്രയിച്ചാണ് കേരളം കഴിയുന്നത് എന്ന വസ്തുത പ്രകടമായി തിരിച്ചറിയപ്പെടുന്നു.

കേരളത്തിൽ കുറേക്കാലമായി വിതയ്ക്കുന്നതും കൊയ്യുന്നതും റബർ വെട്ടുന്നതും ചായ അടിക്കുന്നതുമൊക്കെ ബംഗാളികളുടെ കുത്തകയാണ്. അവരുടെ താത്കാലിക അഭാവം നിർമ്മാണ, ഹോട്ടൽ മേഖലയെ താളം തെറ്റിച്ചിരിക്കുന്നതിൽ അതിശയിക്കേണ്ടതില്ല.നാൽപ്പതു ലക്ഷത്തോളം വരുന്ന അന്യസംസ്ഥാന തൊഴിലാളികൾ എല്ലാക്കാലവും ഇവിടെ ഇതുപോലെ ഉണ്ടാകണമെന്നില്ല. നാളെ അവരുടെ എണ്ണം കുറയുമ്പോൾ പകരം എന്താവണം സംവിധാനമെന്ന് ഇപ്പോഴേ ആലോചിച്ചു തുടങ്ങണമെന്ന് ഓർമ്മിപ്പിക്കുന്ന സംഭവ വികാസമാണിപ്പോഴത്തേതെന്ന് സാമൂഹിക നിരീക്ഷകർ പറയുന്നു. ലഭ്യമായ കണക്കു പ്രകാരം കേരളത്തിലുള്ള 13 പേരിൽ ഒരാൾ ഇതര സംസ്ഥാനത്ത് നിന്നുള്ള തൊഴിലാളിയാണ്.

രണ്ടുവർഷം മുമ്പ് സംസ്ഥാനത്തെ അന്യ സംസ്ഥാന തൊഴിലാളികളെ മലയാളം പഠിപ്പിക്കുന്ന മലയാളം മിഷന്റെ 'അനന്യ മലയാളം അതിഥി മലയാളം' പദ്ധതി ഉദ്ഘാടനം ചെയ്യവേ, അന്യ സംസ്ഥാന തൊഴിലാളികൾ കേരള ജനതയുടെ ഭാഗമായി മാറിയതായി മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞിരുന്നു. മുമ്പൊക്കെ തമിഴ്നാട്ടിൽ നിന്നുള്ള തൊഴിലാളികളാണ് കേരളത്തിൽ കൂടുതലായി കൂലിവേലയ്ക്കും മറ്റും വന്നിരുന്നത്. ഇന്നവരെ കാണാനില്ല. പകരം ചായയും വടയും മറ്റും വിൽക്കുന്ന ചെറുകിട സംരംഭങ്ങളിൽ തൊണ്ണൂറ് ശതമാനവും തമിഴ്നാട്ടുകാരാണ്. താഴെത്തട്ടിൽ ജോലിക്കാർ ബംഗാളികളും മുതലാളിമാർ തമിഴരും എന്ന നിലയിലേക്കാണ് കാര്യങ്ങൾ നീങ്ങുന്നത്.

ആലപ്പുഴ ജില്ലയിൽ അരൂർ പാലത്തിന്റെ ഉൾപ്പെടെ നിർമ്മാണം നടക്കുകയാണ്. കുമ്പളം തുറവൂർ ഭാഗത്തും പാലങ്ങളുടെയും യാർഡുകളുടെയും പണി നടക്കുന്നു. ആവശ്യത്തിന് ജോലിക്കാർ ഇല്ലാത്തതിനാൽ വെൽഡിംഗ്, കട്ടിംഗ് പണികൾ ഏതാണ്ട് നിലച്ച മട്ടാണ്. പാചകവാതക വിതരണത്തിലെ തടസം കാരണം കേരളത്തിലെ പകുതിയിലധികം ചെറുകിട റസ്റ്റോറന്റുകളും ഹോട്ടലുകളും അടച്ചിട്ടിരിക്കുകയാണ്. തുറന്നു പ്രവർത്തിക്കുന്നവയിൽത്തന്നെ വിഭവങ്ങൾ കുറവും. വാണിജ്യാവശ്യത്തിനുള്ള സിലിണ്ടറുകളുടെ വിതരണം കുറച്ചിട്ട് ഒരു മാസം പൂർത്തിയാവുന്നു. ഇപ്പോഴും ആവശ്യത്തിന്റെ അമ്പതു ശതമാനം പോലും ലഭിക്കുന്നില്ലെന്നാണ് ഹോട്ടലുടമകൾ പറയുന്നത്.

പ്രവാസി മലയാളികളെ കുറിച്ച് അഭിമാനിക്കുന്നത് പോലെ തന്നെ ഇവിടെ വന്ന് ജോലി ചെയ്യുന്ന ഇതര സംസ്ഥാനങ്ങളിലെ തൊഴിലാളികളും കേരളത്തിലെ സമ്പദ് വ്യവസ്ഥയെ മുന്നോട്ട് കൊണ്ടുപോകുന്നതിലും മറ്റെല്ലാ നിലകളിലുമുള്ള പുരോഗതിക്കും നിർണ്ണായക സ്വാധീനം ചെലുത്തുന്നു.നിലവിൽ 40 ലക്ഷം ഇതര സംസ്ഥാന തൊഴിലാളികൾ കേരളത്തിൽ ജോലി ചെയ്യുന്നുണ്ട്. കേരളത്തിലെ ദൈനംദിന ജീവിതത്തിലെ സാമ്പത്തികവും തൊഴിൽപരവുമായ സജീവത നിലനിർത്തുന്നതിൽ കേരളത്തിലേക്കുള്ള തൊഴിലാളി കുടിയേറ്റം കഴിഞ്ഞ മൂന്ന് പതിറ്റാണ്ടോളമായി വലിയ പങ്ക് വഹിക്കുന്നു.സംസ്ഥാനത്തെ ഇന്നത്തെ നിലയിൽ നിലനിർത്തുന്നതിൽ കേരളത്തിൽ നിന്നുള്ള കുടിയേറ്റവും കേരളത്തിലേക്കുള്ള കുടിയേറ്റവും ഒരു പോലെ പങ്ക് വഹിക്കുന്നുണ്ടെന്ന് കണക്കുകൾ വ്യക്തമാക്കുന്നു.

നിർമ്മാണം, ഉൽപ്പാദനം, കൃഷി, സമുദ്ര മത്സ്യബന്ധനം തുടങ്ങിയ അസംഘടിത അനൗപചാരിക മേഖലകളിലാണ് അവരിൽ ഭൂരിഭാഗവും ജോലി ചെയ്യുന്നത്. 2021 ലെ കണക്കനുസരിച്ച് ദീർഘകാല, ഹ്രസ്വകാല കുടിയേറ്റക്കാർ ഉൾപ്പെടെ ഏകദേശം 31.5 ലക്ഷം ഇതര സംസ്ഥാന തൊഴിലാളികൾ കേരളത്തിൽ ജോലി ചെയ്യുന്നുണ്ട്. പഞ്ചാബ് യൂണിവേഴ്സിറ്റി പ്രൊഫസറായ കെ.ആർ. ജജതി കേശാരി പരിദയും സംസ്ഥാന ആസൂത്രണ ബോർഡംഗം ഡോ. കെ രവിരാമനും ചേർന്ന് കേരള ആസൂത്രണ ബോർഡിന് വേണ്ടി 2021 ൽ നടത്തിയ പഠനത്തിലാണ് ഈ കണക്കുകൾ പറയുന്നത്. അക്കാലത്തെ വിവരം അനുസരിച്ച്, അവർ പ്രാദേശിക വിപണിയിൽ ജീവിതച്ചെലവിനായി പ്രതിവർഷം 10000 കോടി രൂപ ചെലവഴിക്കുകയും വർഷംതോറും 750 കോടി രൂപ അവരുടെ നാടുകളിലേക്ക് അയയ്ക്കുകയും ചെയ്യുന്നു.

## മരണം രേഖയിലില്ല

നിരവധി ഇതര സംസ്ഥാന തൊഴിലാളികൾ മരണമടയുന്നുണ്ടെങ്കിലും സർക്കാരിലോ തൊഴിലാളി യൂണിയനുകളുടെയോ എൻ ജി ഒകളുടെയോ കൈവശം ഇതിന്റെ കണക്കില്ല. പല മരണങ്ങളും സംബന്ധിച്ച് വ്യക്തമായ രേഖപ്പെടുത്തലും നടക്കാറില്ല. ആശുപത്രിയിൽ വച്ച് മരണമടഞ്ഞാൽ അത് അധികൃതമാകും. അപകടമോ കൊലപാതകമോ ആത്മഹത്യയോ ആയാൽ പൊലീസ് റിപ്പോർട്ടും. വാർത്തകളും മറ്റും അടിസ്ഥാനമാക്കി പരിശോധിക്കുമ്പോൾ ഏകദേശം രണ്ട് ഇതര സംസ്ഥാന തൊഴിലാളികൾ പ്രതിദിനം കേരളത്തിൽ മരിക്കുന്നു.പക്ഷേ, ഇത് കൃത്യ കണക്കല്ല.

ഇവിടെ തൊഴിലാളികളായി എത്തുന്നവരൊക്കെ തന്നെ അവരുടെ സംസ്ഥാനങ്ങളിലെ സാമൂഹികവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളിൽ നിന്നുള്ളവരാണ്. അതുകൊണ്ട് തന്നെ പലരുടെയും മരണ സർട്ടിഫിക്കറ്റ് വാങ്ങാനെത്തുന്നില്ല.ബന്ധുക്കൾക്ക് ഇവിടെ വന്ന് സർട്ടിഫിക്കറ്റ് വാങ്ങാനുള്ള ഭാഷാപരമായും സാമ്പത്തികമായും സാമൂഹികമായുമുള്ള പരിമിതികളാണ് ഇതിന് പ്രധാന കാരണം.

ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ അസംഘടിത മേഖലയിലെ ജോലികൾക്കായി കുടിയേറ്റ തൊഴിലാളികൾക്ക് ഏറ്റവും ഉയർന്ന വേതനം നൽകുന്നത് കേരളമാണെന്ന് ഒരു പഠനത്തിൽ വ്യക്തമായിരുന്നു. സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചാ നിരക്ക്, 1980കളോടെ മന്ദഗതിയിലായിട്ടും, മറ്റ് പല സംസ്ഥാനങ്ങളെ അപേക്ഷിച്ച് ദാരിദ്ര്യത്തിൽ ഗണ്യമായ കുറവ് കേരളം കൈവരിച്ചു. കേരള മോഡൽ വികസന തന്ത്രം, തൊഴിൽ വിപണിയെ സ്വാധീനിച്ചു.നിലവിൽ കേരളത്തിൽ നിന്നുള്ള തൊഴിൽ കുടിയേറ്റത്തേക്കാൾ കൂടിയ നിരക്കിലാണ് കേരളത്തിലേക്കുള്ള തൊഴിൽ കുടിയേറ്റം.


കേരള രൂപീകരണം (1956) മുതൽ തന്നെ അയൽ സംസ്ഥാനങ്ങളായ തമിഴ് നാട്ടിൽ നിന്നും കർണ്ണാടകത്തിൽ നിന്നും കേരളത്തിലേക്കുള്ള തൊഴിലാളികളുടെ വരവ് ഉണ്ടായിരുന്നു. 1961 മുതൽ 1991 വരെയുള്ള കാലഘട്ടത്തിൽ കായികാധ്വാനം വേണ്ടുന്ന ബ്ലൂകോളർ ജോലികളിൽ ഈ രണ്ട് സംസ്ഥാനങ്ങളിലെയും തൊഴിലാളികളുടെ സജീവ സാന്നിദ്ധ്യം കേരളത്തിലെ തൊഴിലാളികൾക്കൊപ്പമായിരുന്നു. തൊഴിൽ തേടി കേരളത്തിലെത്തുന്നവർ പ്രധാനമായും ജോലി ചെയ്തിരുന്ന മേഖലകൾ തോട്ടങ്ങളും ഇഷ്ടിക ചൂളകളുമാണ്.

കേരളത്തിലേക്ക് മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികൾ വരുന്ന രീതിയിൽ മാറ്റം സംഭവിക്കുന്നത് 2011ഓടെയാണ്. 1956 മുതൽ 2011 വരെ അയൽ സംസ്ഥാനങ്ങളിൽ നിന്നുമായിരുന്നു തൊഴിൽ തേടിയെത്തുന്നവരിൽ കൂടുതലുമെങ്കിലും 2011 മുതൽ ഇതിന് മാറ്റം വന്നു. ബംഗാൾ, അസം, ഒഡീഷ, ബീഹാർ എന്നിവ അതിഥി തൊഴിലാളികളെ സംഭാവന ചെയ്യുന്ന പ്രധാന സംസ്ഥാനങ്ങളായി. തൊണ്ണൂറുകൾ മുതൽ, ഈ കുടിയേറ്റത്തിൽ കുതിച്ചുചാട്ടമുണ്ടായി.കേരളത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികളിൽ ഭൂട്ടാനിൽ നിന്നും നേപ്പാളിൽ നിന്നുമുള്ളവരുമുണ്ട്.

നിലവിൽ കേരളത്തിലുള്ള അതിഥി തൊഴിലാളികളിൽ കൂടുതലും ബംഗാളിൽ നിന്നുള്ളവരാണ്, 47 ശതമാനം. തൊട്ടുപിന്നിൽ ഒറീസ (15%), അസം (12%). എറണാകുളത്താണ് (17 % ) ഏറ്റവും കൂടുതൽ പേർ തൊഴിൽ തേടിയെത്തുന്നതെന്നതാണ് ജില്ല തിരിച്ചുള്ള കണക്ക്. വയനാട് (13%), കണ്ണൂർ (11%) എന്നിങ്ങനെയുമാണ് ഇതര സംസ്ഥാന തൊഴിലാളികളുടെ സാന്നിധ്യം.ഇവരിൽ ഭൂരിപക്ഷം പേരും പരിമിതമായ വെളിച്ചവും വായുസഞ്ചാരവുമുള്ള മുറികളിൽ തിങ്ങിപ്പാർക്കുകയാണ്. ഇത്തരം മുറികളിൽ സാധാരണയായി പ്രത്യേക അടുക്കളകളില്ല. ജോലിസ്ഥലത്തും താമസസ്ഥലത്തും ഉള്ള സുരക്ഷാ ക്രമീകരണങ്ങളുടെ അഭാവം കുടിയേറ്റ തൊഴിലാളികളെ അപകടങ്ങൾ, പരിക്കുകൾ, രോഗങ്ങൾ, മരണം എന്നിവയിലേക്ക് എളുപ്പം നയിക്കുന്നു. ഹെൽമെറ്റുകൾ, കയ്യുറകൾ, മാസ്കുകൾ, ചെസ്റ്റ് ഗാർഡുകൾ തുടങ്ങിയ സംരക്ഷണ ഉപകരണങ്ങൾ പലയിടത്തും ഇതരസംസ്ഥാന തൊഴിലാളികൾക്ക് നൽകാറില്ല. അത്തരം സംരക്ഷണ കവചങ്ങൾ ഉപയോഗിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുള്ള അവബോധവും ഈ തൊഴിലാളികൾക്കിടയിൽ കുറവാണ്.

തൊഴിലുടമകളുടെയും കരാറുകാരുടെയും ചൂഷണവും വ്യാപകമായി നടക്കുന്നുണ്ട്. കുറഞ്ഞ വേതനം നൽകുന്നതും ഭാഗികമായി മാത്രം വേതനം നൽകുന്നതും വേതനം നൽകാതിരിക്കുന്നതും സംഭവിക്കുന്നു. തൊഴിൽ സംബന്ധിച്ചോ വേതനം സംബന്ധിച്ചോ ഉള്ള കരാറുകളോ മറ്റ് രേഖകളോ ഇല്ലാത്തത് മൂലം, ശമ്പളം നിഷേധിക്കപ്പെടുമ്പോൾ തൊഴിലാളികൾക്ക് അവരുടെ കുടിശ്ശിക അവകാശപ്പെടാൻ വളരെ ബുദ്ധിമുട്ടാണ്. പൊതുവിൽ ഈ തൊഴിലാളികൾ തൊഴിലാളി സംഘടനയുടെ ഭാഗമല്ലാത്തതിനാൽ, കൂട്ടായ വിലപേശൽ ശക്തി പ്രയോജനപ്പെടുത്താൻ അവർക്ക് കഴിയുന്നില്ല. ഭാഷാപരമായ തടസ്സവും നിയമസഹായം ലഭ്യമാക്കുന്നത് ബുദ്ധിമുട്ടിലാക്കുന്നു.

# വേണ്ടേ, കമ്മീഷനുകളെക്കുറിച്ചും ഒരാലോചന?




**ജ**നരോഷം ആളിക്കത്തും എന്ന് ഉറപ്പുള്ള ഘട്ടങ്ങളിൽ അത് തണുപ്പിക്കാൻ ഭരണകൂടങ്ങൾ ചെയ്യുന്ന ആദ്യ നടപടിയാണ് ഒരു അന്വേഷണ കമ്മീഷൻ നിയമനം. ആർക്കും പരാതിയില്ലാത്ത ഒരു ഔദ്യോഗിക നടപടി.എന്തിന് അന്വേഷണ കമ്മീഷനെ നിയമിച്ചുവെന്ന് ആരും ചോദിക്കില്ല. അങ്ങനെ ചോദിച്ചാൽ അവൻ പിന്തിരിപ്പനായി മാറും. കമ്മീഷനെ നിയമിച്ച ഉത്തരവ് പത്രത്തിൽ വരുന്നതോടെ രോഷാഗ്നിയിൽ കുളിർമഴ പെയ്ത പ്രതീതിയാണ് പിന്നെ. എന്തും എളുപ്പം മറക്കാൻ സവിശേഷമായ കഴിവുള്ള ജനം, അന്വേഷണ കമ്മീഷന്റെ കണ്ടെത്തലുകളെയും തുടർന്നുള്ള നടപടികളെയും ഓർത്ത് ഉറക്കം കളയാറില്ല.അത് വരുമ്പോൾ വരട്ടെ !

തൃശ്ശൂർ മുണ്ടത്തിക്കോട് വെടിപ്പുര അപകടം ഉണ്ടായപ്പോഴാണ് പഴയകാല അന്വേഷണ കമ്മീഷൻ റിപ്പോർട്ടുകൾ എവിടെയോ പൊടിച്ച് കിടക്കുന്ന കാര്യം മാധ്യമങ്ങൾ പോലും ഓർക്കുന്നത്. കമ്മീഷനുകൾ ആർക്കോ ശമ്പളം കൊടുക്കാനുള്ള വെറും പ്രഹസനങ്ങളായി മാറുന്നുവെന്ന് ആരെങ്കിലും സംശയിച്ചാൽ കുറ്റം പറയാൻ കഴിയില്ല. അന്വേഷണ കമ്മീഷനുകളായി പ്രവർത്തിച്ചവർ അവരുടെ പ്രയത്നം വിഫലമായതിന്റെ നിരാശ പലപ്പോഴും പരസ്യമായിത്തന്നെ പ്രകടിപ്പിക്കാറുണ്ട്. കണ്ടെത്തിയതും എഴുതി വച്ചതും എല്ലാം ആരോ ചവറ്റുകുട്ടയിൽ വലിച്ചെറിഞ്ഞു എന്ന തോന്നൽ ജസ്റ്റിസുമാർ പ്രകടിപ്പിക്കുന്ന കാഴ്ച കാണാറുണ്ട്.

ആർക്കുവേണ്ടി എത്രയോ മാസങ്ങൾ പാഴായിപ്പോയി എന്ന സത്യം. തങ്ങൾക്ക് ലഭിക്കുന്ന ശമ്പളത്തേക്കാൾ വലുതായി തങ്ങൾ നൽകുന്ന ശുപാർശകൾ സർക്കാരും പൊതുജനവും ഏറ്റെടുക്കുമെന്ന പ്രതീക്ഷയിലാണ് ഒരോ അന്വേഷണ കമ്മീഷനും പടിയിറങ്ങുന്നത്. ലക്ഷങ്ങളുടെ ചെലവ് എഴുതിത്തള്ളി കമ്മീഷനുകളെ വെക്കുമ്പോൾ ജനരോഷം ഒന്ന് തണുക്കും.എന്തോ നല്ലത് സംഭവിക്കാൻ പോകുന്നു എന്നൊരു തോന്നൽ പൊതുസമൂഹത്തിന് കിട്ടുന്നു. എന്നാൽ അതൊന്നും സംഭവിക്കുന്നില്ല എന്ന് അവർ അറിയുന്നില്ല.

കമ്മീഷൻ റിപ്പോർട്ട് നൽകുമ്പോഴേക്കും അടുത്ത ദുരന്തം വന്നെത്തി കഴിഞ്ഞിരിക്കും. അഥവാ കമ്മീഷൻ നല്ല ശുപാർശകൾ നൽകിയെന്ന് കരുതിയാലും അത് തട്ടിൻ പുറത്ത് കയറ്റിവയ്ക്കുകയാണ് പതിവ്.

## തുറക്കാത്ത ഫയലുകൾ

പുറ്റിങ്ങൽ വെടിക്കെട്ട് സംബന്ധിച്ച് സർക്കാർ നിയോഗിച്ച അന്വേഷണ കമ്മീഷൻ 2019 ൽ നൽകിയ ശുപാർശ സർക്കാർ അവഗണിച്ചു എന്ന ജസ്റ്റിസ് പി.എസ്. ഗോപിനാഥന്റെ വെളിപ്പെടുത്തൽ ഇപ്പോഴത്തെ സാഹചര്യത്തിൽ നടുക്കം ഉളവാക്കുന്നതാണ്. ദുരന്തങ്ങൾ ആവർത്തിക്കാൻ കാരണം ശുപാർശകർ അവഗണിക്കുന്നതാണ്.

അഴിമതികൾ നടക്കുമ്പോൾ നിയോഗിക്കപ്പെടുന്ന കമ്മീഷനുകൾ പോലെയല്ല ദുരന്തങ്ങൾ സംഭവിക്കുമ്പോൾ അതിന്റെ മറുവശം അന്വേഷിക്കുന്ന പ്രതിവിധി കണ്ടെത്തുന്ന കമ്മീഷനുകളുടെ സ്ഥിതി. അത് പൊതുജനത്തെ കുറെ കൂടി നേരിട്ട് ബാധിക്കുന്ന കാര്യമാണ്. ദുരന്തത്തിൽ ജീവൻ പൊലിയുന്ന മനുഷ്യരുടെ ഉറ്റവർ, അടുത്ത ദുരന്തം നടക്കുമ്പോഴും,അത് മറ്റെവിടെയെങ്കിലും ആണെങ്കിലും ഒരിക്കൽ കൂടി വേദനിക്കുന്നുണ്ട് എന്ന സത്യം തിരിച്ചറിയുന്നില്ല ഉദ്യോഗസ്ഥ വൃന്ദം.

ഓർമ്മകൾ അവരെ വേട്ടയാടുകയാണ്. ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ നിയോഗിക്കപ്പെടുന്ന സർക്കാർ മെഷിനറി നോക്കുകുത്തിയാവുന്ന സ്ഥിതിയാണുള്ളത്.

കേരളത്തെ സംബന്ധിച്ച് വെടിക്കെട്ട് അപകടങ്ങൾ ആവർത്തിക്കില്ലെന്ന് ഉറപ്പ് നൽകാൻ ആർക്കും കഴിയില്ല. കാരണം ആചാരത്തിന്റെയും സംസ്കാരത്തിന്റെയും ഭാഗമാണ് വെടിക്കെട്ടുകൾ.കാലം മാറിയതനുസരിച്ച് വെടിക്കെട്ടുകളുടെ രീതി പരിഷ്കരിക്കണം എന്ന ആവശ്യം ഇപ്പോൾ സജീവമാണ്. എന്നാൽ അതിന് എത്രത്തോളം പിന്തുണ പൊതുജനം നൽകുമെന്നും കണ്ടറിയണം.

പുറ്റിങ്ങൽ അന്വേഷണ കമ്മീഷൻ, സ്ഫോടക വസ്തുക്കൾ ശേഖരിക്കുന്നതും സൂക്ഷിക്കുന്നതും കത്തിക്കുന്നതും സംബന്ധിച്ച് നൽകിയ മാനദണ്ഡങ്ങൾ പാലിക്കാൻ ഉദ്യോഗസ്ഥതലത്തിൽ തയ്യാറായില്ല.

ഈ ആരോപണം ഉന്നയിക്കുന്നത് മറ്റാരുമല്ല അന്വേഷണ കമ്മീഷൻ തന്നെയാണ്.

വെടിക്കെട്ടുകളുടെ കാര്യത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിക്കാൻ നോഡൽ ഓഫീസർ വേണമെന്ന അന്വേഷണ റിപ്പോർട്ടുകൾ ഫയലുകളിൽ ഉറങ്ങുകയാണ്.

വെടിക്കെട്ട് അപകടങ്ങൾ തുടർക്കഥയാകുമ്പോൾ സുരക്ഷാ മാനദണ്ഡങ്ങൾക്ക് പുല്ലുവില !പ്രദേശികമായി ഉദ്യോഗസ്ഥർക്ക് മേൽ ഉണ്ടാകുന്ന കടുത്ത രാഷ്ട്രീയ സമ്മർദ്ദമാണ് അന്വേഷണ കമ്മീഷൻ റിപ്പോർട്ടുകൾ മരവിപ്പിക്കുന്നതിന് പിന്നിലുള്ളതെന്ന് ഉദ്യോഗസ്ഥർ തന്നെ സമ്മതിക്കുന്നുണ്ട്.

## തനിയാവർത്തനം

മുണ്ടത്തിക്കോട് ദുരന്തം നടന്നതിന് പിന്നാലെ പതിവുപോലെ ജുഡീഷ്യൽ കമ്മീഷനെ പ്രഖ്യാപിച്ച് സർക്കാർ ഉത്തരവിറക്കി. റിട്ട. ജസ്റ്റിസ് സി.എൻ. രാമചന്ദ്രൻ നായരാണ് അന്വേഷണ കമ്മീഷൻ. എന്നാൽ, ഇതേ ജസ്റ്റിസ് മുൻപ് സമർപ്പിച്ച പല റിപ്പോർട്ടുകളും നടപടികളില്ലാതെ സെക്രട്ടേറിയറ്റിൽ പൊടിപിടിക്കുമ്പോഴാണ് പുതിയൊരു കമ്മീഷൻ. തോട്ടംമേഖലയിലെ പ്രശ്നങ്ങൾ പഠിക്കാൻ നേരത്തെ സർക്കാർ ജസ്റ്റിസ് എൻ.കൃഷ്ണൻ നായരെ അന്വേഷണ കമ്മിഷനായി നിയമിച്ചിരുന്നു. കമ്മിഷൻ റിപ്പോർട്ടു നൽകിയെങ്കിലും ഇക്കാര്യത്തിൽ സർക്കാർ നടപടികളൊന്നുമെടുത്തില്ല.

വാഹനാപകടങ്ങളെക്കുറിച്ച്,മദ്യദുരന്തത്തെക്കുറിച്ച്, മാർക്ക് തട്ടിപ്പ് കേസുകൾ,ബോട്ട് അപകടങ്ങൾ,കുപ്രസിദ്ധമായ സോളാർ തട്ടിപ്പ് എന്നിവയ്ക്കെല്ലാം നിയോഗിക്കപ്പെട്ട കമ്മീഷനുകൾക്ക് വേണ്ടി സർക്കാർ ഖജനാവിൽ നിന്ന് കോടികളാണ് ഇന്നോളം ചെലവിട്ടിട്ടുള്ളത്.

സംസ്ഥാനത്ത് ഇതുവരെ 211 ജുഡീഷ്യൽ അന്വേഷണങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാലും മറുവശത്ത് മനുഷ്യനിർമ്മിത’ ദുരന്തങ്ങൾക്ക് അറുതിയില്ല എന്ന തിരിച്ചറിവ്. പുതിയ കമ്മീഷന്റെ കണ്ടെത്തലുകളെങ്കിലും ഉത്സവപ്പറമ്പുകളിലെ മരണം തടയാൻ സഹായിക്കുമോ? കേരളം കാത്തിരിക്കുന്നു.

◗ *പ്രജിത്ത് രാജ്*







## അധ്യായം 29

# 'അതിർത്തികൾ കടന്ന പ്രകമ്പനം'

**കഥ ഇതുവരെ**

റിപ്പോർട്ടർ റോബിൻസ് ഒരു വിമാന അപകടത്തെക്കുറിച്ച് അറിയാൻ അമേരിക്കയിൽ നിന്നും കെനിയായിൽ എത്തി. അവിടത്തെ ദാരിദ്ര്യം ഭയാനകമായിരുന്നു. രക്ഷപ്പെടാൻ ചിലർ കപ്പലുകളിലും വിമാനത്തിലും ഒളിച്ചുകയറുന്നതായി അറിയുന്നു. ആ അനുഭവം നേരിട്ടറിയാൻ അയാൾ ഒരു ചരക്കുകപ്പലിൽ രഹസ്യമായി കയറി. ആ യാത്രക്കിടെ അയാൾക്ക് നടുക്കടലിലേക്ക് ചാടേണ്ടിവന്നു. ഒടുവിൽ ഒരു ദ്വീപിലെത്തി. അവിടെ അലൂമ എന്ന സ്ത്രീയോട് തന്റെ പൂർവ്വകാല കഥ പറയുന്നു.

തുടർന്നു വായിക്കുക.




AN INFO-TRAVELTAINMENT FICTION



**പുലിറ്റ്സർ ജേതാവ്**

ജോഷി ജോർജ്

ബോംബെ. മഴ നഗരത്തിന്റെ പതിവ് മുഖമായിരുന്നു. പക്ഷേ ആ രാത്രി, മഴയ്ക്ക് ഒരു ഭാരം ഉണ്ടായിരുന്നു; ഒരു രഹസ്യം ഒളിപ്പിച്ചതുപോലെ.

ഫ്രീ പ്രസ് ജേണൽ ഓഫീസിലെ മങ്ങിയ വെളിച്ചത്തിൽ, പഴയ ടെലിപ്രിന്റർ ഒരു അസ്വസ്ഥമായ ഹൃദയമിടിപ്പുപോലെ ശബ്ദിച്ചു കൊണ്ടിരുന്നു.

ടക്... ടക്... ടക്...

റോബിൻസിന് അത് രണ്ടാമത്തെ ആഴ്ചയായിരുന്നു.

പത്രപ്രവർത്തനം അവൻ സ്വപ്നം കണ്ടതുപോലെ ആവേശകരമല്ലെന്ന് ആദ്യം തോന്നി. ചെറിയ ന്യൂസ് കോപ്പികൾ, പ്രൂഫ് റീഡിങ്, ടൈപ്പിംഗ് ഇതിലൊതുങ്ങിയ ദിനങ്ങൾ.

പക്ഷേ അവൻ ശ്രദ്ധിച്ചു, ഇവിടെയാണ് പഠനം തുടങ്ങുന്നത്. ഓരോ വാചകവും തിരുത്തുമ്പോൾ, ഓരോ തലക്കെട്ടും പുനർനിർമിക്കുമ്പോൾ, വാർത്തയുടെ ഉള്ളിലെ "ഹൃദയം" എവിടെയാണെന്ന് അവൻ മനസ്സിലാക്കി.

അങ്ങനെ ഒരുദിവസം, ഒരു അവസരം വന്നു.

ഞായറാഴ്ച പതിപ്പിലേക്ക് ഒരു ഫീച്ചർ.

വിഷയം അവൻ തന്നെ തെരഞ്ഞെടുക്കണം.

"സുഹൃത്തിന്റെ നാട്ടിൽ, അതേ പള്ളിക്കരയിലെ രാത്രികൾ: കരിഞ്ചാത്തനും പറക്കുന്ന ചുട്ട കോഴിയുടെ പറക്കലും"

പള്ളിക്കരയിലെ ആ രാത്രി അവന്റെ ജീവിതം മാറ്റിയ ഒരു അനുഭവമായി. ആചാരങ്ങൾ, ഭയം, അന്ധവിശ്വാസം എല്ലാം ഒന്നിച്ച് കലർന്ന ഒരു ലോകം.

കരിഞ്ചാത്തൻ ചുട്ട കോഴിയെ തീകുണ്ഡത്തിലേക്ക് എറിഞ്ഞ നിമിഷം, ജനങ്ങൾ ശ്വാസം മുട്ടി നോക്കി നിൽക്കുന്ന വിവരമെല്ലാം മനോഹരമായി ഇലസ്ട്രേറ്റഡ് വീക്കിലിയിൽ വിവരിക്കുന്നുണ്ട്.

കോഴി... താഴേക്ക് വീണില്ല.

അത് ഇളകി... ഉയർന്നു...!

ഈ പരിപാടിയുടെ പിന്നിൽ നടക്കുന്ന വലിയൊരു തന്ത്രം..! അതേ, അത് നേരിൽ എനിക്ക് കാണാനായി. ഞെട്ടിപ്പിക്കുന്ന ആ ക്രൂരമായ സത്യം

ജീവനുള്ള തവളയെ കോഴിയുടെ വയറ് കീറിമുറിച്ച് അതിനുള്ളിലേക്ക് കയറ്റിയ ശേഷം തുന്നിക്കെട്ടുന്നു. ചൂടുചെല്ലുമ്പോൾ അതു സൃഷ്ടിച്ച ഒരു കൃത്രിമ ചലനം. വളരെ നാടകീയമായി എഴുതിയ ആ ഫീച്ചർ സെൻസേഷണലായിരുന്നു.

പക്ഷേ അതിലും പ്രധാനമായത് അത് സത്യസന്ധമായിരുന്നു.

ഞായറാഴ്ച പ്രഭാതം..

ന്യൂസ് പേപ്പറിന്റെ പുതുമ മാറാത്ത മണം..!

മഷിയുടെ തഴച്ചു നിൽക്കുന്ന കറുപ്പ്.

റോബിൻസ് ഒരു കോപ്പി വലിച്ചെടുത്ത് ആകാംക്ഷയോടെ തുറന്നു നോക്കുന്നതിനിടെ നെഞ്ചൊന്നു പിടച്ചു.

ഫീച്ചർ പേജിൽ തന്റെ പേര്.

ആ നിമിഷം

അവൻ ആദ്യമായി ഒരു റിപ്പോർട്ടർ ആയി "ജനിച്ചു".

ആ ഫീച്ചറിന് ശേഷം ചെറിയ മാറ്റങ്ങൾ തുടങ്ങി.

ഓഫീസിൽ ആളുകൾ അവനെ "ടൈപ്പിസ്റ്റ്" എന്നല്ല, "റിപ്പോർട്ടർ" എന്നായിരുന്നു വിളിച്ചത്.

ചെറിയ അസൈൻമെന്റുകൾ വലിയ കഥകളായി മാറി.

അത്തരം ദിവസങ്ങളിലൊന്നിലാണ് മലയാളിയായ ഇഗ്നേഷ്യസ് പെരേരയെ കണ്ടത്. കരഞ്ചിയായുടെ ഉടമസ്ഥതയിലുള്ള 'ബ്ലീറ്റ്സ്' വാരികയുടെ ക്രൈം റിപ്പോർട്ടർ.

അയാൾ ഒരു റിപ്പോർട്ടർ മാത്രമല്ലായിരുന്നു

വാർത്തകളുടെ ഉള്ളിലേക്ക് കടക്കാൻ അറിയുന്ന മനുഷ്യൻ.

"വാർത്തകൾ നമ്മൾ തേടേണ്ടതില്ല... ചിലപ്പോൾ അവ നമ്മളെ തേടിയെത്തും,"

അയാൾ പറഞ്ഞത് റോബിൻസിന്റെ മനസ്സിൽ പതിഞ്ഞു.

ഒരു ദിവസം, പെരേര പറഞ്ഞു:

"ഞാൻ ദുബായിലേക്ക് പോകുന്നു... ദാവൂദ് ഇബ്രാഹീമുമായി അഭിമുഖം."

റോബിൻസിന്റെ ഹൃദയം ഒരു നിമിഷം നിലച്ചു. അവൻ ആകാംക്ഷയോടെ ചോദിച്ചു: 'എങ്ങോട്ട്..? അധോലോകത്തേക്കോ..?'

"ഹേയ്... ദുബായിലേക്ക്...നിനക്കും വരാമായിരുന്നു... പാസ്പോർട്ട് ഉണ്ടോ?"

അവന് മിണ്ടാനായില്ല.

ആ നിശ്ശബ്ദത

ഒരു അവസരം നഷ്ടപ്പെട്ട ശബ്ദമായിരുന്നു.

ആ ദിവസത്തിന് ശേഷം റോബിൻസ് മാറി.

അവൻ കാത്തിരുന്നില്ല.

ഓഫീസുകൾ, ക്യൂകൾ, ഫോമുകൾ

ഓരോ മുദ്രയും അവന് ഒരു പുതിയ വാതിൽ തുറന്നതുപോലെ.

പാസ്പോർട്ട് കൈയിൽ കിട്ടിയ ദിവസം, അത് കേവലം ഒരു കൊച്ചു പുസ്തകമല്ലായിരുന്നു

ലോകത്തിലേക്കുള്ള പ്രവേശന പത്രം.

അതിനിടയിലാണ് ബോംബെ പൊട്ടിത്തെറിച്ചത്.

1993 മാർച്ച് 12.

സ്ഫോടനങ്ങൾ

ഒരു നഗരത്തിന്റെ ശ്വാസം നിർത്തിയ നിമിഷങ്ങൾ.

റോബിൻസ് അതിനെ "സംഭവം" എന്നല്ല കണ്ടത്.

അവൻ കണ്ടത് ഒരു നെറ്റ് വർക്ക്.

രാജ്യങ്ങൾ കടന്നുപോകുന്ന അദൃശ്യ ബന്ധങ്ങൾ.

ഈ സമയത്താണ് പെരേര വീണ്ടും അവനെ മുന്നോട്ട് തള്ളിയത്.

ന്യൂയോർക്കിലെ ദി വേൾഡ് ടൈംസിന്റെ പ്രതിനിധിയുമായി പരിചയം.

ഇപ്പോൾ റോബിൻസ് തയ്യാറായിരുന്നു.

ചോദ്യങ്ങളുമായി.

ആവേശവുമായി.

അവസരം നഷ്ടപ്പെടുത്താത്ത ഒരു മനസ്സുമായി.

അവനെ ശ്രദ്ധിച്ചത് ജോർജ് ലൂക്കാസ് ആയിരുന്നു.

"ഈ കഥ ഇന്ത്യയിൽ തുടങ്ങുന്നു... പക്ഷേ ഇവിടെ അവസാനിക്കുന്നില്ല."

അദ്ദേഹം പറഞ്ഞു.

പിന്നീട് ഒരു ചെറിയ ഇടവേള.

"നീ എന്നോടൊപ്പം വരുമോ?"

ഇത് ഒരു പെട്ടെന്നുള്ള ഉയർച്ചയല്ലായിരുന്നു.

ഇത് ഒരു പരാജയത്തിന്റെ വേദനയിൽ നിന്നും,

ഒരു ഫീച്ചറിന്റെ വിജയത്തിലേക്ക്,

അവിടെ നിന്ന് ഒരു വലിയ ലോകത്തിലേക്കുള്ള മന്ദഗതിയിലുള്ള യാത്രയായിരുന്നു. അങ്ങനെ റോബിൻസ് അമേരിക്കയിലെത്തി.

അവൻ ഒരു സ്റ്റോറി തേടിയിരുന്നില്ല; ഇനി

അവൻ തന്നെ ഒരു കഥയായി മാറുകയായിരുന്നു.

(തുടരും)

# പ്രതീക്ഷിക്കാത്ത തിരിച്ചടി: പാകിസ്ഥാന് സൗദിയൊരുക്കിയ എട്ടിന്റെ പണി



പാകിസ്ഥാനും സൗദി അറേബ്യയും പ്രതിരോധ കരാർ ഒപ്പുവച്ചത് കഴിഞ്ഞ വർഷമാണ്. അമേരിക്കയുമായുള്ള കരാറിന് പുറമെയാണ് പാകിസ്ഥാനുമായും സൗദി പ്രതിരോധ കരാറുണ്ടാക്കിയത്. പ്രതിസന്ധി ഘട്ടത്തിൽ പാകിസ്ഥാനെ സാമ്പത്തികമായി സഹായിക്കുന്ന രാജ്യമാണ് സൗദി. അടുത്തിടെ യുഎഇക്ക് നൽകേണ്ട കടം സൗദിയുടെ സഹായത്തോടെയാണ് പാകിസ്ഥാൻ വീട്ടിയത്. എന്നാൽ സൗദിയുമായുള്ള ബന്ധം പാകിസ്താന് നേട്ടം മാത്രമല്ല, തിരിച്ചടികളും നൽകുന്നുണ്ട് എന്നാണ് റിപ്പോർട്ട്.

സുഡാനുമായുള്ള കോടികളുടെ ആയുധ വിൽപ്പന പാകിസ്ഥാൻ മരവിപ്പിച്ചിരുന്നു. സൗദി അറേബ്യയുടെ എതിർപ്പ് ശക്തമായതോടെയാണ് പാകിസ്ഥാൻ കരാറിൽ നിന്ന് പിന്മാറിയത് എന്ന് റോയിട്ടേഴ്സ് റിപ്പോർട്ട് ചെയ്യുന്നു. ആയുധങ്ങളും യുദ്ധ വിമാനങ്ങളും സുഡാന് വിൽക്കാൻ പാകിസ്ഥാൻ ധാരണയിലെത്തിയിരുന്നു. 150 കോടി ഡോളറിന്റേതായിരുന്നു കരാർ. കഴിഞ്ഞ ജനുവരിയിൽ ചർച്ചകൾ പൂർത്തിയായി. സൗദി അറേബ്യ തന്നെയാണ് കരാറിന് മധ്യസ്ഥത വഹിച്ചിരുന്നത്. എന്നാൽ ഇപ്പോൾ സൗദി നിലപാട് മാറ്റിയിരിക്കുകയാണ്. കരാർ പ്രകാരമുള്ള ആയുധം വിൽക്കരുത് എന്ന് ആവശ്യപ്പെട്ടതോടെ പാകിസ്ഥാന് നടപടികൾ മരവിപ്പിക്കേണ്ടി വന്നിരിക്കുകയാണ്.

കാലങ്ങളായി ആഭ്യന്തര യുദ്ധം നടക്കുന്ന രാജ്യമാണ് സുഡാൻ. സൈന്യവും അർധസൈന്യവും ചേരിതിരിഞ്ഞ് ഏറ്റുമുട്ടുകയാണ് സുഡാനിൽ. ജിസിസി രാജ്യങ്ങൾ സുഡാൻ വിഷയത്തിൽ വ്യത്യസ്തമായ നിലപാടുള്ളവരാണ്.

യൂറോപ്യൻ രാജ്യങ്ങളിൽ നിന്നുള്ള സമ്മർദ്ദമാണ് സൗദി അറേബ്യ നിലപാട് മാറ്റാൻ കാരണമായത്. ഫലത്തിൽ പാകിസ്ഥാന് സുഡാനിലേക്ക് ആയുധം അയക്കാൻ പറ്റില്ല.

**ലിബിയയുമായുള്ള കരാറും റദ്ദാക്കാൻ സാധ്യത**

സുഡാൻ സൈനിക നേതൃത്വം കഴിഞ്ഞ മാസം റിയാദിലെത്തി സൗദി ഭരണകൂടവുമായി ചർച്ച നടത്തിയിരുന്നു. പാകിസ്ഥാന് മേൽ സൗദിയുടെ സമ്മർദ്ദത്തിന് ഒരു കാരണം ഈ ചർച്ചയാണ്. സുഡാനുമായുള്ള ആയുധ ഇടപാട് മാത്രമല്ല പാകിസ്ഥാന് നഷ്ടമാകുന്നത്. ലിബിയയുമായുള്ള കരാറും പാകിസ്താന് മരവിപ്പിക്കേണ്ടി വന്നേക്കും. ലിബിയയുടെ ദേശീയ സേനയുമായി 400 കോടി ഡോളറിന്റെ കരാറാണ് പാകിസ്ഥാൻ ഒപ്പുവച്ചിരുന്നത്. ലിബിയയിൽ സൗദി സ്വീകരിക്കുന്ന നിലപാടിൽ മാറ്റം വന്നിട്ടുണ്ട്. ഇത് പാകിസ്താനും ലിബിയയും തമ്മിലുള്ള കരാറിനെ ബാധിക്കുമെന്നാണ് സൂചന. സൗദി അറേബ്യ സാമ്പത്തികമായി സഹായിക്കുന്ന രാജ്യമാണ് പാകിസ്താൻ എന്നതിനാൽ സൗദിയെ ധിക്കരിച്ച് മുന്നോട്ട് പോകാൻ സാധിക്കാത്ത അവസ്ഥയാണ്.

യുഎഇയിൽ നിന്ന് നേരത്തെ പാകിസ്ഥാൻ 350 കോടി വായ്പ എടുത്തിരുന്നു. 200 കോടി അടുത്തിടെ തിരിച്ചടച്ചു. ബാക്കിയുള്ള 150 കോടി തിരിച്ചടയ്ക്കാനുള്ള അവസാന തിയതി ഏപ്രിൽ 23 നാണ്. അതിനിടെയാണ് സൗദിയുടെ സമ്മർദ്ദത്തിൽ പാകിസ്ഥാൻ കോടികളുടെ കരാർ മരവിപ്പിച്ചു എന്ന വാർത്ത വന്നത്.

# ആപ്പിളിൽ പുതിയ 'ടെർനസ്' യുഗം: ടിം കുക്കിന്റെ പടിയിറക്കവും ഹാർഡ്‌വെയർ മാന്ത്രികന്റെ ഉദയവും

ടെക് ലോകത്തെ ഏറ്റവും വലിയ ചർച്ചകൾക്ക് വഴിമരുന്നിട്ടുകൊണ്ട് ആപ്പിൾ ഇൻക് തങ്ങളുടെ ഭരണസിരകളിൽ വലിയൊരു മാറ്റം പ്രഖ്യാപിച്ചിരിക്കുകയാണ്. കഴിഞ്ഞ 15 വർഷമായി ആപ്പിളിനെ ലോകത്തിലെ ഏറ്റവും മൂല്യമുള്ള കമ്പനിയായി നിലനിർത്തിയ ടിം കുക്ക് സിഇഒ സ്ഥാനത്തുനിന്ന് പടിയിറങ്ങുന്നു. പകരം, ഹാർഡ്‌വെയർ എഞ്ചിനീയറിംഗ് വിഭാഗം തലവനായ ജോൺ ടെർനസ് ആപ്പിളിന്റെ പുതിയ അമരക്കാരനായി സെപ്തംബർ 1ന് ചുമതലയേൽക്കും.

സ്റ്റീവ് ജോബ്സിന്റെ പിൻഗാമിയായി വന്ന ടിം കുക്ക് ആപ്പിളിനെ ഒരു സാമ്പത്തിക ശക്തിയായാണ് മാറ്റിയതെങ്കിൽ, ജോൺ ടെർനസിന്റെ വരവ് ആപ്പിളിനെ അതിന്റെ പഴയ 'പ്രോഡക്റ്റ് ഫസ്റ്റ്' സംസ്കാരത്തിലേക്ക് തിരികെ കൊണ്ടുപോകുമെന്നാണ് നിരീക്ഷകർ കരുതുന്നത്. കുപ്പർട്ടിനോയിലെ ആപ്പിൾ പാർക്കിൽ നിന്ന് പുറത്തുവരുന്ന വാർത്തകൾ പ്രകാരം, ടിം കുക്ക് എക്സിക്യൂട്ടീവ് ചെയർമാനായി തുടരുമെങ്കിലും കമ്പനിയുടെ ഭാവി തന്ത്രങ്ങൾ ഇനി ടെർനസിന്റെ കൈകളിലായിരിക്കും.

**1. ആരാണ് ജോൺ ടെർനസ്? എഞ്ചിനീയറിൽ നിന്ന് സിഇഒയിലേക്ക്**

ആപ്പിളിന്റെ ഉള്ളറകൾ കൃത്യമായി അറിയുന്ന ഒരു 'ഇൻസൈഡർ' തന്നെയാണ് ജോൺ ടെർനസ്.

**25 വർഷത്തെ അനുഭവം**: 2001ൽ പ്രോഡക്റ്റ് ഡിസൈൻ ടീമിലൂടെയാണ് ടെർനസ് ആപ്പിളിലെത്തുന്നത്. ഐപാഡ്, എയർപോഡ്സ്, ഐഫോൺ തുടങ്ങിയ വിപ്ലവകരമായ ഉൽപ്പന്നങ്ങളുടെ ഹാർഡ്‌വെയർ രൂപകൽപ്പനയിൽ അദ്ദേഹം നിർണ്ണായക പങ്ക് വഹിച്ചു.





**ആപ്പിൾ സിലിക്കൺ വിപ്ലവം**: ആപ്പിൾ സ്വന്തമായി നിർമ്മിച്ച എം സീരീസ് ചിപ്പുകളിലേക്ക് മാക് കമ്പ്യൂട്ടറുകളെ മാറ്റുന്നതിൽ നേതൃത്വം നൽകിയത് ടെർനസ് ആയിരുന്നു. ഈ വിജയമാണ് അദ്ദേഹത്തെ ടിം കുക്കിന്റെ പിൻഗാമിയായി തിരഞ്ഞെടുക്കുന്നതിൽ പ്രധാന പങ്കുവഹിച്ചത്.

**എഞ്ചിനീയറിംഗ് മൈൻഡ് സെറ്റ്**: ഒരു മെക്കാനിക്കൽ എഞ്ചിനീയർ കൂടിയായ ടെർനസ്, ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിലും പ്രവർത്തനക്ഷമതയിലും അതീവ ശ്രദ്ധ പുലർത്തുന്ന വ്യക്തിയാണ്. ഇത് ആപ്പിൾ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരത്തിൽ പുതിയ മാറ്റങ്ങൾ കൊണ്ടുവരും.

**2. ഉൽപ്പന്നങ്ങളിൽ വരാനിരിക്കുന്ന മാറ്റങ്ങൾ**

ഹാർഡ്‌വെയർ പശ്ചാത്തലമുള്ള ഒരു സിഇഒ എത്തുമ്പോൾ ആപ്പിളിന്റെ ഉൽപ്പന്ന നിരയിൽ വലിയ മാറ്റങ്ങൾ പ്രതീക്ഷിക്കുന്നു.

**ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എഐ) സംയോജനം**: നിലവിൽ എഐ വിപണിയിൽ ഗൂഗിളിനോടും മൈക്രോസോഫ്റ്റിനോടും മത്സരിക്കാൻ ആപ്പിൾ കഠിനമായി പരിശ്രമിക്കുകയാണ്. ഓൺ-ഡിവൈസ് എഐ കൂടുതൽ കാര്യക്ഷമമാക്കാൻ ടെർനസിന്റെ നേതൃത്വത്തിലുള്ള ഹാർഡ്‌വെയർ മാറ്റങ്ങൾ സഹായിക്കും.

**മടക്കാവുന്ന ഐഫോൺ**: വർഷങ്ങളായി നീണ്ടുപോകുന്ന ആപ്പിളിന്റെ ഫോൾഡബിൾ ഫോൺ സ്വപ്നം യാഥാർത്ഥ്യമാക്കാൻ ഒരു എഞ്ചിനീയർ എന്ന നിലയിൽ ടെർനസിന് സാധിക്കുമെന്ന് വിപണി വിശ്വസിക്കുന്നു. 2027ൽ ഒരു 'ആനിവേഴ്സറി ഐഫോൺ' ഇതിന്റെ ഭാഗമായി പുറത്തിറങ്ങാൻ സാധ്യതയുണ്ട്.

**സ്മാർട്ട് ഗ്ലാസുകളും മിക്സഡ് റിയാലിറ്റിയും**: വിഷൻ പ്രോയുടെ വിജയം തുടരാൻ ഭാരം കുറഞ്ഞതും കൂടുതൽ സ്റ്റൈലിഷുമായ സ്മാർട്ട് ഗ്ലാസുകൾ വികസിപ്പിക്കുന്നതിലായിരിക്കും ടെർനസിന്റെ അടുത്ത ശ്രദ്ധ.

**3. വിപണിയിലെ സ്വീകാര്യതയും സാമ്പത്തിക ഭാവിയും**

ടിം കുക്ക് കമ്പനിയെ 3 ട്രില്യൺ ഡോളർ മൂല്യമുള്ള സ്ഥാപനമാക്കി മാറ്റി. ടെർനസിന് മുന്നിലുള്ള വെല്ലുവിളികൾ ചെറുതല്ല.

**നിക്ഷേപകരുടെ ആശങ്ക**: കുക്കിന്റെ പ്രവർത്തന മികവിൽ വിശ്വസിച്ചിരുന്ന നിക്ഷേപകർക്ക് ടെർനസിന്റെ ഹാർഡ്‌വെയർ കേന്ദ്രീകൃതമായ നയം എങ്ങനെ ഗുണകരമാകുമെന്ന് കണ്ടറിയണം. എന്നാൽ പ്രഖ്യാപനം വന്നയുടൻ ആപ്പിൾ ഓഹരികൾ വലിയ ഇടിവ് രേഖപ്പെടുത്തിയില്ല എന്നത് ശുഭസൂചനയാണ്.

**ചൈനീസ് വിപണിയിലെ വെല്ലുവിളി**: ചൈനയുമായുള്ള ഭൗമരാഷ്ട്രീയ തർക്കങ്ങൾക്കിടയിൽ ആപ്പിളിന്റെ ഉൽപ്പാദന കേന്ദ്രങ്ങൾ ഇന്ത്യയിലേക്കും വിയറ്റ്നാമിലേക്കും മാറ്റുന്ന പ്രക്രിയ ടെർനസിന് വേഗത്തിലാക്കേണ്ടി വരും.

**സർവീസ് മേഖലയിലെ വളർച്ച**: ആപ്പിൾ മ്യൂസിക്, ഐക്ലൗഡ് തുടങ്ങിയ സർവീസ് മേഖലയിൽ നിന്നുള്ള വരുമാനം നിലനിർത്തുന്നതിനൊപ്പം ഹാർഡ്‌വെയർ വിൽപന വർദ്ധിപ്പിക്കുക എന്ന ഇരട്ട ദൗത്യമാണ് അദ്ദേഹത്തിന് മുന്നിലുള്ളത്.

**4. ടിം കുക്ക്: എക്സിക്യൂട്ടീവ് ചെയർമാൻ എന്ന നിലയിൽ**

പൂർണ്ണമായും വിരമിക്കാതെ ടിം കുക്ക് കമ്പനിയിൽ തുടരുന്നത് നയപരമായ മാറ്റങ്ങളിൽ വലിയ പങ്കുവഹിക്കും.

**നയരൂപീകരണം**: ലോക നേതാക്കളുമായും ഭരണകൂടങ്ങളുമായും ആപ്പിളിനുള്ള ബന്ധം നിലനിർത്തുന്നതിലായിരിക്കും കുക്ക് ശ്രദ്ധ കേന്ദ്രീകരിക്കുക. ഇന്ത്യയിലെ ഉൽപ്പാദന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിലും അദ്ദേഹം സജീവമായിരിക്കും.

**സുഗമമായ കൈമാറ്റം**: സെപ്തംബർ വരെ കുക്ക് സിഇഒ ആയി തുടരുന്നതിലൂടെ കമ്പനിയുടെ ദൈനംദിന പ്രവർത്തനങ്ങളിൽ വലിയ കുലുക്കങ്ങളില്ലാതെ ഭരണം കൈമാറാൻ സാധിക്കും.

**സാമൂഹിക പ്രതിബദ്ധത**: ആപ്പിളിന്റെ പരിസ്ഥിതി സൗഹൃദ നയങ്ങളും പ്രൈവസി നയങ്ങളും കുക്കിന്റെ മേൽനോട്ടത്തിൽ തന്നെ തുടരും.

**5. വിദഗ്ധ വിശകലനം: ആപ്പിളിന്റെ അടുത്ത പത്തുവർഷം**

ജോൺ ടെർനസിന്റെ കാലഘട്ടം ആപ്പിളിനെ മറ്റൊരു വിപ്ലവത്തിലേക്ക് നയിക്കുമോ?

**കൂടുതൽ പരീക്ഷണങ്ങൾ**: സ്റ്റീവ് ജോബ്സിന്റെ കാലത്തെപ്പോലെ പുതിയതും വ്യത്യസ്തവുമായ ഉൽപ്പന്നങ്ങൾ (ഉദാഹരണത്തിന് ആപ്പിൾ കാർ പദ്ധതി പുനരാരംഭിക്കൽ) ടെർനസിന്റെ കീഴിൽ പ്രതീക്ഷിക്കാം.

**കുറഞ്ഞ ഉൽപ്പന്നങ്ങൾ, കൂടുതൽ മികവ്**: വിപണിയിൽ എണ്ണം കൂട്ടുന്നതിനേക്കാൾ ഗുണനിലവാരത്തിന് പ്രാധാന്യം നൽകുന്ന ഒരു നയമായിരിക്കും അദ്ദേഹം സ്വീകരിക്കുക.

**മത്സരം കടുക്കുന്നു**: സാംസങ്, വാവേയ് തുടങ്ങിയ കമ്പനികൾ എഐ ഫോണുകളുമായി മുന്നേറുമ്പോൾ ടെർനസിന്റെ സാങ്കേതിക മികവ് ആപ്പിളിനെ വീണ്ടും ഒന്നാമതെത്തിക്കുമെന്ന് ആരാധകർ കരുതുന്നു.

ആപ്പിളിൽ ഇത് കേവലം ഒരു വ്യക്തി മാറ്റമല്ല, മറിച്ച് ഒരു നയമാറ്റമാണ്. ടിം കുക്കിന്റെ സാമ്പത്തിക ഭദ്രതയിൽ നിന്ന് ജോൺ ടെർനസിന്റെ സാങ്കേതിക വിപ്ലവത്തിലേക്ക് ആപ്പിൾ ചുവടുവെക്കുമ്പോൾ ലോകം ഉറ്റുനോക്കുന്നത് ഐഫോണിന്റെയും മാക്ബുക്കിന്റെയും അടുത്ത രൂപത്തിലേക്കാണ്. ഈ പ്രഖ്യാപനം ടെക് ചരിത്രത്തിലെ തന്നെ ഏറ്റവും പ്രധാനപ്പെട്ട ഒന്നായി വരും വർഷങ്ങളിൽ അടയാളപ്പെടുത്തപ്പെടും.



## വീണ്ടും വിവാദ പരാമർശവുമായി പപ്പു യാദവ്

പാട്ന: വീണ്ടും വിവാദ പരാമർശവുമായിബീഹാറിൽനിന്നുള്ളലോക്സഭാ എം.പി പപ്പു യാദവ്. 70–80ശതമാനം രാഷ്ട്രീയക്കാരും അശ്ലീല വീഡിയോകൾ കാണാറുണ്ടെന്നായിരുന്നു പരാമർശം.

വനിതാബില്ലുമായിബന്ധപ്പെട്ട്,പുരുഷ നേതാവിന്റെ മുറിയിൽ പോകാതെ ഭൂരിഭാഗം വനിതകൾക്കുംരാഷ്ട്രീയത്തിൽ പ്രവേശിക്കാനാവില്ലെന്ന പപ്പുവിന്റെ പരാമർശം വൻ വിവാദമായിരുന്നു. പിന്നാലെ ബീഹാർ വനിതാ കമ്മിഷൻ നോട്ടീസ് നൽകി. ഇതിന് നൽകിയ മറുപടിയിലാണ് വീണ്ടും വിവാദ പ്രസ്താവന നടത്തിയത്.

'രാഷ്ട്രീയക്കാർ അശ്ലീല ദൃശ്യങ്ങൾ കാണാറുണ്ടെന്ന് ഞാൻ സഭയിലും പറഞ്ഞിട്ടുള്ളതാണ്. 70 80 ശതമാനം രാഷ്ട്രീയക്കാരും അശ്ലീല വീഡിയോ കാണാറുണ്ട്. എല്ലാവരെയും പരിശോധിക്കണം. എന്റെ ഫോണിൽ പോൺ വീഡിയോ ഉണ്ടെങ്കിൽ എന്നെയും പരിശോധിച്ചോളൂ. എനിക്ക് നോട്ടീസ് അയച്ചവർ ആരാണ്? അവർ ആർക്കൊപ്പമാണ്. മുൻമന്ത്രിമാർക്കൊപ്പമുള്ള നിരവധി ചിത്രങ്ങളുണ്ട്.

ചില്ലുമേടയിൽ കഴിയുന്നവർ കല്ലെറിയരുത്. ചൂഷണത്തിനിരയാകാതെ രാഷ്ട്രീയത്തിൽ പ്രവേശിക്കാൻ സ്ത്രീകളെ പുരുഷന്മാർ അനുവദിക്കില്ലെന്നാണ്താൻ പറഞ്ഞത്. സ്ത്രീകളുടെ അവകാശത്തിനുവേണ്ടിയാണ് താൻ പോരാടുന്നത്.

സ്ത്രീകളോട് പുരുഷ നേതാക്കൾ കഴുകന്മാരെ പോലെയാണ് പെരുമാറുന്നത്. അവർ സ്ത്രീകളെ ചൂഷണം ചെയ്തിട്ടാണ് വനിതാ ബില്ലിനുവേണ്ടി സംസാരിക്കുന്നത്' എന്നും പപ്പു പറഞ്ഞു.

ഇതിനുമുമ്പും പപ്പു വിവാദ പരാമർശങ്ങൾ നടത്തിയിട്ടുണ്ട്.

### ഇ.ഡി റെയ്ഡ് തടസപ്പെടുത്തിയ സംഭവം


# 'മമത ജനാധിപത്യത്തെ അപകടത്തിലാക്കുന്നു'

ന്യൂഡൽഹി: കൊൽക്കത്ത ഐപാക് ഓഫീസിലെ ഇ.ഡി റെയ്ഡ് തടസപ്പെടുത്തിയ ബംഗാൾ മുഖ്യമന്ത്രി മമത ബാനർജിയുടെ നടപടിയിൽ രൂക്ഷ വിമർശനമുയർത്തി സുപ്രീംകോടതി. കേന്ദ്ര ഏജൻസിയുടെ അന്വേഷണത്തിൽ മമത നത്തുന്ന ഇടപെടൽ ജനാധിപത്യത്തെ അപകടത്തിലാക്കുന്നതാണെന്ന് ജസ്റ്റിസുമാരായ പ്രശാന്ത് കുമാർ മിശ്ര, എൻ.വി. അൻജാരിയ എന്നിവരടങ്ങിയ ബെഞ്ച് നിരീക്ഷിച്ചു. ഈ രാജ്യത്ത് ഇ.ഡി റെയ്ഡ് നടക്കുന്ന ഓഫീസിലേക്ക് സിറ്റിംഗ് മുഖ്യമന്ത്രി കയറിവരുന്ന ദിവസമുണ്ടാകുമെന്ന് ഒരിക്കലും കരുതിയില്ലെന്നും പറഞ്ഞു. തൃണമൂൽ കോൺഗ്രസിന്റെ പൊളിറ്റിക്കൽ കൺസൾട്ടന്റായ ഐപാകിന്റെ കൊൽക്കത്തയിലെ ഓഫീസിൽ ജനുവരി എട്ടിനായിരുന്നു റെയ്ഡ്. വിവരമറിഞ്ഞ് മമത, ഡി.ജി.പി അടക്കം ഉന്നത പൊലീസ് ഉദ്യോഗസ്ഥർക്കൊപ്പം സ്ഥലത്തെത്തി റെയ്ഡ് തടസപ്പെടുത്തുകയായിരുന്നു. ഇ.ഡി ഉദ്യോഗസ്ഥർക്കെതിരെ എഫ്.ഐ.ആറും രജിസ്റ്റർ ചെയ്തു. ഈനടപടികൾക്കെതിരെഇ.ഡിസമർപ്പിച്ചഹർജിയാണ് സുപ്രീംകോടതി ഇന്നലെ പരിഗണിച്ചത്. സി.ബി.ഐ അന്വേഷണവും ആവശ്യപ്പെട്ടിരുന്നു. എന്നാൽ, ഇ.ഡിയുടെ റിട്ട് ഹർജി നിലനി!*!ൽക്കില്ലെന്ന് മമത സർക്കാരിനുവേണ്ടി ഹാജരായ മുതിർന്ന അഭിഭാഷക മേനക ഗുരുസ്വാമി വാദിച്ചു. കേന്ദ്ര സംസ്ഥാന സർക്കാരുകൾ തമ്മിലുള്ള തർക്കമാണെന്ന് അറിയിച്ചു. ഈവാദത്തെ കോടതി അംഗീകരിച്ചില്ല. സിറ്റിംഗ് മുഖ്യമന്ത്രി ഇടപെട്ട വിഷയത്തെ അത്തരത്തിലൊരു തർക്കമായി കാണാനാകില്ല. കൂടുതൽ പറയിപ്പിക്കരുത്. നിയമസഭാ തിരഞ്ഞെടുപ്പു സമയത്ത് കോടതി ഇങ്ങനെ നിരീക്ഷിച്ചുവെന്ന് ബംഗാൾ സർക്കാർ പറയുമെന്നും വ്യക്തമാക്കി.



#### യാഥാർത്ഥ്യങ്ങൾക്കുനേരെ കണ്ണടയ്ക്കാനാകില്ല

ബംഗാളിൽ അസാധാരണ സാഹചര്യമെന്ന് കോടതി. എസ്.ഐ.ആർ പ്രക്രിയയിൽ ഏർപ്പെട്ടിരുന്ന ജുഡിഷ്യൽ ഓഫീസർമാരെ തടഞ്ഞുവച്ചത് നമ്മൾ കണ്ടതാണ്. യാഥാർത്ഥ്യങ്ങൾക്കുനേരെ കോടതിക്ക് കണ്ണടയ്ക്കാനാകില്ല. ഇ.ഡി പരാതിയുമായി മജിസ്ട്രേട്ട് കോടതിയെ സമീപിക്കണമെന്നാണോ പറയുന്നതെന്നും മമത സർക്കാരിനോട് ചോദിച്ചു. നിർണായകമായ തെളിവുകൾ മമത എടുത്തുകൊണ്ടുപോയെന്ന്, കേന്ദ്ര ഏജൻസികൾക്ക് വേണ്ടി ഹാജരായ സോളിസിറ്റർ ജനറൽ തുഷാർ മേത്ത അറിയിച്ചു.


475 Martingale Rd, Suite 1250, Schaumburg, IL 60173 | 847-585-4931 | SunnyFinancial.com
Financial Advisor with Eagle Strategies LLC (a Registered investment Advisor).
Securities offered through NYLIFE Securities LLC (Member FINRA/SIPC).
Insurance offered through NYLIFE Securities LLC, a Licensed Insurance Agency.
Eagle Strategies LLC and NYLIFE Securities LLC are New York Life companies.
Sunny Financial Strategies, LLC is independently owned and operated from
NYLIFE Securities LLC and its affiliates and does not offer tax or legal advice.



# ട്രംപിന്റെ 'അനിശ്ചിതകാല' തന്ത്രം: പശ്ചിമേഷ്യയിൽ യുദ്ധം ഒഴിവാകുമോ? ഇറാന്റെ ഏകീകൃത നിർദ്ദേശവും മാറുന്ന ആഗോള രാഷ്ട്രീയവും



പശ്ചിമേഷ്യയിൽ മിസൈലുകൾ ഗർജിക്കേണ്ടിയിരുന്ന നിമിഷങ്ങൾ നിശബ്ദതയിലേക്ക് വഴിമാറിയിരിക്കുന്നു. 2026 ഏപ്രിൽ 22 പുലർച്ചെ വൈറ്റ് ഹൗസിൽ നിന്ന് പുറത്തുവന്ന ഏറ്റവും പുതിയ വാർത്ത പ്രകാരം, അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് രണ്ടാഴ്ചത്തെ വെടിനിർത്തൽ കാലാവധി 'അനിശ്ചിതകാലത്തേക്ക്' നീട്ടിയിരിക്കുകയാണ്. ലോകമെമ്പാടുമുള്ള ഓഹരി വിപണികൾ ഈ വാർത്തയോട് പോസിറ്റീവായാണ് പ്രതികരിച്ചതെങ്കിലും, നയതന്ത്ര ലോകം ഈ നീക്കത്തെ അതീവ ജാഗ്രതയോടെയാണ് വീക്ഷിക്കുന്നത്. ഇത് സമാധാനത്തിലേക്കുള്ള വാതിലാണോ അതോ ഇറാനെ സാമ്പത്തികമായി ശ്വാസം മുട്ടിക്കാനുള്ള ട്രംപിന്റെ പുതിയ ചതുരംഗക്കളിയാണോ?

പശ്ചിമേഷ്യയിലെ യുദ്ധഭീതിയെ താൽക്കാലികമായി മരവിപ്പിച്ചുകൊണ്ട് ഡൊണാൾഡ് ട്രംപ് പ്രഖ്യാപിച്ച അനിശ്ചിതകാല വെടിനിർത്തൽ ഒരു വലിയ മാറ്റത്തിന്റെ സൂചനയാണ്. ഇറാന്റെ പരമോന്നത നേതാവ് മുജ്തബ ഖമേനിയുടെ നിർദ്ദേശപ്രകാരം ഇറാൻ പാർലമെന്റ് സ്പീക്കർ മുഹമ്മദ് ബാഘർ ഘാലിബാഫ് തയ്യാറാക്കിയ 'ഏകീകൃത നിർദ്ദേശം' വൈറ്റ് ഹൗസിന്റെ പരിഗണനയിലാണ്. ഈ നിർദ്ദേശത്തിൽ തൊട്ടടുത്ത മണിക്കൂറുകളിൽ ട്രംപ് എന്ത് നിലപാട് എടുക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും ലോകത്തിന്റെ സമാധാനം.

**1. എന്താണ് ട്രംപിന്റെ 'അനിശ്ചിതകാല' വെടിനിർത്തൽ തന്ത്രം?**

വെടിനിർത്തൽ കാലാവധി നീട്ടുന്നതിലൂടെ ട്രംപ് ലക്ഷ്യമിടുന്നത് കൃത്യമായ ചില രാഷ്ട്രീയ നേട്ടങ്ങളാണ്.

**സമ്മർദ്ദത്തിലാകുന്ന നിശബ്ദത:** വെടിനിർത്തൽ നീട്ടുന്നതിനൊപ്പം തന്നെ ഇറാനിയൻ തുറമുഖങ്ങൾക്കും എണ്ണക്കപ്പലുകൾക്കും മേലുള്ള നാവിക ഉപരോധം തുടരുമെന്ന് ട്രംപ് വ്യക്തമാക്കി. ഇത് ഇറാന്റെ സൈനിക നീക്കങ്ങളെ തടയുമ്പോൾ തന്നെ അവരുടെ സമ്പദ്‌വ്യവസ്ഥയെ കൂടുതൽ ദുർബലപ്പെടുത്തും.

**ഡീൽ മേക്കർ ഇമേജ്:** വരാനിരിക്കുന്ന അമേരിക്കൻ മിഡ്ടേം തിരഞ്ഞെടുപ്പുകളിൽ ഒരു 'സമാധാന സ്ഥാപകൻ' എന്ന പ്രതിച്ഛായ നേടിയെടുക്കാൻ ട്രംപിന് ഈ നീക്കം അത്യാവശ്യമാണ്. യുദ്ധമില്ലാതെ തന്നെ ഇറാന്റെ ആണവ പദ്ധതികൾ നിയന്ത്രിക്കാൻ തനിക്ക് കഴിയുമെന്ന് അദ്ദേഹം വോട്ടർമാരോട് പറയാൻ ആഗ്രഹിക്കുന്നു.

**ഇറാനിലെ ആഭ്യന്തര മാറ്റങ്ങൾ:** ഉപരോധം തുടരുന്നത് ഇറാനിലെ ഭരണകൂടത്തിന് മേൽ ജനകീയ പ്രതിഷേധം വർദ്ധിപ്പിക്കുമെന്ന് ട്രംപ് ഭരണകൂടം കണക്കുകൂട്ടുന്നു. ചർച്ചകൾ നീളുന്ന ഓരോ ദിവസവും ഇറാനിലെ പണപ്പെരുപ്പവും പട്ടിണിയും വർദ്ധിക്കുന്നത് ട്രംപിന് ചർച്ചാമേശയിൽ മേൽക്കൈ നൽകും.

**2. ഇറാന്റെ 'ഏകീകൃത നിർദ്ദേശം': ചർച്ചകളിലെ വഴിത്തിരിവ്**

ഇസ്ലാമാബാദ് ഉച്ചകോടിയിൽ ഇറാൻ അവതരിപ്പിക്കാനൊരുങ്ങുന്ന പുതിയ ഫോർമുല അതീവ രഹസ്യമായാണ് സൂക്ഷിച്ചിരിക്കുന്നത്.

**ആണവ നിയന്ത്രണം:** യുറേനിയം സമ്പുഷ്ടീകരണം ഒരു പ്രത്യേക പരിധിക്ക് താഴെ നിർത്താൻ ഇറാൻ തയ്യാറാണെന്ന സൂചനകൾ ഈ നിർദ്ദേശത്തിലുണ്ട്. ഇതിന് പകരമായി ഐക്യരാഷ്ട്രസഭയുടെ മേൽനോട്ടത്തിൽ ഉപരോധങ്ങളിൽ ഇളവ് അവർ ആവശ്യപ്പെടുന്നു.

**മേഖലാ സുരക്ഷ:** ഹോർമുസ് കടലിടുക്കിലെ കപ്പൽ ഗതാഗതം തടസ്സപ്പെടുത്താൻ തങ്ങൾ ആഗ്രഹിക്കുന്നില്ലെന്നും എന്നാൽ അമേരിക്കൻ സൈന്യം പിടിച്ചെടുത്ത തങ്ങളുടെ കപ്പലുകൾ വിട്ടുനൽകണമെന്നും ഇറാൻ ആവശ്യപ്പെടുന്നു. ഈ നിർദ്ദേശം അമേരിക്കൻ വിദേശകാര്യ സെക്രട്ടറി മാർക്കോ റൂബിയോയുമായി പാകിസ്ഥാൻ പങ്കുവെച്ചതായാണ് റിപ്പോർട്ട്.

**സിറിയയിലെയും ലബനനിലെയും സ്വാധീനം:** തങ്ങളുടെ പരോക്ഷ സൈനിക സഖ്യങ്ങളെ പിൻവലിക്കാൻ തയ്യാറാണെന്ന വലിയൊരു വിട്ടുവീഴ്ചയ്ക്കും ഇറാൻ തയ്യാറായേക്കാം. ഇത് പശ്ചിമേഷ്യയിലെ ഇസ്രായേലിന്റെ ആശങ്കകൾ കുറയ്ക്കാൻ സഹായിക്കും.

**3. അമേരിക്കൻ സമ്പദ്‌വ്യവസ്ഥയും ആഗോള വിപണിയും**

ഈ വെടിനിർത്തൽ നീക്കം ആഗോള വിപണികളിൽ വലിയ ആശ്വാസമാണ് നൽകിയത്.

**എണ്ണവിലയിലെ ഇടിവ്:** വെടിനിർത്തൽ നീട്ടിയ വാർത്ത പുറത്തുവന്നതോടെ ബ്രെന്റ് ക്രൂഡ് ഓയിൽ വില ബാരലിന് 5 ഡോളർ വരെ കുറഞ്ഞു. ഇത് അമേരിക്കയിലെ ഗ്യാസോലിൻ വില കുറയാനും പണപ്പെരുപ്പം നിയന്ത്രിക്കാനും ട്രംപിനെ സഹായിക്കും.

**സ്റ്റോക്ക് മാർക്കറ്റിലെ ഉണർവ്:** യുദ്ധമുണ്ടാകില്ലെന്ന പ്രതീക്ഷയിൽ വാൾസ്ട്രീറ്റ് വലിയ നേട്ടമുണ്ടാക്കി. പ്രധാനമായും ടെക്, ഊർജ്ജ കമ്പനികളുടെ ഓഹരികളിൽ വലിയ വർദ്ധനവാണ് രേഖപ്പെടുത്തിയത്.

**ഡോളറിന്റെ കരുത്ത്:** ജിയോപൊളിറ്റിക്കൽ അനിശ്ചിതത്വം കുറഞ്ഞതോടെ ആഗോള വിനിമയ വിപണിയിൽ ഡോളർ കൂടുതൽ ശക്തമായി. ഇത് ഇറക്കുമതിയെ ആശ്രയിക്കുന്ന രാജ്യങ്ങൾക്ക് ഗുണകരമാകും.

**4. ഇസ്രായേലിന്റെയും അറബ് രാജ്യങ്ങളുടെയും പ്രതികരണം**

ട്രംപിന്റെ ഈ ഏകപക്ഷീയ നീക്കം അമേരിക്കയുടെ സഖ്യകക്ഷികൾക്കിടയിൽ സമ്മിശ്ര പ്രതികരണമാണ് ഉണ്ടാക്കിയത്.

**നെതന്യാഹുവിന്റെ ജാഗ്രത:** ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു ഈ വെടിനിർത്തലിനോട് പൂർണ്ണമായും യോജിക്കുന്നില്ല. ഇറാൻ സമയം നേടിയെടുത്ത് തങ്ങളുടെ ആണവ പദ്ധതികൾ പൂർത്തിയാക്കാനാണ് ശ്രമിക്കുന്നതെന്ന് നെതന്യാഹു ട്രംപിന് മുന്നറിയിപ്പ് നൽകി.

**സൗദി അറേബ്യയും യുഎഇയും:** ഈ വെടിനിർത്തൽ സ്ഥിരമായ ഒരു സമാധാന ഉടമ്പടിയായി മാറണമെന്നാണ് സൗദി കിരീടാവകാശി മുഹമ്മദ് ബിൻ സൽമാൻ ആഗ്രഹിക്കുന്നത്. മേഖലയിൽ സ്ഥിരതയുണ്ടായാൽ മാത്രമേ അവരുടെ 'വിഷൻ 2030' പദ്ധതികൾ വിജയിപ്പിക്കാൻ കഴിയൂ.

**ലബനനിലെ ആശ്വാസം:** കടുത്ത മാനുഷിക ദുരന്തം നേരിടുന്ന ലബനന് ഈ വെടിനിർത്തൽ അല്പം ശ്വാസം നൽകും. സഹായങ്ങൾ ജനങ്ങളിലേക്ക് എത്തിക്കാൻ ഈ സമയം ഉപയോഗിക്കണമെന്ന് നജീബ് മികാതി ഭരണകൂടം ആഗ്രഹിക്കുന്നു.

**5. 2026ന് ശേഷമുള്ള പശ്ചിമേഷ്യ**

ഈ വെടിനിർത്തൽ വിജയിച്ചാൽ ലോക രാഷ്ട്രീയത്തിൽ വലിയ മാറ്റങ്ങളുണ്ടാകും.


**പുതിയ ആണവ കരാർ:** ട്രംപിന്റെ പേരിൽ പുതിയൊരു ആണവ കരാർ നിലവിൽ വരാനുള്ള സാധ്യതയേറി. ഇത് ഒബാമയുടെ കാലത്തെ കരാറിനേക്കാൾ കർശനമായ വ്യവസ്ഥകളുള്ളതായിരിക്കും.

**റഷ്യ–ചൈന സ്വാധീനം:** പശ്ചിമേഷ്യയിൽ അമേരിക്ക സമാധാനം കൊണ്ടുവന്നാൽ അത് ചൈനയുടെയും റഷ്യയുടെയും ഈ മേഖലയിലെ സ്വാധീനം കുറയ്ക്കാൻ കാരണമാകും. 'മിഡിൽ ഈസ്റ്റ് ഡീൽ മേക്കർ' എന്ന പദവി ട്രംപിന് ആഗോള തലത്തിൽ വലിയ അംഗീകാരം നൽകും.

**ഇന്ത്യയുടെ പങ്ക്:** ഈ വെടിനിർത്തൽ ഇന്ത്യയുടെ ഊർജ്ജ സുരക്ഷയ്ക്കും പ്രവാസി മലയാളികളുടെ തൊഴിൽ സുരക്ഷയ്ക്കും വലിയ അനുഗ്രഹമാണ്. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സമാധാന ആഹ്വാനങ്ങൾ അന്താരാഷ്ട്ര തലത്തിൽ കൂടുതൽ വിലമതിക്കപ്പെടും.

ട്രംപിന്റെ 'അനിശ്ചിതകാല' വെടിനിർത്തൽ ഒരു വലിയ പരീക്ഷണമാണ്. തോക്കുകൾ താഴെവെച്ചെങ്കിലും നയതന്ത്ര യുദ്ധം അതിന്റെ പാരമ്യത്തിലാണെന്നാണ്. ഇറാന്റെ നിർദ്ദേശങ്ങളിൽ ട്രംപ് തൃപ്തനാകുമോ അതോ ഉപരോധത്തിന്റെ ശക്തി കൂട്ടി ഇറാനെ കൂടുതൽ പ്രതിസന്ധിയിലാക്കുമോ എന്ന് വരും ദിവസങ്ങൾ കാണിച്ചുതരും.

# ഇസ്ലാമാബാദിലെ ചതുരംഗം: പാകിസ്ഥാൻ എന്ന മധ്യസ്ഥൻ; ലക്ഷ്യം സമാധാന ഉടമ്പടിയോ, അതോ സാമ്പത്തിക പാക്കേജോ?



അന്താരാഷ്ട്ര രാഷ്ട്രീയത്തിലെ ഏറ്റവും വിരോധാഭാസമായ ഒരു കാഴ്ചയ്ക്കാണ് ഇസ്ലാമാബാദ് സാക്ഷ്യം വഹിക്കുന്നത്. സാമ്പത്തിക തകർച്ചയുടെ വക്കിൽ നിൽക്കുന്ന ഒരു രാജ്യം, ലോകത്തെ രണ്ട് വൻശക്തികളെ – അമേരിക്കയെയും ഇറാനെയും – യുദ്ധത്തിൽ നിന്ന് പിന്തിരിപ്പിക്കാനുള്ള മധ്യസ്ഥനായി മാറിയിരിക്കുന്നു. ഇസ്ലാമാബാദിലെ 'ജിന്ന കൺവെൻഷൻ സെന്ററിൽ' ഒരുങ്ങുന്ന ചർച്ചാമേശ വെറുമൊരു സമാധാന ചർച്ചയല്ല, മറിച്ച് പാകിസ്ഥാൻ എന്ന രാജ്യത്തിന്റെ നിലനിൽപ്പിനായുള്ള അവസാനത്തെ ചൂതാട്ടം കൂടിയാണ്.

പാകിസ്ഥാൻ പ്രധാനമന്ത്രി ഷെഹ്ബാസ് ഷരീഫും ആർമി ചീഫ് ജനറൽ അസിം മുനീറും കഴിഞ്ഞ ഏതാനും ആഴ്ചകളായി വാഷിംഗ്ടണും ടെഹ്റാനും ഇടയിൽ നടത്തുന്ന നയതന്ത്ര ഓട്ടം ലോകം അത്ഭുതത്തോടെയാണ് കാണുന്നത്. അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപും ഇറാന്റെ പരമോന്നത നേതാവ് മുജ്തബ ഖമേനിയും തമ്മിലുള്ള നേരിട്ടുള്ള പോരാട്ടം ഒഴിവാക്കാൻ പാകിസ്ഥാൻ നടത്തുന്ന ഈ നീക്കങ്ങൾക്ക് പിന്നിൽ വ്യക്തമായ സാമ്പത്തിക ലക്ഷ്യങ്ങളുണ്ട്.

**1. പാകിസ്ഥാന്റെ മധ്യസ്ഥത: രാഷ്ട്രീയ തന്ത്രമോ അതിജീവനമോ?**

ലോകം പക്വതയുള്ള ഒരു നയതന്ത്ര രാജ്യമായി പാകിസ്ഥാനെ കാണണമെന്നാണ് ഷെഹ്ബാസ് ഷരീഫ് ആഗ്രഹിക്കുന്നത്.

**ജിന്ന ഹൗസിലെ തിരക്കിട്ട നീക്കങ്ങൾ:** യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോയുമായും ഇറാന്റെ വിദേശകാര്യ മന്ത്രി അബ്ബാസ് അരാഗ്ചിയുമായും ജനറൽ അസിം മുനീർ നേരിട്ട് നടത്തിയ ചർച്ചകൾ പാകിസ്ഥാന്റെ 'മിലിട്ടറി ഡിപ്ലോമസി'യുടെ ഭാഗമാണ്. ഇറാനുമായി അതിർത്തി പങ്കിടുന്ന രാജ്യം എന്ന നിലയിൽ പാകിസ്ഥാന്റെ വാക്കുകൾക്ക് അമേരിക്കൻ പ്രതിരോധ വകുപ്പ് വില നൽകുന്നു.

**വിശ്വസ്തത തെളിയിക്കാനുള്ള ശ്രമം:** പശ്ചിമേഷ്യയിൽ ചൈനയ്ക്കുള്ള സ്വാധീനം കുറയ്ക്കാനും അമേരിക്കയുടെ വിശ്വസ്ത സഖ്യകക്ഷിയായി മാറാനും ഈ അവസരം പാകിസ്ഥാൻ ഉപയോഗിക്കുന്നു. ഇറാനെ ചർച്ചാമേശയിൽ എത്തിക്കാൻ കഴിഞ്ഞാൽ ട്രംപ് ഭരണകൂടം നൽകുന്ന സാമ്പത്തിക ഇളവുകളാണ് അവരുടെ ലക്ഷ്യം.

**ഭീകരവാദ പ്രതിച്ഛായ മാറ്റൽ:** അന്താരാഷ്ട്ര തലത്തിൽ തങ്ങൾക്കുള്ള 'ഭീകരവാദ സ്പോൺസർ' എന്ന പ്രതിച്ഛായ മാറ്റി 'സമാധാനത്തിന്റെ വക്താവ്' എന്ന നിലയിലേക്ക് മാറാൻ പാകിസ്ഥാൻ ഈ ചർച്ചകളെ ഉപയോഗിക്കുന്നു. ഇതിലൂടെ എഫ്എടിഎഫ് പോലുള്ള സംഘടനകളിൽ നിന്ന് കൂടുതൽ ഇളവുകൾ അവർ പ്രതീക്ഷിക്കുന്നു.

**2. സാമ്പത്തിക പാക്കേജ്: സമാധാനത്തിന് ഒരു വിലയുണ്ട്**

ഈ നയതന്ത്ര നീക്കം വിജയിച്ചാൽ പാകിസ്ഥാൻ പ്രതീക്ഷിക്കുന്നത് ശതകോടികളുടെ സാമ്പത്തിക സഹായമാണ്.

**ഐഎംഎഫ് സമ്മർദ്ദം:** കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന പാകിസ്ഥാന് ഐഎംഎഫിന്റെ 25-ാമത്തെ വായ്പാ പാക്കേജ് അത്യന്താപേക്ഷിതമാണ്. അമേരിക്കയുമായി ഒരു സമാധാന കരാറിൽ എത്താൻ ഇറാനെ പ്രേരിപ്പിച്ചാൽ ഐഎംഎഫ് വായ്പകളിൽ അമേരിക്കൻ പിന്തുണ ഷെഹ്ബാസ് ഷരീഫ് ഉറപ്പാക്കിയിട്ടുണ്ട്.

**കടബാധ്യതയിൽനിന്നുള്ള മോചനം:** ചൈനയ്ക്കും സൗദി അറേബ്യയ്ക്കും നൽകാനുള്ള ബില്യൺ കണക്കിന് ഡോളറിന്റെ കടം വീട്ടാൻ 'മധ്യസ്ഥതയ്ക്കുള്ള പ്രതിഫലം' എന്ന നിലയിൽ അമേരിക്കൻ ഗ്രാന്റുകൾ പാകിസ്ഥാൻ പ്രതീക്ഷിക്കുന്നു. ഇത് ലഭിച്ചില്ലെങ്കിൽ രാജ്യം പൂർണ്ണമായ പാപ്പരത്തത്തിലേക്ക് നീങ്ങും.

**ഊർജ്ജസഹായം:** ഇറാൻ-പാകിസ്ഥാൻ ഗ്യാസ് പൈപ്പ്ലൈൻ പദ്ധതിക്ക് മേലുള്ള അമേരിക്കൻ ഉപരോധം നീക്കിക്കൊടുക്കുക എന്നതും പാകിസ്ഥാന്റെ രഹസ്യ അജണ്ടയാണ്. ഇത് രാജ്യത്തെ ഊർജ്ജ പ്രതിസന്ധിക്ക് ശാശ്വത പരിഹാരമാകും.

**3. പരാജയപ്പെട്ടാൽ എന്ത് സംഭവിക്കും? പാകിസ്ഥാന്റെ അസ്ഥിരത**

ഈ മധ്യസ്ഥ ശ്രമങ്ങൾ പരാജയപ്പെട്ടാൽ അത് പാകിസ്ഥാൻ എന്ന രാജ്യത്തിന്റെ അന്ത്യത്തിന് പോലും കാരണമായേക്കാം.

**ആഭ്യന്തര കലഹം:** സമാധാന ചർച്ചകൾ വിജയിച്ചില്ലെങ്കിൽ പാകിസ്ഥാനിലേക്ക് ലഭിക്കുന്ന സാമ്പത്തിക സഹായം നിലയ്ക്കും. ഇത് രാജ്യത്ത് വൻതോതിലുള്ള പണപ്പെരുപ്പത്തിനും ജനകീയ പ്രക്ഷോഭങ്ങൾക്കും വഴിവെക്കും.

**സൈനിക അട്ടിമറി സാധ്യത:** നയതന്ത്ര പരാജയം ജനറൽ അസിം മുനീറിന്റെ നിലനിൽപ്പിനെ ബാധിക്കും. സാമ്പത്തിക തകർച്ച ഉണ്ടായാൽ സൈന്യത്തിനുള്ളിൽ തന്നെ ഭിന്നതകൾ ഉണ്ടാവുകയും രാജ്യം മറ്റൊരു സൈനിക അട്ടിമറിയിലേക്ക് നീങ്ങുകയും ചെയ്തേക്കാം.

**ഇറാൻ അതിർത്തിയിലെ സംഘർഷം:** ചർച്ചകൾ പരാജയപ്പെട്ട് അമേരിക്ക ഇറാനെ ആക്രമിച്ചാൽ അതിന്റെ പ്രത്യാഘാതം പാകിസ്ഥാൻ അതിർത്തിയിലും ഉണ്ടാകും. ലക്ഷക്കണക്കിന് അഭയാർത്ഥികൾ പാകിസ്ഥാനിലേക്ക് ഒഴുകുന്നത് രാജ്യത്തെ ക്രമസമാധാന നില തകർക്കും.

**4. ഇന്ത്യയെ ബാധിക്കുന്നതെങ്ങനെ? ഡൽഹിയുടെ ജാഗ്രത**

പാകിസ്ഥാൻ നടത്തുന്ന ഈ നയതന്ത്ര കളി ഇന്ത്യയുടെ സുരക്ഷാ താൽപ്പര്യങ്ങളെ നേരിട്ട് ബാധിക്കുന്നതാണ്.

**ഭീകരവാദത്തിനുള്ള ഫണ്ടിംഗ്:** പാകിസ്ഥാന് അമേരിക്കയിൽ നിന്ന് വൻതോതിൽ സാമ്പത്തിക സഹായം ലഭിച്ചാൽ, ആ പണം ഇന്ത്യക്കെതിരെയുള്ള ഭീകരപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുമോ എന്ന ആശങ്ക ഡൽഹിക്കുണ്ട്. കാശ്മീരിലെ സമാധാന അന്തരീക്ഷം തകർക്കാൻ ഈ പണം ഉപയോഗിക്കപ്പെട്ടേക്കാം.

**നയതന്ത്ര മേൽക്കൈ:** പാകിസ്ഥാൻ അമേരിക്കയുടെ പ്രിയപ്പെട്ടവനായി മാറിയാൽ ദക്ഷിണേഷ്യൻ രാഷ്ട്രീയത്തിൽ ഇന്ത്യയ്ക്ക് ലഭിക്കുന്ന മുൻഗണന കുറഞ്ഞേക്കാം. ഇത് ഒഴിവാക്കാൻ വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ പ്രത്യേക നയതന്ത്ര നീക്കങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

**ചാബഹാർ തുറമുഖം:** ഇറാനുമായി പാകിസ്ഥാൻ അടുക്കുന്നത് ഇന്ത്യ നിക്ഷേപം നടത്തിയിട്ടുള്ള ചാബഹാർ തുറമുഖത്തിന്റെ പ്രസക്തി കുറച്ചേക്കാം. പാകിസ്ഥാൻ വഴി ഇറാൻ വ്യാപാരം നടത്താൻ തുടങ്ങിയാൽ അത് ഇന്ത്യയുടെ വാണിജ്യ താൽപ്പര്യങ്ങൾക്ക് തിരിച്ചടിയാണ്.

**5. 2026ന് ശേഷമുള്ള ദക്ഷിണേഷ്യ**

ഈ ഉച്ചകോടിയുടെ ഫലം എന്തായാലും അത് ഏഷ്യയുടെ രാഷ്ട്രീയ ഭൂപടത്തെ മാറ്റിവരയ്ക്കും.

**പുതിയ അമേരിക്കൻ നയം:** ഡൊണാൾഡ് ട്രംപ് പാകിസ്ഥാനെ വീണ്ടും പശ്ചിമേഷ്യയിലെ തങ്ങളുടെ പ്രതിനിധിയായി കാണാൻ തുടങ്ങിയാൽ അത് ഇന്ത്യ-അമേരിക്ക ബന്ധത്തിൽ വിള്ളലുകൾ ഉണ്ടാക്കിയേക്കാം. 'മേജർ ഡിഫൻസ് പാർട്ണർ' എന്ന ഇന്ത്യയുടെ പദവിക്ക് വെല്ലുവിളിയാകാൻ പാകിസ്ഥാൻ ശ്രമിക്കും.

**ചൈനയുടെ പിന്മാറ്റം:** പാകിസ്ഥാൻ അമേരിക്കയുമായി കൂടുതൽ അടുക്കുന്നത് ചൈനീസ് പ്രസിഡന്റ് ഷി ജിൻപിംഗിനെ ചൊടിപ്പിച്ചിട്ടുണ്ട്. സിപെക് പദ്ധതികളിൽ നിന്ന് ചൈന പിന്മാറുന്നത് പാകിസ്ഥാനെ കൂടുതൽ പ്രതിസന്ധിയിലാക്കും.

**സമാധാനത്തിന്റെ ആയുസ്സ്:** പാകിസ്ഥാൻ ഉണ്ടാക്കുന്ന സമാധാനം എത്രത്തോളം സുസ്ഥിരമായിരിക്കും എന്നത് ചോദ്യചിഹ്നമാണ്. അമേരിക്കയും ഇറാനും തമ്മിലുള്ള ആഴത്തിലുള്ള ഭിന്നതകൾ പരിഹരിക്കാൻ പാകിസ്ഥാന്റെ താൽക്കാലിക നീക്കങ്ങൾക്ക് കഴിയുമോ എന്ന് കാത്തിരുന്ന് കാണണം.



# ടെയ്‌ലർ സ്വിഫ്റ്റ്– കെൽസി പ്രണയം! എൻഎഫ്എല്ലിന് സമ്മാനിച്ചത് 400 മില്യൺ ഡോളറിന്റെ മൂല്യം

അമേരിക്കൻ ഫുട്ബോൾ ലീഗായ എൻഎഫ്എല്ലിൽ പോപ്പ് ഗായിക ടെയ്‌ലർ സ്വിഫ്റ്റിന്റെ സാന്നിധ്യം വെറുമൊരു പ്രണയകഥ മാത്രമല്ല, അതൊരു വമ്പൻ ബിസിനസ് തന്ത്രം കൂടിയായി മാറി. ചീഫ്സ് താരം ട്രാവിസ് കെൽസിയുമായുള്ള ടെയ്‌ലറിന്റെ ബന്ധം എൻഎഫ്എല്ലിന് നൽകിയത് ഏകദേശം 400 മില്യൺ ഡോളറിന്റെ (ഏകദേശം 3,300 കോടി രൂപ) പരസ്യമൂല്യമാണെന്ന് മുൻ താരം ഷോൺ മെറിമാൻ വെളിപ്പെടുത്തി. സ്പോർട്സും എന്റർടൈൻമെന്റും ഒന്നിക്കുമ്പോൾ ഉണ്ടാകുന്ന ഈ മാറ്റം കായിക ലോകത്തെ തന്നെ അത്ഭുതപ്പെടുത്തിയിരിക്കുകയാണ്.കളിക്കളത്തിലെ ഓരോ മത്സരത്തിലും ടെയ്‌ലർ സ്വിഫ്റ്റ് എത്തുമ്പോൾ ഗാലറിയിലെ ആവേശം ഇരട്ടിക്കുകയാണെന്ന് മെറിമാൻ പറയുന്നു. 'ലോകത്തിലെ ഏറ്റവും വലിയ താരം ഒരു ഹാൾ ഓഫ് ഫെയിം ടൈറ്റ് എൻഡുമായി ഡേറ്റിംഗിലാകുന്നത് അപൂർവ്വമായ കാര്യമാണ്. ഇത് ലീഗിന്റെ മൂല്യം വർദ്ധിപ്പിച്ചു. ടെയ്‌ലർ സ്വിഫ്റ്റ് വെറും 20 സെക്കൻഡ് മാത്രമാണ് ക്യാമറയിൽ വരാറുള്ളതെങ്കിലും ആ ചുരുങ്ങിയ സമയം കൊണ്ട് എൻഎഫ്എൽ നേടുന്നത് കോടികളാണ്,' അദ്ദേഹം കൂട്ടിച്ചേർത്തു. സ്വിഫ്റ്റിന്റെ വരവോടെ ഫുട്ബോൾ കാണാത്തവർ പോലും കളി ശ്രദ്ധിക്കാൻ തുടങ്ങിയത് വ്യൂവർഷിപ്പിൽ വലിയ വർദ്ധനവുണ്ടാക്കി.സോഷ്യൽ മീഡിയയിലെ ചർച്ചകൾ മുതൽ ചീഫ്സ് ടീമിന്റെ ജേഴ്സി വിൽപ്പനയിൽ വരെ ഈ മാറ്റം ദൃശ്യമാണ്. ട്രാവിസ് കെൽസിയുടെ മെർക്കൻഡൈസുകൾക്ക് ആഗോളതലത്തിൽ ആവശ്യക്കാർ ഏറി. സ്പോർട്സ് ചാനലുകൾക്ക് പുറമെ സാധാരണ ചർച്ചകളിൽ പോലും എൻഎഫ്എൽ ഇടം പിടിച്ചു. ടെയ്‌ലറും ട്രാവിസും തമ്മിലുള്ള വിവാഹം എന്നാണെന്ന ചർച്ചകൾ ആരാധകർക്കിടയിൽ സജീവമാണെങ്കിലും നിലവിൽ അത്തരം ഔദ്യോഗിക സ്ഥിരീകരണങ്ങളൊന്നും പുറത്തുവന്നിട്ടില്ല.

## 'ശക്തിമാനാകാൻ അഭിനയം മാത്രം പോരാ, രൺവീർ സിംഗിന് ആ വേഷം പറ്റില്ല'; മുകേഷ് ഖന്ന



ഇന്ത്യയുടെ സ്വന്തം സൂപ്പർ ഹീറോ 'ശക്തിമാൻ' ബിഗ് സ്ക്രീനിലേക്ക് എത്തുമ്പോൾ, നായകനായി നിശ്ചയിച്ചിരിക്കുന്ന രൺവീർ സിംഗിനെതിരെ വീണ്ടും തുറന്നടിച്ച് മുകേഷ് ഖന്ന.ബേസിൽ ജോസഫ് സംവിധാനം ചെയ്യുന്ന ബിഗ് ബജറ്റ് ചിത്രത്തിൽ രൺവീർ സിംഗ് അഭിനയിക്കുന്നതിനോട് തനിക്ക് യോജിപ്പില്ലെന്ന് അദ്ദേഹം ഒരിക്കൽ കൂടി വ്യക്തമാക്കി. ഒരു ദേശീയ മാധ്യമത്തിന് നൽകിയ അഭിമുഖത്തിലാണ് അദ്ദേഹം തന്റെ നിലപാട് ആവർത്തിച്ചത്.രൺവീർ സിംഗിന്റെ അഭിനയശേഷിയെ താൻ മാനിക്കുന്നുണ്ടെങ്കിലും ശക്തിമാൻ എന്ന കഥാപാത്രത്തിന് ആവശ്യമായ മുഖഭാവം അദ്ദേഹത്തിനില്ലെന്നാണ് മുകേഷ് ഖന്നയുടെ വാദം. 'അദ്ദേഹം മികച്ച നടനാണ്, ഊർജ്ജസ്വലനാണ്. പക്ഷേ ശക്തിമാനാകാൻ വെറും അഭിനയം മാത്രം പോരാ, ആ മുഖത്ത് ഒരു ശാലീനതയും ശാന്തതയും വേണം. രൺവീറിന്റെ മുഖം എപ്പോഴും നൃത്തം ചെയ്യാനായി ക്ഷണിക്കുന്നതുപോലെയാണ്, അത് ശക്തിമാന് ചേരുന്നതല്ല,' അദ്ദേഹം പറഞ്ഞു.രൺവീർ സിംഗ് നായകനായ 'ധുരന്ധർ 2' (Dhurandhar 2) ബോക്സ് ഓഫീസിൽ ചരിത്ര വിജയം നേടി കുതിക്കുമ്പോഴാണ് ചിത്രത്തിന്റെ ഒറിജിനൽ സ്രഷ്ടാവ് കൂടിയായ മുകേഷ് ഖന്ന ഇത്തരമൊരു അഭിപ്രായപ്രകടനം നടത്തിയത്.വേഷപ്പകർച്ചയിലെ ആത്മാർത്ഥതയെക്കുറിച്ച് സംസാരിക്കവെ, അക്ഷയ് കുമാറിന്റെ 'സാമ്രാട്ട് പൃഥ്വിരാജ്' എന്ന ചിത്രത്തെയും അദ്ദേഹം വിമർശിച്ചു. കേവലം ഒരു വിഗ്ഗ് ധരിച്ചതുകൊണ്ട് മാത്രം ഒരാൾ പൃഥ്വിരാജ് ചൗഹാൻ ആകില്ലെന്നും, കഥാപാത്രമായി മാറാൻ ആഴത്തിലുള്ള തയ്യാറെടുപ്പുകൾ ആവശ്യമാണെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

## കെൻഡൽ ജെന്നറും ജേക്കബ് എലോർഡിയും പ്രണയത്തിൽ; പിന്നിൽ കൈലി ജെന്നറുടെ'ബുദ്ധി'!



മോഡലിംഗ് രംഗത്തെ സൂപ്പർ താരം കെൻഡൽ ജെന്നറും 'യൂഫോറിയ' ഫെയിം ജേക്കബ് എലോർഡിയും തമ്മിൽ പ്രണയത്തിലാണെന്ന വാർത്തകൾ ഹോളിവുഡിൽ പാട്ടായിക്കഴിഞ്ഞു. കഴിഞ്ഞ ഫെബ്രുവരി മുതൽ ഇരുവരും ഡേറ്റിംഗിലാണെന്നാണ് പുതിയ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. 2026-ലെ കോച്ചെല്ല മ്യൂസിക് ഫെസ്റ്റിവലിലെ ജസ്റ്റിൻ ബീബറുടെ ആഫ്റ്റർ പാർട്ടിയിൽ ഇരുവരും അതീവ അടുപ്പത്തിൽ കാണപ്പെട്ടതോടെയാണ് ആരാധകർക്കിടയിൽ സംശയം ബലപ്പെട്ടത്. ഈ പുതിയ ഹോളിവുഡ് പ്രണയത്തിന് പിന്നിലെ പ്രധാന സൂത്രധാര കൈലി ജെന്നറാണെന്നതാണ് കൗതുകകരമായ വസ്തുത. തന്റെ കാമുകൻ തിമോത്തി ഷാലമേയുടെ അവാർഡ് സീസൺ തിരക്കുകൾക്കിടയിലാണ് കൈലി ജേക്കബ് എലോർഡിയുമായി സൗഹൃദത്തിലാകുന്നത്.

## പഴയ പ്രണയം ഇന്നും വേട്ടയാടുന്നു; കോലിയുടെ ലൈക്കിന് മറുപടിയുമായി മുൻ കാമുകി



ഇന്ത്യൻ ക്രിക്കറ്റ് താരം വിരാട് കോഹ്‌ലി അടുത്തിടെ ഒരു ജർമ്മൻ വ്ലോഗറുടെ ഇൻസ്റ്റാഗ്രാം പോസ്റ്റ് 'ലൈക്ക്' ചെയ്തത് വലിയ ചർച്ചയായിരുന്നു. ഇതിന് പിന്നാലെ കോഹ്‌ലിയുടെ സ്ത്രീകളിലെ'അഭിരുചിയെ' പുകഴ്ത്തിക്കൊണ്ട് സോഷ്യൽ മീഡിയയിൽ വന്ന ഒരു പോസ്റ്റിനോട് പ്രതികരിച്ചിരിക്കുകയാണ് അദ്ദേഹത്തിന്റെ മുൻ കാമുകിയും ബ്രസീലിയൻ നടിയുമായ ഇസബെല്ല ലൈറ്റ്.വിരാട് കോഹ്‌ലിയുടെ മുൻ കാമുകിമാരുടെയും ഭാര്യ അനുഷ്ക ശർമ്മയുടെയും ചിത്രങ്ങൾ പങ്കുവെച്ചുകൊണ്ട് ഒരു ഇൻസ്റ്റാഗ്രാം പേജ് കുറിച്ചത്, 'സ്ത്രീകളുടെ കാര്യത്തിൽ കോഹ്‌ലിയുടെ സെലക്ഷൻ എലൈറ്റ് ആണ്' എന്നായിരുന്നു.

ഇസബെല്ല മുതൽ അനുഷ്ക വരെ നീളുന്ന ആ പട്ടികയിൽ തന്നെയും ഉൾപ്പെടുത്തിയതിലാണ് താരം അതൃപ്തി പ്രകടിപ്പിച്ചത്. 'ഇത് കഴിഞ്ഞിട്ട് 12 വർഷമായി, എന്നിട്ടും ആളുകൾക്ക് ഇത് മറക്കാൻ കഴിയാത്തത് എന്തുകൊണ്ടാണ്?' എന്നാണ് ഇസബെല്ല കമന്റ് ചെയ്തത്.



## മാലിബുവിലെ തിരമാലകൾക്കിടയിൽ ചുംബിച്ച് കിമ്മും ലൂയിസും; പ്രണയം പരസ്യമാക്കി താരജോഡികൾ!



ഹോളിവുഡിലെ ഏറ്റവും പുതിയ പ്രണയവാർത്തകളിലെ നായകരും നായികയുമായി മാറിയിരിക്കുകയാണ് കിം കർദാഷിയാനും ഫോർമുല വൺ താരം ലൂയിസ് ഹാമിൾട്ടണും. കഴിഞ്ഞ ഏപ്രിൽ 20-ന് മാലിബുവിലെ കടൽത്തീരത്ത് ഇരുവരും അതീവ സന്തോഷവാന്മാരായി സമയം ചെലവഴിക്കുന്ന ചിത്രങ്ങൾ പുറത്തുവന്നതോടെയാണ് ഇവരുടെ ബന്ധത്തെക്കുറിച്ചുള്ള അഭ്യൂഹങ്ങൾ സത്യമാണെന്ന് ആരാധകർ ഉറപ്പിച്ചത്. കടലിൽ നീന്തിത്തുടിക്കുന്നതിനിടയിൽ പരസ്പരം കെട്ടിപ്പിടിക്കുകയും ചുംബിക്കുകയും ചെയ്യുന്ന ഇവരുടെ ചിത്രങ്ങൾ ഇപ്പോൾ സോഷ്യൽ മീഡിയയിൽ വൈറലാണ്. കഴിഞ്ഞ കുറച്ചു മാസങ്ങളായി ഇരുവരും പ്രണയത്തിലാണെന്ന തരത്തിൽ വാർത്തകൾ വന്നിരുന്നു. ഫെബ്രുവരിയിൽ ഒരു സ്വകാര്യ വിമാനത്തിൽ പാരീസിലേക്ക് ഇരുവരും ഒരുമിച്ച് യാത്ര ചെയ്തതോടെയാണ് സംശയം ബലപ്പെട്ടത്. തുടർന്ന് നടന്ന സൂപ്പർ ബൗൾ മത്സരത്തിലും ഇവർ ഒപ്പമുണ്ടായിരുന്നു. അടുത്തിടെ ജപ്പാനിലെ ടോക്കിയോയിൽ വെച്ച് ഇരുവരും കൈകോർത്ത് നടക്കുന്ന വീഡിയോകളും ലൂയിസ് ഹാമിൾട്ടന്റെ ഫെരാരി കാറിൽ കിം കർദാഷിയാൻ യാത്ര ചെയ്യുന്ന ദൃശ്യങ്ങളും വലിയ ചർച്ചയായിരുന്നു.ഏറ്റവും ഒടുവിൽ നടന്ന കോച്ചെല്ല മ്യൂസിക് ഫെസ്റ്റിവലിലും ഇവർ ഒരുമിച്ചാണ് എത്തിയത്. നേരത്തെ കന്യേ വെസ്റ്റുമായുള്ള വിവാഹമോചനത്തിന് ശേഷം കിം തന്റെ സ്വകാര്യ ജീവിതം ഏറെ രഹസ്യമായിട്ടാണ് സൂക്ഷിച്ചിരുന്നത്. എന്നാൽ ലൂയിസ് ഹാമിൾട്ടണുമായുള്ള ബന്ധം ഇപ്പോൾ ഏതാണ്ട് പരസ്യമായിക്കഴിഞ്ഞു.

# ചെന്നൈ 2’; ആവേശകരമായ അപ്ഡേറ്റുമായി ധനുഷ്




തമിഴ് സിനിമാ പ്രേമികൾ വർഷങ്ങളായി കാത്തിരിക്കുന്ന 'വട ചെന്നൈ 2' വിനെക്കുറിച്ച് ആവേശകരമായ അപ്ഡേറ്റുമായി താരം ധനുഷ്.വടക്കൻ ചെന്നൈയിലെ കുറ്റവാളികളുടെയും രാഷ്ട്രീയത്തിന്റെയും കഥ പറഞ്ഞ ചിത്രം 'വട ചെന്നൈ'യുടെ രണ്ടാം ഭാഗം ഉടൻ ഉണ്ടാകുമെന്ന സൂചന താരം നൽകി. ചിത്രത്തിന്റെ ചിത്രീകരണം 2026-ൽ ആരംഭിക്കുമെന്നും 2027-ൽ സിനിമ തീയേറ്ററുകളിലെത്തുമെന്നും ധനുഷ് സ്ഥിരീകരിച്ചു. 2018-ലായിരുന്നു വെട്രിമാരൻ സംവിധാനം ചെയ്ത ചിത്രത്തിന്റെ ആദ്യ ഭാഗം പുറത്തിറങ്ങിയത്.സാധാരണക്കാരനായ ഒരു കാരംസ് താരം അധോലോക രാഷ്ട്രീയത്തിലേക്ക് വലിച്ചിഴയ്ക്കപ്പെടുന്നതും തുടർന്നുണ്ടാകുന്ന സംഭവങ്ങളുമായിരുന്നു സിനിമയുടെ ഇതിവൃത്തം. ആദ്യ ഭാഗം അവസാനിച്ച ഇടത്തുനിന്നുള്ള അൻബുവിന്റെ വളർച്ചയാകും രണ്ടാം ഭാഗത്തിൽ ദൃശ്യവൽക്കരിക്കുക. 1991-ലെ ഗൾഫ് യുദ്ധ പശ്ചാത്തലത്തിൽ ഒരുങ്ങുന്ന ഈ ചിത്രത്തിൽ 'കാരാസാമി' എന്ന കഥാപാത്രത്തെയാണ് ധനുഷ് അവതരിപ്പിക്കുന്നത്.



## ഡിസി സിനിമാ ലോകത്തേക്ക് പുതിയ വില്ലൻ; 'ക്ലേഫേസ്' ഫസ്റ്റ് ലുക്ക് പുറത്ത്!

ഡിസി സ്റ്റുഡിയോസിന്റെ ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന ചിത്രം 'ക്ലേഫേസ്' (Clayface) തീയേറ്ററുകളിലേക്ക് എത്തുന്നു. ചിത്രത്തിലെ നായകനായ ടോം റീസ് ഹാരിസിന്റെ ഫസ്റ്റ് ലുക്ക് അണിയറപ്രവർത്തകർ പുറത്തുവിട്ടു. ഗൈ റിച്ചിയുടെ 'ദ ജെന്റിൽമാൻ' (2019) എന്ന ചിത്രത്തിലൂടെ ശ്രദ്ധേയനായ ഹാരിസാണ് ഈ ടൈറ്റിൽ കഥാപാത്രത്തെ അവതരിപ്പിക്കുന്നത്.ചിത്രത്തിന്റെ കഥാതന്തുവിനെക്കുറിച്ച് പറയുകയാണെങ്കിൽ, ഒരു വളർന്നുവരുന്ന നടനായ മാറ്റ് ഹേഗൻ എന്ന കഥാപാത്രത്തെയാണ് ടോം റീസ് ഹാരിസ് അവതരിപ്പിക്കുന്നത്. അപ്രതീക്ഷിതമായ ഒരു അപകടത്തിൽ മുഖം വികൃതമാകുന്നതിനെത്തുടർന്ന് അയാൾ ക്ലേഫേസ് എന്ന വില്ലനായി മാറുന്നതാണ് സിനിമയുടെ ഇതിവൃത്തം. 'സ്പീക്ക് നോ ഈവിൾ' (2024) എന്ന ചിത്രത്തിന്റെ സംവിധായകൻ ജെയിംസ് വാട്കിൻസാണ് ഈ ചിത്രം ഒരുക്കുന്നത്.

പ്രമുഖ സംവിധായകൻ മൈക്ക് ഫ്ലാനഗന്റെ മേൽനോട്ടത്തിൽ ഒരുങ്ങുന്ന ഈ ചിത്രത്തിൽ നവോമി അക്കി, മാക്സ് മിംഗെല്ല, ഡേവിഡ് ഡെൻസിക്, എഡി മാർസൻ എന്നിവരും പ്രധാന വേഷങ്ങളിൽ എത്തുന്നു. 'ദി ഹോണ്ടിംഗ് ഓഫ് ഹിൽ ഹൗസ്', 'ഡോക്ടർ സ്ലീപ്പ്' തുടങ്ങിയ ഹൊറർ-ത്രില്ലർ ചിത്രങ്ങളിലൂടെ പ്രശസ്തനായ ഫ്ലാനഗന്റെ സാന്നിധ്യം സിനിമയ്ക്ക് വലിയ പ്രതീക്ഷയാണ് നൽകുന്നത്.ഡിസി സ്റ്റുഡിയോസിന്റെ ഒന്നാം ഘട്ടമായ 'ചാപ്റ്റർ 1: ഗോഡ്സ് ആൻഡ് മോൺസ്റ്റേഴ്സ്' ലെ മൂന്നാമത്തെ ചിത്രമാണിത്. 2025-ൽ പുറത്തിറങ്ങുന്ന 'സൂപ്പർമാൻ', 'സൂപ്പർ ഗേൾ' എന്നീ ചിത്രങ്ങൾക്ക് പിന്നാലെയാണ് ക്ലേഫേസ് എത്തുന്നത്. അടുത്ത വർഷം ഒക്ടോബർ 23-ന് ചിത്രം ലോകമെമ്പാടുമുള്ള തീയേറ്ററുകളിൽ പ്രദർശനത്തിനെത്തും.

## റോബിൻവില്യംസിന്റെ സ്മരണാർത്ഥമുള്ള പുരസ്കാരം ആഫ്ളെക്കിനും മാറ്റ് ഡാമണിനും

ഹോളിവുഡിലെ എക്കാലത്തെയും പ്രിയപ്പെട്ട കൂട്ടുകെട്ടായ ബെൻ ആഫ്ളെക്കും മാറ്റ് ഡാമണും വീണ്ടും വാർത്തകളിൽ നിറയുന്നു. തങ്ങളുടെ കരിയറിന് അടിത്തറപാകിയ അന്തരിച്ച ഇതിഹാസ താരം റോബിൻ വില്യംസിന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയ 'റോബിൻ വില്യംസ് ലെഗസി ഓഫ് ലാഫ്റ്റർ' (Robin Williams Legacy of Laughter Award) പുരസ്കാരത്തിന് അർഹരായിരിക്കുകയാണ് ഈ സുഹൃത്തുക്കൾ. ഇവരുടെ സിനിമാ ജീവിതത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തിയ റോബിൻ വില്യംസുമായുള്ള ആത്മബന്ധത്തിനുള്ള ആദരവായാണ് ഈ അംഗീകാരം നൽകുന്നത്.പ്രശസ്ത നടി ഗ്ലെൻ ക്ലോസ് സ്ഥാപിച്ച 'ബ്രിംഗ് ചേഞ്ച് ടു മൈൻഡ്'



എന്ന സന്നദ്ധ സംഘടന സംഘടിപ്പിക്കുന്ന 'റെവൽസ് ആൻഡ് റെവലേഷൻസ്' ആഘോഷ പരിപാടിയിൽ വെച്ചാകും പുരസ്കാരം സമ്മാനിക്കുക.ഏപ്രിൽ 27-ന് സാൻഫ്രാൻസിസ്കോയിലെ ഫോർട്ട് മാസൺ സെന്റർ ഫോർ ആർട്സ് ആൻഡ് കൾച്ചറിൽ വെച്ചാണ് ചടങ്ങ് നടക്കുന്നത്. റോബിൻ വില്യംസിന്റെ മക്കളായ സാക്ക്, സെൽഡ, കോഡി വില്യംസ് എന്നിവർ നേരിട്ടെത്തി പുരസ്കാരം കൈമാറുന്നു എന്ന പ്രത്യേകതയും ഈ ചടങ്ങിനുണ്ട്.പുരസ്കാര നേട്ടത്തിൽ തങ്ങളുടെ പ്രിയപ്പെട്ട 'ചീഫിനെ' ഓർത്ത് ബെൻ ആഫ്ളെക്കും മാറ്റ് ഡാമണും വൈകാരികമായ പ്രതികരണമാണ് പങ്കുവെച്ചത്. 'റോബിൻ ഞങ്ങൾ ആരാധിച്ചിരുന്ന ഒരാൾ മാത്രമല്ല, ഞങ്ങളുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കിയ വ്യക്തി കൂടിയാണ്. അദ്ദേഹം ഞങ്ങളുടെ സിനിമയോട് 'യെസ്' പറഞ്ഞതുകൊണ്ടാണ് അത് സംഭവിച്ചത്. അദ്ദേഹത്തിന്റെ പേരിൽ നൽകുന്ന ഈ പുരസ്കാരം ഞങ്ങൾക്ക് ഏറെ വിലപ്പെട്ടതാണ്,' എന്ന് ഇരുവരും സംയുക്ത പ്രസ്താവനയിൽ പറഞ്ഞു.1997-ൽ പുറത്തിറങ്ങിയ 'ഗുഡ് വിൽ ഹണ്ടിംഗ്' എന്ന ചിത്രത്തിലൂടെയാണ് ഇവർ മൂവരും ഒന്നിച്ചത്. ബെൻ ആഫ്ളെക്കും മാറ്റ് ഡാമണും ചേർന്ന് തിരക്കഥയെഴുതിയ ഈ ചിത്രം ഇവർക്ക് മികച്ച തിരക്കഥയ്ക്കുള്ള ഓസ്കാർ നേടിക്കൊടുത്തപ്പോൾ, ചിത്രത്തിലെ അഭിനയത്തിലൂടെ റോബിൻ വില്യംസ് മികച്ച സഹനടനുള്ള ഓസ്കാറും കരസ്ഥമാക്കി. ഷൂട്ടിംഗിന്റെ ആദ്യ ദിനം തങ്ങൾ എഴുതിയ വരികൾ റോബിൻ വില്യംസ് ക്യാമറയ്ക്ക് മുന്നിൽ അവതരിപ്പിക്കുന്നത് കണ്ട് വികാരാധീനരായ ഓർമ്മകൾ മാറ്റ് ഡാമൺ മുൻപ് പങ്കുവെച്ചിട്ടുണ്ട്.

# ബ്രോഡ്‌വേ സ്റ്റേജിൽ വീണ്ടും മെറിൽ സ്ട്രീപ്പും മാർട്ടിൻ ഷോർട്ടും? ആവേശത്തിൽ ആരാധകർ!



ഹോളിവുഡിലെ ഇതിഹാസ താരം മെറിൽ സ്ട്രീപ്പും പ്രിയ നടൻ മാർട്ടിൻ ഷോർട്ടും വീണ്ടും ഒന്നിക്കുന്നു. 'ഒൺലി മർഡേഴ്സ് ഇൻ ദി ബിൽഡിംഗ്' (Only Murders in the Building) എന്ന ജനപ്രിയ പരമ്പരയ്ക്ക് ശേഷം നാടകവേദിയിൽ ഒരുമിച്ച് പ്രവർത്തിക്കാൻ താൽപ്പര്യമുണ്ടെന്ന് മെറിൽ സ്ട്രീപ്പ് വെളിപ്പെടുത്തി. അടുത്തിടെ നടന്ന ഒരു അഭിമുഖത്തിലാണ് തന്റെ കരിയറിന്റെ തുടക്കകാലത്തെ ഓർമ്മകൾ പങ്കുവെച്ചുകൊണ്ട് ബ്രോഡ്‌വേയിലേക്കുള്ള മടങ്ങിവരവിനെക്കുറിച്ച് താരം സൂചിപ്പിച്ചത്.മാർട്ടിൻ ഷോർട്ടുമായി താൻ ഇതിനോടകം തന്നെ ഈ വിഷയം ചർച്ച ചെയ്തതായും മെറിൽ പറഞ്ഞു. 'ഞങ്ങൾ ഒരുമിച്ച് എന്തെങ്കിലും ചെയ്യുന്നത് രസകരമായിരിക്കും എന്ന് ആലോചിച്ചിരുന്നു,' എന്ന് അവർ വ്യക്തമാക്കി.എങ്കിലും പദ്ധതികൾ ഔദ്യോഗികമായി തീരുമാനിച്ചിട്ടില്ല. പരമ്പരയിൽ മാർട്ടിൻ ഷോർട്ടിന്റെ കഥാപാത്രമായ ഒലിവർ പുട്നാമിന്റെ കാമുകിയായ ലൊറെറ്റ ഡർക്കിൻ എന്ന കഥാപാത്രത്തെയാണ് മെറിൽ അവതരിപ്പിക്കുന്നത്. ഇവരുടെ ഓൺ-സ്ക്രീൻ കെമിസ്ട്രി പ്രേക്ഷകർക്കിടയിൽ വലിയ തരംഗമായിരുന്നു.മെറിൽ സ്ട്രീപ്പിന്റെ ലളിതമായ പെരുമാറ്റത്തെയും പ്രൊഫഷണലിസത്തെയും മാർട്ടിൻ ഷോർട്ട് മുൻപ് പലതവണ പുകഴ്ത്തിയിട്ടുണ്ട്. 21 തവണ ഓസ്കാർ നാമനിർദ്ദേശം ലഭിച്ച ഒരു താരമാണെങ്കിലും അവർക്ക് യാതൊരു ജാഡയുമില്ലെന്നും വളരെ മാന്യമായും സ്നേഹത്തോടെയുമാണ് അവർ പെരുമാറുന്നതെന്നും അദ്ദേഹം പറഞ്ഞു. ഇരുവരും തമ്മിൽ പ്രണയത്തിലാണെന്ന തരത്തിൽ അഭ്യൂഹങ്ങൾ പ്രചരിച്ചിരുന്നെങ്കിലും, തങ്ങൾ അടുത്ത സുഹൃത്തുക്കൾ മാത്രമാണെന്ന് താരങ്ങൾ വ്യക്തമാക്കി.അതേസമയം, തന്റെ ജീവിതകഥ എഴുതാൻ താൽപ്പര്യമുണ്ടോ എന്ന ചോദ്യത്തിന് 'ഇല്ല, അതീവ വിരസമായിരിക്കും' എന്നായിരുന്നു മെറിലിന്റെ മറുപടി. എന്നാൽ ബാർബറ സ്ട്രീസാൻഡിനെപ്പോലെയുള്ള സഹപ്രവർത്തകരുടെ ഓർമ്മക്കുറിപ്പുകൾ വായിക്കാൻ തനിക്ക് ഏറെ ഇഷ്ടമാണെന്നും അവർ കൂട്ടിച്ചേർത്തു.

# ഫോസിൽ ഇന്ധനങ്ങളുടെ അസ്തമയം: ഊർജ്ജ വിപണിയിലെ വിപ്ലവകരമായ മാറ്റവും പുനരുപയോഗ ഊർജ്ജത്തിന്റെ കുതിപ്പും

പശ്ചിമേഷ്യയിൽ മിസൈലുകൾ ആകാശം കീറിമുറിക്കുമ്പോഴും ഹോർമുസ് കടലിടുക്കിലെ എണ്ണക്കപ്പലുകൾ സ്തംഭിച്ചു നിൽക്കുമ്പോഴും, ലോകം നിശബ്ദമായ എന്നാൽ അതിശക്തമായ ഒരു വിപ്ലവത്തിന് സാക്ഷ്യം വഹിക്കുകയാണ്. ഫോസിൽ ഇന്ധനങ്ങളെയും പെട്രോഡോളർ രാഷ്ട്രീയത്തെയും ആശ്രയിച്ച് ദശാബ്ദങ്ങളായി നിലനിന്നിരുന്ന പഴയ ലോകക്രമം തകരുകയും, പുനരുപയോഗ ഊർജ്ജത്തിൽ അധിഷ്ഠിതമായ ഒരു പുതിയ യുഗം ഉദയം ചെയ്യുകയും ചെയ്യുന്നു. ഈ മാറ്റം കേവലം പരിസ്ഥിതി സൗഹൃദപരമായ ഒരു നീക്കമല്ല, മറിച്ച് ആഗോള സുരക്ഷയ്ക്കും സാമ്പത്തിക അതിജീവനത്തിനുമായി ലോകം നടത്തുന്ന 'സ്ഥിരമായ മാറ്റം' ആണ്.

പശ്ചിമേഷ്യൻ യുദ്ധം (2026 Iran-US-Israel conflict) ആഗോള എണ്ണ വിതരണത്തെ അസ്ഥിരപ്പെടുത്തിയപ്പോൾ, ലോകരാഷ്ട്രങ്ങൾ തിരിച്ചറിഞ്ഞ ഒരു വലിയ പാഠമുണ്ട് – ഊർജ്ജത്തിനായി ഗൾഫ് രാജ്യങ്ങളെയും റഷ്യയെയും അന്ധമായി വിശ്വസിക്കുന്നത് അപകടകരമാണ്. ഇതിന്റെ ഫലമായി, കഴിഞ്ഞ പന്ത്രണ്ട് മാസത്തിനിടയിൽ സൗരോർജ്ജം, കാറ്റാടി നിലയങ്ങൾ, ഇലക്ട്രിക് വാഹനങ്ങൾ എന്നിവയുടെ വളർച്ചയിൽ റെക്കോർഡ് വർദ്ധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്.



## 1. ഇലക്ട്രിക് വാഹന വിപ്ലവം: തകരുന്ന ഗ്യാസോലിൻ സാമ്രാജ്യം

ഫോസിൽ ഇന്ധനങ്ങളുടെ ഡിമാൻഡ് കുറയ്ക്കുന്നതിൽ ഇലക്ട്രിക് വാഹനങ്ങൾ നിർണ്ണായക പങ്ക് വഹിക്കുന്നു.

**51 ശതമാനത്തിന്റെ കുതിപ്പ്:** ഏറ്റവും പുതിയ റിപ്പോർട്ടുകൾ പ്രകാരം, ആഗോളതലത്തിൽ ഇലക്ട്രിക് വാഹനങ്ങളുടെ വില്പനയിൽ 51 ശതമാനം വർദ്ധനവുണ്ടായി. ഇതിൽ ചൈനയും യൂറോപ്യൻ രാജ്യങ്ങളും മുന്നിട്ടുനിൽക്കുമ്പോൾ ഇന്ത്യയും അമേരിക്കയും പിന്നാലെയുണ്ട്.

**ചെലവ് കുറയുന്നു:** ബാറ്ററിയുടെ സാങ്കേതികവിദ്യ മെച്ചപ്പെട്ടതും ഉൽപ്പാദന ചെലവ് കുറഞ്ഞതും സാധാരണക്കാർക്ക് ഇവികൾ പ്രാപ്യമാക്കി. ഇതോടെ പെട്രോൾ, ഡീസൽ കാറുകളുടെ വിപണി വിഹിതം കുത്തനെ ഇടിയാൻ തുടങ്ങി.

**സർക്കാർ നയങ്ങൾ:** ബ്രിട്ടീഷ് പ്രധാനമന്ത്രി കീർ സ്റ്റാർമർ അവതരിപ്പിച്ച പുതിയ പാക്കേജുകൾ പ്രകാരം പൊതുഗതാഗത സംവിധാനങ്ങൾ പൂർണ്ണമായും വൈദ്യുതിയിലേക്ക് മാറ്റാനുള്ള നീക്കം ലോകത്തിന് തന്നെ മാതൃകയാണ്.

## 2. ബ്രിട്ടന്റെ വിപ്ലവകരമായ മാറ്റം: ഗ്യാസും വൈദ്യുതിയും തമ്മിലുള്ള വേർപിരിയൽ

ഊർജ്ജ വിപണിയിലെ വില നിയന്ത്രിക്കുന്നതിൽ ബ്രിട്ടൻ കൊണ്ടുവന്ന പുതിയ പരിഷ്കാരം വിപ്ലവകരമാണ്.

**വില നിർണ്ണയത്തിലെ മാറ്റം:** പ്രകൃതിവാതകത്തിന്റെ വിലയെ അടിസ്ഥാനമാക്കി വൈദ്യുതി നിരക്ക് നിശ്ചയിക്കുന്ന രീതി ബ്രിട്ടൻ ഉപേക്ഷിച്ചു. ഇതിലൂടെ പുനരുപയോഗ ഊർജ്ജം ഉപയോഗിക്കുന്നവർക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കാൻ കീർ സ്റ്റാർമർ ഗവൺമെന്റിന് സാധിച്ചു.

**ഊർജ്ജ സ്വയംപര്യാപ്തത:** നോർത്ത് സീയിലെ കാറ്റാടി നിലയങ്ങളെയും പുതിയ സോളാർ പാർക്കുകളെയും ആശ്രയിക്കുന്നതിലൂടെ വിദേശ ഇറക്കുമതി കുറയ്ക്കാൻ ബ്രിട്ടന് കഴിഞ്ഞു. ഇത് എനർജി സെക്യൂരിറ്റി എന്ന ആശയത്തിന് പുതിയ മാനം നൽകി.

**യൂറോപ്യൻ സ്വാധീനം:** ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണും ജർമ്മൻ ചാൻസലർ ഒലാഫ് ഷോൾസും സമാനമായ നയങ്ങളിലേക്ക് മാറാൻ തയ്യാറെടുക്കുന്നത് യൂറോപ്യൻ യൂണിയനെ ഗ്യാസ് ഉപരോധങ്ങളിൽ നിന്ന് മുക്തമാക്കും.

## 3. അമേരിക്കൻ നയം: ട്രംപിന്റെ മനംമാറ്റവും ഊർജ്ജ വിപണിയും

ഫോസിൽ ഇന്ധനങ്ങളുടെ ആരാധകനായ ഡൊണാൾഡ് ട്രംപ് പോലും ക്ലീൻ എനർജിയുടെ സാമ്പത്തിക നേട്ടങ്ങൾ അവഗണിക്കാൻ കഴിയാത്ത അവസ്ഥയിലാണ്.

**ക്ലീൻ എനർജി ഇൻവെസ്റ്റ്മെന്റ്:** ട്രംപ് ഭരണകൂടം 'അമേരിക്ക ഫസ്റ്റ്' എന്ന നയത്തിന്റെ ഭാഗമായി ആഭ്യന്തരമായി സോളാർ പാനലുകളും ബാറ്ററികളും നിർമ്മിക്കുന്ന കമ്പനികൾക്ക് വൻതോതിൽ സബ്സിഡി നൽകുന്നു. ഇത് ചൈനയോടുള്ള ആശ്രിതത്വം കുറയ്ക്കാൻ ലക്ഷ്യമിട്ടാണ്.

**പണപ്പെരുപ്പം നേരിടാൻ:** എണ്ണവില ഉയരുന്നത് തടയാൻ പുനരുപയോഗ ഊർജ്ജം അത്യന്താപേക്ഷിതമാണെന്ന് ട്രംപിന്റെ സാമ്പത്തിക ഉപദേഷ്ടാക്കൾ കരുതുന്നു. സോളാർ ഊർജ്ജത്തിന്റെ ചെലവ് കുറഞ്ഞത് ഗാർഹിക ഉപഭോക്താക്കൾക്ക് വലിയ ആശ്വാസമാണ്.

**സംസ്ഥാനങ്ങളുടെ കരുത്ത്:** കാലിഫോർണിയ പോലുള്ള സംസ്ഥാനങ്ങൾ ഇതിനോടകം തന്നെ നൂറ് ശതമാനം ക്ലീൻ എനർജി എന്ന ലക്ഷ്യത്തിലേക്ക് അതിവേഗം കുതിക്കുകയാണ്.

## 4. ഇന്ത്യയുടെ പങ്ക്: സോളാർ ഭീമനായി മാറുന്ന രാജ്യം

ആഗോള ഊർജ്ജ മാറ്റത്തിൽ ഇന്ത്യ ഒരു പ്രധാന കേന്ദ്രമായി മാറിക്കഴിഞ്ഞു.

**പിഎം സൂര്യ ഘർ പദ്ധതി:** പ്രധാനമന്ത്രി നരേന്ദ്ര മോദി ആവിഷ്കരിച്ച വീടുകളിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്ന പദ്ധതി ഇന്ത്യയിലെ സാധാരണക്കാരന്റെ വൈദ്യുതി ബില്ലിൽ വലിയ ലാഭമുണ്ടാക്കി. ഇത് ഗ്രിഡുകളിലെ അനാവശ്യ ഭാരം കുറയ്ക്കാൻ സഹായിച്ചു.

**ഹരിത ഹൈഡ്രജൻ:** ഭാവിയിലെ ഇന്ധനമായി കരുതപ്പെടുന്ന ഗ്രീൻ ഹൈഡ്രജൻ ഉൽപ്പാദനത്തിൽ ഇന്ത്യ ലോകനേതാവാകാൻ തയ്യാറെടുക്കുന്നു. ഇതിനായുള്ള വലിയ പ്ലാന്റുകൾ ഗുജറാത്തിലും തമിഴ്നാട്ടിലും സജീവമായിക്കഴിഞ്ഞു.

**ആഗോള സൗരോർജ്ജ സഖ്യം:** ഇന്ത്യയുടെ നേതൃത്വത്തിലുള്ള ഈ സഖ്യം ആഫ്രിക്കൻ രാജ്യങ്ങളിലേക്ക് സൗരോർജ്ജം എത്തിക്കുന്നതിൽ വലിയ വിജയം കാണുന്നു.

## 5. 2026ന് ശേഷമുള്ള ലോകം

ഈ ഊർജ്ജ മാറ്റം അന്താരാഷ്ട്ര രാഷ്ട്രീയത്തിലും സമ്പദ്‌വ്യവസ്ഥയിലും ദൂരവ്യാപകമായ ഫലങ്ങൾ ഉണ്ടാക്കും.

**പെട്രോസ്റ്റേറ്റുകളുടെ തളർച്ച:** എണ്ണ വരുമാനത്തെ മാത്രം ആശ്രയിക്കുന്ന സൗദി അറേബ്യ, ഇറാൻ തുടങ്ങിയ രാജ്യങ്ങൾക്ക് തങ്ങളുടെ സമ്പദ്‌വ്യവസ്ഥ അടിമുടി മാറ്റേണ്ടി വരും. ഇത് പശ്ചിമേഷ്യയിലെ അധികാര സമവാക്യങ്ങളെ മാറ്റും.

**പരിസ്ഥിതിയും കാലാവസ്ഥയും:** കാർബൺ ബഹിർഗമനം കുറയുന്നതോടെ ആഗോളതാപനത്തിന്റെ വേഗത കുറയ്ക്കാൻ സാധിക്കുമെന്ന് ഐക്യരാഷ്ട്ര സഭയുടെ കാലാവസ്ഥാ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. അന്തോണിയോ ഗുട്ടെറസ് ഇതിനെ 'പ്രത്യാശയുടെ കിരണം' എന്നാണ് വിശേഷിപ്പിച്ചത്.

**പുതിയ തൊഴിലവസരങ്ങൾ:** ഫോസിൽ ഇന്ധന മേഖലയിലെ തൊഴിലുകൾ നഷ്ടപ്പെടുമ്പോൾ, പുനരുപയോഗ ഊർജ്ജ മേഖലയിൽ ദശലക്ഷക്കണക്കിന് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും. എഞ്ചിനീയർമാർക്കും ടെക്നീഷ്യൻമാർക്കും ഇത് വലിയ സാധ്യതയാണ്.

യുദ്ധങ്ങളും സംഘർഷങ്ങളും താൽക്കാലികമാണെങ്കിലും, പുനരുപയോഗ ഊർജ്ജത്തിലേക്കുള്ള ലോകത്തിന്റെ ഈ മാറ്റം ശാശ്വതമാണ്. സൂര്യപ്രകാശവും കാറ്റും വെള്ളവും ആർക്കും ഉപരോധിക്കാൻ കഴിയില്ല. ഫോസിൽ ഇന്ധനങ്ങളുടെ പിടിയിൽ നിന്ന് ലോകം മോചിതമാകുമ്പോൾ, അത് കൂടുതൽ ജനാധിപത്യപരമായതും സുരക്ഷിതമായതുമായ ഒരു ഊർജ്ജ വ്യവസ്ഥയ്ക്ക് വഴിമാറും.

# വിശക്കുന്ന ലബനൻ: 500 മില്യൺ യൂറോയുടെ നിലവിളി; മിസൈലുകൾക്ക് താഴെ പട്ടിണിയിലാകുന്ന ഒരു ജനതയുടെ അതിജീവന പോരാട്ടം

പശ്ചിമേഷ്യയിലെ യുദ്ധഭൂമിയിൽ നിന്ന് ഉയരുന്ന മിസൈലുകളുടെ ഗർജ്ജനത്തിനിടയിൽ ലോകം കേൾക്കാൻ മറന്നുപോകുന്ന ഒന്നുണ്ട് ലബനനിലെ ദശലക്ഷക്കണക്കിന് മനുഷ്യരുടെ വിശപ്പടക്കിയുള്ള വിലാപം. ദശാബ്ദങ്ങളിലെ ഏറ്റവും വലിയ മാനുഷിക ദുരന്തത്തിലേക്ക് ലബനൻ കൂപ്പുകുത്തുമ്പോൾ, അന്താരാഷ്ട്ര സമൂഹത്തോട് 500 മില്യൺ യൂറോയുടെ അടിയന്തര സഹായം അഭ്യർത്ഥിച്ചിരിക്കുകയാണ് ലബനീസ് ഭരണകൂടം. ഇത് വെറുമൊരു സാമ്പത്തിക സഹായത്തിനുള്ള അപേക്ഷയല്ല, മറിച്ച് തകർന്നുപോയ ഒരു ജനതയുടെ അതിജീവനത്തിനായുള്ള അവസാന നിലവിളിയാണ്.



ലബനനിലെ താൽക്കാലിക പ്രധാനമന്ത്രി നജീബ് മികാതി കഴിഞ്ഞ ദിവസം നടത്തിയ അടിയന്തര പ്രസ്താവന ലോകത്തെ ഞെട്ടിക്കുന്നതായിരുന്നു. രാജ്യം നേരിടുന്ന കടുത്ത പട്ടിണിയും മരുന്നുകളുടെ അഭാവവും പരിഹരിക്കാൻ കുറഞ്ഞത് 500 മില്യൺ യൂറോയെങ്കിലും അന്താരാഷ്ട്ര സമൂഹം ഉടൻ നൽകണമെന്നാണ് ആവശ്യം. ഇസ്രായേലും ഹിസ്ബുള്ളയും തമ്മിലുള്ള യുദ്ധം അതിർത്തികൾ കടന്ന് ലബനനിലെ സാധാരണക്കാരുടെ അടുക്കളകളിലേക്ക് പടർന്നിരിക്കുന്നു.

## 1. 500 മില്യൺ യൂറോയുടെ അടിയന്തര ആവശ്യം: എന്തുകൊണ്ട്?

ലബനൻ നേരിടുന്ന പ്രതിസന്ധി കേവലം യുദ്ധത്തിന്റേതല്ല, മറിച്ച് പൂർണ്ണമായ സാമ്പത്തിക തകർച്ചയുടേതാണ്.

**ഭക്ഷ്യസുരക്ഷയുടെ തകർച്ച:** ലബനനിലെ 70 ശതമാനത്തിലധികം കുടുംബങ്ങളും ഇപ്പോൾ പട്ടിണിയുടെ വക്കിലാണ്. കൃഷിഭൂമികൾ യുദ്ധക്കളങ്ങളായി മാറിയതോടെ ആഭ്യന്തര ഉൽപ്പാദനം നിലയ്ക്കുകയും ഇറക്കുമതി ചെയ്യുന്ന സാധനങ്ങൾക്ക് സ്വർണ്ണവിലയാകുകയും ചെയ്തു.

**ആരോഗ്യമേഖലയിലെ തളർച്ച:** മരുന്നുകളുടെയും മെഡിക്കൽ ഉപകരണങ്ങളുടെയും ക്ഷാമം അതീവ രൂക്ഷമാണ്. രാജ്യത്തെ പകുതിയിലധികം ആശുപത്രികളും ഇന്ധനമില്ലാത്തതിനാലും ആക്രമണ ഭീഷണിയാലും പ്രവർത്തനം നിർത്തിവെച്ചിരിക്കുന്നു.

**അടിസ്ഥാനസൗകര്യങ്ങളുടെനാശം:** വൈദ്യുതി, കുടിവെള്ളം എന്നിവ നൽകുന്ന സംവിധാനങ്ങൾ ബോംബാക്രമണത്തിൽ തകർത്തത് ജനജീവിതം നരകതുല്യമാക്കി. 500 മില്യൺ യൂറോ ഉപയോഗിച്ച് ഇവ ഭാഗികമായെങ്കിലും പുനസ്ഥാപിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

## 2. പാലായനം ചെയ്യുന്ന ജനതയും അഭയാർത്ഥി പ്രതിസന്ധിയും

യുദ്ധം ജനങ്ങളെ സ്വന്തം വീടുകളിൽ നിന്ന് തെരുവുകളിലേക്ക് തള്ളിവിട്ടിരിക്കുകയാണ്.

**ആഭ്യന്തര അഭയാർത്ഥികൾ:** തെക്കൻ ലബനനിൽ നിന്നും ബെയ്റൂട്ടിന്റെ പ്രാന്തപ്രദേശങ്ങളിൽ നിന്നും ഇതിനോടകം 1.2 ദശലക്ഷം ആളുകൾ പലായനം ചെയ്തു. വിദ്യാലയങ്ങളിലും പൊതുപാർക്കുകളിലും തിങ്ങിപ്പാർക്കുന്ന ഇവർക്ക് ആവശ്യമായ ഭക്ഷണം നൽകാൻ ഭരണകൂടത്തിന് കഴിയുന്നില്ല.

**സിറിയൻ അഭയാർത്ഥികളുടെ ഇരട്ട പ്രഹരം:** ലബനനിൽ നേരത്തെയുള്ള 1.5 ദശലക്ഷം സിറിയൻ അഭയാർത്ഥികളുടെ അവസ്ഥ കൂടുതൽ ദയനീയമാണ്. അവർക്ക് ലഭിച്ചിരുന്ന അന്താരാഷ്ട്ര സഹായം യുദ്ധം മൂലം തടസ്സപ്പെട്ടത് വലിയൊരു സംഘർഷത്തിന് വഴിതെളിച്ചേക്കാം.

**മാറുന്ന ജനസംഖ്യാ ക്രമം:** സുരക്ഷിതമായ ഇടങ്ങൾ തേടിയുള്ള ജനങ്ങളുടെ മാറ്റം രാജ്യത്തെ വിവിധ വംശീയ വിഭാഗങ്ങൾക്കിടയിൽ അസ്വസ്ഥതകൾ വർദ്ധിപ്പിക്കുന്നു. ഇത് ലബനന്റെ ആഭ്യന്തര സമാധാനത്തെത്തുടർന്ന് തകർക്കാൻ സാധ്യതയുണ്ട്.

## 3. അന്താരാഷ്ട്ര തലത്തിലെ പ്രതികരണവും രാഷ്ട്രീയ തടസ്സങ്ങളും

സഹായം നൽകുന്ന കാര്യത്തിൽ ലോകരാജ്യങ്ങൾക്കിടയിൽ ഭിന്നത നിലനിൽക്കുന്നുണ്ട്.

**ഫ്രാൻസിന്റെയും യൂറോപ്യൻ യൂണിയന്റെയും നിലപാട്:** ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോൺ ലബനന് പിന്തുണ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും, സഹായം ഹിസ്ബുള്ളയുടെ കൈകളിൽ എത്തുമോ എന്ന ആശങ്ക പല യൂറോപ്യൻ രാജ്യങ്ങൾക്കുമുണ്ട്. ഇത് ഫണ്ട് കൈമാറുന്നതിൽ കാലതാമസമുണ്ടാക്കുന്നു.

**അമേരിക്കയുടെയും ട്രംപിന്റെയും നിബന്ധനകൾ:** 'ഭീകരവാദത്തെ പിന്തുണയ്ക്കുന്ന ഭരണകൂടത്തിന് പണം നൽകില്ല' എന്ന ഡൊണാൾഡ് ട്രംപിന്റെ കർശന നിലപാട് ലബനന് തിരിച്ചടിയാണ്. രാഷ്ട്രീയ പരിഷ്കാരങ്ങൾ ഇല്ലാതെ വലിയ സാമ്പത്തിക സഹായം നൽകാൻ ട്രംപ് തയ്യാറല്ല.

**വത്തിക്കാന്റെ ആഹ്വാനം:** ലിയോ മാർപാപ്പ ലോകരാജ്യങ്ങളോട് ലബനനെ കൈവിടരുതെന്ന് അഭ്യർത്ഥിച്ചു. ലബനന്റെ ബഹുമുഖ സംസ്കാരം സംരക്ഷിക്കപ്പെടണമെങ്കിൽ മനുഷ്യത്വപരമായ സഹായം രാഷ്ട്രീയത്തിന് അതീതമായിരിക്കണമെന്ന് വത്തിക്കാൻ വ്യക്തമാക്കി.

## 4. 2026ന് ശേഷമുള്ള ലബനൻ

ഈ പ്രതിസന്ധി പരിഹരിക്കപ്പെട്ടില്ലെങ്കിൽ ലബനന്റെ ഭാവി ഇരുളടഞ്ഞതാകും.

**പൂർണ്ണമായ സ്റ്റേറ്റ് പരാജയം:** സഹായം ലഭിച്ചില്ലെങ്കിൽ ലബനൻ ഗവൺമെന്റ് പൂർണ്ണമായും തകരുകയും രാജ്യം അരാജകത്വത്തിലേക്ക് നീങ്ങുകയും ചെയ്യും. ഇത് ഹിസ്ബുള്ള പോലുള്ള സായുധ ഗ്രൂപ്പുകൾക്ക് രാജ്യം പൂർണ്ണമായി പിടിച്ചെടുക്കാൻ അവസരം നൽകും.

**പുതിയ കുടിയേറ്റ തരംഗം:** ലബനനിലെ പട്ടിണി സഹിക്കവയ്യാതെ ജനങ്ങൾ കൂട്ടത്തോടെ യൂറോപ്പിലേക്ക് കടൽമാർഗ്ഗം കുടിയേറാൻ ശ്രമിക്കുന്നത് മെഡിറ്ററേനിയൻ മേഖലയിൽ വലിയ പ്രതിസന്ധിയുണ്ടാക്കും.

**ഭൗരാഷ്ട്രീയ മാറ്റങ്ങൾ:** പടിഞ്ഞാറൻ രാജ്യങ്ങൾ ലബനനെ കൈവിട്ടാൽ, ചൈനയും റഷ്യയും സഹായവുമായി എത്താൻ സാധ്യതയുണ്ട്. ഇത് പശ്ചിമേഷ്യയിലെ അമേരിക്കൻ സ്വാധീനത്തിന് വലിയ തിരിച്ചടിയാകും.

## 5. വിദഗ്ധ വിശകലനം: പരിഹാര വഴികൾ

ലബനനെ രക്ഷിക്കാൻ വെറുമൊരു സാമ്പത്തിക സഹായം മാത്രം പോരാ.

**സമാധാനപരമായ ഇടനാഴി:** യുദ്ധത്തിനിടയിലും ഭക്ഷണവും മരുന്നും എത്തിക്കാൻ 'മാനുഷിക ഇടനാഴികൾ' അന്താരാഷ്ട്ര മേൽനോട്ടത്തിൽ നിർമ്മിക്കണം. ഇതിനായി ഐക്യരാഷ്ട്രസഭയുടെ സജീവ ഇടപെടൽ ആവശ്യമാണ്.

**നിഷ്പക്ഷ വിതരണ ശൃംഖല:** നൽകുന്ന പണം സാധാരണക്കാരിലേക്ക് എത്തുന്നുണ്ടെന്ന് ഉറപ്പാക്കാൻ റെഡ് ക്രോസ് പോലുള്ള നിഷ്പക്ഷ സംഘടനകളെ ചുമതലപ്പെടുത്തണം.

**യുദ്ധം അവസാനിപ്പിക്കുക:** ലബനനിലെ ദുരിതം മാറണമെങ്കിൽ അതിർത്തിയിലെ വെടിയൊച്ചകൾ നിലയ്ക്കണം. വെടിനിർത്തൽ ചർച്ചകളിൽ മാനുഷിക പരിഗണനകൾക്ക് മുൻഗണന നൽകണം.

ലബനൻ ചോദിക്കുന്നത് ആഡംബരത്തിനല്ല, മറിച്ച് ജീവൻ നിലനിർത്താനുള്ള അന്നത്തിനാണ്. ഈ സാഹചര്യം വ്യക്തമാക്കുന്നത്, ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യങ്ങളും ശക്തികളും ലബനനിലെ മനുഷ്യരെ വിസ്മരിക്കുകയാണെന്നാണ്. ഈ 500 മില്യൺ യൂറോ നൽകാൻ വൈകുന്ന ഓരോ നിമിഷവും ഒരു ജനതയുടെ മരണവാറന്റിലാണ് നാം ഒപ്പിടുന്നത്. ലബനൻ വീണാൽ, അതിന്റെ ആഘാതം പശ്ചിമേഷ്യയിൽ മാത്രം ഒതുങ്ങില്ല, അത് ലോകത്തിന്റെ സമാധാനത്തെത്തുടർന്ന് തകർക്കാൻ പ്രാപ്തമാണ്.

# വെടിക്കെട്ടപകടവും പവർകട്ട് ദുരിതങ്ങളും: പൊതുജനം 'സങ്കടപ്പുക മുറിയിൽ'

കേരളാ വിൻഡോ



ആന്റണി ചടയംമുറി

തൃശ്ശൂരിൽ വെട്ടിക്കെട്ടപകടം. ബാലറ്റ് പെട്ടികൾ സൂക്ഷിച്ച സ്ട്രോങ്ങ് റൂമിൽ ഒളിഞ്ഞനോക്കാൻ യു.ഡി.എഫിന്റെ മുഖ്യമന്ത്രി തെയ്യങ്ങൾ. വോട്ട് പെട്ടിയിലായതോടെ ഇലക്ട്രിസിറ്റി ബോർഡിന്റെ 'പൊകപ്പെട്ടി' തുറന്നുള്ള വകുപ്പു മന്ത്രിയുടെ ഡയലോഗുകൾ ഒരു 'കടലിടുക്ക് പ്രശ്നം' മൂലം, വീട്ടിലേക്ക് വിഷുക്കൈനീട്ടം പോലും അയയ്ക്കാൻ കഴിയാതെ വിങ്ങിപ്പൊട്ടുന്ന ഗൾഫ് മലയാളിയും അവന്റെ കുടുംബവും. ഒഴിഞ്ഞ വയറുമായി ഭക്ഷണം തേടിവരുന്ന വർക്ക് ജ്യൂസും ബേക്കറി ഐറ്റംസും നൽകി പിടിച്ചു നിൽക്കുവാൻ പാടുപെടുന്ന ഹോട്ടലുടമകൾ. വീടുകളിൽ പോലും ഗ്യാസ് ക്ഷാമം മൂലം ഒരു നേരമെങ്കിലും ഉപവസിച്ചാലോ എന്ന് ചിന്തിക്കുന്ന വീട്ടമ്മമാർ. അങ്ങനെയങ്ങനെ വിഷു കഴിഞ്ഞുള്ള കേരളത്തിന്റെ ദിനങ്ങൾ സംഭവബഹുലമാണിപ്പോൾ.

### മറന്നവോ പുറ്റിങ്ങൽ അപകടം?


കൊല്ലം ജില്ലയിലെ പുറ്റിങ്ങൽ ക്ഷേത്രത്തിൽ 2016 ഏപ്രിൽ 10നുണ്ടായ വെടിക്കെട്ടപകടത്തിൽ മരിച്ചത് 110 പേരാണ്. പരിക്കേറ്റത് 656 പേർക്ക്. 350 വീടുകൾ പൂർണ്ണമായോ ഭാഗികമായോ അന്ന് തകരുകയുണ്ടായി. 15 കിലോഗ്രാം വെടിമരുന്ന് ഉപയോഗിക്കാനുള്ള ലൈസൻസിന്റെ മറവിൽ 2500 കിലോഗ്രാം സ്ഫോടക വസ്തുക്കളാണ് വെടിമരുന്ന് ശാലയിൽ അവിടെ സൂക്ഷിച്ചിരുന്നത്. ജില്ലാ ഭരണകൂട വും പോലീസും അന്ന് പ്രതിക്കൂട്ടിലായി. അപകടം അന്വേഷിക്കാൻ നിയോഗിച്ച കമ്മീഷന്റെ റിപ്പോർട്ട് പോലും മന്ത്രിസഭ ചർച്ചയ്ക്കെടുത്തത് വളരെ വൈകിയായിരുന്നു. പക്ഷെ 41 പേർ പ്രതിപ്പട്ടികയിലുള്ള ഈ കേസ് സംബന്ധിച്ച വിചാരണ നടപടികൾ പോലും ഇനിയും തുടങ്ങിയിട്ടില്ലെന്നത് ഈ സംഭവം ഔദ്യോഗിക തലത്തിൽ എത്ര ആലസ്യത്തോടെയാണ് കൈകാര്യം ചെയ്യുന്നുവെന്നതിന് തെളിവല്ലേ?

### പൂരത്തിനു പിന്നിലെ ബിസിനസ് സങ്കടങ്ങൾ

2006 മേയ് മാസത്തിൽ തൃശ്ശൂർപൂരത്തോടനുബന്ധിച്ച് പാറമേക്കാവ് ദേവസ്വത്തിന്റെ വെടിക്കെട്ടു പുരയിലുണ്ടായ അപകടത്തിലും 7 പേർ മരിച്ചിരുന്നു. അന്നും ഇതു സംബന്ധിച്ച അന്വേഷണവും മാർഗരേഖ തയ്യാറാക്കലുമെല്ലാം 'ആമവേഗത്തിൽ' നടന്നുവെങ്കിലും, ആ തീരുമാനങ്ങൾ നടപ്പാക്കാൻ അധികൃതർ മടിച്ചതാണ് പിന്നീട് 4 വർഷം കഴിഞ്ഞ് പുറ്റിങ്ങൽ വെടിക്കെട്ടപകടത്തിന് കാരണമായതെന്ന് അന്നേ ആരോപണമുയർന്നിരുന്നു.

മുണ്ടത്തിക്കോട് അപകടത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് 14 ലക്ഷം രൂപ വീതം ലഭിക്കും വിധം ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്. പരക്കേറ്റവർക്ക് മൊത്തം രണ്ടു ലക്ഷം രൂപ വീതം മാത്രമേ പ്രഖ്യാപിച്ചിട്ടുള്ളൂ. കെട്ടിടങ്ങൾക്കുണ്ടായ നാശനഷ്ടങ്ങളുടെ കണക്കെടുത്ത് നഷ്ടം നൽകുന്നതപോലെയുള്ള ഒരു സമീപനം പരിക്കേറ്റ മനുഷ്യരുടെ കാര്യത്തിൽ ഇല്ലാതെ പോകുന്ന നീതികേടല്ലേ?

തൃശ്ശൂർ പൂരത്തിനു പിന്നിൽ ഒരു ജനപദത്തിന്റെ വികാരമുണ്ട്. തൃശ്ശൂർ എന്ന സാംസ്കാരിക നഗരത്തിന്റെ ഒരു വർഷത്തേയ്ക്കുള്ള സാമ്പത്തിക സാധ്യതകളും ഇതോട് ബന്ധപ്പെട്ടതാണ്. പൂരം ലക്ഷ്യമിട്ട് ബിസിനസ് മേഖലയിലും മുന്നൊരുക്കളുണ്ടാകാറുണ്ട്. ദുഃഖമാചരിച്ചുകൊണ്ട് ആർഭാടരഹിതമായ പൂരാഘോഷമെന്നത് 'സ്വരാജ് റൗണ്ടിലെ' കച്ചവടക്കാരെ




മാത്രമല്ല വട്ടത്തിലാക്കുക. നൂറ്റുക്ക് പത്തും പതിനഞ്ചും രൂപ വീതം വട്ടിപ്പലിശയ്ക്ക് കടം വാങ്ങി സാധനങ്ങൾ പൂരത്തിനായി സ്റ്റോക്ക് ചെയ്തവരെക്കുറിച്ച് വ്യാപാരികളുടെ സംഘടനകളെങ്കിലും അധികൃതരെ വസ്തുതകളറിയിക്കണം പരിഹാരമുണ്ടാക്കണം.

### ഹൈക്കമാൻഡും 'കൈ'ക്കമാൻഡും

യു.ഡി.എഫിന്റെ മുഖ്യമന്ത്രിയാരായിരിക്കണമെന്നു തീരുമാനിക്കേണ്ടത് തെരഞ്ഞെടുക്കപ്പെടുന്ന എം.എൽ.ഏ.മാരും ഹൈക്കമാൻഡുമാണ്. ജനാധിപത്യരീതിയിലും കോൺഗ്രസ് രീതിയിലും അതാണ് മര്യാദ. എന്നാൽ പെട്ടി പൊട്ടിക്കുന്നതിനുമുമ്പ്, 'പഴയ പക' യുടെ കണക്കു തീർക്കാൻ ഇറങ്ങിയിട്ടുള്ള തല നരച്ച (തെറിച്ച?) നേതാക്കന്മാർ ജനങ്ങളുടെ മുമ്പിൽ നവമാധ്യമങ്ങളിലൂടെ നടത്തുന്ന 'ചൊറിയലുകൾ' ജനം അതേ രീതിയിലേ സ്വീകരിക്കൂ. ആയുസ്സ് തീരുന്നതിനുമുമ്പ് സംസ്ഥാന മന്ത്രിപദം 'മോഹിക്കുന്നവരും' അങ്ങനെ അവനങ്ങ് മുഖ്യമന്ത്രിയായി ഞെളിയേണ്ട' എന്ന മട്ടിൽ കണക്ക് തീർക്കാൻ ഒരുമ്പെട്ടു നിൽക്കുന്ന പഴയ റിട്ടയേഡ് സിംഹവാലന്മാരും കൂടി നടത്തിക്കൊണ്ടിരിക്കുന്ന 'വിവാദ ഓട്ടൻതുള്ളലു' കൾക്കു പിന്നിൽ ഒറ്റ കാര്യമേയുള്ളൂ. ഇപ്പോഴത്തെ കോൺഗ്രസ് എം.പി.മാരിൽ ചിലരുടെ സി.എം മോഹവും മന്ത്രി മോഹവും മാത്രം. ഇത്തരമൊരു 'വിഴുപ്പലക്കൽ' നിയന്ത്രിക്കാൻ ഹൈക്കമാൻഡിന് കഴിയുമായിരുന്നു. അവർ അതിനു മുതിരാത്തതിനു പിന്നിലും കള്ളക്കളിയണ്ടോയെന്ന് ചിലർ സംശയിക്കുന്നു. പഞ്ചാബിൽ അമരീന്ദർ സിംഗിനെ മുഖ്യമന്ത്രി സ്ഥാനത്തുനിന്ന് മാറ്റിയ രാഷ്ട്രീയ കോമഡിക്ക് കോൺഗ്രസ് വിലയായി നൽകേണ്ടിവന്നത് ആ പാർട്ടിയുടെ സംസ്ഥാന ഭരണം തന്നെയായിരുന്നുവെന്നത് മറക്കേണ്ട.

### പവർകട്ടില്ലാത്ത ആ 10 വർഷങ്ങൾ

വോട്ട് പെട്ടിയിലാകുന്നതിനുമുമ്പ് പവർകട്ടും ലോഡ്ഷെഡ്ഡിംഗുമില്ലാത്ത 10 വർഷത്തെ 'മേനിപറച്ചിൽ' ആനവണ്ടികളുടെ പള്ളയ്ക്കും പൃഷ്ഠത്തിലുമെല്ലാം പരസ്യമായി ബോർഡായി പതിപ്പിച്ച് പുളകിതനായി മാറിയ മന്ത്രി കൃഷ്ണൻകുട്ടിച്ചേട്ടൻ ഇപ്പോൾ പറയുന്നത് വൈദ്യുതി നിയന്ത്രണം ഏർപ്പെടത്തേണ്ടിവരുമെന്നാണ്.

ഒരു ചെറിയ പ്രസ് പ്രവർത്തിപ്പിക്കാനും, ഒരു ചെറിയ ഫ്ളോർ മിൽ പ്രവർത്തിപ്പിക്കാനും, ഒരു തയ്യൽ യൂണിറ്റ് പ്രവർത്തിപ്പിക്കാനും കഴിയാത്തവിധം വൈദ്യുതി നിയന്ത്രണം ഇപ്പോൾ നാടുനീളെ ഒരറിയിപ്പുമില്ലാതെ നടപ്പാക്കിക്കഴിഞ്ഞിട്ടുണ്ട്. വോട്ട് പെട്ടിയിലായതോടെ, ജനം അങ്ങനങ്ങ് കാറ്റും കൊണ്ട് സുഖിച്ചിരിക്കേണ്ട എന്ന മട്ടിലാണ് കാവൽ മന്ത്രിയുടെ മനസ്സിലിരിപ്പ് എന്നു തോന്നുന്നു.

വേനൽക്കാലം കടുക്കുമെന്ന മുന്നറിയിപ്പുണ്ടായിട്ടും ഇപ്പോൾ കേരളത്തിലെ ഡാമുകളിൽ 34% വെള്ളമേയുള്ളൂ. ദീർഘകാല കരാറുകളുടെയെല്ലാം കാലാവധി തീർന്നുകഴിഞ്ഞു. ഇതിന്റെ കമ്മീഷനെല്ലാം കിട്ടിബോധിച്ചു. ഇനി ഭരണം പിടിക്കുന്നവർ കറന്റിന്റെ കാര്യത്തിൽ വടി പിടിക്കട്ടെ എന്ന മട്ടിലാണ് വകുപ്പുമന്ത്രിയുടെ നിലപാട്.

ഭരണവിരുദ്ധവികാരമുണ്ടെന്നും, ഈ തെരഞ്ഞെടുപ്പിൽ കസേര തെറിക്കുമെന്നും ആദ്യം മനസ്സിലാക്കിയത് സി.പി.എം. സംസ്ഥാന സെക്രട്ടറിയേറ്റാണ്. ഉള്ളിൽ ബോധമുണ്ട്, പുറത്ത് മിണ്ടാനാവില്ലെന്ന മട്ടിൽ പിണറായിയുടെ 'കട്ട പ്രതീക്ഷ' യുടെ പിന്നാലെയായിരുന്നു പല നേതാക്കളും. എന്നാൽ പാർട്ടിയുടെ കണ്ണൂരിലെയും ആലപ്പുഴയിലെയും കൊല്ലത്തെയും തിരുവനന്തപുരത്തെയും പാലക്കാട്ടെയും 'രാഷ്ട്രീയ കരിമരുന്ന് ശാല' കളിൽ ഉണ്ടായ പൊട്ടിത്തെറികളിലൂടെ പിണറായി മനസ്സിൽ കണ്ട 'തുടർ ഭരണപൂരം' കലങ്ങാൻ പോകുകയാണ്.

### പെട്ടി പൊട്ടിക്കും മുമ്പുള്ള കോമഡികൾ

ബാലറ്റ് പെട്ടികൾ സൂക്ഷിച്ചിരിക്കുന്ന മുറിയിൽ മറന്നു വച്ചപോയ ഡയറി, കണ്ണട, വള്ളിനിക്കർ, തുടങ്ങിയ ഉദ്യോഗസ്ഥരുടെ പലതും 'സ്ട്രോങ്ങ് റൂം' തുറന്നെടുക്കാനുള്ള ഇലക്ഷൻ കമ്മീഷനിലെ ചില ഉദ്യോഗസ്ഥരുടെ തന്ത്രങ്ങൾ 'വോട്ട്' യന്തിരന്മാരുടെ നിറം മാറ്റിക്കളയമോയെന്ന സംശയം ഇതേ പംക്തിയിൽ ആഴ്ചകൾക്കു മമ്പേ എഴുതിയിരുന്നു. ഇലക്ഷൻ കമ്മീഷന്റെ എല്ലാ ചട്ടങ്ങളും കാറ്റിൽ പറത്തി സ്ട്രോങ്ങ് റൂമുകളും അവയോടനുബന്ധിച്ച് അനുബന്ധ മുറികളും തയ്യാറാക്കിയത് സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഉദ്യോഗസ്ഥരാണെന്നു പരാതികളുണ്ട്.

പാലക്കാട്ട് നെന്മാറ, കോഴിക്കോട്ടെ കൊയിലാണ്ടി തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുള്ള ബാലറ്റ് പെട്ടികളിൽ കൃത്രിമം നടത്താൻ ശ്രമമുണ്ടായതായി പരാതികളുണ്ട്. സ്ട്രോങ്ങ് റൂമുകളോ അനുബന്ധ റൂമുകളോ യാതൊരു കാരണവശാലും തുറക്കരുതെന്ന് സംസ്ഥാന ചീഫ് ഇലക്ഷൻ കമ്മീഷണർ ഇന്ന് ഉത്തരവിറക്കിയിട്ടുണ്ട്. ഇടതുപക്ഷ ചായ്വുള്ള ഇലക്ഷൻ ഉദ്യോഗസ്ഥന്മാർ ഇനിയും ബാലറ്റ് പെട്ടികളിൽ കൈവയ്ക്കില്ലെന്ന് പ്രതീക്ഷിക്കാം.

### ഇപ്പോൾ ഹോട്ടലുകളല്ല, 'ഓട്ട'ലുകൾ...

കേരളത്തിലേക്ക് പ്രവാസികളായി വരുന്നവർ സൂക്ഷിക്കണം. പല നഗരങ്ങളിലും ഹോട്ടൽ ഭക്ഷണം ഇപ്പോൾ കിട്ടാക്കനിയാണ്. ചില ഹോട്ടലുകൾ ഉച്ചഭക്ഷണത്തിനായും ചിലത് രാത്രി ഭക്ഷണത്തിനായും തുറന്നിരിപ്പുണ്ട്. ഗ്യാസ് ക്ഷാമം മൂലം ചെറിയ സ്പേസിൽ പ്രവർത്തിക്കുന്ന ഫാസ്റ്റ് ഫുഡ് കടകളെല്ലാം അടഞ്ഞു കിടക്കുകയാണ്. ഇത്തിരി ഭക്ഷണം, അല്ലെങ്കിൽ സ്നാക്സ് കൈയിൽ കരുതുക. വെള്ളമോ ജ്യൂസോ ബോട്ടിലിലാക്കി ബാഗിൽ വയ്ക്കുക. വഴിവക്കിൽ നിന്ന് ഭക്ഷണ പാനീയങ്ങൾ കഴിക്കമ്പോൾ ശ്രദ്ധിക്കുക. ചോറിനൊപ്പമുള്ള കറികളിലെല്ലാം വില കൂടിയ പച്ചക്കറികൾ ഹോട്ടലുകാർ ഒഴിവാക്കിയിട്ടുണ്ട്. ബീറ്റ്റൂട്ട്, ചീര തുടങ്ങിയവ മാറി മാറി കഥാപാത്രങ്ങളായി വരുന്ന കറികളേ ഇപ്പോൾ ഹോട്ടലുകളിൽ കിട്ടൂ എന്ന ഓർമ്മ യാത്രയ്ക്കു പോകുന്നവർക്ക് ഉണ്ടാകണം.

ചൂട് കലശലായതുകൊണ്ട് കാറിൽ സഞ്ചരിക്കുന്നവർ 'നട്ടപ്ര വെയിലിൽ' സഞ്ചരിക്കുന്ന ടൂ വീലർമാരോട് തർക്കിക്കാതിരിക്കുന്നതാണ് ആരോഗ്യത്തിന് നല്ലതെന്ന് ചിന്തിക്കണേ. കേരളത്തിലെ പൊതുവിടങ്ങൾ, എന്തിന് ഉൽസവപ്പറമ്പുകൾ പോലും കടുത്ത ചൂട് മൂലം കിളിപോയ അവസ്ഥയിലാണ്. തപാൽ ആപ്പീസുകൾ കേന്ദ്രവും റേഷൻഷാപ്പുകൾ സംസ്ഥാന സർക്കാരും അടച്ചുപൂട്ടിക്കൊണ്ടിരിക്കുകയാണെങ്കിലും കേരളത്തിലെ ഏത് മുക്കിലും മൂലയിലും മലയാളിക്ക് അടിച്ച് പാമ്പാകാൻ പറ്റിയ മദ്യക്കടകളും ബാറുകളുമെല്ലാം സുലഭമാണ് കേട്ടോ.

### വാഴ രണ്ടും മോഹിനിയാട്ടവും

മലയാള സിനിമയിൽ ഇപ്പോൾ കൊച്ചു സിനിമകൾ തുരു തുരാ വിജയിക്കുകയാണ്. വാഴ2 സൂപ്പർ ഹിറ്റാണ്. പൊട്ടിപ്പൊളിഞ്ഞു പോയ ഭരതനാട്യത്തിന്റെ 'തുടർ സിനിമ' മോഹിനിയാട്ടവും പൊളിച്ചു. വാഴ 2ലെ അഭിനേതാക്കളൊന്നും തന്നെ സാധാരണ സിനിമാ പ്രേക്ഷകർക്ക് പരിചിതരല്ല.

എന്നിട്ടും അവരുടെ ഓരോ ഡയലോഗും കേട്ട് ജനം കൈയടിക്കുന്നു. മമ്മൂട്ടിയുടെ 'പോത്തൻവാവ' എന്ന ചിത്രത്തിൽ 'മാറാമ്പൽ' എന്ന വിളിപ്പേരുള്ള ബിജുക്കുട്ടൻ വാഴ രണ്ടിൽ അടിപൊളിയാണ്.

സൈജു കുറുപ്പ് കൂടി സഹനിർമ്മാതാവായിട്ടുള്ള 'മോഹിനിയാട്ട' ത്തിന്റെ വിജയം അപ്രതീക്ഷിതമാണ്. താരപ്രകടനങ്ങളേക്കാൾ 'കഥ പറച്ചിലും' 'മേക്കിംഗ്സും' പ്രേക്ഷകരെ വല്ലാതെ ഹരം കൊള്ളിക്കുന്ന നാളുകളാണിത്.

താരനിബിഡമായ 'പേട്രിയറ്റ് ' തിയറ്ററിലെത്തുന്നതിനുമമ്പേ അവധിക്കാല പ്രേക്ഷകരെ വാഴ2 ഉം 'മോഹിനിയാട്ടവും' അടിച്ചു മാറ്റുമെന്നു തോന്നുന്നു. സിനിമാലോകത്തെ ഈ 'കൊച്ചു കൊച്ചു ചിത്ര' ങ്ങൾ വൻ ഹിറ്റുകളാകുന്നത് മലയാള സിനിമയെ സംബന്ധിച്ചിടത്തോളം നല്ല ലക്ഷണമാണ്.

# ഇക്കുറി മമത ബാനർജി വളരുമോ തളരുമോ..?

30 വർഷത്തോളം ഇടതുപക്ഷത്തിന്റെ സമ്പൂർണ്ണ അധികാരത്തിൽ വീർപ്പുമുട്ടിപ്പോയിരുന്നു പശ്ചിമ ബംഗാൾ. രാഷ്ട്രീയമായി ഒരു ശൂന്യത ആ നാട്ടിലാകെ പടർന്നു. അത്പൂർണമായുംസ്വന്തമാക്കാനായത് തൃണമൂൽ കോൺഗ്രസ് എന്ന രാഷ്ട്രീയ പാർട്ടിക്കാണ്. ഒരുകാലത്ത് മമതാ ബാനർജി ഇന്ത്യൻ നാഷ്ണൽ കോൺഗ്രസ് ഇന്ദിര എന്ന പാർട്ടിയിലായിരുന്നു. ആയിരുന്നു. അത് പിന്ന അവർക്കൊരു ബാധ്യതയായി മാറി. ഉടൻ അവർ ഇന്ദിരകോൺഗ്രസിന്റെ കുപ്പായം വലിച്ചെറിഞ്ഞ് പുതിയൊരു കോൺഗ്രസ് ഉണ്ടാക്കി. അതാണ് തൃണമൂൽ കോൺഗ്രസ്.

പശ്ചിമ ബംഗാളിലെ ഏറ്റവും അടിത്തട്ടിലെ മനുഷ്യരെ വരെ പ്രതിനിധീകരിക്കുന്ന പാർട്ടിയാണ് തങ്ങളുടേത് എന്നു വരുത്തിതീർക്കാൻ മമതയ്ക്ക് പെട്ടെന്നു തന്നെ കഴിഞ്ഞു. അതോടെ ഇടതുപക്ഷത്തിന്റെ സ്ഥാനം തന്ത്രപരമായി അടിച്ചു മാറ്റാൻ മമതയ്ക്കു കഴിഞ്ഞു. ടാറ്റയുടെ നാനോ കാർ പ്ലാന്റിനായി സിംഗൂരിലും സലിം ഗ്രൂപ്പിനുവേണ്ടി പ്രത്യേക സാമ്പത്തിക മേഖല സ്ഥാപിക്കാൻ നന്ദിഗ്രാമിലും സ്ഥലമെടുപ്പ് നടന്നപ്പോൾ, അതിനെതിരായ പ്രതിഷേധങ്ങളെ മമതയ്ക്ക് ഒരു ജനകീയ ശക്തിയാക്കി മാറ്റാൻ അതിവേഗം കഴിഞ്ഞു. തീവ്ര ഇടതുപക്ഷ ശക്തികളെ പോലും ഉൾക്കൊള്ളിച്ച് അവരെയെല്ലാം ഒരു കുടക്കീഴിലാക്കി വിശാല രാഷ്ട്രീയ ഐക്യമുണ്ടാക്കാൻ അവർക്കുകഴിഞ്ഞു.

നീണ്ട 30 സംവത്സരക്കാലത്തെ ഇടതുപക്ഷ വാഴ്ച കൊണ്ട് കമ്മ്യൂണിസ്റ്റ് പാർട്ടി കരുതിയത്, ബംഗാളിന്റെ രാഷ്ട്രീയ സ്വഭാവം അപ്പാടെ മാറി എന്നാണ്. അത് തികച്ചും തെറ്റായിരുന്നു. ഏത് രാഷ്ട്രീയ സ്വഭാവമാണോ ഇടതുപക്ഷത്തെ തുണച്ചത്, അത് ശക്തമായി നിലനിന്നിരുന്നു. ഔദ്യോഗിക ഇടതുപക്ഷത്തിൽനിന്ന് മമതയുടെ പാർട്ടിയിലേക്ക് പിന്നെയൊരു ഒഴുക്കാണുണ്ടായത്. അതിന് തടയിടാൻ ഇടതു പക്ഷത്തിന് കഴിഞ്ഞതുമില്ല.

ക്ഷേമപ്രവർത്തനങ്ങളാണ് മമത ബാനർജിയുടെ സർക്കാറിനെ നിലനിർത്തിയ പ്രധാന ഘടകം, സംസ്ഥാന ജനസംഖ്യയിലെ 83 ശതമാനത്തോളം പേർ സർക്കാറിന്റെ ഏതെങ്കിലുമൊരു ക്ഷേമപ്രവർത്തനത്തിന്റെ ഗുണഭോക്താക്കളാണ്. സ്വകാര്യ ആശുപത്രികളിൽ പോലും ഇൻഷുറൻസ്പദ്ധതികൊണ്ടുവന്ന്ഉപരിവർഗങ്ങളെ പോലും മമത പാട്ടിലാക്കിക്കളഞ്ഞു. തികച്ചും പാർശ്വവൽക്കരിക്കപ്പെട്ടവരേയും ദരിദ്രരേയുമൊക്കെയാണ് മമത വലവീശിപ്പിടിച്ചത്.

സമരം ചെയ്ത ജനങ്ങൾക്കുനേരെ പൊലീസിനെക്കൊണ്ട് വെടിവെപ്പിക്കാൻ മടിക്കാത്ത ഔദ്യോഗിക ഇടതുപക്ഷത്തിന്റെ കാർക്കശ്യമില്ലാത്തും കോൺഗ്രസിന്റെ പൂർവഭാരങ്ങളില്ലാത്തതുമായ ഒരു പുതിയ ഇടതുപക്ഷ പ്രസ്ഥാനമാണ് മമത സൃഷ്ടിച്ചെടുത്തത്. നീണ്ട 15 വർഷമായി അധികാരത്തിൽ തുടരുന്ന പാർട്ടിയെന്ന നിലയ്ക്ക്, തൃണമൂൽ കോൺഗ്രസിന്റെ ഭരണത്തുടർച്ചയ്ക്ക് പഴയ സി.പി.എമ്മിന്റെ ഭരണത്തുടർച്ചയുമായി സാമ്യമുണ്ടോ എന്ന ചോദ്യം ഇന്ന് ഏറെ പ്രസക്തമാണ്.

ബംഗാളിൽ ഇടതുപക്ഷത്തിന്റെ തോൽവിഅപ്രതീക്ഷിതവുംഅതിഭീകരവുമായിരുന്നു. 2009ലെ ലോക്സഭാ ഇലക്ഷനിൽ ഇടതുപക്ഷത്തിന്റെ തകർച്ച പ്രകടമായിരുന്നു. തുടർന്ന്, 2011ലെ നിയമസഭാ തെരഞ്ഞെടുപ്പിലാണ് ഇടതുപക്ഷം തകർന്നടിഞ്ഞത്.അവിടെപാർട്ടിതോൽവിഅറിഞ്ഞ നിമിഷം മുതൽ പാർട്ടിഓഫീസുകളിൽ ആളില്ലാതായി, എന്തിനേറെ പാർട്ടിഓഫീസുകൾ തന്നെ ഇല്ലാതായി. അതോടെ മമതയ്ക്ക് ഇടതു പക്ഷ പാർട്ടിയെ ഇല്ലാതാക്കാനായി.

എന്നാൽ, 2016 ആയപ്പേഴേക്കും മമതയ്ക്ക് താൻ കാണിച്ചുകിട്ടിയതിന്റെ അപകടം മനസ്സിലായി. ഇടതുപക്ഷം കൊഴിഞ്ഞുപോയ ശൂന്യത നികത്താനുള്ള ശേഷി കോൺഗ്രസിനുണ്ടായിരുന്നില്ല, ബി.ജെ.പിയാണ് ആ ഇടം കൈയേറാൻ ശ്രമിക്കുന്നതെന്നു മമത മനസ്സിലാക്കി. 2016ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ വെറും രണ്ട് സീറ്റുമാത്രം ഉണ്ടായിരുന്ന ബി.ജെ.പി 2021ൽ 77 സീറ്റാണ് നേടിയത്.

2019ലെ ലോക്സഭാ തെരഞ്ഞെടുപ്പിലും ബി.ജെ.പി മികച്ച പ്രകടനമാണ് കാഴ്ചവെച്ചത്. ആ പ്രകടനം 2021ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ ബി.ജെ.പി കാഴ്ചവെച്ചിരുന്നുവെങ്കിൽ മമതയ്ക്ക് ഒരുപക്ഷേ, ഭരണം പോലും കിട്ടുമായിരുന്നില്ല. ഒരു പ്രതിപക്ഷത്തിന്റെ ആവശ്യമുണ്ടെന്ന പാഠം മമത തിരിച്ചറിയുന്നത് അങ്ങനെയാണ്.ഇപ്പോഴുംസംസ്ഥാനത്ത്ഇടതുപക്ഷവും കോൺഗ്രസും തികച്ചും പരിതാപകരമായ നിലയിലാണ്, പ്രതിപക്ഷത്തിന്റെ രാഷ്ട്രീയ ശൂന്യത ഇപ്പോഴും പൂർണമായും നികത്തപ്പെട്ടിട്ടില്ല. ബി. ജെ.പി തന്നെയാണ് ശക്തമായി പ്രതിപക്ഷത്ത് നിലയുറപ്പിച്ചിരിക്കുന്നത്.



അതുകൊണ്ട് അൽപമെങ്കിലും ശക്തമായ ഇടതുപക്ഷം മമതയ്ക്ക് യഥാർത്ഥത്തിൽഅനുഗ്രഹമാണ്.ശക്തമായഇടതുപക്ഷവും കോൺഗ്രസുമുണ്ടെങ്കിൽ മമതക്കെതിരായ ഭരണവിരുദ്ധവികാരം രണ്ടായി തിരിയും. അല്ലാത്തപക്ഷം, മമതക്കെതിരായ വോട്ട് മുഴുവൻ ബി.ജെ.പി കൈക്കലാക്കും. നിയമസഭാ തെരഞ്ഞെടുപ്പിന്റെ ഫലത്തെ തന്നെ അത് മാറ്റിമറിക്കും. അതുകൊണ്ട്, അൽപം ശക്തിയുള്ള ഇടതുപക്ഷം ബംഗാളിൽ ഇപ്പോൾ ആവശ്യമാണ്. അത് മമതയും മനസിലാക്കിയിട്ടുണ്ട്.

മമതയ്ക്കുമാത്രമല്ല, ജനാധിപത്യത്തിനുതന്നെ അത് ആരോഗ്യകരമാണ്. അതുകൊണ്ടാണ്, ബി.ജെ.പിയുടെ വളർച്ച തടയാൻ തദ്ദേശ തെരഞ്ഞെടുപ്പിലും മറ്റും തൃണമൂൽ ഇടതുപക്ഷവും കോൺഗ്രസുമായും ചില നീക്കുപോക്ക് നടത്തി എന്ന് രഹസ്യമായി പറയപ്പെട്ടിരുന്നത്.

ഭരണത്തിന്റെഅവസാനകാലത്ത്സി.പി.എം നേരിട്ട ഏറ്റവും വലിയ ആരോപണം, വ്യക്തിഗതജീവിതത്തിൽ 'കുട്ടി സഖാക്കൾ' ഇടപെടാൻ തുടങ്ങി എന്നതാണ്,പ്രത്യേകിച്ച്ഗ്രാമങ്ങളിൽ.നീണ്ടൊരു വത്സരക്കാലം ഒരു പാർട്ടി തന്നെ അധികാരത്തിലിരുന്നാൽ, പാർട്ടിയും സർക്കാറും തമ്മിലുള്ള വിഭജനരേഖ ഇല്ലാതാകും.

ജ്യോതിബസുവിന്റെ കാലത്തുപോലും, വ്യക്തിസ്വാതന്ത്ര്യത്തിൽ ഇടപെടുന്ന തരത്തിലുള്ള ചില നടപടികളുണ്ടായിട്ടുണ്ട്. അതുമായി താരതമ്യം ചെയ്താൽ ഇപ്പോൾ വലിയ വ്യത്യാസമുണ്ടെന്നു പറയാം. അതേസമയം, സാധാരണക്കാരിൽനിന്ന് പണം ഊറ്റുന്നതുപോലുള്ള പരിപാടികൾ തുടരുന്നുണ്ട്. മുമ്പ്, ഏതു കച്ചവടത്തിലും നിശ്ചിത തുക സി.പി.എം പ്രവർത്തകർക്ക് കൊടുക്കണമായിരുന്നു, ഇപ്പോൾ അത് തൃണമൂൽ കോൺഗ്രസിലുള്ളവരാണ് വാങ്ങുന്നതെന്ന വ്യത്യാസമേ ഉള്ളു.

മമതആദ്യംആധികാരത്തിലേറിയനാളുകളിൽ റിയൽ എസ്റ്റേറ്റുമായി ബന്ധപ്പെട്ട് നടന്ന പല നടപടികളും വലിയ വിവാദമായിരുന്നു. ബിൽഡറുടെ കൈയിൽനിന്ന് ഒരു തൃണമൂൽ നേതാവ് പണം വാങ്ങുന്നു. തൊട്ടു പുറകേ മറ്റൊരാൾ വന്ന്, താനാണ് ശരിക്കുമുള്ള നേതാവ് എന്നുപറഞ്ഞ് വീണ്ടും പണം വാങ്ങുന്നു. ഇത്തരം ഇടപാടുകൾക്ക് സിൻഡിക്കേറ്റ് എന്ന പുതിയ വാക്കു തന്നെ യുണ്ടായി. ഒരു കെട്ടിടം പണി തുടങ്ങുമ്പോൾ ബിൽഡർമാർ സാധനങ്ങൾ തൃണമൂലിന്റെ ഒത്താശയുള്ള സിൻഡിക്കേറ്റ് വഴി, അവർ പറയുന്ന സ്ഥലത്തുനിന്ന് വാങ്ങണം. അപ്പോൾ ഗുണനിലവാരം ഉണ്ടായെന്നു വരില്ല, വിലയും പ്രശ്നമാണ്.

സത്യത്തിൽ ഉപരി മധ്യവർഗങ്ങൾക്ക് മമത അങ്ങനെയാണ് ശത്രുവായത്. എന്നാൽ അടുത്ത കാലത്തായി ഇത്തരം കാര്യങ്ങൾ ഒരു പരിധി വരെ ഇല്ലാതായിട്ടുണ്ട്. ഇങ്ങനെയൊക്കെ ആണെങ്കിലും പട്ടിണിപ്പാവങ്ങൾക്കിടയിൽ മമതയെ മറികടക്കാൻ മറ്റൊരു നേതാവില്ല. സാധാരണക്കരോട് യഥാർത്ഥ അടുപ്പമുള്ള നേതാവാണ് അവർ. മമത വളരെ ദരിദ്രമായ ചുറ്റുപാടിൽനിന്ന് വന്ന ഒരാളാണ്. അവരുടെ അമ്മ ഗായത്രിദേവി കൂലിപ്പണിക്കാരിയായിരുന്നു. സഹോദരങ്ങളെ നോക്കി വളർത്തിയത് മമതയാണ്. അതുകൊണ്ടുതന്നെ ദുരിതമനുഭവിക്കുന്ന മനുഷ്യരുടെ കാര്യത്തിൽ അവർക്ക് ആശങ്കയുണ്ട് എന്നത് സത്യമാണ്.

1970ൽ പതിനഞ്ച് വയസുള്ളപ്പോഴെ വിദ്യാർത്ഥി രാഷ്ട്രീയത്തിൽ സജീവമായിപ്രവർത്തിച്ച മമത കോൺഗ്രസ് (ഐ) യുടെ ബംഗാളിലെ വിദ്യാർത്ഥി സംഘടനയായ ഛത്ര പരിഷത്ത് യൂണിയൻ രൂപീകരിച്ചുകൊണ്ടാണ് സംഘടനാ പ്രവർത്തനം തുടങ്ങിയത്. മഹിള കോൺഗ്രസ് നേതാവായാണ് പൊതുരംഗ പ്രവേശനം. പിന്നീട് യുവജന സംഘടനയായ യൂത്ത് കോൺഗ്രസിന്റെ സജീവപ്രവർത്തക യായിരുന്നു. 1990കളുടെ ആരംഭത്തിൽ ബംഗാൾ കോൺഗ്രസിലെ അനിഷേധ്യ നേതാവായി വളരുകയായിരുന്നു. 1997ൽ ബംഗാൾ കോൺഗ്രസ് നേതൃത്വവുമായി തെറ്റിപ്പിരിഞ്ഞ് തൃണമൂൽ കോൺഗ്രസ് പാർട്ടി രൂപീകരിച്ചു മമത.

കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ബംഗാളികൾ വെജിറ്റേറിയനാകണം എന്ന തരത്തിലുള്ള കാമ്പയിൻ ചില ബി.ജെ.പി നേതാക്കൾ നടത്തുകയുണ്ടായി. എന്നാൽ, ഇത്തവണ ബിധാൻ നഗറിൽ മത്സരിക്കുന്ന ബി.ജെ.പി സ്ഥാനാർഥി ഡോ. ശരാവത് മുഖോപാധ്യായ കൈയിൽ വലിയൊരു പച്ചമീനും പിടിച്ചാണ് കാമ്പയിൻ നടത്തുന്നത്.

ബി.ജെ.പി അധികാരത്തിലെത്തിയാൽ നോൺ വെജ് ഭക്ഷണം നിരോധിക്കും എന്ന തൃണമൂൽ കോൺഗ്രസിന്റെ കാമ്പയിനുള്ള മറുപടിയാണ് ബി.ജെ.പിയുടേത്. മാത്രമല്ല, നരേന്ദ്ര മോദി കഴിഞ്ഞ ദിവസം ഒരു കാമ്പയിനിൽ, സംസ്ഥാനത്തെ മീൻ ഉൽപ്പാദനം കുറയുന്നതിൽ വലിയ ആശങ്ക പ്രകടിപ്പിച്ചു. ബി.ജെ.പി അധികാരത്തിൽ വന്നാൽ സംസ്ഥാനത്തിനാവശ്യമായ മുഴുവൻ മത്സ്യവും ഇവിടെതന്നെ ഉൽപ്പാദിപ്പിക്കും എന്ന ഉറപ്പും മോദി നൽകി. എന്തുമാത്രം അപഹാസ്യമായ നിലപാടാണിത്. മറ്റു സ്ഥലങ്ങളിൽ നോൺ വെജിറ്റേറിയനാണെന്നു പറഞ്ഞ് കടകൾ അടപ്പിക്കുകയും ആളുകളെ ആക്രമിക്കുകയും ചെയ്യുന്ന വരാണ്. ഈ ഇരട്ടത്താപ്പ് തുറന്നുകാട്ടുമ്പോൾ മമത ബംഗാൾ സ്വത്വവാദമുയർത്തുന്നു എന്നാക്ഷേപിച്ചിട്ട് കാര്യമില്ല.

സംസ്ഥാനത്തെ ഏറ്റവും വലിയ ആഘോഷമായ ദുർഗാപൂജയെ എടുക്കാം. യുനെസ്കോയുടെ ലോക സാംസ്കാരിക പൈതൃക പട്ടികയിലുള്ള ആഘോഷമാണിത്. മതപരമായ ആചാരങ്ങളാണ് ദുർഗാപൂജയ്ക്കത്തുള്ളതെങ്കിലും ഈ ആഘോഷവേളയിൽ ഏറ്റവും കൂടുതൽ ചെലവാകുന്ന ഭക്ഷണങ്ങളിൽ ഒന്ന് മട്ടൻ ബിരിയാണിയാണ്.

ഇത്തവണ ബംഗാൾ ഇലക്ഷനെ സ്വാധീനിക്കാൻ പോകുന്ന ഏറ്റവുംവലിയ വിഷയം എസ്.ഐ.ആർ തന്നെയാണ്. എസ്.ഐ.ആറിൽ രണ്ടു ഘട്ടങ്ങളുണ്ടായിരുന്നു. ആദ്യ ഘട്ടത്തിൽ, 63 ലക്ഷം വോട്ടർമാരെയാണ് ഒഴിവാക്കിയത്. ഇവർ ഒന്നുകിൽ മരിച്ചവരോ ഒന്നിലേറെ സ്ഥലത്ത് പേരുള്ളവരോ സ്ഥലം മാറിപ്പോയവരോ ഒക്കെയാകാം. ന്യായമായി ഉൾപ്പെടേണ്ടവരെയും ഒഴിവാക്കിയിട്ടുണ്ടാകാം. പരാതിയുണ്ടെങ്കിൽ ഫോം 6 വഴി അവർക്ക് തിരിച്ച് വോട്ടർ പട്ടികയിലെത്താം. ഈ 60 ലക്ഷത്തിനകത്ത് ഇത്തരമൊരു പരിഹാരമുണ്ടായിരുന്നു.

രണ്ടാം ഘട്ടത്തിൽ സൂക്ഷ്മ നിരീക്ഷണത്തിനായി മാറ്റിവെച്ച മറ്റൊരു 60 ലക്ഷത്തോളം പേരിൽനിന്ന് 27.16ലക്ഷംപേരെ കൂടി യാതൊരു കാരണവുമില്ലാത് വെട്ടിമാറ്റി.തുടർന്ന്,ഇത്തവണത്തെനിയമസഭാ തെരഞ്ഞെടുപ്പിന്റെ വോട്ടർപട്ടിക ഇലക്ഷൻ കമീഷൻ മരവിപ്പിക്കുകയും ചെയ്തു. അതുകൊണ്ട് ഇനി മാറ്റം വരുത്താനാകില്ല. അതായത്, ആകെയുള്ള വോട്ടർമാരിൽ 12 ശതമാനത്തോളം പേരെയാണ് എസ്.ഐ.ആറിലൂടെ ഒഴിവാക്കിയത്.

സുപ്രീംകോടതി നിർദേശപ്രകാരം നിയോഗിക്കപ്പെട്ട ട്രൈബ്യൂണലിനുമുമ്പാകെ 27 ലക്ഷം പേരുടെ പരാതിയാണുള്ളത്. പട്ടിക മരവിപ്പിക്കുന്ന അന്ന് രാത്രി നാലു പേരെ സുപ്രീംകോടതി ഇടപെലിനെതുടർന്ന് വീണ്ടും ഉൾപ്പെടുത്തി. ഇവരിൽ രണ്ടുപേർ ഇത്തവണ കോൺഗ്രസ് സ്ഥാനാർഥികളാണ്.

എത്രമാത്രം ഭയാനകമാണ് ഈ വെട്ടിനിരത്തൽ. ടൈംസ് ഓഫ് ഇന്ത്യയുടെ റിപ്പോർട്ടിൽ പറയുന്നത്, ആകെയുള്ള 294 മണ്ഡലങ്ങളിൽ 45 ഇടത്ത് ഒഴിവാക്കപ്പെട്ടവരുടെ എണ്ണം കഴിഞ്ഞ തവണത്തെ ഭൂരിപക്ഷത്തേക്കാൾ കൂടുതലാണ് എന്നാണ്. അതായത്, 45 സീറ്റുകളിലെ തിരഞ്ഞെടുപ്പ് ഫലം വേണമെങ്കിൽ മാറാം. ഇവയിലേറെയും തൃണമൂൽ കോൺഗ്രസിന് സ്വാധീനമുള്ള

## ഡൽഹി ഡെർബാർ

സീറ്റുകളാണ് എന്നതാണ് പരമാർത്ഥം.

വോട്ടർപട്ടികയിൽനിന്ന് ഒഴിവാക്കപ്പെട്ടവരിലേറെയും മുസ്‌ലിംകളാണ്. ബംഗ്ലദേശിൽനിന്നു വന്ന ഹിന്ദു സമുദായത്തിലെ മതുവ വിഭാഗക്കാരും ഏറെയുണ്ട്. ഇവർ ബി.ജെ.പിയെ പിന്തുണച്ചിരുന്നവരാണ്. പൗരത്വ (ഭേദഗതി) നിയമപ്രകാരം അവർക്ക് പൗരത്വം നൽകാമെന്ന് ബി.ജെ.പി ഉറപ്പ് നൽകിയിരുന്നുവെങ്കിലും ഇതുവരെ നൽകിയിട്ടില്ല. അതിൽ അവർ അതൃപ്തരാണ്. അതുകൊണ്ടു തന്നെ, ഈ ഒഴിവാക്കൽ ബി.ജെ.പിക്കും തിരിച്ചടിയായേക്കാം. എല്ലാ മുസ്‌ലിംകളും മമതയ്ക്കും എല്ലാ ഹിന്ദുക്കളും ബി.ജെ.പിക്കുമാണ് വോട്ട് ചെയ്യുക എന്നു കരുതരുത്. അതുകൊണ്ടുതന്നെ എസ്.ഐ.ആറിലെ ഒഴിവാക്കൽ ഏത് വിഭാഗത്തെയാണ് ബാധിക്കുക എന്ന് കണ്ടറിയണം.

എന്നാൽ, എസ്.ഐ.ആർ വന്നശേഷം ഇതടക്കമുള്ള മറ്റെല്ലാ വിഷയങ്ങളും മുങ്ങിപ്പോയി. ഇപ്പോൾ കേൾക്കുന്നത് എസ്.ഐ.ആറിനെക്കുറിച്ചുമാത്രം.

എസ്.ഐ.ആർ ബി.ജെ.പിയ്ക്കാണ് ദോഷം ചെയ്യുക എന്ന ആത്മവിശ്വാസത്തിലാണ് തൃണമൂൽ കോൺഗ്രസ്. തൃണമൂലും ഇടതുപക്ഷവും എസ്.ഐ.ആറിനോട് പ്രതികരിച്ചത്, അമ്പരപ്പിക്കുന്ന രീതിയിലായിരുന്നു. നിയമപരമായും സമാധാനപരമായും ഇതിനെ എങ്ങനെ നേരിടാം എന്ന പരീക്ഷണമാണ് അവർ നടത്തിയത്. സംസ്ഥാനത്തുടനീളം ഹെൽപ് ഡെസ്കുകളുണ്ടാക്കുകയും ആളുകളെക്കൊണ്ട് നിർബന്ധിച്ച് ഫോം പൂരിപ്പിക്കുകയും ചെയ്തു.

അതോടെ ബി.ജെ.പിയുടെ ഗെയിം പ്ലാൻ തന്നെ പരാജയപ്പെട്ടു. പത്ത് കോടിയോളം വരുന്ന ജനസംഖ്യയിൽ ഇതിലും കൂടുതൽ പേരെ ഒഴിവാക്കാം എന്ന കണക്കുകൂട്ടലിലായിരുന്നു ബി.ജെ.പി. യു.പിയിൽ രണ്ടോ മൂന്നോ കോടി പേരെയാണ് മാറ്റിയത്. എന്നാൽ, ബംഗാളിൽ, തൃണമൂലിന്റെയും ഇടതുപക്ഷത്തിന്റെയും ജാഗ്രത വലിയൊരു രാഷ്ട്രീയ സന്ദേശമാണ് മറ്റു സംസ്ഥാനങ്ങൾക്ക് ബംഗാൾ നൽകിയത്.

മോദി പയറ്റുന്ന പി.ആർ തന്ത്രമൊന്നും വേണ്ടതില്ല എന്ന് മമത ബാനർജി തീരുമാനിച്ചിരിക്കുന്നു. തെരഞ്ഞെടുപ്പ് ഏജൻസിയായ ഐപാക്കിന്റെ ഓഫീസിലും ഡയറക്ടർ പ്രതീക് ജെയിനിന്റെ വീട്ടിലും ഇ.ഡി റെയ്ഡ് നടന്നപ്പോൾ മമത നേരിട്ടുതന്നെ അവിടെയെത്തി. എസ്.ഐ.ആർ വിഷയത്തിൽ വാദിക്കാൻ അവർ അഭിഭാഷക ഗൗൺ അണിഞ്ഞ് സുപ്രീംകോടതിയിലെത്തി. ഇതാണ് യഥാർത്ഥ രാഷ്ട്രീയപ്രവർത്തനം. മമതയ്ക്ക് സോഷ്യൽ മീഡിയയോ ആർമി ഓഫ് ടെക്നോളജിയോ ആവശ്യമില്ല. ഇപ്പോഴും ജനങ്ങളുമായി നേരിട്ട് ബന്ധപ്പെടാനുള്ള വഴികൾ മമതയെ ആരും പഠിപ്പിക്കേണ്ടെന്നു ചുരുക്കം.

മമത വീണ്ടും അധികാരത്തിൽ വരികയാണെങ്കിൽ ബംഗ്ലദേശിലെ തീവ്രവാദികൾ കൊൽക്കത്ത കീഴടക്കുമെന്നാണ്. എന്നാൽ, ഇലക്ഷൻ അടുത്തതോടെ ഇത്തരം കാമ്പയിൻ ദുർബലമായി. അതിന് പ്രധാന കാരണം, ബംഗ്ലദേശിലെ പുതിയ ഗവൺമെന്റും ഇന്ത്യ സർക്കാറും തമ്മിൽ നയതന്ത്രബന്ധം മെച്ചപ്പെടുത്തണം എന്ന തരത്തിലുള്ള ചർച്ച നടക്കുന്നുണ്ട്.

അതുകൊണ്ടാണെന്നു തോന്നുന്നു, ബംഗ്ലദേശ് വിരുദ്ധ കാമ്പയിൻ അവസാനിച്ചത്. ബംഗ്ലദേശ് രാഷ്ട്രീയം സൂക്ഷ്മമായി നിരീക്ഷിക്കുന്ന തെരഞ്ഞെടുപ്പാണിതെന്നു പറയാം.

എമ എൽസ എൽവിൻ

# ഡെൻമാർക്കിൽ ഫുട്ബോൾ താരം അൽമാര ഡി ജാബിക്ക് കുത്തേറ്റു




ഹെർണിംഗ് (ഡെൻമാർക്ക്): ഡാനിഷ് ക്ലബ്ബ് എഫ്സി മിഡ്ജിലാൻഡിന്റെ യുവ മിഡ്ഫീൽഡർ അൽമാര ഡി ജാബിക്ക് കുത്തേറ്റു. കഴിഞ്ഞ ഞായറാഴ്ച പുലർച്ചെ ക്ലബ്ബിന്റെ ആസ്ഥാനമായ ഹെർണിംഗിൽ വെച്ചാണ് സംഭവം നടന്നത്. ആക്രമണത്തിൽ ഗുരുതരമായി പരിക്കേറ്റ 19-കാരനായ ജാബി ഇപ്പോൾ അപകടനില തരണം ചെയ്തതായും ആരോഗ്യനില തൃപ്തികരമാണെന്നും ക്ലബ്ബ് അധികൃതർ അറിയിച്ചു.ആക്രമണത്തിന് പിന്നാലെ അതീവ ഗുരുതരാവസ്ഥയിലായിരുന്ന താരത്തെ അടിയന്തര ശസ്ത്രക്രിയയ്ക്ക് വിധേയനാക്കിയിരുന്നു.തുടർന്ന് ആരോഗ്യനില നിയന്ത്രിക്കുന്നതിനായി താരത്തെ മരുന്നുകൾ നൽകി കൃത്രിമ കോമയിലേക്ക് മാറ്റി. എന്നാൽ കഴിഞ്ഞ ദിവസം അദ്ദേഹം ബോധം തിരിച്ചു കിട്ടിയതായും സാഹചര്യങ്ങളോട് അനുകൂലമായി പ്രതികരിക്കുന്നതായും ക്ലബ്ബ് പ്രസ്താവനയിലൂടെ വ്യക്തമാക്കി.സമയോചിതമായ ഇടപെടലിലൂടെ താരത്തിന്റെ ജീവൻ രക്ഷിച്ച മെഡിക്കൽ സംഘത്തിന് ക്ലബ്ബ് നന്ദി രേഖപ്പെടുത്തി. സംഭവത്തിൽ പ്രാദേശിക പോലീസ് അന്വേഷണം ഊർജിതമാക്കിയിട്ടുണ്ട്. ആക്രമണത്തിന്റെ കൃത്യമായ കാരണങ്ങളോ പ്രതികളെക്കുറിച്ചുള്ള വിവരങ്ങളോ ഇതുവരെ പുറത്തുവിട്ടിട്ടില്ല.

## ക്രിക്കറ്റ് മൈതാനത്തും 'ഗോൾ' അടിക്കാൻ ബെല്ലിംഗ്ഹാം! ബർമിംഗ്ഹാം ഫീനിക്സിൽ ഓഹരികൾ സ്വന്തമാക്കി

ലണ്ടൻ: ഫുട്ബോൾ ലോകത്തെ വർത്തമാനകാലത്തെ ഏറ്റവും വലിയ താരങ്ങളിൽ ഒരാളായ റയൽ മാഡ്രിഡിന്റെ ഇംഗ്ലീഷ് മിഡ്ഫീൽഡർ ജൂഡ് ബെല്ലിംഗ്ഹാം ഇനി ക്രിക്കറ്റിലും ഒരു കൈ നോക്കുന്നു. ഇംഗ്ലണ്ടിലെ നൂറ് പന്തുകളുടെ ക്രിക്കറ്റ് ടൂർണമെന്റായ 'ദി ഹണ്ട്രഡ്' ഫ്രാഞ്ചൈസി ബർമിംഗ്ഹാം ഫീനിക്സിന്റെ ഓഹരികളാണ് താരം സ്വന്തമാക്കിയത്. ഏകദേശം 10 കോടിയോളം ഇന്ത്യൻ രൂപ (1 മില്യൺ പൗണ്ട്) മുടക്കിയാണ് താരം തന്റെ ജന്മനാട്ടിലെ ടീമിൽ 1.2 ശതമാനം ഓഹരി പങ്കാളിത്തം ഉറപ്പാക്കിയത്.ബർമിംഗ്ഹാമിൽ ജനിച്ചു വളർന്ന ബെല്ലിംഗ്ഹാമിന് ഈ നാടുമായി വലിയ വൈകാരിക ബന്ധമാണുള്ളത്. ഫുട്ബോളിൽ സജീവമാകുന്നതിന് മുൻപ് വോർസെസ്റ്റർഷെയറിലെ ഹാഗ്ലി ക്രിക്കറ്റ് ക്ലബ്ബിന് വേണ്ടി ജൂനിയർ തലത്തിൽ ബെല്ലിംഗ്ഹാം ക്രിക്കറ്റ് കളിച്ചിരുന്നു.തന്റെ കായിക കരിയറിന്റെ വേരുകൾ തേടിയുള്ള മടങ്ങിപ്പോക്ക് കൂടിയായാണ് ഈ നിക്ഷേപത്തെ കായിക ലോകം വിലയിരുത്തുന്നത്. നൈറ്റ്ഹെഡ് ക്യാപിറ്റലും വോർവിക്ക്ഷയർ കൗണ്ടി ക്രിക്കറ്റ് ക്ലബ്ബുമാണ് നിലവിൽ ബർമിംഗ്ഹാം ഫീനിക്സിന്റെ സഹ ഉടമകൾ.2026 ജനുവരിയിൽ തങ്ങളുടെ 1.2 ശതമാനം ഓഹരികൾ ഒരു 'നിഗൂഢ നിക്ഷേപകന്' വിറ്റതായി വോർവിക്ക്ഷയർ കൗണ്ടി അറിയിച്ചിരുന്നു. എന്നാൽ അത് ബെല്ലിംഗ്ഹാം ആണെന്ന വിവരം ഇപ്പോഴാണ് പുറത്തുവരുന്നത്. ബെല്ലിംഗ്ഹാമിന്റെ വരവോടെ നൈറ്റ്ഹെഡ് ക്യാപിറ്റലിന്റെയും വോർവിക്ക്ഷയർ കൗണ്ടിയുടെയും ഓഹരി പങ്കാളിത്തത്തിൽ നേരിയ മാറ്റം വന്നിട്ടുണ്ട്.



എങ്കിലും 50.4 ശതമാനം ഓഹരികളുമായി വോർവിക്ക്ഷയർ തന്നെയാണ് ടീമിലെ പ്രധാന പങ്കാളി.2021-ൽ ആരംഭിച്ച 'ദി ഹണ്ട്രഡ്' ടൂർണമെന്റ് ചുരുങ്ങിയ കാലം കൊണ്ട് ആഗോള നിക്ഷേപകരെ ആകർഷിക്കുന്ന ഒന്നായി മാറി. ഐപിഎൽ ടീമുകളുടെ ഉടമസ്ഥരായ ഗ്രൂപ്പുകൾ ഇതിനോടകം തന്നെ നാല് ടീമുകളിൽ നിക്ഷേപം നടത്തിയിട്ടുണ്ട്. മാഞ്ചസ്റ്റർ സൂപ്പർ ജയന്റ്സ്, എംഐ ലണ്ടൻ, സതേൺ ബ്രേവ്, സൺറൈസേഴ്സ് ലീഡ്സ് എന്നിവയാണ് ഐപിഎൽ ബന്ധമുള്ള ടീമുകൾ.

## ഫുട്ബോളിൽ അച്ഛനും മകനും ഒന്നിക്കുന്നു? റൊണാൾഡോ ജൂനിയറെ സീനിയർ ടീമിലെത്തിക്കാൻ അൽ നസർ



റിയാദ്: ബാസ്ക്കറ്റ് ബോൾ ഇതിഹാസം ലെബ്രോൺ ജയിംസ് തന്റെ മകനോടൊപ്പം ഒരേ കോർട്ടിൽ കളിച്ച് ചരിത്രം സൃഷ്ടിച്ചത് നാം കണ്ടതാണ്. ഇപ്പോൾ സമാനമായ ഒരു വമ്പൻ നീക്കത്തിന് ഫുട്ബോൾ ലോകവും സാക്ഷ്യം വഹിക്കാൻ പോകുന്നതായാണ് റിപ്പോർട്ടുകൾ.പോർച്ചുഗീസ് ഇതിഹാസം ക്രിസ്റ്റ്യാനോ റൊണാൾഡോയും മകൻ ക്രിസ്റ്റ്യാനോ ജൂനിയറും ഒരേ ജേഴ്സിയിൽ കളത്തിലിറങ്ങാനുള്ള സാധ്യതകൾ ഏറുകയാണ്. അടുത്ത സീസണിൽ 15-കാരനായ റൊണാൾഡോ ജൂനിയറെ അൽ നസറിന്റെ സീനിയർ ടീമിലേക്ക് സ്ഥാനക്കയറ്റം നൽകാൻ ക്ലബ്ബ് ആലോചിക്കുന്നതായി 'അൽ-റിയാദ്' റിപ്പോർട്ട് ചെയ്യുന്നു.തന്റെ കരിയറിലെ ഏറ്റവും വലിയ ആഗ്രഹങ്ങളിലൊന്നായി ക്രിസ്റ്റ്യാനോ റൊണാൾഡോ എപ്പോഴും എടുത്തുപറയുന്ന ഒന്നാണ് മകനോടൊപ്പം പ്രൊഫഷണൽ ഫുട്ബോൾ കളിക്കുക എന്നത്. ഈ സ്വപ്നം യാഥാർത്ഥ്യമായാൽ, പ്രൊഫഷണൽ ഫുട്ബോൾ ചരിത്രത്തിൽ ഒരേ സമയം കളിക്കളത്തിൽ ഒന്നിക്കുന്ന ആദ്യ അച്ഛനും മകനുമെന്ന അപൂർവ്വ റെക്കോർഡ് ഇവർക്ക് സ്വന്തമാകും.

## തകർന്നടിഞ്ഞ് ചെൽസി; സ്വന്തം താരങ്ങളെ തള്ളിപ്പറഞ്ഞ് ലിയാം റോസീനിയർ!



ലണ്ടൻ: പ്രീമിയർ ലീഗിൽ ചെൽസിയുടെ പതനം തുടരുന്നു. കഴിഞ്ഞ മത്സരത്തിൽ ബ്രൈറ്റണിനോട് എതിരില്ലാത്ത മൂന്ന് ഗോളുകൾക്ക് തകർന്നതോടെ ക്ലബ്ബ് വലിയൊരു പ്രതിസന്ധിയിലേക്ക് കൂപ്പുകുത്തിയിരിക്കുകയാണ്. തുടർച്ചയായ അഞ്ചാം മത്സരത്തിലും ഗോൾ നേടാനാകാതെ പരാജയപ്പെട്ട ചെൽസിയുടെ പ്രകടനം ആരാധകരെപ്പോലും രോഷാകുലരാക്കിയിരിക്കുകയാണ്. മത്സരത്തിന് പിന്നാലെ സ്വന്തം ടീമിലെ താരങ്ങളെ രൂക്ഷമായ ഭാഷയിൽ വിമർശിച്ചുകൊണ്ട് പരിശീലകൻ ലിയാം റോസീനിയർ രംഗത്തെത്തി.ഒരു കാലത്ത് യൂറോപ്പ് ഭരിച്ചിരുന്ന ചെൽസി ഇപ്പോൾ റെക്കോർഡുകൾ തിരുത്തി എഴുതുന്നത് തോൽവികളിലൂടെയാണ്. കഴിഞ്ഞ 9 ലീഗ് മത്സരങ്ങളിൽ ഒന്നിൽ മാത്രമാണ് ടീമിന് ജയിക്കാനായത്. ഗോളടിക്കാതെ തുടർച്ചയായി അഞ്ച് മത്സരങ്ങൾ തോൽക്കുന്നത് 1912-ന് ശേഷം ഇതാദ്യമായാണ്. നിലവിൽ പോയിന്റ് പട്ടികയിൽ ബ്രൈറ്റൺ ചെൽസിയെ മറികടന്നു. ഇതോടെ അടുത്ത സീസണിലെ ചാമ്പ്യൻസ് ലീഗ് സ്വപ്നങ്ങൾ വെറും നൂലിഴയിൽ തൂങ്ങിനിൽക്കുന്ന അവസ്ഥയിലാണ്.



# തോൽവിയിലും തളരാതെ വീനസ്! 45-ാം വയസ്സിലും ലക്ഷ്യം ഫ്രഞ്ച് ഓപ്പൺ

മാഡ്രിഡ്: പ്രായം വെറും അക്കമാണെന്ന് വീണ്ടും തെളിയിക്കുകയാണ് ടെന്നീസ് ഇതിഹാസം വീനസ് വില്യംസ്. ഫോമില്ലായ്മയും തുടർച്ചയായ പരാജയങ്ങളും വേട്ടയാടുമ്പോഴും ടെന്നീസ് കോർട്ടിനോട് വിടപറയാൻ താൻ തയ്യാറല്ലെന്ന് മുൻ ലോക ഒന്നാം നമ്പർ താരം വ്യക്തമാക്കി.മാഡ്രിഡ് ഓപ്പണിലെ ആദ്യ റൗണ്ടിൽ പുറത്തായതിന് പിന്നാലെ, അടുത്ത മാസം നടക്കാനിരിക്കുന്ന ഫ്രഞ്ച് ഓപ്പണിൽ കളിക്കാനുള്ള തന്റെ ആഗ്രഹം വീനസ് പങ്കുവെച്ചു.ചൊവ്വാഴ്ച നടന്ന മാഡ്രിഡ് ഓപ്പൺ ആദ്യ റൗണ്ടിൽ സ്പെയിനിന്റെ യുവതാരം കെയ്റ്റ്‌ലിൻ ക്വെവെഡോയോടാണ് വീനസ് പരാജയപ്പെട്ടത്. സ്കോർ: 6-2, 6-4. വീനസ് വില്യംസിന്റെ തുടർച്ചയായ പത്താം തോൽവിയാണിത്. 2025 ജൂലൈയിൽ വാഷിംഗ്ടണിൽ പെയ്റ്റൺ സ്റ്റേൺസിനെ പരാജയപ്പെടുത്തിയ ശേഷം വീനസിന് ഒരു മത്സരത്തിൽ പോലും ജയിക്കാനായിട്ടില്ല. ഈ സീസണിൽ ഓസ്ട്രേലിയൻ ഓപ്പൺ ഉൾപ്പെടെയുള്ള പ്രധാന ടൂർണമെന്റുകളിലെല്ലാം ആദ്യ റൗണ്ടിൽ തന്നെ താരം പുറത്തായിരുന്നു. മറ്റൊരു പ്രധാന ടൂർണമെന്റായ റോം മാസ്റ്റേഴ്സിൽ തനിക്ക് പങ്കെടുക്കാൻ കഴിയില്ലെന്ന് വീനസ് മാധ്യമങ്ങളോട് പറഞ്ഞു. 'എനിക്ക് റോമിൽ കളിക്കാൻ സാധിക്കില്ല, മറ്റ് ചില തിരക്കുകളുണ്ട്. അതിൽ വലിയ വിഷമമുണ്ട്. എന്റെ ഭർത്താവ് ഇറ്റലിക്കാരനാണ്, അതിനാൽ അവിടെ പോകാൻ കഴിയാത്തതിൽ ഞങ്ങൾ രണ്ടുപേരും സങ്കടപ്പെടുന്നു,' വീനസ് വെളിപ്പെടുത്തി. എങ്കിലും കളിമൺ കോർട്ടിൽ കൂടുതൽ മത്സരങ്ങൾ കളിക്കാനാണ് താൻ ആഗ്രഹിക്കുന്നതെന്നും അവർ കൂട്ടിച്ചേർത്തു.2021-ലെ ഫ്രഞ്ച് ഓപ്പണിന് ശേഷം ഇതാദ്യമായാണ് വീനസ് ക്ലേ കോർട്ടിൽ കളിക്കാനിറങ്ങിയത്. നീണ്ട ഇടവേളയ്ക്ക് ശേഷം കളിമൺ കോർട്ടിലേക്ക് എത്തിയതിന്റെ ബുദ്ധിമുട്ടുകൾ തന്റെ പ്രകടനത്തിലുണ്ടെന്ന് താരം സമ്മതിച്ചു. എങ്കിലും ഈ പ്രതലത്തിൽ കളിക്കുന്നത് താൻ ആസ്വദിക്കുന്നുണ്ടെന്നും ആവശ്യമായ മാറ്റങ്ങൾ വരുത്തി ഫ്രഞ്ച് ഓപ്പണിൽ മികച്ച പ്രകടനം നടത്താനാണ് ശ്രമിക്കുന്നതെന്നും 45-കാരിയായ താരം പറഞ്ഞു.വീനസിനെ പരാജയപ്പെടുത്തിയതോടെ 20-കാരിയായ കെയ്റ്റ്‌ലിൻ ക്വെവെഡോ തന്റെ കരിയറിലെ വലിയൊരു നാഴികക്കല്ലാണ് പിന്നിട്ടത്.

# വിജയത്തിലേക്ക് കുതിക്കാൻ നേരിട്ടുള്ള സാന്നിധ്യം ഇന്നും അനിവാര്യമോ? കരിയർ വളർച്ചയിലെ പുതിയ മാറ്റങ്ങൾ ഇങ്ങനെ



ആധുനിക തൊഴിൽ ലോകത്ത് വിജയം കൈവരിക്കാൻ ഓഫിസുകളിലെ നേരിട്ടുള്ള സാന്നിധ്യം എത്രത്തോളം പ്രധാനമാണെന്ന ചർച്ചകൾ സജീവമാകുന്നു. ഡിജിറ്റൽ യുഗത്തിൽ ജോലി ചെയ്യുന്ന സ്ഥലത്തേക്കാൾ ചെയ്യുന്ന ജോലിയുടെ ഗുണമേന്മയ്ക്കാണ് പ്രാധാന്യമെന്ന് ഒരു വിഭാഗം വാദിക്കുന്നു. എന്നാൽ പ്രധാനപ്പെട്ട ചർച്ചകളിലും തീരുമാനങ്ങളിലും നേരിട്ട് പങ്കെടുക്കുന്നത് കരിയറിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കുമെന്നാണ് പുതിയ പഠനങ്ങൾ സൂചിപ്പിക്കുന്നത്.

നേരിട്ടുള്ള ആശയവിനിമയം തൊഴിലിടങ്ങളിൽ വ്യക്തിപരമായ ബന്ധങ്ങൾ സ്ഥാപിക്കാൻ സഹായിക്കുന്നു. ഉയർന്ന ഉദ്യോഗസ്ഥരുമായും സഹപ്രവർത്തകരുമായും മുഖാമുഖം സംസാരിക്കുന്നത് വിശ്വാസ്യത വർദ്ധിപ്പിക്കും. ഇത്തരം ബന്ധങ്ങൾ പലപ്പോഴും പുതിയ അവസരങ്ങളിലേക്കും പ്രമോഷനുകളിലേക്കും നയിക്കുന്ന പ്രധാന ഘടകങ്ങളായി മാറാറുണ്ട്.


വീട്ടിലിരുന്ന് ജോലി ചെയ്യുന്ന രീതി അഥവാ റിമോട്ട് വർക്കിംഗ് സൗകര്യപ്രദമാണെങ്കിലും അത് ചിലപ്പോൾ കരിയർ വളർച്ചയെ മന്ദഗതിയിലാക്കാം. ഓഫിസിലെ അനൗദ്യോഗിക ചർച്ചകളിൽ നിന്നും ടീം മീറ്റിംഗുകളിൽ നിന്നും വിട്ടുനിൽക്കുന്നത് പല പ്രധാന വിവരങ്ങളും നഷ്ടപ്പെടാൻ കാരണമാകും. അതിനാൽ തന്നെ പ്രധാനപ്പെട്ട ഇടങ്ങളിൽ സാന്നിധ്യം ഉറപ്പാക്കുന്നത് കരിയർ കെട്ടിപ്പടുക്കുന്നതിൽ നിർണ്ണായകമാണ്.

സാങ്കേതികവിദ്യ എത്ര വളർന്നാലും മനുഷ്യർ തമ്മിലുള്ള നേരിട്ടുള്ള ബന്ധങ്ങൾക്ക് പകരമാകാൻ സൂം കോളുകൾക്കോ ഇമെയിലുകൾക്കോ സാധിക്കില്ല. ഒരേ മുറിയിൽ ഇരുന്നുള്ള ചർച്ചകൾ കൂടുതൽ സർഗ്ഗാത്മകമായ ആശയങ്ങൾ രൂപപ്പെടാൻ സഹായിക്കുന്നു. ഇത് സ്ഥാപനത്തിന്റെ വളർച്ചയ്ക്കും വ്യക്തിഗതമായ പുരോഗതിക്കും ഒരുപോലെ അത്യാവശ്യമാണ്.

പുതിയ കാലഘട്ടത്തിൽ നെറ്റ്‌വർക്കിംഗ് എന്നത് വിജയത്തിന്റെ താക്കോലാണ്. ശരിയായ സമയത്ത് ശരിയായ സ്ഥലത്ത് ഉണ്ടാകുക എന്നത് ഒരു കലയാണ്. നിങ്ങളുടെ കഴിവിനോടൊപ്പം തന്നെ നിങ്ങളുടെ സാന്നിധ്യവും ശ്രദ്ധിക്കപ്പെടുമ്പോൾ മാത്രമാണ് തൊഴിൽ മേഖലയിൽ നിങ്ങൾ ഒരു ബ്രാൻഡായി മാറുന്നത്.

മാറുന്ന തൊഴിൽ സാഹചര്യങ്ങളിൽ വിജയിക്കാൻ ആഗ്രഹിക്കുന്നവർ സാങ്കേതിക വിദ്യയെയും നേരിട്ടുള്ള സാന്നിധ്യത്തെയും ഒരുപോലെ സമന്വയിപ്പിക്കേണ്ടതുണ്ട്. ഏത് സാഹചര്യത്തിലും സജീവമായി ഇടപെടാനുള്ള മനസ്സ് വളർത്തിയെടുക്കുന്നത് കരിയറിൽ വലിയ കുതിച്ചുചാട്ടത്തിന് വഴിയൊരുക്കും. വരും വർഷങ്ങളിൽ തൊഴിൽ സംസ്കാരം കൂടുതൽ മത്സരബുദ്ധിയുള്ളതാകുമെന്നാണ് സാമ്പത്തിക വിദഗ്ധർ വിലയിരുത്തുന്നത്.

# ശരീരഭാരം കുറയ്ക്കാനും മസിലുകൾ വളർത്താനും വ്യായാമം ചെയ്യാൻ ഏറ്റവും അനുയോജ്യമായ സമയം ഏതാണ്? പുതിയ പഠനം പുറത്ത്



ഫിറ്റ്നസ് പ്രേമികൾക്കിടയിൽ എപ്പോഴും തർക്കമുണ്ടാക്കുന്ന ഒരു വിഷയമാണ് വ്യായാമം ചെയ്യാൻ ഏറ്റവും അനുയോജ്യമായ സമയം ഏതാണെന്നത്. രാവിലെ നേരത്തെ എഴുന്നേറ്റ് വ്യായാമം ചെയ്യുന്നതാണോ അതോ വൈകുന്നേരം ചെയ്യുന്നതാണോ കൂടുതൽ ഫലം നൽകുക എന്നതിനെക്കുറിച്ച് പുതിയ പഠനങ്ങൾ ഇപ്പോൾ പുറത്തുവന്നിട്ടുണ്ട്. ഓരോരുത്തരുടെയും ശരീര പ്രകൃതിയും ലക്ഷ്യവും അനുസരിച്ച് ഇതിൽ മാറ്റങ്ങൾ വരാമെന്നാണ് വിദഗ്ധർ പറയുന്നത്.

ഭാരോദ്വഹനം അഥവാ വെയ്റ്റ് ലിഫ്റ്റിംഗ് ചെയ്യുന്നവർക്ക് വൈകുന്നേരങ്ങളാണ് കൂടുതൽ അനുയോജ്യമെന്ന് ചില ഗവേഷണങ്ങൾ സൂചിപ്പിക്കുന്നു. വൈകുന്നേരങ്ങളിൽ ശരീരത്തിന്റെ താപനില ഉയർന്ന നിലയിലായിരിക്കും. ഇത് പേശികളുടെ വഴക്കവും കരുത്തും വർദ്ധിപ്പിക്കാൻ സഹായിക്കും. അതുകൊണ്ടുതന്നെ കഠിനമായ വ്യായാമങ്ങൾ ഈ സമയത്ത് ചെയ്യുന്നത് പരിക്കുകൾ ഒഴിവാക്കാൻ സഹായിക്കും.

എന്നാൽ മാനസികമായ ഉന്മേഷത്തിനും കൃത്യനിഷ്ഠയ്ക്കും രാവിലെ വ്യായാമം ചെയ്യുന്നതാണ് നല്ലത്. അതിരാവിലെ വ്യായാമം ചെയ്യുന്നത് ശരീരത്തിലെ മെറ്റബോളിസം വർദ്ധിപ്പിക്കാൻ സഹായിക്കും. ഇത് ദിവസം മുഴുവൻ സജീവമായിരിക്കാൻ ഒരാളെ പ്രാപ്തനാക്കും. ജോലി തിരക്കുകൾക്കിടയിൽ വ്യായാമം മുടങ്ങാതിരിക്കാൻ രാവിലെ തന്നെ അത് പൂർത്തിയാക്കുന്നത് നല്ലതാണ്.

ഓരോ വ്യക്തിയും അവരുടെ ജോലി സാഹചര്യത്തിന് അനുസരിച്ചുള്ള സമയം വേണം വ്യായാമത്തിനായി തിരഞ്ഞെടുക്കാൻ.

സന്ധികളിലെ വേദനയോ പേശീ വലിച്ചിലോ ഉള്ളവർ വൈകുന്നേരം വ്യായാമം ചെയ്യുന്നത് കൂടുതൽ സുരക്ഷിതമാണ്. ഉറക്കമുണർന്ന ഉടനെ ശരീരം പൂർണ്ണമായും വഴങ്ങാൻ സമയം എടുക്കും. അതിനാൽ രാവിലെ വ്യായാമം ചെയ്യുന്നവർ വാംഅപ്പ് വ്യായാമങ്ങൾക്ക് കൂടുതൽ സമയം നൽകേണ്ടതുണ്ട്.

ഹോർമോണുകളുടെ പ്രവർത്തനവും വ്യായാമ സമയത്തെ സ്വാധീനിക്കുന്നുണ്ട്. പുരുഷന്മാരിൽ ടെസ്റ്റോസ്റ്റിറോൺ അളവ് രാവിലെ കൂടുതലായിരിക്കും. എന്നാൽ കോർട്ടിസോൾ എന്ന സമ്മർദ്ദ ഹോർമോണും ഈ സമയത്ത് ഉയർന്നു നിൽക്കും. അതിനാൽ അമിതമായ സമ്മർദ്ദമില്ലാതെ വ്യായാമം ചെയ്യാൻ വൈകുന്നേരങ്ങളാണ് ഉചിതമെന്ന് പല പരിശീലകരും അഭിപ്രായപ്പെടുന്നു.

ലക്ഷ്യം എന്തുതന്നെയായാലും വ്യായാമത്തിലെ കൃത്യനിഷ്ഠയാണ് ഏറ്റവും പ്രധാനം. എല്ലാ ദിവസവും ഒരേ സമയത്ത് തന്നെ വ്യായാമം ചെയ്യുന്നത് ശരീരം ആ താളക്രമവുമായി പൊരുത്തപ്പെടാൻ സഹായിക്കും. മികച്ച ഫലം ലഭിക്കുന്നതിനായി പോഷകാഹാരവും ആവശ്യത്തിന് ഉറക്കവും വ്യായാമത്തോടൊപ്പം ഉറപ്പുവരുത്തണം.

# വാർദ്ധക്യത്തിലെ ഏകാന്തതയും ഓർമ്മശക്തിയും; പുതിയ പഠനത്തിലെ ഞെട്ടിക്കുന്ന വെളിപ്പെടുത്തലുകൾ



വാർദ്ധക്യകാലത്ത് അനുഭവപ്പെടുന്ന ഏകാന്തത ഓർമ്മശക്തിയെ എങ്ങനെ ബാധിക്കുന്നു എന്നതിനെക്കുറിച്ച് ലോകമെമ്പാടുമുള്ള ഗവേഷകർ പുതിയ പഠന റിപ്പോർട്ടുകൾ പുറത്തുവിട്ടു. ഏകാന്തത അനുഭവിക്കുന്ന മുതിർന്ന വ്യക്തികളിൽ തുടക്കത്തിൽ തന്നെ ഓർമ്മക്കുറവ് പ്രകടമാകാൻ സാധ്യതയുണ്ടെന്ന് ഈ പഠനം വ്യക്തമാക്കുന്നു. എന്നാൽ ഏകാന്തത ഓർമ്മശക്തിയുടെ തകർച്ചയുടെ വേഗത വർദ്ധിപ്പിക്കില്ല എന്ന കണ്ടെത്തൽ ശാസ്ത്രലോകത്തെ അത്ഭുതപ്പെടുത്തിയിരിക്കുകയാണ്. പതിനായിരത്തിലധികം ആളുകളെ ഏഴ് വർഷത്തോളം നിരീക്ഷിച്ചാണ് യൂറോപ്പിലെ ഗവേഷകർ ഈ നിഗമനത്തിൽ എത്തിയത്. സാമൂഹികമായ ഒറ്റപ്പെടൽ അനുഭവിക്കുന്നവർക്ക് വിവരങ്ങൾ പെട്ടെന്ന് ഓർത്തുവെക്കാൻ ബുദ്ധിമുട്ടുള്ളതായി പഠനത്തിന്റെ തുടക്കത്തിൽ തന്നെ കണ്ടെത്തിയിരുന്നു. എങ്കിലും കാലക്രമേണയുള്ള ഇവരുടെ ഓർമ്മശക്തിയുടെ കുറവ് മറ്റുള്ളവരിലെ പോലെ തന്നെയായിരുന്നു. മനുഷ്യർ ഒരു സാമൂഹിക ജീവിയായതിനാൽ മറ്റുള്ളവരുമായുള്ള സമ്പർക്കം കുറയുന്നത് മസ്തിഷ്ക പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാം. ഏകാന്തത അനുഭവിക്കുന്നവർക്ക് ഉയർന്ന രക്തസമ്മർദ്ദവും വിഷാദരോഗവും ഉണ്ടാകാൻ സാധ്യത കൂടുതലാണെന്നും റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഇത്തരം ആരോഗ്യ പ്രശ്നങ്ങൾ പരോക്ഷമായി ഓർമ്മശക്തിയെ തളർത്തുന്ന ഘടകങ്ങളായി മാറുന്നുണ്ട്.

വാർദ്ധക്യത്തിലേക്ക് കടക്കുമ്പോൾ സുഹൃത്തുക്കളുമായും ബന്ധുക്കളുമായും സമയം ചെലവഴിക്കുന്നത് മസ്തിഷ്കത്തിന് നല്ലൊരു വ്യായാമമാണ്. മറ്റുള്ളവരോട് സംസാരിക്കുമ്പോൾ മസ്തിഷ്കം വിവരങ്ങൾ വിശകലനം ചെയ്യുകയും പ്രതികരണങ്ങൾ തയ്യാറാക്കുകയും ചെയ്യുന്നു. ഇത് നാഡീവ്യൂഹങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സഹായിക്കുമെന്ന് ആരോഗ്യ വിദഗ്ധർ അഭിപ്രായപ്പെടുന്നു. ഏകാന്തതയെ ഒരു രോഗലക്ഷണമായി കാണാതെ അതിനെ പ്രതിരോധിക്കാൻ ശ്രമിക്കണമെന്നാണ് പഠനം നിർദ്ദേശിക്കുന്നത്. ക്ലബ്ബുകളിൽ അംഗമാകുന്നതും പുതിയ ഹോബികൾ കണ്ടെത്തുന്നതും സാമൂഹികമായ ഒറ്റപ്പെടൽ ഒഴിവാക്കാൻ സഹായിക്കും. അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ പുതിയ ഭരണത്തിന് കീഴിൽ ഇത്തരം ആരോഗ്യ ഗവേഷണങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുമെന്ന് കരുതപ്പെടുന്നു. വാർദ്ധക്യത്തിലെ മറവി രോഗങ്ങളെ തടയാൻ ഏകാന്തത ഒഴിവാക്കുക എന്നത് അത്യന്താപേക്ഷിതമാണ്. ഭക്ഷണവും വെള്ളവും പോലെ തന്നെ മനുഷ്യന് പ്രധാനമാണ് സാമൂഹിക ഇടപെടലുകളും. പ്രായമായവർക്ക് മാനസിക പിന്തുണ നൽകേണ്ടത് കുടുംബത്തിന്റെയും സമൂഹത്തിന്റെയും വലിയ ഉത്തരവാദിത്തമാണ്.

# കുട്ടികൾക്കായി സമയം മാറ്റിവെക്കാൻ കഴിയുന്നില്ലേ? ടൈം കോൺഫെറ്റി എന്ന വില്ലനെ സൂക്ഷിക്കുക



ഇന്നത്തെ കാലത്ത് മാതാപിതാക്കളെ ഏറ്റവും കൂടുതൽ അലട്ടുന്ന പ്രശ്നങ്ങളിലൊന്നാണ് കുട്ടികൾക്കായി മതിയായ സമയം കണ്ടെത്താൻ കഴിയാത്തത്. ജോലിയും വീട്ടുജോലികളും കഴിഞ്ഞാൽ മക്കൾക്കായി നീക്കിവെക്കാൻ വളരെ കുറച്ചു സമയം മാത്രമാണ് പലർക്കും ലഭിക്കുന്നത്. ഇതിനെ ശാസ്ത്രീയമായി ടൈം പവർട്ടി അല്ലെങ്കിൽ സമയ ദാരിദ്ര്യം എന്നാണ് വിളിക്കുന്നത്.

മുൻകാലങ്ങളെ അപേക്ഷിച്ച് ഇന്ന് മാതാപിതാക്കൾ കുട്ടികൾക്കൊപ്പം കൂടുതൽ സമയം ചെലവഴിക്കുന്നുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. എന്നാൽ ഈ സമയം പലപ്പോഴും ചെറിയ കഷ്ണങ്ങളായി ചിതറിപ്പോകുന്നു എന്നതാണ് പ്രധാന വെല്ലുവിളി. ഇതിനെയാണ് ഗവേഷകർ ടൈം കോൺഫെറ്റി എന്ന് വിശേഷിപ്പിക്കുന്നത്. ഫോൺ കോളുകളും സന്ദേശങ്ങളും ജോലിക്കിടയിലെ മറ്റ് തടസ്സങ്ങളും കാരണം മാതാപിതാക്കൾക്ക് കുട്ടികളോട് പൂർണ്ണമായി ശ്രദ്ധിക്കാൻ കഴിയുന്നില്ല.

കുട്ടികൾക്കായി പ്രത്യേക സമയം മാറ്റിവെക്കുന്നതിനേക്കാൾ പ്രധാനമാണ് ഉള്ള സമയത്ത് അവർക്ക് നൽകുന്ന പരിഗണന. ഭക്ഷണം പാകം ചെയ്യുമ്പോഴോ വീട് വൃത്തിയാക്കുമ്പോഴോ കുട്ടികളെ ഒപ്പം കൂട്ടുന്നത് അവർക്ക് പുതിയ കാര്യങ്ങൾ പഠിക്കാനുള്ള അവസരമാകും. ഇത് കുട്ടികളിൽ സഹകരണ മനോഭാവവും കാര്യങ്ങൾ സ്വയം ചെയ്യാനുള്ള പ്രാപ്തിയും വളർത്തുന്നു. അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ പുതിയ ഭരണത്തിന് കീഴിൽ കുടുംബങ്ങളുടെ മാനസികാരോഗ്യത്തിന് വലിയ മുൻഗണന നൽകുന്നുണ്ട്.

കുട്ടികൾക്ക് ഭൗതികമായ സൗകര്യങ്ങൾ നൽകുന്നതിനേക്കാൾ വലുതാണ് അവർക്ക് നൽകുന്ന ഗുണനിലവാരമുള്ള സമയം. ഓരോ നിമിഷവും അവർക്ക് നൽകുന്ന ശ്രദ്ധ അവരുടെ വളർച്ചയിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കും. കുട്ടികളുടെ സന്തോഷം എന്നത് മാതാപിതാക്കൾ എപ്പോഴും കൂടെ ഇരിക്കുന്നതല്ല മറിച്ച് അവർക്ക് ലഭിക്കുന്ന കരുതലാണെന്ന് പഠനങ്ങൾ പറയുന്നു. ആധുനിക കാലത്തെ ഈ സമയ ദാരിദ്ര്യത്തെ മറികടക്കാൻ കൃത്യമായ പ്ലാനിംഗ് അനിവാര്യമാണ്.

സോഷ്യൽ മീഡിയയുടെ അമിതമായ ഉപയോഗം മാതാപിതാക്കളുടെ സമയം അപഹരിക്കുന്ന പ്രധാന ഘടകമാണ്. കുട്ടികളോടൊപ്പം ഇരിക്കുമ്പോൾ സ്മാർട്ട് ഫോണുകൾ മാറ്റിവെക്കുന്നത് ടൈം കോൺഫെറ്റി ഒഴിവാക്കാൻ സഹായിക്കും. ചെറിയ കാര്യങ്ങളിൽ പോലും കുട്ടികളെ ഉൾപ്പെടുത്തുന്നത് അവരുമായുള്ള ബന്ധം ദൃഢമാക്കാൻ സഹായിക്കും. ഇത് മാതാപിതാക്കളുടെ മാനസിക സമ്മർദ്ദം കുറയ്ക്കാനും വഴിമാറുന്നതാണ്.

പലപ്പോഴും മാതാപിതാക്കൾ സ്വന്തം ഇഷ്ടങ്ങൾ മാറ്റിവെച്ചാണ് കുട്ടികൾക്കായി സമയം കണ്ടെത്താൻ ശ്രമിക്കുന്നത്. ഇത് അവരെ കൂടുതൽ തളർത്തുകയും മാനസികമായ അസ്വസ്ഥതകളിലേക്ക് നയിക്കുകയും ചെയ്യും. അതിനാൽ സ്വന്തം ആരോഗ്യത്തിലും മാനസികാവസ്ഥയിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നത് കുട്ടികൾക്ക് നല്ലൊരു മാതൃകയാകും. ശരിയായ സമയ ക്രമീകരണത്തിലൂടെ സന്തോഷകരമായ ഒരു കുടുംബം കെട്ടിപ്പടുക്കാൻ സാധിക്കും.

# ജാഗ്രത! നിങ്ങളുടെ ഫോൺ നോട്ടിഫിക്കേഷനുകൾ ചാരന്മാരായേക്കാം; വ്യക്തിഗത വിവരങ്ങൾ ചോരുന്നത് ഇങ്ങനെ

നമ്മുടെ ഡിജിറ്റൽ ജീവിതത്തിന്റെ അഭിഭാജ്യ ഘടകമാണ് സ്മാർട്ട്ഫോൺ നോട്ടിഫിക്കേഷനുകൾ. വാട്സാപ്പ് സന്ദേശങ്ങൾ മുതൽ ബാങ്ക് അലേർട്ടുകൾ വരെ ഓരോ നിമിഷവും സ്ക്രീനിൽ തെളിഞ്ഞു കൊണ്ടിരിക്കും. എന്നാൽ, ഈ നോട്ടിഫിക്കേഷനുകൾ വെറും വിവരങ്ങൾ മാത്രമല്ല, നിങ്ങളുടെ സ്വകാര്യതയിലേക്കുള്ള ഒരു പിൻവാതിൽ കൂടിയാണെന്ന് നിങ്ങൾക്കറിയാമോ? നിങ്ങൾ പോലുമറിയാതെ നിങ്ങളുടെ വ്യക്തിഗത വിവരങ്ങൾ ചോർത്താൻ ഹാക്കർമാർക്കും പരസ്യ കമ്പനികൾക്കും ഈ നോട്ടിഫിക്കേഷനുകൾ ഒരു ആയുധമാക്കാം.

### എങ്ങനെയാണ് നോട്ടിഫിക്കേഷനുകൾ 'ചാരന്മാരാകുന്നത്'?

മിക്കവാറും എല്ലാ ആപ്പുകളും നോട്ടിഫിക്കേഷനുകൾ അയക്കുന്നത് ഗൂഗിളിന്റെയോ (FCM) ആപ്പിളിന്റെയോ (APNs) സർവറുകൾ വഴിയാണ്. ഡാറ്റ എൻക്രിപ്റ്റ്ചെയ്തിട്ടുണ്ടെന്ന് കമ്പനികൾ അവകാശപ്പെടുമ്പോഴും, പുഷ് നോട്ടിഫിക്കേഷനുകളിലൂടെ കൈമാറുന്ന വിവരങ്ങൾ പലപ്പോഴും സുരക്ഷിതമല്ലെന്ന് സൈബർ സുരക്ഷാ വിദഗ്ധർ മുന്നറിയിപ്പ് നൽകുന്നു.

- **മെറ്റാഡാറ്റ ചോർച്ച:** നിങ്ങൾ ആരോടാണ് സംസാരിക്കുന്നത്, ഏത് സമയത്താണ് സന്ദേശങ്ങൾ വരുന്നത് തുടങ്ങിയ വിവരങ്ങൾ (Metadata) ഇതിലൂടെ ശേഖരിക്കാം.
- **ലോക്ക് സ്ക്രീൻ പ്രിവ്യൂ:** ഫോൺ ലോക്ക് ചെയ്തിരിക്കുമ്പോൾ പോലും മെസേജിന്റെ ഉള്ളടക്കം സ്ക്രീനിൽ തെളിയുന്നത് അടുത്തുള്ള ആർക്കും നിങ്ങളുടെ രഹസ്യങ്ങൾ കാണാൻ അവസരമൊരുക്കുന്നു.

### നിങ്ങളുടെ സുരക്ഷയെ ഇത് എങ്ങനെ ബാധിക്കുന്നു?

നോട്ടിഫിക്കേഷൻ വഴിയുള്ള ഡാറ്റ ചോർച്ച ലളിതമായി കാണരുത്. ഇത് പല ഗുരുതരമായ സുരക്ഷാ ഭീഷണികൾക്കും വഴി വെക്കുന്നു:

1. **ഒടിപി മോഷണം:** ബാങ്ക് ട്രാൻസാക്ഷനുകൾക്കോ ലോഗിൻ ചെയ്യാനോ വരുന്ന OTP-കൾ നോട്ടിഫിക്കേഷൻ പ്രിവ്യൂവിലൂടെ മറ്റൊരാൾക്ക് കാണാൻ സാധിച്ചാൽ അക്കൗണ്ടുകൾ ഹാക്ക് ചെയ്യപ്പെടാൻ സാധ്യതയുണ്ട്.
2. **ഫിഷിംഗ് ആക്രമണങ്ങൾ:** ഔദ്യോഗിക അറിയിപ്പുകൾ എന്ന വ്യാജേന വരുന്ന നോട്ടിഫിക്കേഷനുകളിൽ ക്ലിക്ക് ചെയ്യുന്നതിലൂടെ വ്യാജ വെബ്സൈറ്റുകളിൽ എത്തുകയും പാസ്‌വേഡുകൾ നഷ്ടപ്പെടുകയും ചെയ്യാം.
3. **ഡിജിറ്റൽ ഫിംഗർപ്രിന്റിംഗ്:** നിങ്ങൾ ഫോൺ ഉപയോഗിക്കുന്ന രീതിയും താല്പര്യങ്ങളും നോട്ടിഫിക്കേഷൻ ഡാറ്റ ഉപയോഗിച്ച് ട്രാക്ക് ചെയ്യാനും അതുവഴി നിങ്ങളെ നിരീക്ഷിക്കാനും സാധിക്കും.

### തട്ടിപ്പുകളിൽ നിന്ന് എങ്ങനെ രക്ഷപ്പെടാം?

നോട്ടിഫിക്കേഷൻ വഴിയുള്ള തട്ടിപ്പുകൾ ഒഴിവാക്കാൻ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക:

- **അപരിചിതമായ ലിങ്കുകൾ:** നോട്ടിഫിക്കേഷനായി വരുന്ന ലിങ്കുകളിൽ ക്ലിക്ക് ചെയ്യുന്നതിന് മുൻപ് അത് ആധികാരികമാണോ എന്ന് പരിശോധിക്കുക. പ്രത്യേകിച്ച് ലോട്ടറി അടിച്ചു എന്നോ അക്കൗണ്ട് ബ്ലോക്ക് ആയി എന്നോ ഉള്ള സന്ദേശങ്ങൾ.
- **ആപ്പുകളുടെ അനുമതികൾ:** എല്ലാ ആപ്പുകൾക്കും നോട്ടിഫിക്കേഷൻ അയക്കാൻ അനുമതി നൽകരുത്. സെറ്റിങ്സിൽ പോയി അത്യാവശ്യമില്ലാത്ത ആപ്പുകളുടെ നോട്ടിഫിക്കേഷൻ ഓഫ് ചെയ്യുക.
- **വെബ് ബ്രൗസർ നോട്ടിഫിക്കേഷൻ:** പല വെബ്സൈറ്റുകളും നോട്ടിഫിക്കേഷൻ അയക്കാൻ അനുവാദം ചോദിക്കാറുണ്ട്. വിശ്വസനീയമല്ലാത്ത സൈറ്റുകൾക്ക് ഒരിക്കലും 'Allow' നൽകരുത്.

### നിങ്ങളുടെ വിവരങ്ങൾ എങ്ങനെ സംരക്ഷിക്കാം? (പ്രതിരോധ മാർഗങ്ങൾ)

നിങ്ങളുടെ സ്വകാര്യത കാത്തുസൂക്ഷിക്കാൻ ഉടൻ തന്നെ ഈ മാറ്റങ്ങൾ ഫോണിൽ വരുത്തുക:

1. **ലോക്ക് സ്ക്രീൻ പ്രിവ്യൂ ഓഫ് ചെയ്യുക:** ഫോൺ ലോക്ക് ആയിരിക്കുമ്പോൾ നോട്ടിഫിക്കേഷൻ ഉള്ളടക്കം കാണിക്കാത്ത രീതിയിൽ സെറ്റിങ്സ് മാറ്റുക. (Settings > Notifications > Lock Screen Notifications > Hide Content).
2. **ടൂഫാക്ടർ ഓതന്റിക്കേഷൻ (2FA):** കേവലം നോട്ടിഫിക്കേഷനുകളെ മാത്രം ആശ്രയിക്കാതെ ഓതന്റിക്കേറ്റർ ആപ്പുകൾ (Google Authenticator പോലുള്ളവ) ഉപയോഗിക്കുക.
3. **ആപ്പ് അപ്ഡേറ്റുകൾ:** ഫോണിന്റെ ഒഎസും ആപ്പുകളും കൃത്യസമയത്ത് അപ്ഡേറ്റ് ചെയ്യുക. പുതിയ സുരക്ഷാ പാച്ചുകൾ ഇത്തരം ചോർച്ചകൾ തടയാൻ സഹായിക്കും.

സാങ്കേതികവിദ്യ നമുക്ക് സൗകര്യങ്ങൾ നൽകുമ്പോൾ തന്നെ പുതിയ വെല്ലുവിളികളും ഉയർത്തുന്നുണ്ട്. സ്മാർട്ട്ഫോൺ നോട്ടിഫിക്കേഷനുകൾ ഒരു സൗകര്യമായി മാത്രം കാണാതെ, അവയിലൂടെ പുറത്തുപോകുന്ന വിവരങ്ങളെക്കുറിച്ച് ബോധവാന്മാരാകുക.

ചെറിയൊരു ജാഗ്രതയിലൂടെ വലിയൊരു സൈബർ അപകടത്തിൽ നിന്ന് നമുക്ക് രക്ഷപ്പെടാം. ഓർക്കുക, നിങ്ങളുടെ ഡിജിറ്റൽ സുരക്ഷ നിങ്ങളുടെ കൈകളിലാണ്!




◗ റോബിൻസ് ആന്റണി

# ഫാഷൻ ലോകത്തെ ഞെട്ടിക്കാൻ സാംസങ്; ഗാലക്സി S26 അൾട്രയുമായി 'ദ ഡെവിൾ വിയേഴ്സ് പ്രാഡ 2' എത്തുന്നു

ലോകമെമ്പാടുമുള്ളസിനിമാപ്രേമികളും ടെക് പ്രേമികളും ഒരേപോലെ കാത്തിരിക്കുന്ന വാർത്തയാണ് ഇപ്പോൾ പുറത്തുവരുന്നത്. ഹോളിവുഡിലെ ഐക്കോണിക് ചിത്രമായ 'ദ ഡെവിൾ വിയേഴ്സ് പ്രാഡ'യുടെ രണ്ടാം ഭാഗത്തിനായി സാംസങ് തങ്ങളുടെ ഏറ്റവും പുതിയ ഗാലക്സി S26 അൾട്രയുമായി കൈകോർക്കുന്നു. ഫാഷൻ ലോകത്തെ അതികായന്മാരായ റൺവേ മാഗസിനും സാംസങ്ങിന്റെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതികവിദ്യയും തമ്മിലുള്ള ഈ കൂടിച്ചേരൽ വലിയ ചർച്ചയായിട്ടുണ്ട്.

ചിത്രത്തിന്റെ വേൾഡ് പ്രീമിയറിൽ ഗാലക്സി S26 അൾട്ര ഉപയോഗിച്ച് ചിത്രീകരിച്ച റൺവേ ക്യാം എന്ന അത്യാധുനിക സാങ്കേതികവിദ്യ സാംസങ് അവതരിപ്പിച്ചു. റെഡ് കാർപ്പറ്റിൽ എത്തിയ പ്രശസ്ത താരങ്ങളുടെ ചിത്രങ്ങൾ പ്രൊഫഷണൽ ക്വാളിറ്റിയിൽ പകർത്താൻ സാംസങ്ങിന്റെ ഈ പുതിയ ഫോണിന് സാധിച്ചു. സിനിമയിലെ പ്രധാന കഥാപാത്രമായ ജിൻ തന്റെ ദൈനംദിന ജോലികൾക്കായി ഗാലക്സി S26 ലെ സർക്കിൾ ടു സെർച്ച് ഫീച്ചർ ഉപയോഗിക്കുന്നതും പ്രചാരണ ചിത്രങ്ങളിലുണ്ട്.

ഫാഷനും സാങ്കേതികവിദ്യയും എങ്ങനെ ഇഴചേർന്നു നിൽക്കുന്നു എന്നാണ് സാംസങ് ഈ ക്യാമ്പയിനിലൂടെ ലോകത്തിന് കാണിച്ചു കൊടുക്കുന്നത്. ഹൈലൻ ജെ ഷെൻ, സിമോൺ ആഷ്‌ലി തുടങ്ങിയ പ്രമുഖ താരങ്ങൾ ഗാലക്സി S26 അൾട്രയുടെ മികച്ച ക്യാമറ മികവിനെ പ്രശംസിച്ചു. പ്രൊഫഷണൽ ഫോട്ടോഗ്രാഫി ഇഷ്ടപ്പെടുന്നവർക്കായി ഈ സ്മാർട്ട്ഫോൺ ഒരു വിപ്ലവം തന്നെയായിരിക്കും സൃഷ്ടിക്കുക.

മിരാൻഡ പ്രീസ്റ്റ്‌ലിയുടെ കർക്കശമായ ആവശ്യങ്ങൾ പോലും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സഹായത്തോടെ എളുപ്പത്തിൽ പരിഹരിക്കാൻ ഈ ഫോണിലൂടെ സാധിക്കുമെന്ന് സാംസങ് വ്യക്തമാക്കുന്നു. സാംസങ്ങിന്റെ സിഗ്നേച്ചർ ഫീച്ചറായ എഐ അസിസ്റ്റന്റ് ഫാഷൻ രംഗത്തുള്ളവർക്ക് വലിയ സഹായമാകുമെന്ന് ചീഫ് മാർക്കറ്റിംഗ് ഓഫീസർ കീന ഗ്രിഗ്സ്ബി പറഞ്ഞു. സിനിമ മെയ് ഒന്നിന് തിയേറ്ററുകളിൽ എത്തുന്നതിന് മുന്നോടിയായാണ് ഈ ആഗോള സഹകരണം പ്രഖ്യാപിച്ചിരിക്കുന്നത്.

ഇന്നത്തെ കാലത്ത് സാങ്കേതികവിദ്യ ജീവിതശൈലിയുടെ ഭാഗമാണെന്നും അത് ശൈലിക്കൊപ്പം ബുദ്ധിപരമായി പ്രവർത്തിക്കണമെന്നും സാംസങ് കരുതുന്നു. ഗൂഗിളുമായി ചേർന്നുള്ള പുതിയ ഫീച്ചറുകൾ ഉപയോക്താക്കൾക്ക് കൂടുതൽ ലളിതമായ അനുഭവം നൽകും. ഡിസ്നി സ്റ്റുഡിയോസും സാംസങ്ങും തമ്മിലുള്ള ഈ പങ്കാളിത്തം സിനിമയുടെ കഥയെ സ്ക്രീനിന് പുറത്തേക്കും എത്തിക്കുന്നു.

ഏറ്റവും വേഗയേറിയ പ്രോസസറും പുതുക്കിയ എൻപിയുവും ഗാലക്സി S26 അൾട്രയെ സ്മാർട്ട്ഫോൺ വിപണിയിലെ കരുത്തനാക്കുന്നു. രാത്രി കാലങ്ങളിൽ മികച്ച ചിത്രങ്ങൾ പകർത്താൻ സഹായിക്കുന്ന നൈറ്റോഗ്രാഫി വീഡിയോ സംവിധാനവും ഈ ഫോണിന്റെ പ്രത്യേകതയാണ്. വരും ദിവസങ്ങളിൽ കൂടുതൽ സിനിമാ താരങ്ങൾ സാംസങ്ങിന്റെ ഈ പുതിയ ക്യാമ്പയിന്റെ ഭാഗമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

# ഐഫോൺ പ്രേമികൾക്ക് നിരാശ; ഐഫോൺ 18 സീരീസിൽ വൻ മാറ്റങ്ങൾ ഉണ്ടായേക്കില്ലെന്ന് റിപ്പോർട്ട്

ആപ്പിൾ ആരാധകർ ആകാംക്ഷയോടെ കാത്തിരിക്കുന്ന ഐഫോൺ 18 സീരീസിനെക്കുറിച്ച് പുറത്തുവരുന്ന പുതിയ വിവരങ്ങൾ അല്പം നിരാശപ്പെടുത്തുന്നതാണ്. ഉൽപ്പാദന ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി വരാനിരിക്കുന്ന മോഡലുകളിൽ കാര്യമായ ഫീച്ചർ അപ്ഗ്രേഡുകൾ ആപ്പിൾ ഒഴിവാക്കിയേക്കുമെന്ന് സൂചനയുണ്ട്. ടെക് ലോകത്തെ പ്രമുഖ അനലിസ്റ്റുകൾ നൽകുന്ന വിവരമനുസരിച്ച് കമ്പനി ഇപ്പോൾ ലാഭവിഹിതം വർദ്ധിപ്പിക്കുന്നതിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

പുതിയ ചിപ്സെറ്റ് സാങ്കേതികവിദ്യയിലും ക്യാമറ ഫീച്ചറുകളിലും വിപ്ലവകരമായ മാറ്റങ്ങൾ പ്രതീക്ഷിച്ചിരുന്നവർക്ക് ഇത് തിരിച്ചടിയാകും. നിലവിലുള്ള സാങ്കേതികവിദ്യയിൽ ചെറിയ മാറ്റങ്ങൾ വരുത്തിക്കൊണ്ട് ഫോൺ പുറത്തിറക്കാനാണ് ആപ്പിൾ ആലോചിക്കുന്നത്. ആഗോള വിപണിയിലെ സാമ്പത്തിക വെല്ലുവിളികളും അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റവുമാണ് ഇത്തരമൊരു തീരുമാനത്തിന് പിന്നിലെ പ്രധാന കാരണം.

ഐഫോൺ 17 സീരീസിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന ചില പ്രധാന ഫീച്ചറുകൾ പോലും ഐഫോൺ 18 ലേക്ക് എത്തുമ്പോൾ വെട്ടിക്കുറച്ചേക്കാം. ഡിസ്പ്ലേ പാനലുകളുടെ ഗുണനിലവാരത്തിലും സെൻസറുകളിലും വലിയ മാറ്റങ്ങൾ വരുത്താതെ ചെലവ് നിയന്ത്രിക്കാനാണ് കമ്പനി ശ്രമിക്കുന്നത്. ആപ്പിളിന്റെ ഈ പുതിയ തന്ത്രം ഐഫോൺ വിപണിയിൽ എങ്ങനെയുള്ള സ്വാധീനം ചെലുത്തുമെന്ന് കണ്ടറിയണം.

പ്രീമിയം സ്മാർട്ട്ഫോൺ വിപണിയിൽ തങ്ങളുടെ ആധിപത്യം നിലനിർത്താൻ ആപ്പിൾ എപ്പോഴും പുതിയ പരീക്ഷണങ്ങൾ നടത്താറുണ്ട്. എന്നാൽ ഇത്തവണ ഐഫോൺ 18 ൽ അമിതമായി പണം ചിലവഴിക്കാൻ കമ്പനി തയ്യാറല്ലെന്നാണ് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. ഉപഭോക്താക്കളുടെ താല്പര്യത്തേക്കാൾ ഉപരിയായി കമ്പനിയുടെ സാമ്പത്തിക ഭദ്രതയ്ക്കാണ് ഇപ്പോൾ മുൻഗണന നൽകുന്നത്.

പുതിയ ഐഫോണുകൾക്കായി കാത്തിരിക്കുന്നവർക്ക് വലിയ മാറ്റങ്ങളില്ലാത്ത ഒരു മോഡൽ വാങ്ങേണ്ടി വരുന്നത് നിരാശജനകമാണ്. എങ്കിലും സോഫ്റ്റ്‌വെയർ രംഗത്ത് ഐഒഎസ് നൽകുന്ന കരുത്തിൽ ആപ്പിൾ വലിയ പ്രതീക്ഷ വെക്കുന്നുണ്ട്. വരും മാസങ്ങളിൽ ഐഫോൺ 18 നെ സംബന്ധിച്ച കൂടുതൽ വ്യക്തമായ വിവരങ്ങൾ പുറത്തുവരുമെന്ന് കരുതപ്പെടുന്നു.

ഐഫോൺ നിർമ്മാണത്തിനാവശ്യമായ ചിപ്പുകളുടെ നിർമ്മാണ ചെലവ് വൻതോതിൽ വർദ്ധിച്ചിട്ടുണ്ട്. തായ്‌വാൻ സെമികണ്ടക്ടർ മാനുഫാക്ചറിംഗ് കമ്പനിയുമായുള്ള ചർച്ചകളിൽ ആപ്പിൾ കടുത്ത നിലപാടുകൾ സ്വീകരിക്കുന്നതായും വിവരമുണ്ട്. ഇത് ഐഫോണിന്റെ അവസാന വിലയെ ബാധിക്കാതെ നോക്കാനാണ് ആപ്പിളിന്റെ ഈ കടുത്ത നീക്കങ്ങൾ.

# വാട്സാപ്പിലും ഇനി പ്രീമിയം ഫീച്ചറുകൾ; 'വാട്സാപ്പ് പ്ലസ്' വരുന്നു, പണമടച്ച് ഉപയോഗിക്കാവുന്ന മാറ്റങ്ങൾ ഇവയൊക്കെ

ലോകമെമ്പാടുമുള്ള കോടിക്കണക്കിന് ഉപഭോക്താക്കൾക്കായി വാട്സാപ്പ് പുതിയൊരു മാറ്റത്തിന് ഒരുങ്ങുന്നു. പണമടച്ച് ഉപയോഗിക്കാവുന്ന 'വാട്സാപ്പ് പ്ലസ്' എന്ന സബ്സ്ക്രിപ്ഷൻ പ്ലാൻ കമ്പനി ഉടൻ അവതരിപ്പിക്കും. നിലവിൽ ആൻഡ്രോയിഡ് ബീറ്റാ പതിപ്പുകളിൽ ഈ പുതിയ ഫീച്ചറുകൾ പരീക്ഷിച്ചു തുടങ്ങിയിട്ടുണ്ട്. മാസത്തിൽ ഏകദേശം മൂന്ന് ഡോളർ (ഏകദേശം 250 രൂപ) ആയിരിക്കും ഇതിന്റെ നിരക്ക് എന്നാണ് പ്രാഥമിക വിവരങ്ങൾ സൂചിപ്പിക്കുന്നത്.

സാധാരണ വാട്സാപ്പ് ഫീച്ചറുകൾ സൗജന്യമായി തന്നെ തുടരുമെങ്കിലും അധിക സൗകര്യങ്ങൾ ആഗ്രഹിക്കുന്നവർക്ക് ഈ പ്ലാൻ തിരഞ്ഞെടുക്കാം. വാട്സാപ്പ് പ്ലസ് വരിക്കാർക്ക് ആപ്പിന്റെ ഐക്കൺ മാറ്റാനും ഇഷ്ടപ്പെട്ട നിറങ്ങളിൽ തീമുകൾ സെറ്റ് ചെയ്യാനും സാധിക്കും. നിലവിൽ പച്ച നിറത്തിലുള്ള വാട്സാപ്പ് ഐക്കണിന് പകരം വിവിധ ഡിസൈനുകളിലുള്ള ഐക്കണുകൾ ഇവർക്ക് ലഭ്യമാകും.

കൂടുതൽ ചാറ്റുകൾ പിൻ ചെയ്തു വെക്കാനുള്ള സൗകര്യമാണ് മറ്റൊരു




പ്രധാന മാറ്റം. നിലവിൽ മൂന്ന് ചാറ്റുകൾ മാത്രമേ പിൻ ചെയ്യാൻ കഴിയൂ എങ്കിൽ പ്രീമിയം വരിക്കാർക്ക് ഇത് 20 വരെയായി വർദ്ധിപ്പിക്കാം. കൂടാതെ എക്സ്ക്ലൂസീവ് സ്റ്റിക്കറുകൾ, പുതിയ റിംഗ് ടോണുകൾ എന്നിവയും വാട്സാപ്പ് പ്ലസിന്റെ ഭാഗമായി ലഭിക്കും.

മെറ്റാ കമ്പനിയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായാണ് ഇൻസ്റ്റാഗ്രാമിനും ഫേസ്ബുക്കിനും പിന്നാലെ വാട്സാപ്പിലും സബ്സ്ക്രിപ്ഷൻ രീതി കൊണ്ടുവരുന്നത്. ഇതിലൂടെ ഉപഭോക്താക്കൾക്ക് കൂടുതൽ വ്യക്തിഗതമാക്കിയ അനുഭവം നൽകാൻ സാധിക്കുമെന്ന് കമ്പനി കരുതുന്നു.

ചാറ്റുകൾ ലിസ്റ്റ് ചെയ്യുന്നതിലും പുതിയ ക്രമീകരണങ്ങൾ വാട്സാപ്പ് പ്ലസിൽ ഉണ്ടാകും. ഒരേസമയം ഒന്നിലധികം ചാറ്റുകളിൽ മാറ്റങ്ങൾ വരുത്താൻ സഹായിക്കുന്ന 'ബൾക്ക് മാനേജ്മെന്റ്' സൗകര്യം ഇതിന്റെ പ്രത്യേകതയാണ്. ഇതോടെ ഔദ്യോഗിക ആവശ്യങ്ങൾക്കായി വാട്സാപ്പ് ഉപയോഗിക്കുന്നവർക്ക് കാര്യങ്ങൾ കൂടുതൽ എളുപ്പമാകും.

ആദ്യ ഘട്ടത്തിൽ യൂറോപ്പ്, പാകിസ്ഥാൻ, മെക്സിക്കോ തുടങ്ങിയ രാജ്യങ്ങളിലാണ് ഈ പരീക്ഷണം നടക്കുന്നത്. ഇന്ത്യയുൾപ്പെടെയുള്ള മറ്റ് രാജ്യങ്ങളിൽ വരും മാസങ്ങളിൽ ഈ സേവനം ലഭ്യമായി തുടങ്ങും. ആൻഡ്രോയിഡ് ഉപഭോക്താക്കൾക്ക് ശേഷം ഐഒഎസ് (ഐഫോൺ) ഉപഭോക്താക്കൾക്കും ഈ സൗകര്യം ലഭിക്കും.

സൗജന്യമായി വാട്സാപ്പ് ഉപയോഗിക്കുന്നവർക്ക് പുതിയ മാറ്റങ്ങൾ മൂലം നിലവിലുള്ള ഒരു സൗകര്യവും നഷ്ടപ്പെടില്ലെന്ന് കമ്പനി വ്യക്തമാക്കിയിട്ടുണ്ട്. സ്വകാര്യതയ്ക്കും എൻഡ്ടുഎൻഡ് എൻക്രിപ്ഷനും മാറ്റമുണ്ടാകില്ല. ഉപഭോക്താക്കളുടെ താൽപ്പര്യത്തിന് അനുസരിച്ച് മാത്രം തിരഞ്ഞെടുക്കാവുന്ന ഒരു ഓപ്ഷണൽ ഫീച്ചറായാണ് വാട്സാപ്പ് പ്ലസിനെ മെറ്റാ അവതരിപ്പിക്കുന്നത്.



# ഏഷ്യൻ സമുദ്രാതിർത്തിയിൽ 3 ഇറാൻ ടാങ്കറുകളെ തടഞ്ഞ് യുഎസ്; മടങ്ങാൻ 29 കപ്പലുകൾക്ക് നിർദ്ദേശം

ലണ്ടൻ: ഏഷ്യൻ ജലാതിർത്തിയിൽ ഇറാന്റെ പതാകയുള്ള മൂന്ന് ടാങ്കറുകൾ യുഎസ് സൈന്യം തടഞ്ഞതായി റിപ്പോർട്ട്. ഇന്ത്യ, മലേഷ്യ, ശ്രീലങ്ക എന്നിവയ്ക്ക് സമീപമുള്ള സ്ഥാനങ്ങളിൽ നിന്ന് അവയെ തിരിച്ചുവിടുകയാണെന്ന് ഷിപ്പിംഗ് സുരക്ഷാ വൃത്തങ്ങൾ ബുധനാഴ്ച അറിയിച്ചു.ഗൾഫിലേക്കുള്ള പ്രവേശന കവാടത്തിൽ ഹോർമുസ് കടലിടുക്ക് വഴി കപ്പലുകൾ സഞ്ചരിക്കുന്നത് തടയാൻ കപ്പലുകൾക്ക് നേരെ ഇറാൻ വെടിയുതിർത്തപ്പോൾ, ഇറാന്റെ കടൽ വഴിയുള്ള വ്യാപാരത്തിന് വാഷിംഗ്ടണും ഉപരോധം ഏർപ്പെടുത്തിയിരിക്കുകയാണ്. യുഎസും ഇസ്രായേലും ഇറാനെതിരെ യുദ്ധം ആരംഭിച്ച് ഏകദേശം രണ്ട് മാസത്തിന് ശേഷവും, വെടിനിർത്തൽ സമാധാന ചർച്ചകൾ പുനരാരംഭിക്കുന്നതിന്റെ സൂചനകളൊന്നുമില്ല.ഇറാൻ ഉപരോധത്തിന്റെ ഭാഗമായി തിരിച്ചുവിടാനോ തുറമുഖത്തേക്ക് മടങ്ങാനോ 29 കപ്പലുകൾക്ക് നിർദ്ദേശം നൽകിയതായി യുഎസ് വൃത്തങ്ങൾ പറയുന്നു. ഹോർമുസ് കടലിടുക്ക് ഗതാഗതം ഏതാണ്ട് സ്തംഭിച്ചിരിക്കുന്നു. ഹോർമുസിൽ ബുധനാഴ്ച ഇറാൻ 2 ചരക്ക് കപ്പലുകൾ പിടിച്ചെടുത്തിരുന്നു. അതേസമയം ഇറാൻ കടലിടുക്ക് അടച്ചത് ലോകത്തിലെ എണ്ണ, വാതക വിതരണത്തിന്റെ അഞ്ചിലൊന്ന് വിതരണത്തെ തടസ്സപ്പെടുത്തി. ഇത് ആഗോള ഊർജ്ജ പ്രതിസന്ധിക്ക് കാരണമായി. സമീപ ദിവസങ്ങളിൽ യുഎസ് സൈന്യം ഒരു ഇറാനിയൻ ചരക്ക് കപ്പലും ഒരു എണ്ണ ടാങ്കറും പിടിച്ചെടുത്തിരുന്നു. യുദ്ധം ആരംഭിച്ചതിന് ശേഷമുള്ള ആദ്യത്തെ പിടിച്ചെടുക്കലാണിത്.



## ഇസ്രയേൽ ആക്രമണം; ലെബനനിൽ മാധ്യമപ്രവർത്തക കൊല്ലപ്പെട്ടു

ബെയ്റൂട്ട്: തെക്കൻ ലെബനനിൽ ഇസ്രായേൽ നടത്തിയ ആക്രമണത്തിൽ മാധ്യമപ്രവർത്തക കൊല്ലപ്പെട്ടതായി റിപ്പോർട്ട്. അൽ-തൈെരി പട്ടണത്തിന് അടുത്തുള്ള സംഭവങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനിടെയാണ് മാധ്യമ പ്രവർത്തക അമാൽ ഖലീലും ഫ്രീലാൻസ് ഫോട്ടോഗ്രാഫറായ സീനബ് ഫരാജും സഞ്ചരിച്ച വാഹനം ആക്രമിക്കപ്പെട്ടത്. അൽ-അഖ്ബാർ പത്രത്തിലെ മാധ്യമപ്രവർത്തകയാണ് അമാൽ ഖലീൽ. 43 വയസ്സുകാരിയായ ഖലീലിന്റെ മരണത്തോടെ ലബനനിൽ ബുധനാഴ്ചയുണ്ടായ ആക്രമമണത്തിൽ മരണപ്പെട്ടവരുടെ എണ്ണം അഞ്ചായി.

## ചൈനീസ് കരുത്തിൽ പാകിസ്താൻ ബഹിരാകാശത്തേക്ക്; രണ്ട് പാക് സഞ്ചാരികളെ തിരഞ്ഞെടുത്ത് ബീജിംഗ്

പാകിസ്താൻ ബഹിരാകാശ ചരിത്രത്തിൽ പുതിയ അധ്യായം കുറിച്ചുകൊണ്ട് രണ്ട് പാക് സഞ്ചാരികളെ ചൈന തങ്ങളുടെ ബഹിരാകാശ പദ്ധതിക്കായി തിരഞ്ഞെടുത്തു. ചൈനയുടെ ബഹിരാകാശ നിലയത്തിലേക്കുള്ള ദൗത്യത്തിൽ ഈ സഞ്ചാരികൾ പങ്കാളികളാകുമെന്നാണ് പുറത്തുവരുന്ന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. അയൽ രാജ്യമായ ചൈനയുമായുള്ള ശക്തമായ സൗഹൃദത്തിന്റെ പുതിയ തെളിവാണ് ഈ നീക്കമെന്ന് പാകിസ്താൻ പ്രധാനമന്ത്രി ഷെഹ്ബാസ് ഷെരീഫ് വ്യക്തമാക്കി.ബഹിരാകാശ ഗവേഷണ രംഗത്ത് ചൈനയും പാകിസ്താനും തമ്മിലുള്ള സഹകരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായാണ് ഈ നടപടി. തിരഞ്ഞെടുത്ത സഞ്ചാരികൾക്ക് ചൈനയിൽ വെച്ച് അത്യാധുനിക പരിശീലനം നൽകുമെന്നാണ് വിവരം. വിദേശ രാജ്യങ്ങളുടെ സഹായത്തോടെ ബഹിരാകാശത്തേക്ക് മനുഷ്യനെ അയക്കാനുള്ള പാകിസ്താന്റെ ദീർഘകാലമായുള്ള ആഗ്രഹം ഇതോടെ യാഥാർത്ഥ്യമാകുകയാണ്.ബീജിംഗുമായി നിലനിൽക്കുന്ന ദൃഢമായ ബന്ധത്തെ ഷെഹ്ബാസ് ഷെരീഫ് വാനോളം പുകഴ്ത്തി.



ചൈന പാകിസ്താന്റെ എക്കാലത്തെയും വിശ്വസ്ത സുഹൃത്താണെന്നും ഈ ബഹിരാകാശ ദൗത്യം ഇരുരാജ്യങ്ങളും തമ്മിലുള്ള തന്ത്രപരമായ ബന്ധത്തെ കൂടുതൽ ഉയരങ്ങളിലെത്തിക്കുമെന്നും അദ്ദേഹം പറഞ്ഞു.

പാകിസ്താന്റെ സാങ്കേതിക മേഖലയ്ക്ക് ഈ നേട്ടം വലിയ ഉണർവ് നൽകുമെന്നാണ് കരുതപ്പെടുന്നത്. ഇന്ത്യയുടെ ബഹിരാകാശ ഗവേഷണ സ്ഥാപനമായ ഐഎസ്ആർഒ ഗഗൻയാൻ ദൗത്യവുമായി മുന്നോട്ട് പോകുന്ന സാഹചര്യത്തിലാണ് ചൈനയുടെ സഹായത്തോടെ പാകിസ്താൻ ഈ നീക്കം നടത്തുന്നത്.

## ‘ദൈവം നിങ്ങളോടൊപ്പം ഉണ്ട്’; ആഫ്രിക്കൻ പര്യടനത്തിന്റെ അവസാനം പ്രശസ്തമായ ജയിൽ സന്ദർശിച്ചു പോപ്പ് ലിയോ



പോപ്പ് ലിയോ പതിനാലാമൻ ബുധനാഴ്ച ഇക്വറ്റോറിയൽ ഗിനിയയിലെ പ്രശസ്തമായ ഒരു ജയിൽ സന്ദർശിച്ചു. വർഷങ്ങളായി മനുഷ്യാവകാശ പ്രവർത്തകർ വിമർശിച്ചു കൊണ്ടിരിക്കുന്ന ജയിലുകളുടെ അവസ്ഥ, മനുഷ്യാവകാശ ലംഘനങ്ങൾ, അനീതികൾ എന്നിവയിലേക്ക് ശ്രദ്ധ തിരിക്കുന്ന സന്ദർശനമായിരുന്നു ഇത്. അമേരിക്കയിൽ നിന്ന് നാടുകടത്തപ്പെട്ട കുടിയേറ്റക്കാരെ അവരുടെ സ്വന്തം രാജ്യങ്ങൾക്കു പുറമെ മറ്റു രാജ്യങ്ങളിൽ സ്വീകരിക്കാൻ ഡൊണാൾഡ് ട്രംപ് ഭരണകൂടവുമായി നടത്തിയ വിവാദകരമായ കരാറുകളുടെ ഭാഗമായി ഇക്വറ്റോറിയൽ ഗിനിയയും ഉൾപ്പെട്ടതായി ഉള്ള വിവരം പുറത്തുവന്നതോടെ ഈ സന്ദർശനത്തിന് കൂടുതൽ പ്രാധാന്യം ലഭിച്ചു. ‘‘നിങ്ങൾ ഒറ്റക്കല്ല. നിങ്ങളുടെ കുടുംബങ്ങൾ നിങ്ങളെ സ്നേഹിക്കുന്നു, നിങ്ങളെ കാത്തിരിക്കുന്നു. ഈ മതിലുകൾക്ക് പുറത്തുള്ള പലരും നിങ്ങൾക്കായി പ്രാർത്ഥിക്കുന്നു,’’ എന്ന് ലിയോ തടവുകാരോട് പറഞ്ഞു. ‘‘എല്ലാവരും നിങ്ങളെ വിട്ടുപോയി എന്ന് തോന്നുന്നുണ്ടെങ്കിൽ പോലും, ദൈവം ഒരിക്കലും നിങ്ങളെ വിട്ടുപോകില്ല, സഭ നിങ്ങളുടെ കൂടെയുണ്ടാകും’’ എന്നും അദ്ദേഹം പറഞ്ഞു.പുതിയ നീയോൺ ഓറഞ്ചും ബീജ് നിറത്തിലുമുള്ള യൂണിഫോം ധരിച്ചിരുന്ന തടവുകാർ ജയിലിന്റെ മദ്ധ്യത്തിൽ കൂടിയിരുന്നു.

# ലോകകപ്പ് 2026: ടിക്കറ്റ് നിരക്കുകൾ പുറത്ത്; മെക്സിക്കോയിൽ സുരക്ഷാ കാവലൊരുക്കി ഗവൺമെന്റ്; ഫുട്ബോൾ ലോകം ആവേശത്തിൽ

ലോകമെമ്പാടുമുള്ള ഫുട്ബോൾ പ്രേമികൾ ആവേശത്തോടെ കാത്തിരിക്കുന്ന ഫിഫ ലോകകപ്പ് 2026ന് പന്തുരുളാൻ ഇനി വെറും 50 ദിവസങ്ങൾ മാത്രം. കാനഡ, മെക്സിക്കോ, അമേരിക്ക എന്നീ രാജ്യങ്ങൾ സംയുക്തമായി ആതിഥേയത്വം വഹിക്കുന്ന ചരിത്രത്തിലെ ഏറ്റവും വലിയ ഈ കായിക മാമാങ്കത്തിനുള്ള ഒരുക്കങ്ങൾ അന്തിമഘട്ടത്തിലാണ്. പുതിയ ടിക്കറ്റ് നിരക്കുകളുടെ പ്രഖ്യാപനവും മെക്സിക്കോയിലെ സുരക്ഷാ ആശങ്കകളും ഇന്ന് അന്താരാഷ്ട്ര തലത്തിൽ പ്രധാന ചർച്ചാവിഷയങ്ങളായി മാറിയിരിക്കുന്നു.

ഫിഫ ലോകകപ്പ് 2026ന്റെ അവസാന ഘട്ട ടിക്കറ്റ് വിൽപന ഇന്ന് ഏപ്രിൽ 22ന് ആരംഭിച്ചതോടെ ഫുട്ബോൾ ആരാധകർ ആവേശത്തിലാണ്. 48 ടീമുകൾ പങ്കെടുക്കുന്ന, 104 മത്സരങ്ങൾ ഉൾപ്പെടുന്ന ഈ മഹാമേളയുടെ ഓരോ ഘട്ടത്തെയും കുറിച്ചുള്ള കൃത്യമായ വിവരങ്ങൾ ഇപ്പോൾ പുറത്തുവന്നിട്ടുണ്ട്. ഒപ്പം, മെക്സിക്കോയിലെ ആഭ്യന്തര പ്രശ്നങ്ങൾക്കിടയിലും ടൂർണമെന്റിന് പൂർണ്ണ സുരക്ഷ ഉറപ്പാക്കുമെന്ന് മെക്സിക്കൻ പ്രസിഡന്റ് ഡോ. ക്ലോഡിയ ഷീൻബാം നടത്തിയ പ്രഖ്യാപനം ആരാധകർക്ക് വലിയ ആശ്വാസമാണ് നൽകുന്നത്.

**1. ടിക്കറ്റ് നിരക്കുകൾ: സാധാരണക്കാരനും സമ്പന്നനും ഒരുപോലെ അവസരം**

ഫിഫ പുറത്തിറക്കിയ പുതിയ ടിക്കറ്റ് നിരക്കുകൾ വൈവിധ്യമാർന്ന വിഭാഗങ്ങളിലായാണ് ക്രമീകരിച്ചിരിക്കുന്നത്.

**ബേസിക് കാറ്റഗറി:** സാധാരണ ആരാധകർക്കായി 60 ഡോളർ (ഏകദേശം 5,000 രൂപ) മുതൽ ടിക്കറ്റുകൾ ലഭ്യമാണ്.




ഗ്രൂപ്പ് ഘട്ടത്തിലെ മത്സരങ്ങൾക്കായി 'സപ്പോർട്ടർ ടയർ' ടിക്കറ്റുകൾക്കാണ് ഈ നിരക്ക് നിശ്ചയിച്ചിരിക്കുന്നത്.

**നോക്കൗട്ട് ഘട്ടം:** പ്രീക്വാർട്ടർ മുതൽ ഫൈനൽ വരെ ടിക്കറ്റ് നിരക്കുകളിൽ വലിയ വർദ്ധനവുണ്ട്. ഫൈനൽ മത്സരത്തിനുള്ള കാറ്റഗറി 1 ടിക്കറ്റുകൾക്ക് 2,000 ഡോളറിന് മുകളിലാണ് വില. മെറ്റ്ലൈഫ് സ്റ്റേഡിയത്തിൽ (ന്യൂജേഴ്സി) നടക്കുന്ന ഫൈനലിന് റെക്കോർഡ് ഡിമാൻഡാണ് അനുഭവപ്പെടുന്നത്.

**ഹോസ്പിറ്റാലിറ്റി പാക്കേജുകൾ:** ആഡംബര സൗകര്യങ്ങൾ ആഗ്രഹിക്കുന്നവർക്കായി 1,350 ഡോളർ മുതൽ തുടങ്ങുന്ന 'ഹോസ്പിറ്റാലിറ്റി പാക്കേജുകൾ' ലഭ്യമാണ്. പ്രൈവറ്റ് സ്യൂട്ടുകൾക്കും വിഐപി ലോഞ്ചുകൾക്കും ലക്ഷക്കണക്കിന് ഡോളറാണ് നിരക്ക്.

**2. മെക്സിക്കോയിലെ സുരക്ഷാ വെല്ലുവിളികളും ഗവൺമെന്റ് ഉറപ്പും**

മെക്സിക്കോയിലെ കാർട്ടൽ സംഘർഷങ്ങൾ ലോകകപ്പ് സുരക്ഷയെക്കുറിച്ച് ആശങ്കകൾ ഉയർത്തിയിരുന്നു.

**പ്രസിഡന്റിന്റെ ഗ്യാരണ്ടി:** മെക്സിക്കൻ പ്രസിഡന്റ് ക്ലോഡിയ ഷീൻബാം ലോകകപ്പിനായി എത്തുന്ന ആരാധകർക്ക് 'സീറോ റിസ്ക്' സുരക്ഷ ഉറപ്പുനൽകി. ഡ്രഗ് കാർട്ടലുകൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കാൻ മെക്സിക്കൻ നാഷണൽ ഗാർഡിനെ നിയോഗിച്ചതായും അവർ വ്യക്തമാക്കി.

**വേദികളിലെ സുരക്ഷ:** മെക്സിക്കോ സിറ്റി (Azteca Stadium), ഗ്വാഡലഹാര, മോണ്ടെറി എന്നീ നഗരങ്ങളിൽപ്രത്യേകസുരക്ഷാവലയംതീർക്കും. ഫിഫയുടെ 50,000ത്തോളം സുരക്ഷാ ഉദ്യോഗസ്ഥർ മെക്സിക്കൻ പോലീസിനൊപ്പം ചേർന്ന് പ്രവർത്തിക്കും.

**ആരാധകർക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ:** ടാക്സി സേവനങ്ങൾക്കായി ഔദ്യോഗിക ആപ്പുകൾ മാത്രം ഉപയോഗിക്കാനും തിരക്കേറിയ ടൂറിസ്റ്റ് സോണുകളിൽ തുടരാനും വിദേശ സഞ്ചാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അമേരിക്കയുമായും കാനഡയുമായും ചേർന്ന് അതിർത്തി സുരക്ഷയും ശക്തമാക്കിയിട്ടുണ്ട്.

**3. 104 മത്സരങ്ങൾ, 48 ടീമുകൾ: ചരിത്രത്തിലെ ഏറ്റവും വലിയ ലോകകപ്പ്**

ഈ ലോകകപ്പ് കേവലം ഒരു ടൂർണമെന്റല്ല, മറിച്ച് ഒരു ഭൂഖണ്ഡാന്തര ആഘോഷമാണ്.

**ആദ്യത്തെ 48 ടീം ടൂർണമെന്റ്:** മുൻപത്തെ 32 ടീമുകളിൽ നിന്ന് 48 ടീമുകളിലേക്ക് ഫിഫ മാറുന്നത് ഫുട്ബോൾ ലോകത്തെ പുതിയ വിപണികളിലേക്ക് എത്തിക്കാൻ സഹായിക്കും. ഏഷ്യൻ, ആഫ്രിക്കൻ രാജ്യങ്ങൾക്ക് ഇതിലൂടെ കൂടുതൽ പ്രാതിനിധ്യം ലഭിച്ചിട്ടുണ്ട്.

**ദൂരക്കൂടുതൽ ഒരു വെല്ലുവിളി:** കാനഡയിലെ വാൻകൂവർ മുതൽ മെക്സിക്കോ സിറ്റി വരെ നീളുന്ന വേദികൾക്കിടയിലുള്ള യാത്രാ ദൂരം ടീമുകൾക്കും ആരാധകർക്കും വെല്ലുവിളിയാണ്. ഇത് പരിഹരിക്കാൻ വിമാന സർവീസുകളുടെ എണ്ണത്തിൽ വലിയ വർദ്ധനവാണ് മൂന്ന് രാജ്യങ്ങളും വരുത്തിയിരിക്കുന്നത്.

**സാമ്പത്തിക നേട്ടം:** ലോകകപ്പിലൂടെ ആതിഥേയ രാജ്യങ്ങൾക്ക് ബില്യൺ കണക്കിന് ഡോളറിന്റെ വരുമാനം ലഭിക്കുമെന്നാണ് കണക്കാക്കുന്നത്. ടൂറിസം, ഹോട്ടൽ മേഖലകൾ ഇതിനോടകം തന്നെ നൂറ് ശതമാനം ബുക്കിംഗിലേക്ക് എത്തിക്കഴിഞ്ഞു.

**4. ആധുനിക സാങ്കേതിക വിദ്യയും ടിക്കറ്റിംഗും**

ടിക്കറ്റ് വിൽപനയിൽ സുതാര്യത ഉറപ്പാക്കാൻ അത്യാധുനിക സംവിധാനങ്ങളാണ് ഫിഫ ഉപയോഗിക്കുന്നത്.

**ഡിജിറ്റൽ ടിക്കറ്റിംഗ്:** പേപ്പർ ടിക്കറ്റുകൾ പൂർണ്ണമായും ഒഴിവാക്കി 'ഫിഫ വേൾഡ് കപ്പ് 2026' ആപ്പ് വഴിയുള്ള ഡിജിറ്റൽ ടിക്കറ്റിംഗാണ് ഇത്തവണ. ഇത് കരിഞ്ചന്ത വിൽപന തടയാൻ സഹായിക്കും.

**റീസെയിൽ മാർക്കറ്റ് പ്ലേസ്:** ടിക്കറ്റുകൾ മാറ്റാനോ വിൽക്കാനോ ആഗ്രഹിക്കുന്നവർക്കായി ഫിഫയുടെ ഔദ്യോഗിക റീസെയിൽ പ്ലാറ്റ്ഫോം ഏപ്രിൽ മുതൽ സജീവമാണ്. ഇത് ടിക്കറ്റ് നിരക്കുകൾ അമിതമായി വർദ്ധിക്കുന്നത് തടയുന്നു.

**എഐ സുരക്ഷാ നിരീക്ഷണം:** സ്റ്റേഡിയത്തിനുള്ളിൽ ആരാധകരെ നിരീക്ഷിക്കാനും അനിഷ്ടസംഭവങ്ങൾ ഒഴിവാക്കാനും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിച്ചുള്ള ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.

**5. 2026ന് ശേഷമുള്ള ഫുട്ബോൾ ലോകം**

ഈ ലോകകപ്പിന്റെ വിജയം ഭാവിയിലെ കായിക മാമാങ്കങ്ങളുടെ ഗതി മാറ്റും.

**മൾട്ടിനേഷൻ മോഡൽ:** മൂന്ന് രാജ്യങ്ങൾ ചേർന്ന് വിജയിപ്പിക്കുന്ന ഈ ടൂർണമെന്റ് ഭാവിയിൽ കൂടുതൽ രാജ്യങ്ങൾ സംയുക്തമായി വലിയ മേളകൾ നടത്തുന്നതിന് പ്രചോദനമാകും.

**മെക്സിക്കോയുടെ പ്രതിച്ഛായ:** സുരക്ഷിതമായി ലോകകപ്പ് പൂർത്തിയാക്കാൻ കഴിഞ്ഞാൽ മെക്സിക്കോയ്ക്ക് ആഗോള ടൂറിസം ഭൂപടത്തിൽ തങ്ങളുടെ പഴയ പ്രതാപം വീണ്ടെടുക്കാൻ സാധിക്കും.

**അമേരിക്കയിലെ സോക്കർ തരംഗം:** ലയണൽ മെസ്സിയുടെയും മറ്റും വരവോടെ അമേരിക്കയിൽ ഉണ്ടായ ഫുട്ബോൾ ആവേശം ഈ ലോകകപ്പോടെ ഒരു കൊടുങ്കാറ്റായി മാറാൻ സാധ്യതയുണ്ട്.

ഫുട്ബോൾചരിത്രത്തിലെഏറ്റവുംവലിയ ആവേശം പടിവാതിൽക്കൽ എത്തിനിൽക്കുകയാണ്. ഈ പുതിയ മാറ്റങ്ങൾ വ്യക്തമാക്കുന്നത്, സുരക്ഷിതത്വവും ആരാധക സൗകര്യങ്ങളും ഉറപ്പാക്കി ലോകത്തെ സ്വാഗതം ചെയ്യാൻ നോർത്ത് അമേരിക്ക സജ്ജമാണെന്നാണ്. മെക്സിക്കോയിലെ സുരക്ഷാ പ്രഖ്യാപനങ്ങളും ടിക്കറ്റ് വിൽപനയിലെ സുതാര്യതയും ഈ കായിക മാമാങ്കത്തിന്റെ മാറ്റ് കൂട്ടും. പന്തുരുളാൻ ഇനി നിമിഷങ്ങൾ മാത്രം ബാക്കി!

# ജീവനെടുക്കുന്ന വെടിക്കെട്ടും, പാഠമാക്കാത്ത ചരിത്രങ്ങളും...

ആഘോഷ വേളകളിലെ വെടിക്കെട്ടിൽ ആവർത്തിച്ചുള്ള ദുരന്തങ്ങളിൽ നിന്ന് പാഠം ഉൾക്കൊള്ളുന്നില്ലെന്ന വിമർശനം മുൻപും നമ്മൾ കേട്ടതാണ്. കൊല്ലം പുറ്റിങ്ങൽ അപകടത്തിന് പിന്നാലെ ഉഗ്ര ശബ്ദത്തോടെയുള്ള രാത്രി വെടിക്കെട്ട് ഹൈക്കോടതി നിരോധിച്ചിരുന്നു. എന്നാൽ വിധി വന്ന് എട്ട് വർഷമായിട്ടും ഇത് പ്രാവർത്തികമാക്കുന്നതിൽ വീഴ്ച സംഭവിച്ചിരിക്കുകയാണ്.

ഇക്കഴിഞ്ഞ ദിവസം തൃശൂരിലുണ്ടായ അപകടവും ചൂണ്ടിക്കാണിക്കുന്നത് ഒന്ന് തന്നെയാണ്. മുണ്ടത്തിക്കോട് വെടിക്കെട്ടപകടത്തിൽ ഇതുവരെ 14 പേർക്കാണ് ജീവൻ നഷ്ടമായത്. അഞ്ച് താത്ക്കാലിക പുരകളിലായാണ് പടക്ക നിർമാണം നടന്നത്. അഞ്ചിടത്തും തീ പടർന്നു. വലിയ സ്ഫോടന ശബ്ദം കിലോമീറ്ററുകൾക്കിപ്പുറവും കേട്ടതായാണ് വിവരം.



2024 ഒക്ടോബർ 24നാണ് നീലേശ്വരം അഞ്ഞൂറ്റമ്പലം വീരർകാവ് ക്ഷേത്രത്തിൽ ഉണ്ടായ വെടിക്കെട്ട് അപകടത്തിൽ ആറ് പേർ മരിച്ചത്. ചാമുണ്ഡി തെയ്യത്തിന്റെ വെള്ളാട്ടം പുറപ്പാട് സമയത്ത് പടക്കം പൊട്ടിച്ചപ്പോൾ ഉണ്ടായ തീപ്പൊരി പടക്കം സൂക്ഷിച്ച കെട്ടിടത്തിലേക്ക് വീണാണ് പൊട്ടിത്തെറിയുണ്ടായത്. നീലേശ്വരം ദുരന്തം വാർത്തകളിൽ നിന്ന് മായും മുമ്പാണ് അഴീക്കോട് മറ്റൊരു ദുരന്തവും ഉണ്ടായത്. ഈ ലിസ്റ്റിലേക്ക് ഇപ്പോൾ മുണ്ടത്തിക്കോട് വെടിക്കെട്ടപകടവും ഇടം പിടിച്ചിരിക്കുകയാണ്.

**നിയമങ്ങളും വ്യവസ്ഥകളും**

2008ലെ സ്ഫോടക വസ്തു നിയമത്തിൽ ഭേദഗതി വരുത്തി കേന്ദ്ര വാണിജ്യ, വ്യവസായ മന്ത്രാലയം ഗസ്റ്റ് വിജ്ഞാപനം ഇറക്കിയിരുന്നു. വെടിക്കെട്ടിനുള്ള മരുന്ന് സൂക്ഷിക്കുന്ന സ്ഥലത്തുനിന്ന് 200 മീറ്റർ അകലെ മാത്രമേ വെടിക്കെട്ട് നടത്താവൂ എന്നതാണ് ഇതിലെ പ്രധാന വ്യവസ്ഥ.

വെടിക്കെട്ട് നടക്കുന്ന സ്ഥലത്ത് നിന്ന് 100 മീറ്റർ അകലെ ആളുകൾ നിൽക്കണം, ആളുകൾ നിൽക്കുന്ന ഇടം ബാരിക്കേഡ് കെട്ടി തിരിക്കണം, വിവിധ വലിപ്പത്തിലുള്ള അമിട്ടുകൾ തമ്മിലുള്ള അകലം 50 സെന്റിമീറ്റർ വേണം തുടങ്ങി വെടിക്കെട്ടുമായി ബന്ധപ്പെട്ട 35 വ്യവസ്ഥകൾ വിജ്ഞാപനത്തിലുണ്ട്.

**ജീവനെടുക്കുന്ന വെടിക്കെട്ടുകൾ:**

കേരളത്തിൽ നടന്ന വെടിക്കെട്ട് അപകടങ്ങളിൽ ഇതേവരെ 400 ലധികം പേർക്ക് ജീവൻ നഷ്ടപ്പെട്ടിട്ടുണ്ടെന്നാണ് അനൗദ്യോഗിക കണക്ക്. തൃശൂർ അപകടത്തിന്റെ കണക്കിന് പുറമെയാണിത്. ഏറ്റവും കൂടുതൽ മരണങ്ങൾ ഉണ്ടായത് കൊല്ലം ജില്ലയിലാണ്. 2016 ൽ കൊല്ലം പരവൂർ പുറ്റിങ്ങലിൽ ഉണ്ടായ വെടിക്കെട്ട് അപകടമാണ് ഈ കണക്കിന്റെ വ്യാപ്തി കൂട്ടിയത്. ക്ഷേത്രത്തിൽ നടന്ന വെടിക്കെട്ട് അപകടത്തിൽ അന്ന് 114 പേരാണ് മരിച്ചത്. കേരളത്തിലുണ്ടായ ഏറ്റവും വലിയ വെടിക്കെട്ട് അപകടമാണ് ഇത്. ഏറ്റവും കൂടുതൽ ആളുകൾ വെടിക്കെട്ട് അപകടത്തിൽ മരിച്ചതും 2016 ൽ ആണ്.

2024 ഒക്ടോബർ 24 നീലേശ്വരം വീരർക്കാവിൽ നടന്ന വെടിക്കെട്ട് അപകടത്തിൽ ആറ് പേരാണ് മരിച്ചത്. അപകടത്തിൽ 150 പേർക്ക് പരിക്കേറ്റു. 2016 ൽ കൊല്ലം പരവൂർ പുറ്റിങ്ങൽ ക്ഷേത്രത്തിൽ നടന്ന വെടിക്കെട്ട് അപകടത്തിൽ 114 പേർക്ക് ജീവൻ നഷ്ടമായി. കേരളത്തിലുണ്ടായ ഏറ്റവും വലിയ വെടിക്കെട്ട് അപകടമാണിത്.

2016 ൽ എറണാകുളം മരട് കൊട്ടാരം ഭഗവതി ക്ഷേത്രം താലപ്പൊലിക്ക് വെടിക്കെട്ട് തയ്യാറാക്കുന്നതെക്കേ ചേരുവാരം വെടിക്കെട്ട് പുരയിൽ ഉണ്ടായ സ്ഫോടനത്തിൽ രണ്ട് പേർ മരിച്ചു. 2008 ലും ഇതേ അമ്പലത്തിൽ അപകടമുണ്ടായിരുന്നു. 2008 ഫെബ്രുവരി 18ന് കൊട്ടാരം ഭഗവതി ക്ഷേത്രം താലപ്പൊലി വെടിക്കെട്ടിനിടെ ആളുകളുടെ ഇടയിലേക്ക് പടക്കം വീണു പൊട്ടി മൂന്ന് പേർ മരിച്ചിരുന്നു. 2013 ൽ പാലക്കാട് പന്നിയംകുറുശ്ശി കുളങ്കുന്നത്ത് പടക്കനിർമാണ ശാലയിലുണ്ടായ പൊട്ടിത്തെറിയിൽ ആറ് പേരാണ് മരിച്ചത്. 2011ൽ ഷൊർണൂരിനടുത്ത് ത്രാങ്ങാലിയിൽ വെടിക്കെട്ട് പുരയ്ക്ക് തീപിടിച്ച് 13 പേർക്ക് ജീവൻ നഷ്ടമായിരുന്നു.

2006 ൽ തൃശൂർ പൂരത്തിന് തയ്യാറാക്കിയിരുന്ന വെടിക്കെട്ട് സാമഗ്രികൾ സൂക്ഷിക്കുന്നിടത്തുണ്ടായ അപകടത്തിൽ ഏഴ് പേർ മരിച്ചു. 1999ൽ പാലക്കാട് ആലൂരിൽ ചാമുണ്ടിക്കാവ് താലപ്പൊലി ഉത്സവത്തിനിടെ ഉണ്ടായ വെടിക്കെട്ട് അപകടത്തിൽ എട്ട് പേർക്ക് ജീവൻ നഷ്ടമായി. 1998 ൽ പാലക്കാട് കഞ്ചിക്കോട് വെടിക്കോപ്പ് നിർമാണ ശാലയിൽ പൊട്ടിത്തെറിയുണ്ടായി 13 പേർ മരിച്ചു. 1997ൽ തൃശൂർ ചിയ്യാരം പടക്കനിർമാണ ശാലയിൽ പൊട്ടിത്തെറിയുണ്ടായി ആറ് പേരാണ് മരിച്ചത്. 1990ൽ കൊല്ലം മലനടയിൽ പോരുവഴി പെരുവിരുത്തി ക്ഷേത്രത്തിലെ വെടിക്കെട്ട് ഷെഡ്ഡിലുണ്ടായ അപകടത്തിൽ 26 പേർ മരിച്ചു. 1989 തൃശൂർ കണ്ടശ്ശാംകടവ് പള്ളിയിൽ ഉണ്ടായ അപകടത്തിൽ 12 പേർ മരിച്ചു. 1984 ലും ഇവിടെ അപകടമുണ്ടായിരുന്നു. അന്ന് 20 പേർക്കാണ് ജീവൻ നഷ്ടമായത്.

1988ൽ തൃപ്പൂണിത്തുറയിൽ വെടിക്കെട്ട് പുരയ്ക്ക് തീപിടിച്ച് സ്ത്രീ ജോലിക്കാർ മരിച്ചിരുന്നു. ആകെ പത്ത് പേരാണ് അന്ന് മരിച്ചത്. 1987 ൽ എറണാകുളം ജില്ലയിലെ മരട് കൊട്ടാരം ഭഗവതി ക്ഷേത്രം താലപ്പൊലി വെടിക്കെട്ടിന് വെടിക്കെട്ടൊരുക്കുന്ന വടക്കേ ചേരുവാരം വെടിക്കെട്ട് പുരയ്ക്ക് തീപിടിച്ച് അഞ്ച് പേർ മരിച്ചു. 1987 ൽ തൃശൂർ വേലൂരിൽ വെള്ളാട്ടഞ്ഞൂർ കൂട്ടമൂലി ക്ഷേത്രത്തിലുണ്ടായ അപകടത്തിൽ 20 പേർക്ക് ജീവൻ നഷ്ടമായി.

1978ൽ തൃശൂർ പൂരത്തോട് അനുബന്ധിച്ച് കുഴിയമിട്ട് ലക്ഷ്യം തെറ്റി ആൾക്കൂട്ടത്തിൽ പതിച്ചുണ്ടായ അപകടത്തിൽ എട്ട് പേർ മരിച്ചിരുന്നു. 1952 ജനുവരി 14 ന് പകൽ മൂന്ന് മണിക്ക് ശബരിമലയിലുണ്ടായ കരിമരുന്ന് സ്ഫോടനത്തിൽ 68 പേരാണ് മരിച്ചത്. ഇവ കൂടാതെ സംസ്ഥാനത്തുണ്ടായ മറ്റ് 54 വെടിക്കെട്ട് അപകടങ്ങളിലായി 160 ൽ അധികം പേർക്ക് ജീവൻ നഷ്ടപ്പെട്ടതായും കണക്കുകൾ വ്യക്തമാക്കുന്നു.

'മരിച്ച് കഴിഞ്ഞിട്ടല്ല, മരിക്കുന്നതിന് മുൻപേയാണ് കാര്യങ്ങൾ ചെയ്യേണ്ടത്' എന്ന് വിളിച്ച് പറഞ്ഞാണ് കളക്ടറേറ്റിൽ വിളിച്ച് ചേർത്ത മന്ത്രിമാരുടെ വാർത്താ സമ്മേളനത്തിനിടെ ഒരു യുവതി പ്രതിഷേധിച്ചത്.

അതേ, ജീവനല്ലെ നഷ്ടപ്പെടാതെ സുക്ഷിക്കാൻ ഇനിയും എന്തിനാണി കാലതാമസം.

# ചൈനയുടെ ബുദ്ധി റോക്കറ്റ് പോലെ! വെള്ളി വാങ്ങിക്കൂട്ടുന്നതിന് പിന്നിൽ വലിയ തന്ത്രം

സ്വർണ്ണത്തിനൊപ്പം വെള്ളിയും ആഗോള വിപണിയിൽ ചരിത്ര മുന്നേറ്റം നടത്തുകയാണ്. ഈ കാലയളവിൽ ചൈനയിൽ വെള്ളിയുടെ ആവശ്യകതയിൽ വലിയ വർധനവ് ഉണ്ടായതായി റിപ്പോർട്ട്. കഴിഞ്ഞ മാസങ്ങളിൽ ചൈനയിൽ വെള്ളിയുടെ ആവശ്യകതയിൽ ശക്തമായ വർധനവ് ഉണ്ടായി. മാർച്ചിൽ ചൈനയുടെ വെള്ളി ഇറക്കുമതി പ്രതിമാസം 78% വർധിച്ച് ഏകദേശം 836 ടണ്ണിലെത്തി. ചൈനീസ് കസ്റ്റംസ് ഡാറ്റ പ്രകാരം ഇത് റെക്കോർഡ് നിലയാണ്.

കൂടാതെ ഈ മാർച്ചിലെ ഇറക്കുമതി കണക്ക് 2025 മാർച്ചിലെ 10 വർഷത്തെ ശരാശരിയേക്കാൾ 173 ശതമാനം കൂടുതലാണ്. അതായത് ഏകദേശം 306 ടൺ. വാർഷികാടിസ്ഥാനത്തിൽ, ചൈന ഏകദേശം 1,626 ടൺ വെള്ളി ഇറക്കുമതി ചെയ്തിട്ടുണ്ട്, ഇത് ഇതുവരെ രേഖപ്പെടുത്തിയതിൽ വച്ച് ഏറ്റവും ഉയർന്ന നിരക്കാണ്. സ്വർണത്തേക്കാൾ വില കുറഞ്ഞതിനാൽ ചെറിയ വെള്ളി ബാറുകൾ വാങ്ങുന്ന റീട്ടെയിൽ നിക്ഷേപകരിൽ നിന്നാണ് പ്രധാനമായും ഡിമാൻഡ് വരുന്നത്. നികുതി ഇളവ് മാറ്റങ്ങൾക്ക് മുമ്പ് വെള്ളി സംഭരിക്കുന്ന സോളാർ വ്യവസായമാണ് മറ്റൊരു വലിയ കാരണം.

കയറ്റുമതിനികുതിഇളവുകൾഏപ്രിൽ 1ന് ചൈന നീക്കം ചെയ്തിരുന്നു. അതിനാൽ നിർമ്മാതാക്കൾ ആ തീയതിക്ക് മുമ്പ് അധിക വെള്ളി വാങ്ങി. ലോകത്തിലെ വാർഷിക വെള്ളി വിതരണത്തിന്റെ ഏകദേശം 20% സോളാർ വ്യവസായം ഉപയോഗിക്കുന്നു, ഇതിൽ ഭൂരിഭാഗവും ചൈനയിലാണ്. ഉയർന്ന വൈദ്യുത ചാലകത ഉള്ളതിനാൽ സോളാർ പാനലുകൾക്ക് വെള്ളി വളരെ പ്രധാനമാണ്. ചൈനയിൽ ഡിമാൻഡ് വളരെ കൂടുതലായതിനാൽ പ്രാദേശിക



വെള്ളിയുടെ വില ആഗോള വിലയേക്കാൾ ഉയർന്നിരിക്കുന്നു. ഈ വില വിടവിൽ നിന്ന് ലാഭം നേടുന്നതിനായി വ്യാപാരികൾ മറ്റ് രാജ്യങ്ങളിൽ നിന്ന് വെള്ളി ചൈനയിലേക്ക് മാറ്റുന്നു. വ്യാപാരത്തിനായി ഹോങ്കോങ്ങ് വഴിയാണ് വലിയ അളവിൽ വെള്ളി കടത്തുന്നത്. എന്നാൽ വെള്ളി ഇറക്കുമതിയുടെ ഈ ഉയർന്ന നിലവാരം എന്നെന്നേക്കുമായി തുടരില്ലെന്ന് വിദഗ്ദ്ധർ പറയുന്നു.

അതിനിടെ ചൈനയുടെ സ്വർണ ഇറക്കുമതി മാർച്ചിൽ 162 ടണ്ണായി വർധിച്ചു. 2024 മാർച്ചിന് ശേഷമുള്ള ഏറ്റവും ഉയർന്ന നിരക്കാണിത്. സ്വർണ ഇറക്കുമതി വർധിച്ച തുടർച്ചയായ മൂന്നാം മാസമാണിത്. 2026 ലെ ഇതുവരെയുള്ള മൊത്തം സ്വർണ ഇറക്കുമതി ഏകദേശം 365 ടൺ ആണ്. ചൈനയുടെ സെൻട്രൽ ബാങ്കും മാർച്ചിൽ ഏകദേശം 5 ടൺ സ്വർണം വാങ്ങി. സെൻട്രൽ ബാങ്ക് ഇപ്പോൾ തുടർച്ചയായി 17 മാസമായി സ്വർണം വാങ്ങുന്നു.

ഇത് ശക്തമായ കരുതൽ ശേഖരം കാണിക്കുന്നു. ചൈനയുടെ മൊത്തം സ്വർണ ശേഖരം 2,262 മുതൽ 2,313 ടൺ വരെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. മാർച്ചിൽ ഷാങ്ഹായ് സ്വർണം 10% വർധിച്ചതോടെ ചൈനയിൽ സ്വർണ വില ശക്തമായി ഉയർന്നു. എന്നിരുന്നാലും, ആഗോള സംഘർഷങ്ങളും പണപ്പെരുപ്പ ഭയവും കാരണം വെള്ളിയുടെയും സ്വർണത്തിന്റെയും വില പിന്നീട് മുമ്പത്തെ ഏറ്റവും ഉയർന്ന നിലയിൽ നിന്ന് കുറഞ്ഞു.

വ്യവസായം (സോളാർ, ഇലക്ട്രിക് വാഹനങ്ങൾ), നിക്ഷേപകരുടെ വലിയ ഊഹാപോഹങ്ങൾ എന്നിവയാണ് വെള്ളിയുടെ ആവശ്യകതയെ നയിക്കുന്നതെന്ന് വിദഗ്ധർ പറയുന്നു. വെള്ളി വളരെ അസ്ഥിരമായിരിക്കാമെന്നും സ്വർണത്തേക്കാൾ അപകടസാധ്യത കൂടുതലാണെന്നും അവർ മുന്നറിയിപ്പ് നൽകുന്നു. വിലയിലെ ഏറ്റക്കുറച്ചിലുകൾ കാരണം വിലയിടിവുകൾ ഉണ്ടാകുമ്പോൾ വെള്ളി വാങ്ങാനും വിൽക്കാനും ചില നിക്ഷേപകർ നിർദ്ദേശിക്കുന്നു. മൊത്തത്തിൽ, ചൈന ഇപ്പോഴും വെള്ളിയും സ്വർണവും ശക്തമായി വാങ്ങുന്നു. ഹ്രസ്വകാല വിലയിലെ ഉയർച്ച താഴ്ചകൾക്കിടയിലും ദീർഘ കാല ഡിമാൻഡ് കാണിക്കുന്നു.

## അപ്രതീക്ഷിത വിലക്കയറ്റത്തിന് പിന്നിൽ രണ്ട് കാരണങ്ങൾ

വർധിച്ച് വരുന്ന വ്യവസായിക ആവശ്യകതയും നിക്ഷേപകരുടെ അമിത താൽപര്യവും. പുനരുപയോഗ ഊർജ മേഖലയിൽ, പ്രത്യേകിച്ച് സൗരോർജ പാനലുകളുടെ നിർമാണത്തിൽ ലോകത്തെ മുൻനിരക്കാരായ ചൈനയിൽ വെള്ളിയുടെ ആവശ്യകത മുമ്പെങ്ങുമില്ലാത്ത വിധം വർധിച്ചിട്ടുണ്ട്. വ്യാവസായിക ആവശ്യങ്ങൾക്കായി വലിയ തോതിൽ വെള്ളി ശേഖരിക്കപ്പെടുന്നത് ആഭ്യന്തര വിപണിയിൽ കടുത്ത വിതരണ ദൗർലഭ്യത്തിന് കാരണമായി. ഇതാണ് ആഗോള നിരക്കിനേക്കാൾ വലിയൊരു തുക അധികമായി നൽകി വെള്ളി വാങ്ങാൻ ചൈനീസ് വിപണിയെ പ്രേരിപ്പിക്കുന്നത്.

മറുവശത്ത്, ചൈനയിലെ റിയൽ എസ്റ്റേറ്റ് മേഖലയിൽ ഉണ്ടായ തകർച്ചയും ഓഹരി വിപണിയിലെ അസ്ഥിരതയും സാധാരണക്കാരായ നിക്ഷേപകരെ സുരക്ഷിത നിക്ഷേപങ്ങൾ തേടാൻ പ്രേരിപ്പിച്ചു. സ്വർണത്തിന് പിന്നാലെ വെള്ളിയിലേക്കും വൻ തോതിൽ ചൈനീസ് നിക്ഷേപകർ പണമൊഴുക്കാൻ തുടങ്ങിയതോടെ ഡിമാൻഡ് കുത്തനെ ഉയർന്നു. ചൈനീസ് ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുള്ള ഇറക്കുമതി നിയന്ത്രണങ്ങളും ഉയർന്ന നികുതി ഘടനയും കാരണം ആഗോള വിപണിയിൽ നിന്ന് കുറഞ്ഞ നിരക്കിൽ വെള്ളി എത്തിക്കുന്നത് പ്രായോഗികമല്ലാത്തതും ഈ വില വ്യത്യാസം വർധിക്കാൻ കാരണമായി.

ചൈനീസ് വിപണിയിലെ ഈ 'സിൽവർ റഷ്' ആഗോള വെള്ളി വിപണിയുടെ ഘടന തന്നെ മാറ്റാൻ സാധ്യതയുണ്ടെന്നാണ് വിലയിരുത്തപ്പെടുന്നത്. മറ്റ് വിപണികളേക്കാൾ വലിയ ലാഭം ചൈനയിൽ ലഭിക്കുന്നത് വഴി വരും ദിവസങ്ങളിൽ ആഗോളതലത്തിൽ വെള്ളിയുടെ വിതരണ ശൃംഖലയിൽ മാറ്റങ്ങൾ ഉണ്ടായേക്കാം. വരും മാസങ്ങളിലും ഈ പ്രവണത തുടരുകയാണെങ്കിൽ, അത് അന്താരാഷ്ട്ര വിപണിയിലും വെള്ളിയുടെ വില വർധിക്കുന്നതിന് കാരണമാകുമെന്നും സാമ്പത്തിക വിദഗ്ധർ മുന്നറിയിപ്പ് നൽകുന്നു.

# യുഎസ് – ഇറാൻ യുദ്ധം വില്ലനാകുന്നു: പിടിച്ചുനിൽക്കാൻ പറ്റാതെ കോണ്ടം വിപണി

യുഎസ്-ഇറാൻ സംഘർഷം അയവില്ലാതെ തുടരുന്ന സാഹചര്യത്തിൽ ആഗോളതലത്തിൽ വിവിധ ഉൽപ്പന്നങ്ങളുടെ വില കുതിച്ചുയരുകയാണ്. സംഘർഷം കാരണം കോണ്ടം വിലയിലും വൻ വർദ്ധനവ് ഉണ്ടാകുമെന്നാണ് ലോകത്തിലെ ഏറ്റവും വലിയ കോണ്ടം ഉത്പാദകരായ കാരെക്സ് അറിയിച്ചിരിക്കുന്നത്.

നിലവിലെ സാഹചര്യത്തിൽ ഉൽപ്പന്നങ്ങളുടെ വിലയിൽ 20 മുതൽ 30 ശതമാനം വരെ വർദ്ധനവ് വരുത്താൻ കമ്പനി നിർബന്ധിതരായിരിക്കുകയാണെന്ന് സിഇഒ ഗോ മിയ കിയാത് വ്യക്തമാക്കി.

യുദ്ധം ഇന്ത്യയിലെ വ്യവസായത്തെയും കടുത്ത പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. 8000 കോടി രൂപയിലേറെ മൂല്യമുള്ള രാജ്യത്തെ കോണ്ടം നിർമാണ വ്യവസായം. പ്രതിവർഷം 400 കോടിയിലധികം യൂണിറ്റുകൾ ഉത്പാദിപ്പിക്കുന്ന ഈ മേഖല, അസംസ്കൃതവസ്തുക്കളുടെ ദൗർലഭ്യവും കുതിച്ചുയരുന്ന ഉത്പാദനച്ചെലവും കാരണം വൻ വെല്ലുവിളിയാണ് നേരിടുന്നതെന്ന് റിപ്പോർട്ടുകൾ പറയുന്നു.



## വില വർദ്ധനവിന് പിന്നിൽ

2026 ഫെബ്രുവരിയിൽ ആരംഭിച്ച യുഎസ്ഇറാൻ യുദ്ധം ആഗോള വിതരണ ശൃംഖലയെ സാരമായി ബാധിച്ചിട്ടുണ്ട്. കോണ്ടം നിർമാണത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കളുടെ വിലയിൽ ഉണ്ടായ വർദ്ധനവാണ് ഇതിന് പ്രധാന കാരണം.

കോണ്ടം നിർമാണത്തിന് അത്യന്താപേക്ഷിതമായ രണ്ട് വസ്തുക്കളാണ് സിലിക്കൺ ഓയിലും അമോണിയയും. നിലവിൽ പശ്ചിമേഷ്യൻ സംഘർഷത്തെത്തുടർന്ന് സിലിക്കൺ ഓയിലിന് കടുത്ത ക്ഷാമം അനുഭവപ്പെടുന്നുണ്ട്. റബ്ബർ പാൽ കേടുകൂടാതെ സൂക്ഷിക്കാൻ ആവശ്യമായ അമോണിയയുടെ വിലയിൽ 40 മുതൽ 50 ശതമാനം വരെ വർദ്ധനവ് ഉണ്ടാകുമെന്നാണ് കണക്കാക്കപ്പെടുന്നത്.

**അസംസ്കൃത വസ്തുക്കൾ**: സിന്തറ്റിക് റബ്ബർ, നൈട്രൈൽ, ലൂബ്രിക്കന്റുകൾ എന്നിവയുടെ വില കുത്തനെ ഉയർന്നു.

**പാക്കേജിംഗ് ചെലവ്**: പാക്കേജിംഗിനായി ഉപയോഗിക്കുന്ന അലുമിനിയം ഫോയിലുകളുടെയും സിലിക്കൺ ഓയിലിന്റെയും വിലയും വർദ്ധിച്ചു.

**ഷിപ്പിംഗ് തടസങ്ങൾ**: കപ്പൽ ഗതാഗതത്തിൽ ഉണ്ടായ കാലതാമസം കാരണം ചരക്കുകൾ ലക്ഷ്യസ്ഥാനത്തെത്താൻ ഇപ്പോൾ ഇരട്ടി സമയമാണ് എടുക്കുന്നത്. നേരത്തെ ഒരു മാസം കൊണ്ട് എത്തിയിരുന്ന ഷിപ്പിംഗുകൾക്ക് ഇപ്പോൾ രണ്ട് മാസത്തിലധികം സമയം ആവശ്യമായി വരുന്നു.

## ആഗോള വിപണിയിലെ ആഘാതം

പ്രതിവർഷം 500 കോടിയിലധികം കോണ്ടങ്ങൾ നിർമ്മിക്കുന്ന കാരെക്സ്, പ്രശസ്ത ബ്രാൻഡുകളായ ഡ്യൂറക്സ്, ട്രോജൻ എന്നിവയുടെ പ്രധാന വിതരണക്കാരാണ്. കൂടാതെ ഐക്യരാഷ്ട്ര സഭയുടെയും വിവിധ രാജ്യങ്ങളിലെ ആരോഗ്യ വകുപ്പുകളുടെയും പ്രധാന പങ്കാളി കൂടിയാണ് ഇവർ. യുദ്ധം മൂലം ഊർജ്ജപെട്രോ കെമിക്കൽ മേഖലയിൽ ഉണ്ടായ പ്രതിസന്ധി ഉത്പാദനച്ചെലവ് വലിയ രീതിയിൽ വർദ്ധിപ്പിച്ചു. ഈ അധികച്ചെലവ് ഉപഭോക്താക്കളിലേക്ക് കൈമാറാതെ കമ്പനിക്ക് മുന്നോട്ട് പോകാൻ ആകില്ലെന്നാണ് മാനേജ്മെന്റ് വ്യക്തമാക്കുന്നത്.

നിലവിൽ ആഗോളതലത്തിൽ തന്നെ കോണ്ടം സ്റ്റോക്കുകളിൽ കുറവുണ്ടായിട്ടുണ്ട്. കപ്പൽ ഗതാഗത നിരക്കുകൾ ഉയർന്നതും ചരക്കുനീക്കം വൈകുന്നതും വരും മാസങ്ങളിൽ വിപണിയിൽ വലിയ ക്ഷാമത്തിന് ഇടയാക്കിയേക്കാമെന്നാണ് വിലയിരുത്തൽ. യുദ്ധം നീണ്ടുപോവുകയാണെങ്കിൽ മെഡിക്കൽ ഗ്ലൗസുകൾ ഉൾപ്പെടെയുള്ള മറ്റ് ആരോഗ്യ സുരക്ഷാ ഉൽപ്പന്നങ്ങളുടെ വിലയും വർദ്ധിക്കാൻ സാധ്യതയുണ്ട്. വരും ദിവസങ്ങളിൽ ഇത് ആഗോള ആരോഗ്യ മേഖലയിൽ വലിയ ചർച്ചകൾക്ക് വഴിവെക്കും.

ഇന്ത്യയിൽ വളരെ മിതമായ നിരക്കിലാണ് കോണ്ടം വില്പന നടത്തുന്നത്. എന്നാൽ ഉത്പാദനച്ചെലവ് വർധിക്കുന്നത് മൂലം വില കൂട്ടാൻ കമ്പനികൾ നിർബന്ധിതരാവും. കോണ്ടം വിലക്കയറ്റം അതിന്റെ ഉപയോഗം കുറയ്ക്കാൻ ഇടയാക്കിയാൽ കുടുംബസൂത്രണം, ജനസംഖ്യാ നിയന്ത്രണം, ലൈംഗികരോഗ്യ വ്യാപനം തടയൽ തുടങ്ങിയ ലക്ഷ്യങ്ങൾക്ക് വലിയ വെല്ലുവിളിയാകുമെന്നാണ് വിലയിരുത്തൽ.



# മത്തായിച്ചൻ
# MATHAICHEN
# ROOFING & SIDING

**We Specialize In Storm Damage Repair & Remodeling**
**We Work with All Home Insurances**
**Will do any Remodeling**

**JBR RESTORATION SERVICES - LICENSED**

**COMMERCIAL AND RESIDENTIAL**

# FREE ESTIMATE

**CALL MATHEW:**

# 630-205-5585